
# സൈബർ ആധുനികത
# @ മലയാളം



ജോസ് കെ. മാനുവൽ

TURN BOOKS

›

## ഡോ. ജോസ് കെ. മാനുവൽ

കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്ക് സ്വദേശി. മദിരാശി സർവകലാശാലയിൽനിന്ന് എം.എ., എം.ഫിൽ., പിഎച്ച്.ഡി. ബിരുദങ്ങൾ. മഹാത്മാ ഗാന്ധി സർവകലാശാലയിൽ നിന്ന് പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്. കൃതികൾ: തിരക്കഥാരചന കഥയും സിദ്ധാന്തവും, സിനിമയുടെ പാഠങ്ങൾ: വിശകലനവും വീക്ഷണവും, സിനിമയിലെ ശരീരഭാഷ: ഒരു രസാനുഭവ സിദ്ധാന്തപഠനം, നാടകവും സിനിമയും: ഒരു താരതമ്യ വിശകലനം, കഥയും തിരക്കഥയും, മലയാളഭാഷയും സാഹിത്യവും, തിരക്കഥാ സാഹിത്യം: സൗന്ദര്യവും പ്രസക്തിയും, ന്യൂജനറേഷൻ സിനിമ (പഠനങ്ങൾ) അഭിലോഷിക, യഹൂര – ഒരു കമ്യൂണിസ്റ്റിന്റെ കഥ (നോവലുകൾ) കാലത്തിനൊപ്പം ഒരു പെൺകുട്ടി, കഥയ്ക്കുമുകളിലൂടെ ഡൈവു ചെയ്ത് കഥാകൃത്ത്, ഹർത്താൽ ഒരു കേരളീയോത്സവം (ചെറുകഥാസമാഹാരങ്ങൾ). നവമാധ്യമങ്ങൾ: ഭാഷ സാഹിത്യം സംസ്കാരം, ബൈബിളും മലയാളസാഹിത്യവും, മാറുന്ന മലയാള സിനിമ: ഭാഷ സംസ്കാരം സമൂഹം, അന്വേഷണം പഠനം ഗവേഷണം (എഡിറ്റർ), മികച്ച ചലച്ചിത്രഗ്രന്ഥത്തിനുള്ള കേരളസംസ്ഥാന ചലച്ചിത്ര അവാർഡും (2003, 2010) ഫിലിം ക്രിട്ടിക്സ് അവാർഡും (2003, 2005) ലഭിച്ചിട്ടുണ്ട്. സാംസ്കാരിക സഹകരണസമിതി യുടെ മികച്ച വൈജ്ഞാനിക ഗ്രന്ഥത്തിനുള്ള അവാർഡ്, പൊൻകുന്നം വർക്കി കഥാ അവാർഡ്, തകഴി കഥാ അവാർഡ്, കാവ്യവേദി നോവൽ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. വിലാസം: അസിസ്റ്റന്റ് പ്രൊഫസർ, സ്കൂൾ ഓഫ് ലെറ്റേഴ്സ്, മഹാത്മാഗാന്ധി സർവകലാശാല, കോട്ടയം, ഫോൺ:9446924323
ഇ-മെയിൽ: kjosemanuel@gmail.com

# സൈബർ ആധുനികത
# @ മലയാളം

ഡോ. ജോസ് കെ. മാനുവൽ

TURN BOOKS

Malayalam Language
**Cyber Adhunikatha @ Malayalam**
Malayala Cyberpadanangal

**Dr. Jose K. Manuel**

Compiled and Published by **Turn Books Kottayam**
Rights Reserved
First Published - September 2019

Cover Design : Joseph Francis, Pala

Printed in India
Vibgyor Imprints, Calicut - 673 004

Publishers
**Turn Books**, P.B. No.1, Teekoy
Kottayam, Kerala - 686 580, India
Email: turnbooks4u@gmail.com
Web Site: www.turnbooksgroup.com
Tel: 9495200006, +914822280007/08/09

Distributors
Turn Books Hub, Kottayam - 580
Email: turnbookshub@gmail.com
Tel: 9846486439

No part of this publication may be reproduced or transmitted in any form or by any means without prior written permission of the publishers.

ISBN: 978 - 93 - 87709 - 15 - 7

Price : **₹ 140**

000020211814215151119000030000072017015492091513600010000000140

# ഉള്ളടക്കം


ആമുഖം

1. സൈബർ ആധുനികതയും മലയാളിയും / 11
2. സൈബർ മലയാള വ്യവഹാരങ്ങൾ / 21
3. ഇന്റർനെറ്റ് : വ്യാപ്തിയും പ്രസക്തിയും / 33
4. സ്മാർട്ട് ഫോൺ : ഭാഷയും സമൂഹവും / 43
5. സൈബർ സംസ്കാരവും ജീവിതവും / 52
6. സൈബർ പൊതുമണ്ഡലത്തിന്റെ പ്രസക്തി / 65
7. സൈബർകാലത്തെ ദൃശ്യാഖ്യാനങ്ങൾ / 80
8. സൈബർമേഖലയും അക്കാദമിക പഠനവും / 91
9. മലയാളഭാഷയും സൈബർ ആഖ്യാനങ്ങളും / 103

ഉപസംഹാരം

ഗ്രന്ഥസൂചി

# ആമുഖം

ഡിജിറ്റൽ ആധുനികത, സൈബർ ആധുനികത എന്നെല്ലാം വ്യവഹരിക്കുന്ന സാമൂഹിക വിനിമയാവസ്ഥ ആഗോളാടിസ്ഥാനത്തിൽ തീവ്രമായി സംഭവിച്ചപ്പോൾ തന്നെ അതിന്റെ അലയടികൾ കേരളത്തിലുമെത്തിയിരുന്നു. വർത്തമാന കേരളം പൂർണമായിത്തന്നെ സൈബർ ആധുനികതയ്ക്ക് വിധേയമായിക്കഴിഞ്ഞു. ഇന്റർനെറ്റും സ്മാർട്ട് ഫോണും ഉൾപ്പെടുന്ന നവമാധ്യമ സാക്ഷരതയാണ് വ്യക്തികളെയും സമൂഹങ്ങളെയും സൈബർവൽക്കരണത്തിന് കാരണമാക്കിയത്. സൈബർവൽക്കരണം മലയാളികളുടെ ജീവിതത്തിൽ വരുത്തിയ ഭാവുകത്വ വ്യതിയാനത്തിന്റെ രീതികളാണ് ആഗോള സൈബർ സംസ്ക്കാരവുമായി ബന്ധിപ്പിച്ച് ഈ ഗ്രന്ഥത്തിൽ വിശകലന വിധേയമാക്കുന്നത്.

ആധുനികതയും ഉത്തരാധുനികതയും ആഗോളാടിസ്ഥാനത്തിൽ നിർവചന വിധേയമായത് പ്രാദേശികാവസ്ഥകളെക്കൂടി ഉൾക്കൊണ്ടാണ്. ആഗോളാടിസ്ഥാനത്തിൽ പല സമൂഹങ്ങളിലേക്കും രാഷ്ട്രങ്ങളിലേക്കും ഇവ വ്യാപിക്കുന്നതിനും കുറേകാലം ആവശ്യമായിവന്നു. നവമാധ്യമ വിനിമയ ശൃംഖല രാഷ്ട്രങ്ങളെയും സമൂഹങ്ങളെയുമെല്ലാം ആഗോളാടിസ്ഥാനത്തിൽ ഏക സമൂഹമാക്കുകയും അതിനുള്ളിൽ നിന്ന് ബഹുസ്വരതയോടെ പ്രവർത്തിക്കുകയുമാണ് ചെയ്തത്. അതുകൊണ്ടുതന്നെ സൈബർ ആധുനികതയ്ക്ക് ആഗോള സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും സ്വാധീനിക്കുവാനും നവമായ മാധ്യമകേന്ദ്രീകൃത സംസ്കാരം നൽകുവാനും കഴിഞ്ഞു. മലയാളം പോലെയുള്ള പ്രാദേശിക ഭാഷകൾ വരെ സൈബർ വൽക്കരണത്തിന് വിധേയമാകുകയും പുത്തൻ അസ്തിത്വം ആവാഹിച്ചെടുക്കുകയും ചെയ്തു. ഈ പശ്ചാത്തലത്തിലാണ് സൈബർ മലയാളം ഇ-മലയാളം എന്നുള്ള നിർണയം നടന്നത്. സൈബർവൽക്കരണത്തിന് വിധേയമാകുന്ന ഓരോ ഭാഷയും ആഗോളാടിസ്ഥാനത്തിൽ വ്യാപിച്ച് നിൽക്കുന്നതും പുത്തൻ സാഹചര്യങ്ങളെ അതിജീവനത്തിനായി അഭിസംബോധന ചെയ്യുന്നതും വിലമതിക്കേണ്ടതുണ്ട്.

ഭാഷയ്ക്ക് സംഭവിക്കുന്ന മാറ്റം വ്യക്തികളെയും നവമായ രീതിയിൽ സ്വാധീനിക്കുകതന്നെ ചെയ്യും. ഇന്റർനെറ്റുമായി ബന്ധപ്പെട്ട ഇ-മെയിൽ വിലാസവും സ്മാർട്ട്ഫോൺ/ മൊബൈൽഫോൺ നമ്പരും ആഗോള സമൂഹത്തിൽ ഓരോ വ്യക്തിയേയും നിർണയിക്കുന്നവ അഥവാ സ്ഥാനപ്പെടുത്തുന്നവയാണ്. ഈ നവമാധ്യമങ്ങളിലൂടെ വ്യക്തികളുടെ ആശയ വിനിമയ രീതികൾ കയറിയിറങ്ങുമ്പോൾ മാധ്യമവുമായി ബന്ധപ്പെട്ട കുറേ സ്വഭാവം വ്യവഹാരങ്ങൾക്കും കൈവരുന്നു. കൊളോണിയൽ, മാർക്സിയൻ,

പോസ്റ്റ് മോഡേൺ, ദളിത്, ഫെമിനിസ്റ്റ്, തുടങ്ങിയ മേഖലകളുമായി പഠനവിശകലനങ്ങളെ അഭിമുഖം നിറുത്തിയിരുന്ന കാലത്തിന് അഥവാ അവസ്ഥയ്ക്ക് പകരം പുതുമാധ്യമ വ്യവഹാരാവസ്ഥകളെ അഭിസംബോധന ചെയ്തുകൊണ്ട് ഇത്തരം പഠനങ്ങളിലേക്ക് പ്രവേശിക്കുന്ന രീതിയാണ് ഇന്നുള്ളത്.

പ്രതിപ്രവർത്തനക്ഷമമായ സാമൂഹ്യ സമ്പർക്ക സൈറ്റുകൾ അനുദിനം വളർന്നു വരുന്ന ഒരു കാലഘട്ടം കൂടിയാണിത്. ഫേസ്ബുക്ക് (Facebook) ടിറ്റർ (Twitter) മൈലൈഫ് (My life) മൈസ്പേസ് (My space) നെക്സോപിയ (Nexopia)) ഹൈ 5 (Hi5) ലിങ്ക്ഡ് ഇൻ (Linked in) ഗൂഗിൾ പ്ലസ് (Google plus) പിന്ററെസ്റ്റ് (Pinterest) മീറ്റപ്പ് (Meetup) തുടങ്ങിയുള്ള സാമൂഹ്യ സമ്പർക്ക സൈറ്റുകൾ ആശയ വിനിമയരീതികളുടെയും വ്യവ ഹാരങ്ങളുടെയും നവമായ സാധ്യതയാണ് ആരാഞ്ഞുകൊണ്ടിരിക്കുന്നത്. ഈ–ബുക്ക്, ഈ–പത്രം, ഈ–വായന തുടങ്ങിയവ വർത്തമാനകാല സ്ക്രീൻ മാധ്യമങ്ങളുടെ വ്യാപ്തിയാണ് വ്യക്തമാക്കുന്നത്. ഈ–ബാങ്കിങ്ങ്, ഈ–വ്യാ പാരം തുടങ്ങിയവ വേഗതയും സാധ്യതയുമുള്ള കാലത്തിന്റെ നിർമ്മിതിക ളാണ്. സൈബർ പൊതുമണ്ഡലം, സൈബർ വ്യവഹാരം, സൈബർ സംസ്കാരം തുടങ്ങിയ പദങ്ങൾ മുന്നോട്ടു വയ്ക്കുന്ന അർത്ഥവ്യാപ്തി വിപു ലമാണ്.

നവമാധ്യമ സാക്ഷരത നേടിയ ഓരോ മലയാളിയും നെറ്റിസൺ ആയ പശ്ചാത്തലത്തിൽ അവരുടെ മനോഭാവങ്ങൾക്കും ശീലങ്ങൾക്കും മാറ്റം സംഭവിച്ചു. മാധ്യമ സംവാദം അവരുടെ ജീവിതത്തെ നിർണയിക്കുന്ന ഘടകമായി. ഇൻഫർമേഷൻ ടെക്നോളജിയുമായി ബന്ധപ്പെട്ട ബിരുദങ്ങളും അതിനോട് അനുബന്ധമായ മേഖലകളിൽ തൊഴിൽ ചെയ്യുന്നവരുമായ പുതിയ തലമുറക്കാർ വർത്തമാന കാലത്തെ രൂപപ്പെടുത്തുന്നവരാണ്. കൊച്ചിയിലെ മറൈൻ ഡ്രൈവിൽ നടന്ന ചുംബന സമരവും ബീഫ് കഴി ക്കുന്നതുമായി ബന്ധപ്പെട്ട സംവാദവും ഒരു ബഞ്ചിൽ വിദ്യാർത്ഥികൾക്ക് ലിംഗവിവേചനമില്ലാതെ ഇരിക്കുന്നതിന്റെ അവസ്ഥയുമായി ബന്ധപ്പെട്ട ചർച്ച കളും രാഷ്ട്രിയ പ്രേരിതമോ രാഷ്ട്രിയ സ്വാധീനമുള്ളതോ ആയിരുന്നില്ല. അവയെല്ലാം നവമാധ്യമ വിനിയോഗ കൂട്ടായ്മയിൽനിന്നും രൂപമെടുത്ത പ്രതി കരണങ്ങളായിരുന്നു. നാൽക്കവലകളിൽ ഒത്തുകൂടി പ്രതിഷേധിക്കുന്നവ രുടെ വംശത്തിന് അന്ത്യം സംഭവിക്കുകയും സൈബർ പൊതുമണ്ഡല ത്തിൽ ഒത്തുകൂടുന്നവരുടെ പുതിയൊരു പ്രവാഹം രൂപപ്പെടുകയും ചെയ്തത് ആഗോള സൈബർ സംസാക്കാരത്തിനനുസരിച്ച് മാറിക്കൊണ്ടി രിക്കുന്ന കേരളീയ പൊതുമണ്ഡലത്തിന്റെ സ്വഭാവമാണ് വ്യക്തമാക്കുന്നത്.

ഗ്ലോബൽ ലോക്കലൈസേഷൻ മുന്നോട്ടുവയ്ക്കുന്ന വിപണിയു ടെയും ഭാഷയുടെയും സൈബർസ്വഭാവം ഇവിടെയുള്ളവരും അനുഭവിക്കു ന്നുണ്ട്. മാധ്യമ കേന്ദ്രികൃതമായ അധികാര നിർണയം ഇതിന്റെ ഭാഗമാണ്.

മലയാളത്തിലുള്ള ബ്ലോഗ് രചനകൾ, ഇ-പ്രസിദ്ധീകരണങ്ങൾ വിക്കിപീഡിയ, യൂട്യൂബ് തുടങ്ങിയവ അനുദിനം വളർന്നു കൊണ്ടിരിക്കുന്ന കാഴ്ച്ചയാണുള്ളത്. എസ്.എം.എസ്, വാട്സ് അപ്പ് തുടങ്ങിയവയിലൂടെ പ്രചരിക്കുന്ന പ്രതികരണങ്ങൽ, നർമ്മങ്ങൾ, ആഖ്യാനങ്ങൾ തുടങ്ങിയ മാറുന്ന സാഹചര്യത്തിന് അഭിമുഖമായി നിൽക്കുന്ന ഇ-സാഹിത്യങ്ങളാകുന്ന അവസ്ഥയുമുണ്ട്. ഭാഷാശാസ്ത്രഞ്ജനായ ഡേവിഡ് ക്രിസ്റ്റൽ മുന്നോട്ടു വയ്ക്കുന്ന നവമാധ്യമ ഭാഷാശാസ്ത്ര പഠനങ്ങൾ ഇ-മലയാളം പോലെയുള്ളഭാഷകൾക്കും പ്രസക്തമാവുന്നു. ഇന്റർനെറ്റ്, മൊബൈൽഫോൺ എന്നീ മാധ്യമകേന്ദ്രീകൃത ഭാഷാശാസ്ത്രത്തെപ്പറ്റി പുതുതലമുറ തീവ്രതയോടെ പഠിക്കുന്നു.

മലയാളത്തിലെ സൈബർ ആധുനികതയെപ്പറ്റിയുള്ള വിലയിരുത്തലും നിർണയവുമാണ് ഈ ഗ്രന്ഥത്തിന്റെ പ്രാഥമിക ലക്ഷ്യം. സൈബർ സാഹിത്യം, സംസ്കാരം, വ്യവഹാരം തുടങ്ങിയുള്ള തുടർപഠനങ്ങൾക്കും വിശകലനങ്ങൾക്കും ഈ ഗ്രന്ഥം പ്രചോദനമാകുമെന്ന് പ്രതീക്ഷിക്കുന്നു.

# സൈബർ ആധുനികതയും മലയാളിയും

കാലത്തിന്റെ സ്പന്ദനങ്ങൾ ആവാഹിച്ചെടുത്ത് പുതുമയിലേക്ക് ഓടിക്കയറുന്നവരാണ് മലയാളികൾ. കാലത്തിനനുസരിച്ച് പുതുമ ഉൾക്കൊള്ളുമ്പോഴും തനതായ വ്യവഹാരരീതി, ഭാഷാവിനിയോഗരീതി, സൗന്ദര്യാഭിനിവേശം, സംസ്കാരം തുടങ്ങിയവ മലയാളിയുടെ അസ്തിത്വ നിർണയത്തിന്റെ ഭാഗമാണ്. പൂർണ്ണമായി തന്നെ സൈബർ ആധുനിക (Cyber Modernism) അഥവ ഡിജിറ്റൽ ആധുനികത (Digital Modernism) സംഭവിച്ച സമൂഹമാണ് മലയാളികളുടേത്. വർത്തമാനകാലത്തിന്റെ സാക്ഷരത നവമാധ്യമ (New media) സാക്ഷരതയാണ്. ഇന്റർനെറ്റും സ്മാർട്ട്ഫോണും ആണ് നവമാധ്യമങ്ങൾ. സാങ്കേതിക പിൻബലമുള്ള നവമാധ്യമ സാക്ഷരത അനുദിനം പുതുക്കി കൊണ്ടിരിക്കേണ്ടതാണ്. നിരന്തരം മാധ്യമങ്ങൾ ഉപയോഗിക്കുന്നവരുടെ ചിന്താരീതിയും ഭാവനാവിലാസവും സർഗാത്മകതയുമെല്ലാം മാധ്യമ വിനിയോഗ രീതിക്കനുസരിച്ച് പരിവർത്തനപ്പെടുകയും പ്രവർത്തിക്കുകയും ചെയ്യുന്നു.

**ഡിജിറ്റൽ ആധുനികത**

ഡിജിറ്റൽ ആധുനികത എന്താണ്? അത് എപ്രകാരമാണ് കേരളത്തിൽ പ്രവർത്തിച്ച് കൊണ്ടിരിക്കുന്നത്? ഈ ചോദ്യങ്ങളുടെ ഉത്തരം ഏകമുഖമല്ല. ഡിജിറ്റൽ ആധുനികത സാംസ്കാരികവും സാങ്കേതികവുമായ വ്യവഹാരങ്ങളുടെ സമഗ്രതയാണ്. നവമാധ്യമങ്ങളായ ഇന്റർനെറ്റ്, മൊബൈൽ ഫോൺ എന്നിവയുടെ വൈവിധ്യമുള്ള ആശയരൂപീകരണ, ആശയ വിനിമയ, ആശയ സ്വീകരണ രീതികളിലൂടെയാണ് സൈബർ ആധുനികതയിലേക്ക് മലയാളികൾ പ്രാഥമികമായി പ്രവേശിച്ചത്. ഏതുസമയത്തും എവിടെ നിന്നും ഇന്റർനെറ്റ് ബന്ധിതമായ മാധ്യമത്തിലൂടെ വൈവിധ്യമുള്ള രീതിയിൽ ആശയവിനിമയം, ആശയ സ്വീകരണം തുടങ്ങിയവ ആഗോള വ്യാപകമായി നടത്താമെന്നുള്ളത് സ്ഥലകാല സങ്കൽപ്പത്തെ പുനർ നിർണ്ണയിക്കുന്നതിന് വിധേയമാക്കി. ഡിജിറ്റൽരൂപത്തിൽ ചിത്രങ്ങൾ, വീഡിയോകൾ, അറിവുകൾ,

പഠനങ്ങൾ, ശബ്ദങ്ങൾ തുടങ്ങിയവ സൈബർ സ്പേസിലേക്ക് (Cyber space) വിന്യസിക്കുവാനും അങ്ങനെ വിന്യസിക്കുന്നവയെ നിയതമായ വിലാസത്തിലൂടെ സ്വീകരിക്കാനും കഴിയുന്ന അവസ്ഥ ആശയത്തിന്റെ അനന്തമായ നിലനിൽപ്പിന് കാരണമായി. ആശയത്തിന്റെ അനശ്വരതയെ ആഗോളാടിസ്ഥാനത്തിൽ വിന്യസിക്കാൻ കഴിഞ്ഞെന്നുള്ളത് ഈ കാലഘട്ടത്തിന്റെ സവിശേഷതയാണ്.

ഗൂഗിൾ ഐഡിയായുടെ ഡയറക്ടർ ജറാഡ് കോഹിൻ (Jared Cohen) വർത്തമാനകാല മാനവസമൂഹത്തെ 'connected' സംസ്ക്കാരത്തിന്റെ ഭാഗമായാണ് വിലയിരുത്തുന്നത്. ഇന്റർനെറ്റ് വലയത്തിനുള്ളിൽ വരുന്ന ഒരൊറ്റ സമൂഹം. ഈ വലിയ സമൂഹത്തിനിടയിൽ തന്നെ രൂപപ്പെടുന്ന ചെറുതും വലുതുമായ അനവധി പരസ്പരബന്ധിതമായ സമൂഹങ്ങൾ. ഈ സമൂഹങ്ങളുടെ അസ്തിത്വം സൈബർ പശ്ചാത്തലത്തിലാണ്. ഫെയ്സ്ബുക്ക്, ടിറ്റർ, വാട്സ് ആപ്പ്, വൈബർ തുടങ്ങിയവയും മലയാളം വൈറലായി ഉപയോഗിക്കുന്നരുടെ സമൂഹം എന്നും നിർണ്ണയിക്കുമ്പോൾ പരസ്പ്പരബന്ധിതമായ സൈബർ സമൂഹങ്ങളുടെ സ്വഭാവം വ്യക്തമാണല്ലോ. തമിഴ്, ഹിന്ദി, ചൈനീസ്, അറബി തുടങ്ങിയ ഭാഷകൾ ഡിജിറ്റലായി ഉപയോഗിക്കുന്നവർ ഭാഷാടിസ്ഥാനത്തിലുള്ള സമൂഹങ്ങളെയാണ് പ്രതിനിധീകരിക്കുന്നത്. ഓരോ ഭാഷയിലും ഓരോ മേഖലയിലും പെടുന്ന ബ്ലോഗുകൾ, നിയതമായ സ്വഭാവത്തോടുകൂടിയ യൂട്യൂബ്, ഓരോ കൂട്ടായ്മയ്ക്കും വേണ്ടി രൂപീകരിക്കുന്ന വെബ്സൈറ്റ് തുടങ്ങിയവയെല്ലാം Connected സംസ്കാരത്തിന്റെ പ്രാദേശിക സ്വഭാവവും ഒപ്പം തന്നെ ആഗോളവ്യാപ്തിയുമാണ് വ്യക്തമാക്കുന്നത്.

കണക്ടഡ് സംസ്ക്കാരം ആവിഷ്ക്കാര സ്വാതന്ത്ര്യത്തോടൊപ്പം ആശയങ്ങളുടെ ആഗോളാടിസ്ഥാനത്തിലുള്ള വ്യാപനം കൂടിയാണ് നിമിഷാർത്ഥം കൊണ്ട് സാധ്യമാക്കുന്നത്. ഇതിനോടുള്ള പ്രതികരണങ്ങൾ ആവശ്യമെങ്കിൽ ലൈക്കായും കമന്റായും ഷെയറായും വ്യാപിക്കുമ്പോൾ രൂപപ്പെടുന്ന പ്രതികരണങ്ങൾ സമാന മനസ്ക്കരെയും വിയോജിപ്പിന്റെ പ്രതിനിധികളെയും സൈബർ സ്പേസിൽ സംഘടിക്കുന്ന അവസ്ഥ സംജാതമാക്കുന്നു. പരസ്പരബന്ധിതമായ ഈ പ്രതികരണവും കാലത്തിന്റെ നിർമ്മിതിയാണ്.

സിറ്റിസൺ (Citizen) എന്ന് പ്രാദേശിക അടിസ്ഥാനത്തിലോ രാഷ്ട്രീയാടിസ്ഥാനത്തിലോ നിലനിന്ന വ്യക്തിത്വ സൂചനയെ ഇന്റർനെറ്റ് ബന്ധിതമായ സൈബർക്കാലം പരിവർത്തിപ്പിച്ച് ആഗോളാശയ വിനിമയത്തിന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ പൗരന്മാരാക്കി. ഇ-മെയിൽ വിലാസവും ഫെയ്സ്ബുക്ക് ടിറ്റർ തുടങ്ങിയ സോഷ്യൽ മാധ്യമങ്ങളിൽ അംഗത്വവുമുള്ളവരെയാണ് ഡേവിഡ് ക്രിസ്റ്റൽ (David Crystal) ഓൺലൈൻ പൗരൻമാരെന്ന് വിശേഷിപ്പിക്കുന്നത്. ഓൺലൈൻ പൗരന്മാരെ നെറ്റിസൺ (Netizen) എന്നും സാധാരണയായി വിളിക്കുന്നു.

മാധ്യമപ്രവർത്തകനായ വില്യം ഗിബ്സൺ (Willam Gibson) ആണ് ഇന്റർനെറ്റ് സാധ്യമാക്കുന്ന അദൃശ്യമായ പ്രതലത്തെ സൈബർ സ്പേസ് (Cyber space)എന്ന് വിശേഷിപ്പിച്ചത്. ഡേവിഡ് ക്രിസ്റ്റൽ ഇന്റർനെറ്റ് തീർക്കുന്ന അദൃശ്യമായ പ്രതലത്തെ വെർച്വൽ വേൾഡ് (Virtual world) എന്നാണ് വിളിച്ചത്. പ്രതീതിയാഥാർത്ഥ്യവും അതിന്റെ അനന്ത സാധ്യതകളും മനുഷ്യജീവിതത്തെയും പ്രവൃത്തികളെയും അയത്നലളിതവും സുന്ദരവും സർഗാത്മക സജീവവുമാക്കുന്ന കാലഘട്ടം കൂടിയാണിത്. ഡിജിറ്റൽ സാക്ഷരതയുടെ ഫലമായി ആഗോള ഡിജിറ്റൽ വ്യവഹാരങ്ങളിൽ അല്ലെങ്കിൽ സൈബർ വ്യവഹാരങ്ങളിൽ ഇടപെടുന്ന വ്യക്തികളും ആ വ്യക്തികൾ അടങ്ങിയ സമൂഹവും ആധുനികമായ ഡിജിറ്റൽ സംസ്കാരത്തിന് വിധേയമായവരാണ്. ഈ പശ്ചാത്തലത്തിലാണ് ബഹുഭൂരിപക്ഷം മലയാളികളും ആഗോളാടിസ്ഥാനത്തിൽ സംഭവിച്ച സൈബർ ആധുനികവത്ക്കരണത്തിന് വിധേയമായത്. സൈബർ ആധുനികതയുടെ ഏറ്റവും വലിയ സവിശേഷത ആഗോള ഗ്രാമത്തെ ആശയവിനിമയ ശൃംഖലയുടെ അടിസ്ഥാനത്തിൽ ഏകകാലികമായി സൈബർസംസ്കാരത്തിലേക്കും അതിന്റെ സാധ്യതകളിലേക്കും എത്തിക്കാൻ കഴിഞ്ഞെന്നതാണ്. നവ മാധ്യമ സാക്ഷരതയുടെ ഫലമായ ആഗോളസംസ്ക്കാരത്തിന്റെ ഭാഗമായിരിക്കുമ്പോഴും പ്രാദേശികമോ ഭാഷാപരമോ സാമൂഹ്യപരമോ ആയി മുമ്പുണ്ടായിരുന്ന സാംസ്കാരിക അവസ്ഥയുടെ പ്രതിനിധികളും വക്താക്കളുമാണ് ഓരോ വ്യക്തിയും അവർ അടങ്ങിയ സമൂഹവും. ഇതും സൈബർ ആധുനികതയുടെ സവിശേഷതയാണ്.

**ഗ്ലോബൽ ലോക്കലൈസേഷൻ**

ആഗോളവത്ക്കരണം (Globalization) കേരളം പോലുള്ള പ്രാദേശിക മേഖലകളെയും മലയാളം പോലുള്ള ചെറിയ ഭാഷകളെയും ഇല്ലാതാക്കുമെന്ന ആകുലതയുടേതായിരുന്നു വർത്തമാന പ്രഖ്യാപിതമായ സൈബർ ആധുനികത. പ്രാദേശിക സംസ്കാരങ്ങളുടെയും പ്രാദേശിക ഭാഷകളുടെയും ആഗോള വ്യാപകമായ ആഘോഷമാണ് നടത്തികൊണ്ടിരിക്കുന്നത്. ആഗോളസമൂഹത്തിന്റെ രൂപവ്യവഹാര പരിവർത്തനത്തിന് നിയതമായ ഒരു തുടർച്ചയുണ്ട്. ആധുനികത (Modernism) തീവ്രആധുനികതയിലേക്കും (High modernism) അവിടെ നിന്നും ഉത്തര ആധുനികതയിലേക്കും (Post modernism) തുടർന്ന് തീവ്ര ഉത്തര ആധുനികതയിലേക്കും (Post modernism) കടന്ന് നവമാധ്യമ (New media) വ്യവഹാര പ്രധാനമായ ഡിജിറ്റൽ കാലത്തിലേക്കും (Digital age) എത്തി. ഈ ഡിജിറ്റൽ കാലഘട്ടം സൈബർ മാധ്യമ വ്യാപനത്തിന്റെയും സൈബർ മാധ്യമ സാക്ഷരതയുടേതുമായിരുന്നു. സൈബർ മാധ്യമ വ്യാപനവും സാക്ഷരതയും ജീവിതത്തെയും വ്യവഹാരങ്ങളെയും തീക്ഷ്ണതയോടെ നിർണയിച്ചു തുടങ്ങിയപ്പോൾ അനിവാര്യതപോലെ സൈബർ ആധുനികത സംഭവിക്കുകയായിരുന്നു.

ഭൂലോകത്തെ സൈബർ ആധുനികത ക്രമീകരിക്കുന്ന രീതി ശ്രദ്ധേയമാണ്. ആഗോളീകരണം (Globalization) തീവ്രമായപ്പോഴാണ് പ്രാദേശീകരണത്തെപ്പറ്റിയുള്ള (Localization) തീക്ഷ്ണമായ ചിന്തകൾ രൂപപ്പെട്ടുവന്നത്. വിരുദ്ധമായ സ്വഭാവ വിശേഷങ്ങൾ പ്രതിനിധാനം ചെയ്യുന്ന പദങ്ങളാണ് ലോക്കലൈസേഷനും ഗ്ലോബലൈസേഷനും. വിപണി സ്വഭാവമാണ് ഈ പദങ്ങൾ മുന്നോട്ടുവെയ്ക്കുന്ന അർത്ഥം. ആഗോളീകരണത്തിന്റെ കാലത്ത് വിപണിയിൽ ബഹുരാഷ്ട്രകുത്തകകളുടെ ഉല്പന്നങ്ങളാണ് നിറഞ്ഞു നിന്നിരുന്നത്. പ്രാദേശികമായ ഉല്പന്നങ്ങളും വിപണികളും ഈ കാലഘട്ടത്തിൽ തകർന്നടിഞ്ഞു. ആഗോളീകരണത്തിനെതിരെ പ്രാദേശിക പ്രസ്ഥാനങ്ങളും വിപണികളും ഉണർന്നെഴുന്നേറ്റ് പ്രവർത്തിച്ചത് സൈബർ മാധ്യമ സാധ്യതകളിലൂടെയാണ്. ഉല്പന്നങ്ങൾ വിൽക്കുവാനും വാങ്ങുവാനും കഴിയുന്ന ഇടമായി ഓൺലൈൻ മാറിയതോടെ വിപണിയുടെ സ്വഭാവത്തിനും ഉല്പന്നത്തിന്റെ വിപണനരീതിക്കും മാറ്റം സംഭവിച്ചു. പ്രാദേശികമായി നിർമ്മിക്കുന്ന ഉല്പന്നങ്ങൾവരെ സൂപ്പർമാർക്കറ്റുകളും ഇടനിലക്കാരുമില്ലാതെ ഓൺലൈൻവഴി വിൽക്കുകയും വാങ്ങിക്കുകയും ചെയ്യാമെന്നായതോടെ വിപണികളുടെ കുത്തക സ്വഭാവം നഷ്ടമായി. കൃത്യമായി പറഞ്ഞാൽ ഗ്ലോബലൈസേഷൻ ഗ്ലോക്കലൈസേഷന് (Glocalization) വിധേയമാക്കുന്ന അവസ്ഥ സംജാതമായി.

എന്താണ് ഗ്ലോക്കലൈസേഷൻ? വിപണിയുമായി ബന്ധിപ്പിച്ചാണ് ഗ്ലോക്കലൈസേഷന്റെ പ്രാഥമിക സൈദ്ധാന്തികനിർണയം നടത്തിയത്. Chiny-yi Tien നും Paul C-Talleyയും എഴുതിയ പ്രബന്ധത്തിൽ ഗ്ലോക്കലൈസേഷനെ നിർവ്വചിച്ചിരിക്കുന്നത് Think globally act locally എന്നാണ്. Habibul Haque Khondker ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ആഗോള വ്യവഹാരപ്രക്രിയയെ ഗ്ലോക്കലൈസേഷൻ എന്ന് വിളിക്കാമെന്നാണ് പറയുന്നത്. ഗ്ലോബലൈസേഷൻ പോലെ തന്നെ ഗ്ലോക്കലൈസേഷനും ഇനിയൊരു തരത്തിൽ ആഗോളകമ്പോളങ്ങൾ ഒന്നിക്കുന്ന ഒരു പ്രക്രിയ തന്നെയാണ്. എന്നാൽ കമ്പോളത്തിന് പ്രാദേശികാവസ്ഥകളെ അല്ലെങ്കിൽ പ്രാദേശിക ഉല്പന്നങ്ങളെക്കൂടി ഉൾക്കൊള്ളുവാൻ കഴിയുന്ന വിപുലനത്വം ഗ്ലോക്കലൈസേഷന്റെ കാലത്ത് ലഭിച്ചു. ഗ്ലോക്കലൈസേഷനെ ഗ്ലോബൽ ലോക്കലൈസേഷൻ എന്നും (Global localization) വിളിക്കുന്നു. Globalization, localization എന്നീ അവസ്ഥകളുടെ സമന്വയത്തിൽ നിന്നുമാണ് Glocalizationന്റെ പിറവി. സൈബർ സംസ്കാരവും അതിന്റെ വ്യാപ്തിയും വ്യവഹാരരീതികളുമെല്ലാമാണ് ഗ്ലോക്കലൈസേഷന്റെ ആർത്ഥിക വിസ്തൃതി നിർണയിക്കുന്നത്.

പ്രാദേശികമായി നിർമ്മിക്കുന്ന ഉൽപന്നങ്ങൾവരെ സൂപ്പർമാളുകളും മാർക്കറ്റുകളുമില്ലാതെ ഓൺലൈൻ വഴി വിപണനം ചെയ്യാമെന്നായതോടെ വിപണിയുടെ സ്വഭാവം സൈബർ സ്വാധീനത്തിലേക്ക് പരിണമിച്ചു.

Amazon,e-Bay.in, Filpkart, Homeshop, junglee, mytra, goexw, yepme, yebin തുടങ്ങിയ ഓൺലൈൻ വ്യാപാര ഇടങ്ങൾ പ്രസക്തവും സജീവവുമാണ്. ഗ്ലോക്കലൈസേഷന്റെ കാലത്ത് ആഗോള കമ്പോളങ്ങളുടെ വ്യാപകമായ സൈബർ സാനിധ്യ ജനാധിപത്യവത്ക്കരണമാണ് നടന്നത്. പ്രാദേശികമായി ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ലാഘവത്തോടെ ഓൺലൈൻ വിപണി അഥവാ വ്യാപാര ഇടങ്ങൾ ആർക്കും സാധ്യമാണെന്നുള്ളതും അതിന്റെ ജനാധിപത്യ സ്വഭാവമാണ് വ്യക്തമാക്കുന്നത്.

ഉല്പന്നങ്ങളുടെ വിപണനകാര്യത്തിൽ മാത്രമല്ല ഉല്പാദന യന്ത്രങ്ങളുടെ വ്യാപന കാര്യത്തിലും നവീന സാങ്കേതികത ചെലുത്തിയ സ്വാധീനരീതി സൈബർ ആധുനികതയുടെ ഭാഗമാണ്. കൂറ്റൻ യന്ത്രങ്ങൾക്കും വിപുലമായ വർക്ക് ഷോപ്പുകൾക്കും പകരം മിനി ഫാബ് ലാബ് (Mini Fab Lab) വ്യാപകമായി. കൊച്ചു മുറികളിൽ കൊള്ളുന്ന ആധുനിക യന്ത്രോപകരണങ്ങൾ സംവിധാനംചെയ്യുന്ന ഫബ് ലാബിൽനിന്നും സാധാരണ കസേര മുതൽ പ്രോഗ്രാം വഴി പ്രവർത്തിക്കുന്ന യന്ത്രങ്ങൾ വരെ അനായാസമായി നിർമ്മിക്കാം. ആഗോള ഉല്പാദന കുത്തകകളെ പ്രതിരോധിച്ച് പ്രാദേശികമായി ഉല്പന്നങ്ങൾ നിർമ്മിക്കാൻ കഴിയുന്ന ഫാബ് ലാബിന് തുടക്കം കുറിച്ചത് അമേരിക്കയിലെ മാസച്യൂസിറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയാണ് (എം.ഐ.ടി). തിരുവനന്തപുരം ടെക്നോപാർക്കിലും കൊച്ചി സ്റ്റാർട്ട് അപ് വില്ലേജിലും വിജയകരമായി പ്രവർത്തിക്കുന്ന ഈ ലാബുകൾ അധികം വൈകാതെ കേരളത്തിലും വ്യാപകമാകും. അതോടെ ഉല്പന്നങ്ങൾക്ക് പ്രദേശത്തിന്റെതായ ഗുണവും സവിശേഷതയും കൈവരുന്നത് സ്വാഭാവികമാകും. വിലയിലും കാര്യമായ കുറവ് സംഭവിക്കും.

**സൈബർ ആധുനികത**

ആഗോളീകരണത്തിന്റെ കാലം ഉത്തരാധുനികതയുടെ കൂടിയായിരുന്നല്ലോ. ഉത്തരാധുനികതയിൽ നിന്നും സൈബർ ആധുനികതയിൽ എത്തുമ്പോൾ നിരീക്ഷണങ്ങൾക്കും സാംസ്കാരിക വിശകലനങ്ങൾക്കും വ്യവഹാരരീതികൾക്കും സംഭവിച്ചമാറ്റം വിലമതിക്കേണ്ടതാണ്. ഴാങ് ബോദ്രിയാർ, ഴാങ് ഫ്രാൻസ്വാലോത്താർ, ഫ്രെഡ്രിക് ജെയിംസൺ തുടങ്ങിയ സൈദ്ധാന്തികർ മാധ്യമ വ്യവഹാരരീതിയുമായി ബന്ധിപ്പിച്ച് ആധുനികോത്തരയെപ്പറ്റി ചിന്തിച്ചവരാണ്.

ഴാങ് ബോദ്രിയ്യാർ ആധുനികോത്തരതയെപ്പറ്റി വിശകലനംചെയ്യുമ്പോൾ പ്രാഥമികമായി മാർഷൽ മക്‌ലൂഹന്റെ നിരീക്ഷണങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. മാധ്യമങ്ങൾതന്നെയാണ് സന്ദേശമെന്നു പറയുന്ന മക്‌ലൂഹന്റെ നിരീക്ഷണത്തിൽനിന്നും വളർന്ന് മാധ്യമങ്ങൾ യാഥാർത്ഥ്യത്തെക്കാൾ തീവ്രമായ യാഥാർത്ഥ്യം (അതിയാഥാർത്ഥ്യം) അനുക്രമം രൂപീകരിച്ചുകൊണ്ടേയിരിക്കുന്നുവെന്ന് ബോദ്രിയർ ഉദാഹരണങ്ങൾ നിരത്തി സമർത്ഥിക്കുന്നു. അങ്ങനെ ആധുനികോത്തരത ആഗോള വ്യാപന ശക്തിയുള്ള

ഇല്ക്ട്രോണിക് മാധ്യമങ്ങൾ രൂപീകരിക്കുന്ന അതിയാഥാർത്ഥ്യങ്ങളുടെ താണെന്ന് നിരീക്ഷിക്കുന്നു. ഴാങ് ഫ്രാൻസ്വാ ല്യോത്താറിന്റെ നികീക്ഷണ ത്തിൽ ആധുനികോത്തരംഒരു സവിശേഷമായ കാലഘട്ട സൂചനയാണ്. മുമ്പുണ്ടായിരുന്നതിൽനിന്നും വിത്യസ്തമായ ഈ കാലഘട്ടത്തിൽ ഭാഷ യ്ക്കും ആശയവിനിമയരീതികൾക്കും ജീവിതാവസ്ഥയ്ക്കും സമൂലമായ മാറ്റം സംഭവിക്കുന്നു. ലിഖിത, ഭാഷണ സ്വഭാവത്തോടുകൂടിയ ഭാഷകൾക്കുമേൽ ദൃശ്യാത്മകമായ ഭാഷകളുടെ ആഗമനവും അതിന്റെ വൈവിദ്ധ്യമുള്ള വിനി മയരീതികളും ഭാഷാ സങ്കല്പത്തെ കീഴ്മേൽ മറിച്ചു. ഈ പശ്ചാത്തല ത്തിലാണ് പാരമ്പര്യങ്ങളുടെ പിൻബലത്തിൽ നിലനിന്നിരുന്ന മഹാഖ്യാന ങ്ങൾ (Grand Narative) തകർന്നത്. മറ്റെല്ലാ ആഖ്യാനങ്ങളെയും കഥക ളെയും ഉൾക്കൊണ്ട് അർത്ഥം വിനിമയംചെയ്യുവാൻ പ്രാപ്തിയുള്ള ആഖ്യാ നങ്ങളുടെയും കഥകളുടെയും സമഗ്രതയാണ് മഹാഖ്യാനം. ഈ മഹാഖ്യാ നത്തിന്റെ തകർച്ചയ്ക്കുശേഷം ലഘുവ്യാഖ്യാനങ്ങൾ അഥവാ ലാഘവാ ഖ്യാനങ്ങൾ (Little Narrative) സമൂഹത്തിന്റെ എല്ലാ തലത്തിലും പ്രാദേ ശികമായി വരെ പ്രസക്തമായി. തുടർന്ന് കലയെപ്പറ്റിയുള്ള മുൻ സങ്കല്പ നങ്ങൾക്കു വിരുദ്ധമായ നിലപാട് പ്രഖ്യാപിക്കുന്നു. അവതരിപ്പിക്കാൻ പറ്റാ ത്തത് നിലനിൽക്കുന്നു എന്ന അവസ്ഥ രൂപീകരിക്കാൻ സാങ്കേതിക വിദ്യാ വൈദഗ്ദ്ധ്യം പ്രയോജനപ്പെടുത്തി നിലനിൽക്കുന്ന കല രൂപീകരിക്കുകയാ ണെങ്കിൽ ആ കലയെ ആധുനികോത്തരമെന്ന് വ്യവഹരിക്കാമെന്ന് ല്യോത്താർ നിരീക്ഷിക്കുന്നു.

ഏറ്റവും പുതിയ ജീവിതാവസ്ഥയെയും ഉത്പാദനരീതിയെയും വിപ ണന ഉത്പാദന സംസ്കാരത്തെയും സൂചിപ്പിക്കുന്ന ദിശാസൂചകമായിട്ടാണ് ഫ്രെഡ്രിക് ജെയ്സൺ ആധുനികോത്തരതയെ ദർശിക്കുന്നത്. ഈ കാല ഘട്ടത്തിൽ ജീവിതത്തിലും ചിന്തയിലും പ്രവർത്തനങ്ങളിലും പുത്തൻ സാംസ്കാരിക ശാസ്ത്രയുക്തി ആഗോളാടിസ്ഥാനത്തിൽ രൂപപ്പെട്ടെന്നും ജെയിംസൺ വിലയിരുത്തുന്നു. മാധ്യമങ്ങളുടെ വളർച്ചയും അതിപ്രസരവും കൂടിചേർന്നപ്പോൾ ആശയവിനിമയരീതികൊണ്ടും അറിവിന്റെ വ്യാപനം കൊണ്ടും നഗരവും ഗ്രാമവും തമ്മിലുള്ള അന്തരവും മനുഷ്യർ തമ്മിലുള്ള അകലവും കുറഞ്ഞെന്ന് വിലയിരുത്തുന്നു. ഈ കാലം പ്രത്യുത്പാദനശേ ഷിയുള്ള യന്ത്രങ്ങളുടെ കാലഘട്ടം കൂടിയാണ്. വിവിധതരം ക്യാമറകൾ, റെക്കോർഡറുകൾ കമ്പ്യൂട്ടറുകൾ തുടങ്ങിയ ഇത്തരം നവീന യന്ത്രങ്ങൾ ക്കുള്ള ഉദാഹരണങ്ങളാണ്.

ഉത്തരാധുനികതയിൽനിന്നും സൈബർ ആധുനികതയിലേക്ക് എത്തുമ്പോൾ വിശകലനരീതികളും സൈദ്ധാന്തികരും മാറുന്നു. സൈബർ സ്പേസ്, ഓൺലൈൻ ഐഡന്റിറ്റി, സൈബർ സംസ്കാരം, നെറ്റിസൺ ഷിപ്പ്, വെർച്വൽ ലോകം തുടങ്ങിയ കല്പനകൾ സൈബർ ആധുനികത യുടെ കാലത്തുള്ളതാണ് ഗ്ലോബലൈസേഷന്റെ സ്ഥാനത്ത് ഗ്ലോക്കലൈ

സേഷൻ സ്ഥാനം ഉറപ്പിച്ചിരിക്കുന്നു. ആശയ വിനിമയത്തിന്റെ പുത്തൻ മേഖലകളെന്ന നിലയിൽ ഫെയ്സ് ബുക്ക്, ടിറ്റർ, യൂട്യൂബ്, ഇ-മെയിൽ, ചാറ്റ് റൂമുകൾ, വെബ്സൈറ്റുകൾ, ഗൂഗിൾ പ്ലസ്, യാഹു മെസഞ്ചർ, സ്കൈപ്, വാട്സ് ആപ്, വൈബർ തുടങ്ങിയവയെല്ലാം സ്ഥാനമുറപ്പിച്ച് കഴിഞ്ഞു. ജോർജ് ലാൻഡൻ (George Landon), അലൻ ലിയു (Alan Liu), ബെർട്ടാൻഡ് ഗെർവിസ് (Bertand Gervais), ഡേവിഡ് ക്രിസ്റ്റൽ (David Crystal), ബെനഡിക്ട് മൈക്കിൾ (Benedict Michael) തുടങ്ങിയവർ സൈബർ ആധുനികതയുടെ പഠിതാക്കളും സൈദ്ധാന്തികരുമായി മാറിയവരിൽ ചില പ്രമുഖരാണ്.

മാധ്യമകേന്ദ്രികൃതമായി രൂപപ്പെടുന്ന എഴുത്ത്, വായന, പ്രസാധനം, രേഖപ്പെടുത്തൽ, ഏകാഗ്രത, അനുകരണം, ഭാവന തുടങ്ങിയ പ്രക്രിയകളെ സൈബർ ആധുനികത എപ്രകാരം ക്രമീകരിച്ചെന്ന് Imagining new media encounter എന്ന പ്രബന്ധത്തിൽ അലൻ ലിയു (Alan Liu) നടത്തുന്ന നിരീക്ഷണം ശ്രദ്ധേയമാണ്.

| | |
|---|---|
| Writing | Encoding |
| Reading | Browsing |
| Publishing | Transmitting |
| Preservation | Migration |
| Absorption | Immersion |
| Mimesis | Modeling |
| Imaignation | Simulation |

താരതമ്യത്തിന് വിധേയമാക്കിയ വ്യവഹാരങ്ങൾ തമ്മിൽ പ്രഥമ ദർശനത്തിൽ വൈവിധ്യമുണ്ട്. സൂക്ഷ്മ വിശകലനത്തിൽ ഈ വ്യവഹാരങ്ങൾ പരസ്പര പൂരകങ്ങളാണ്. മാധ്യമത്തിന്റെ വ്യത്യാസവും വിനിയോഗ രീതിയും വ്യവഹാരങ്ങളെയും പരിവർത്തിപ്പിച്ചിരിക്കുന്നെന്നു മാത്രം. ഒന്നിനു പിന്നാലെ ഒന്നായി മാധ്യമ വിനിയോഗവുമായി ബന്ധപ്പെട്ട് വ്യവഹാരങ്ങൾ മാറ്റത്തിന് വിധേയമാകുമ്പോൾ അതിന്റെ പ്രതിഫലനവും പ്രത്യുൽപ്പന്നവും സ്വാഭാവികതയുടെ പരിവർത്തനത്തിന് വിധേയമാകുന്നു. അവയെല്ലാം കേവലമൊരു വ്യക്തിയെയല്ല വ്യക്തികളെയും അവരുൾപ്പെടുന്ന സമൂഹങ്ങളെയുമാണ് സ്വാധീനിക്കുന്നത്.

**സൈബർകാല സംസ്കാര സമന്വയം**

സംസ്കാരത്തിനും പ്രദേശത്തിനും ഭാഷയ്ക്കുമനുസരിച്ച് വ്യക്തികളുടെ ശരീരം മാറുന്നതു കൊണ്ടാണ് മലയാളിയുടെ, തമിഴന്റെ, ചൈനാക്കാരന്റെ, ആഫ്രിക്കക്കാരന്റെ ശരീരമെന്നു നിർണയിക്കുന്നത്. വസ്ത്രധാരണത്തിൽ വൈവിധ്യമുള്ളതു പോലെ ഭക്ഷണക്രമത്തിൽ ഭിന്നത പുലർത്തുന്നതു പോലെ ഓരോ പ്രദേശത്തും ദേശത്തും രൂപപ്പെടുന്ന ഡിജിറ്റൽ ആധു

നികതയ്ക്ക് അഥവ സൈബർ ആധുനികതയ്ക്ക് വ്യത്യാസമുണ്ട്. സൈബർ ആധുനികത വ്യക്തികളെ സ്വാധീനിക്കുന്നതിലും രൂപപ്പെടുത്തുന്നതിലും ഭിന്നതയുണ്ട്. ഒരു വ്യക്തി ഉപയോഗിക്കുന്ന ബുദ്ധിയുടെ തോത്, പ്രവർത്തനങ്ങളുടെ രീതി, വ്യവഹാരങ്ങളുടെ സ്വഭാവം, വൈകാരികതയുടെ പ്രവർത്തനം തുടങ്ങിയവ ആ വ്യക്തിയെ സംബന്ധിച്ച് പ്രസക്തിയുള്ളതാണ്. ഇംഗ്ലീഷ് അധിനിവേശം ശക്തമായി സംഭവിച്ച പ്രദേശമാണ് കേരളം. വിദ്യാഭ്യാസത്തിൽ ഇംഗ്ലീഷിന് നൽകുന്ന പ്രസക്തിയും ഏറെയാണ്. തൊഴിൽ തേടി ലോകത്തിന്റെ പലഭാഗങ്ങളിലേക്കും ചേക്കേറിയിരിക്കുന്നവരും ഏറെയാണ്. തൊഴിൽ തേടി ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെത്തിയിട്ടുള്ള തൊഴിലാളികളും ഏറെയാണ്. ഭൂപ്രകൃതി, ഭക്ഷണരീതി, കാലാവസ്ഥ തുടങ്ങിയവ കേരളത്തിന്റെ എടുത്തു പറയേണ്ട സവിശേഷതയാണ്. ആഡംബരശാലകൾ പോലെ ഉയരുന്ന ആരാധനാലയങ്ങൾ, പഞ്ചനക്ഷത്ര സൗകര്യത്തോടെയുള്ള ആശുപത്രികൾ തുടങ്ങിയവ സമൂഹത്തിൽ രൂപപ്പെടുത്തിയിട്ടുള്ള മനോഭാവം ഉള്ളവൻ, ഇല്ലാത്തവൻ എന്ന രീതിയിലാണ്. ഇവിടെ ചൂഷണത്തിന്റെ തലങ്ങളുമുണ്ട്. വസ്ത്രവില്പനശാലകൾ, സ്വർണാഭരണശാലകൾ മുന്തിയ ഹോട്ടലുകൾ, ഉയർന്ന ഫീസ് മേടിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയെല്ലാം ഇവിടുത്തെ പൗരന്മാരെ വർഗത്തിന്റെയും സാമ്പത്തികത്തിന്റെയും അടിസ്ഥാനത്തിൽ വേർതിരിക്കുന്നതിനെക്കുറിച്ചുള്ള ചിന്ത ഉണർത്തുന്നവയാണ്. എല്ലാവർക്കും പ്രാപ്യമായ പരസ്പരം ബന്ധപ്പെടുവാൻ കഴിയുന്ന പൊതുമണ്ഡലം അഥവ പ്രതികരിക്കാൻ കഴിയുന്ന ഇടം എന്ന നിലയിലാണ് സൈബർ ഇടത്തിന്റെ പ്രസക്തി. ആശയവിനിമയം, പ്രതികരണം, വിപണനം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ രൂപപ്പെടുന്ന പുത്തൻ സൈബർ ജനാധിപത്യം ഇപ്പോൾ കേരളത്തിൽ സജീവമാണ്.

ഓൺലൈൻ ചന്ത, ഓൺലൈൻ വിജ്ഞാനം, ഓൺലൈൻ അറിയി പ്പുകൾ, ഓൺലൈൻ പത്രം, ഓൺലൈൻ വിനോദം, ഓൺലൈൻ സംവാദങ്ങൾ തുടങ്ങിയവയെല്ലാം ചേർന്ന് രൂപീകരിക്കുന്ന ജനപ്രിയ സംസ്കാരം (Popular culture) സൈബർ ആധുനികതയുടെ നിർമ്മിതിയാണ്. ഇവയ്ക്കെല്ലാം ആഗോളാടിസ്ഥാനത്തിലും പ്രാദേശികാടിസ്ഥാനത്തിലും വൈവിദ്ധ്യങ്ങളുടെ വിപുലനത്വമാണുള്ളത്. പ്രാദേശികാടിസ്ഥാനം, ആഗോളാടിസ്ഥാനം എന്ന വേർതിരിവിനെ സൈബർലോകം അപ്രസക്തമാക്കി. സൈബർ മണ്ഡലത്തിലുള്ള ഏതറിവും, ഏത് കലാരൂപവും, ഏതു പ്രതികരണവും, ഏത് സംഭവവും ആർക്കും എവിടെയും സാധ്യമാകുന്ന അവസ്ഥ. ആർക്കും ആരുമായും ആശയവിനിമയം നടത്താം. സൈബർ ആധുനികത പരസ്പര ബന്ധിതവും സമന്വയ സ്വഭാവമുള്ളതുമായ സംസ്കാരത്തിലൂടെ സാധ്യതകളുടെ നിരവധി വാതായനങ്ങൾ ആഗോളാടിസ്ഥാനത്തിൽ സൈബർ സാക്ഷരതയുള്ള ഓരോരുത്തരുടെയും മുന്നിൽ തുറന്നിട്ടിരിക്കുകയാണ്.

സാമൂഹ്യ സാംസ്കാരിക വ്യവഹാരമണ്ഡലങ്ങളിൽ വരുത്തിയ മാറ്റം ഭാഷാവിനിയോഗത്തെയും കഥാവിഷ്കരണങ്ങളെയും സൈബർ സാന്നിദ്ധ്യത്തിലൂടെ മാറ്റിമറിച്ചു. ഓൺലൈൻ ചന്തകളും സൈബർ കൂട്ടായ്മയും പോലെതന്നെ മലയാളവും ഡിജിറ്റൽ വൽക്കരണത്തിലൂടെ പ്രാദേശികാവസ്ഥയെ മറികടന്ന് ആഗോള വ്യാപകമായിക്കഴിഞ്ഞു. മലയാളത്തിലുള്ള ബ്ലോഗ് രചനകൾ, യൂട്യൂബ്, ഓൺലൈൻ പ്രസിദ്ധീകരണങ്ങൾ, വെബ്സൈറ്റുകൾ തുടങ്ങിയവയെല്ലാം മലയാളിക്കുവേണ്ടിയാണ് രൂപീകരിക്കുന്നതെങ്കിലും ഇന്റർനെറ്റിലൂടെ ലോകത്തിന്റെ ഏതുഭാഗത്തുള്ളവർക്കും പ്രാപ്യമാണ്. മലയാളിയുടെ സംസ്കാരവും വ്യവഹാരങ്ങളും സൈബർ സാധ്യതയിലൂടെ ലോകം മുഴുവൻ അറിയുന്നതിനൊപ്പം മലയാളി ലോകത്തിന്റെ ഓരോ ഭാഗത്തുള്ള സംഭവങ്ങളും ആചാരരീതികളും സവിശേഷമായ സംസ്കാരവും നവമാധ്യമങ്ങളിലൂടെ അറിയുന്നു. പ്രദേശികമായി കേരളമെന്ന സ്ഥലത്ത് താമസിക്കുന്ന മലയാളിയും ഗ്ലേക്കലൈസേഷന്റെ എല്ലാ അവസ്ഥകളും ഉൾക്കൊള്ളുന്നവരാണ്. കൃത്യമായി പറഞ്ഞാൽ മലയാളം പ്രാധാന്യത്തോടെ സംസാരിച്ച് കേരളീയ സംസ്കാരത്തിനുള്ളിൽ പ്രാദേശികമായി ജീവിക്കുമ്പോഴും അറിവുകളും ആശയവിനിമയവും ചിന്താരീതികളും പ്രവർത്തനവും സൈബർ സംസ്കാരത്തിന്റെ പിൻബലമുള്ള ആധുനിക ആഗോളാവസ്ഥയുടേതാണ്.

# സൈബർ മലയാള വ്യവഹാരങ്ങൾ

ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽതന്നെ മലയാളം പോലെയുള്ള പ്രാദേശിക ഭാഷകൾ പ്രസക്തവും ആഗോളാടിസ്ഥാനത്തിൽ വ്യവഹാര സാധ്യവുമാകുന്നത് ഡിജിറ്റൽവൽക്കരണത്തിലൂടെയാണ്. ഡിജിറ്റൽ മലയാളം ഇന്റർനെറ്റിലൂടെ സഞ്ചരിച്ചെത്തുമ്പോൾ അല്ലെങ്കിൽ നവമാധ്യമ കേന്ദ്രീകൃതമായ വിനിമയ ശൃംഖലയിലൂടെ ആഗോളാടിസ്ഥാനത്തിൽ പ്രചരിക്കുമ്പോൾ ഇന്റർനെറ്റ് മലയാളമാകുന്നു.

ഇന്റർനെറ്റ് മുന്നോട്ടുവെയ്ക്കുന്ന ആഗോളവിനിമയ ശൃംഖലയുടെ അഥവാ ആഗോള ഗ്രാമവൽക്കരണത്തിന്റെ ഭാഗമായി രൂപപ്പെട്ട നവമായ സൈബർ കേന്ദ്രീകൃതാവസ്ഥ വ്യക്തികളുടെയും സമൂഹങ്ങളുടെയും മനോഭാവത്തിൽ കാതലായ മാറ്റം വരുത്തി. സാഹിത്യം, കല, സാംസ്കാരിക ജീവിതം, വ്യവഹാരങ്ങൾ തുടങ്ങിയവയിൽ സംഭവിച്ച മാറ്റത്തെ സൈബർ ആധുനികത എന്നാണ് വ്യവഹരിക്കുന്നത്. സൈബർ കേന്ദ്രീകൃതമായി സംഭവിച്ച ആധുനീകരണം ജീവിതത്തെയും വ്യവഹാരങ്ങളെയും സ്വാധീനിച്ചപ്പോൾ സ്വാഭാവികതയോടെ ഭാഷയേയും ഭാഷാശാസ്ത്രപരമായ നിർണയങ്ങളെയും വിനിമയങ്ങളെയും പരിവർത്തനത്തിന് വിധേയമാക്കി.

മലയാളം പോലെയുള്ള പ്രാദേശികവ്യക്തിത്വം ഉണ്ടായിരുന്ന ഭാഷകൾ നിലനിൽപ്പിന്റെയും ഒപ്പം ആഗോള വിപുലീകരണത്തിന്റെയും പുത്തൻ മേഖലകൾ ആരാഞ്ഞുതുടങ്ങി. ഇന്റർനെറ്റിന്റെ ഭാഷ, സ്ക്രീനിന്റെ ഭാഷ തുടങ്ങിയ അവസ്ഥകളിലേക്ക് മലയാളവും പരിവർത്തനപ്പെട്ടുതുടങ്ങി. കൃത്യമായി പറഞ്ഞാൽ ആഗോള സമൂഹത്തിന്റെ നവഭാഷാ വിനിമയരീതിയുമായി ബന്ധിപ്പിച്ചെ സൈബർമലയാളത്തിന്റെ/ ഇന്റർനെറ്റ് മലയാളത്തിന്റെ അസ്തിത്വനിർണയം സാധ്യമാകൂ.

എഴുത്തും വായനയും പഠിച്ചിരുന്നവരെ സാക്ഷരരെന്നു വിളിച്ചിരുന്ന കാലം ചരിത്രത്തിന്റെ ഭാഗമാണ്. വർത്തമാനകാല സാക്ഷരത നവമാധ്യമ

സാക്ഷരതയാണ്. സാങ്കേതിക ശാസ്ത്രത്തിന്റെ വളർച്ചയ്ക്കനുസരിച്ച് മാധ്യമങ്ങളുടെ സ്വഭാവത്തിനും ഉപയോഗരീതിക്കും മാറ്റംസംഭവിക്കുന്നു. ഈ മാറ്റം പൂർണമായും ഉൾക്കൊണ്ടുവേണം വ്യക്തികൾക്ക്/ മനുഷ്യർക്ക് മാധ്യമങ്ങൾ കൈകാര്യംചെയ്യുവാൻ. വ്യക്തമായി പറഞ്ഞാൽ മാധ്യമ സാക്ഷരത അനുദിനം പുതുക്കി ക്കൊണ്ടിരിക്കേണ്ടതുണ്ട്. ഈ സാക്ഷരത നേടിയവരുടെ മസ്തിഷ്കം വർത്തമാനകാലത്തോട് സംവദിക്കുന്ന രീതിക്കും സവിശേഷതകളുണ്ട്. മാധ്യമകേന്ദ്രീകൃതമായ ജ്ഞാനത്തിന്റെ പിൻബലത്തിൽ ആർജിച്ചെടുത്ത ഭാഷാജ്ഞാനം, വേഗത, പ്രതികരണരീതികൾ, ബന്ധങ്ങൾ തുടങ്ങിയവയുടെ പിൻബലത്തിലായിരിക്കും സംവാദങ്ങളും സംബോധനകളും വ്യവഹാരങ്ങളും സജീവമാകുന്നത്. മാധ്യമസാക്ഷരത നേടി ഓൺലൈൻ (Online) മേഖലയിലേക്ക് പ്രവേശിക്കുന്നതോടെ വ്യക്തിക്ക് ദ്വന്ദ്വഅസ്തിത്വം (Dual Identity) സ്വാഭാവികതയോടെ കൈവരുന്നു. ശാരീരികമായ അസ്തിത്വവും (Physical identity) പ്രതീകാത്മകമായ അസ്തിത്വവു(Virtual identity)മാണ് അവ. ശാരീരികമായ അസ്തിത്വം സാന്നിദ്ധ്യത്തിലൂടെ മാത്രം സംഭവിക്കുമ്പോൾ പ്രതീകാത്മകമായ അസ്തിത്വം ബഹുവഴികളിലൂടെ സംഭവിക്കുന്നു. വ്യക്തിയുടെ അസാന്നിദ്ധ്യത്തിലും ആശയം, സന്ദേശം, ചിത്രം തുടങ്ങിയവ സാന്നിദ്ധ്യം സൃഷ്ടിക്കുന്നു. മാധ്യമകേന്ദ്രീകൃത സ്വാധീനത്തോടെ വെർച്വലായി രൂപപ്പെടുന്ന അസ്തിത്വം അഥവാസാന്നിദ്ധ്യം ആഗോളാടിസ്ഥാനത്തിലാണ് ബന്ധപ്പെട്ടുനിൽക്കുന്നത് അഥവാ Connected ആയിട്ടുള്ളത്. മാധ്യമങ്ങളിലൂടെ അസ്തിത്വം അടയാളപ്പെടുത്തുന്നത് ബഹുവഴികളിലൂടെയാണ്. ഇ-മെയിൽ വിലാസം, ഫേയ്സ്ബുക്ക് അക്കൗണ്ട്, വാട്ട്സ് ആപ്പ് ഉപഭോക്താവ്, വെബ്സൈറ്റ് ലിങ്കുകൾ തുടങ്ങിയവയിലൂടെ തുടർച്ചയുള്ള ബന്ധപ്പെടലിന്റെ സജീവമായ ആഗോളമേഖല തീർക്കുന്നു.

നവമാധ്യമങ്ങൾ മുന്നോട്ടുവയ്ക്കുന്ന ഡിജിറ്റൽ ആഖ്യാനമേഖലയിൽ ദൃശ്യപരതയ്ക്കുള്ള സ്ഥാനം പ്രധാനമാണ്. ചലനാത്മകമായ ദൃശ്യങ്ങളുടെ തുടർച്ച രേഖപ്പെടുത്തുന്നതോടെ അതൊരു രേഖപ്പെടുത്തിയ യാഥാർത്ഥ്യമായി നിലനിൽക്കുന്നു. ഇത് കാലഘട്ടത്തിന്റെ സ്വഭാവങ്ങൾ ഉൾക്കൊള്ളുന്ന ഭാഷാനിർമ്മിതിയുടെ ഭാഗം കൂടിയാണ്. രേഖപ്പെടുത്തിയെടുത്ത ദൃശ്യങ്ങളെയും ശബ്ദങ്ങളെയും പുനർക്രമീകരിക്കുവാനുള്ള സാധ്യതയും സാങ്കേതികതയും വർത്തമാനകാലഘട്ടത്തിനുണ്ട്. വാട്സ്ആപ്പ്, യൂട്യൂബ്, ഫേയ്സ്ബുക്ക്, വെബ്സെറ്റുകൾ തുടങ്ങിയവ ഓരോ രീതിയിൽ ദൃശ്യാഖ്യാനങ്ങൾ നിർവഹിക്കാനുള്ള സ്ഥലങ്ങളാണ്. ടെലിവിഷൻ ചാനലുകൾ പ്രദർശിപ്പിക്കുന്ന വൈവിദ്ധ്യമുള്ള കാഴ്ചാനുഭവം വർത്തമാനകാലത്ത് സജീവവും കാലത്തിന്റെ കലാപരമായ ദൃശ്യപരിച്ഛേദവുമണ്. അതുകൊണ്ടുതന്നെ ദൃശ്യാഖ്യാനരീതിയുടെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ സ്ക്രീൻ മാധ്യമമായ ടെലിവിഷനും പുതുമാധ്യമങ്ങളുടെ പട്ടികയിൽപ്പെടുന്നു.

**സ്വാധീനത്തിന്റെ വ്യാപ്തി**

ബ്ലോഗെഴുത്തുകളും എസ്.എം.എസുകളും ഇമെയിലുകളും ചാറ്റിങ്ങുകളും ടെക്സ്റ്റ് മെസേജുകളുമെല്ലാം പുതുഭാഷകൾ രൂപീകരിക്കുന്നതിനൊപ്പം തന്നെ കാലത്തിന്റെ ചുവരെഴുത്തുകൾ നടത്തുന്ന മാധ്യമപ്രതലം കൂടിയാണ്. യൂട്യൂബും വെബ്സൈറ്റുകളുമെല്ലാം കാലഘട്ടത്തെ നിർവ്വചന വിധേയമാക്കുവാൻ കഴിയുന്ന ആഖ്യാനശൃംഖലയുടെ ഭാഗങ്ങളാണ്. നാൽക്കവലകളിലും പൊതുസ്ഥലങ്ങളിലും ആൾക്കൂട്ടമായി രൂപീകരിക്കുന്ന പൊതുമണ്ഡലങ്ങൾ സംഘസ്വഭാവം പേറുന്ന ആശയങ്ങളുടെ ഉത്ഭവഭൂമിയായിരുന്നിട്ടുണ്ട്. വർത്തമാനകാല മാധ്യമസാക്ഷരത നേടിയവരുടെ പൊതുമണ്ഡലം സൈബർ സ്പേയ്സിലാണ്. വാട്ട്സ്ആപ്പും ഫേയ്സ്ബുക്കും ട്വിറ്ററുമെല്ലാം ഓരോ പേരുകളിലറിയപ്പെടുന്ന സൈബർ പൊതുമണ്ഡലങ്ങളുടെ രൂപീകരണത്തിന് സാധ്യമാകുന്ന ഇടങ്ങളാണ്.

ഭാഷ, സാഹിത്യം, സംസ്കാരം, മനുഷ്യാവകാശം, രാഷ്ട്രീയം, ഉപഭോഗം, ജീവിതം, പഠനം, നിയമം, വ്യവഹാരങ്ങൾ, ജ്ഞാനം തുടങ്ങി വൈവിധ്യമുള്ള മേഖലകളിൽ നവമാധ്യമങ്ങൾ ചെലുത്തുന്ന സ്വാധീനം നിർണയിക്കുവാൻ വർത്തമാനകാലത്തിറങ്ങുന്ന ഗ്രന്ഥങ്ങൾ വിലയിരുത്തിയാൽ മതി.

ഗൂഗിളിന്റെ എക്സിക്യൂട്ടീവ് ചെയർമാൻ Eric Schmidtഉം ഗൂഗിൾ ഐഡിയായുടെ ഡയറക്ടർ Jared Cohenനും ചേർന്നെഴുതിയ The New Digital Age:Reshaping the Future of People, Nations and Business, Ray Siemensനും Susan Schreibmanനും ചേർന്ന് എഡിറ്റ് ചെയ്തിറക്കിയ A Companion to Digital Literary Studies, Espen Aarsethന്റെ Cybertext: Perspectives on Ergodic Literature, Jacob Nielsenന്റെ Multimedia and hypertext: The Internet and Beyond, George Landowന്റെ Hypertext 3.0: Critical Theory and New Media in an Era of Globalisation തുടങ്ങിയ ഗ്രന്ഥങ്ങൾ ആഗോളാടിസ്ഥാനത്തിൽ തന്നെ വൻപ്രചാരവും ശ്രദ്ധയും നേടിയവരാണ്. അടുത്ത നാളുകളിൽ ഇന്ത്യയിൽനിന്നും നവമാധ്യമ കേന്ദ്രീകൃതമായ ആശയങ്ങളും സംസ്കാരവും വിശകലനംചെയ്യുന്ന ഏറെ ഗ്രന്ഥങ്ങൾ ഇറങ്ങിയിട്ടുണ്ട്. Malti Mehtaയും S.R. Sharmaയും ചേർന്നെഴുതിയ New Media and its Language, Karn Shettyയുടെ New Media and Society, Anna Everelt John T. Caldwellലും ചേർന്നെഴുതിയ New Media: Theories and Practices of Digitextuality. എന്നിവ ശ്രദ്ധേയമായ പഠനങ്ങളാണ്.

സുനിത ടിവി എഡിറ്റ് ചെയ്തിറക്കിയ സൈബർ മലയാളം, സൈബർ കഥകളിലെ സ്ത്രീ, ജോസ് കെ മാനുവൽ എഡിറ്റ് ചെയ്ത നവമാധ്യമങ്ങൾ ഭാഷ, സാഹിത്യം, സംസ്കാരം, സന്തോഷ് കുമാർ ടി.കെ. എഡിറ്റ് ചെയ്ത നവമാധ്യമങ്ങൾ:ജനകീയതയും വിശ്വാസതൃതയും സജി കരിങ്ങോല എഡിറ്റു ചെയ്ത സൈബർ ബഹുസ്വരവായനകൾ, കെ.രവീന്ദ്രൻ എഴുതിയ വിവരശേഖരണം ഇന്റർനെറ്റിൽ, വി.കെ.ആദർശിന്റെ ഇനിവായന ഇ-വായന,

ഇ-ലോകം ഇത്ര വിപുലം എന്നീ ഗ്രന്ഥങ്ങളാണ് പ്രധാനമായും നവമാധ്യമപഠനം ഭാവനാത്മകമായി അവതരിപ്പിക്കുന്ന പുസ്തകങ്ങൾ. നവമാധ്യമങ്ങളുമായി ബന്ധപ്പെട്ട നിരവധി ലേഖനങ്ങൾ ആനുകാലികങ്ങളിൽ വരുന്നുണ്ട്.

**വ്യവഹാരരീതി**

മനുഷ്യാവകാശങ്ങൾ നിശ്ചിതമായ ഒന്നല്ല. സാഹചര്യത്തിനും മനോഭാവത്തിനും സാമൂഹ്യക്രമത്തിനുമനുസരിച്ച് അതിന്റെ സ്വഭാവത്തിന് മാറ്റം സംഭവിച്ചുകൊണ്ടിരിക്കും. നവമാധ്യമങ്ങൾ മനുഷ്യജീവിതത്തിൽ സാന്നിദ്ധ്യം ചെലുത്തുവാൻ തുടങ്ങിയതോടെ അഭിപ്രായം, തിരഞ്ഞെടുക്കൽ, അഭിലാഷം തുടങ്ങിയവയ്ക്ക് മാധ്യമസ്വഭാവമുള്ളപരിവർത്തനം സംഭവിച്ചു. മാധ്യമങ്ങൾ അങ്ങോട്ടൊന്നും സ്വീകരിക്കാതെ മനുഷ്യന്റെ പല ആവശ്യങ്ങളും ഇങ്ങോട്ട് നിർവഹിച്ച് കൊടുക്കുകയാണല്ലോ. മാധ്യമത്തിന്റെ സ്വഭാവവും ഭാഷയും മനുഷ്യർ സ്വായത്തമാക്കുന്നു. അധികാരത്തെ സംബന്ധിച്ച ഏറ്റവും വലിയ തത്വമാണ് ഇങ്ങോട്ടൊന്നും വാങ്ങാതെ അങ്ങോട്ടു കൊടുക്കുക മാത്രം ചെയ്യുന്ന ആളുടെ പക്കലാണ് അധികാരം നിലനിൽക്കുന്നത് എന്നത്. പ്രാഥമിക ദർശനതത്തിൽ മാധ്യമങ്ങൾ നിഷ്ക്രിയമായ ഒന്നാണെന്ന് തോന്നാമെങ്കിലും അതിന്റെ വിനിയോഗ വ്യാപ്തി സജീവതകൊണ്ട് സമൃദ്ധമാണ്.

നിത്യജീവിതത്തിൽ സാധാരണയായി തന്നെ മാധ്യമത്തിന്റെ സ്വാധീനം എങ്ങനെ സംഭവിക്കുന്നെന്ന് നിർണയിക്കാം. ഒരു ദിവസം ടെലിവിഷൻ കാണുന്ന സമയം, മൊബൈൽഫോൺ പരിധിക്കുള്ളിൽ നിൽക്കുന്ന സമയം, ഇന്റർനെറ്റ് ഉപയോഗിക്കുന്ന സമയം തുടങ്ങിയവ വ്യക്തികളുടെ പ്രവർത്തനവേഗതയ്ക്കും സ്വഭാവത്തിനനുമനുസരിച്ചാണ് വിലമതിക്കുന്നത്. ഒരു ജോലി അന്വേഷിക്കുമ്പോൾ, യാത്ര പ്ലാൻ ചെയ്യുമ്പോൾ, ഒരു പുതിയ വസ്തുവാങ്ങണമെന്ന് നിശ്ചയിക്കുമ്പോൾ, ഏതെങ്കിലും ഒരു അറിവ് വേഗത്തിൽ ലഭിക്കണമെന്ന് ആഗ്രഹിക്കുമ്പോൾ, ഇ-മെയിലുകൾ അയക്കുമ്പോൾ, കഥയും കവിതയും വായിക്കാൻ, വാർത്തകൾ അറിയാൻ എല്ലാം ഇന്റർനെറ്റും മൊബൈൽ ഫോണും സന്ദർശിക്കുന്ന സമയം എത്രയാണ്. വ്യക്തികളുടെ സമയത്തെയും ആഗ്രഹങ്ങളെയും ക്രമത്തിൽ ഓരോരോ ആവശ്യങ്ങൾ നിറവേറ്റി ആവാഹിച്ചെടുക്കുന്ന മാധ്യമങ്ങൾ അവരുടെ ഭാവനയേയും ചിന്തകളെയും സർഗാത്മകതയയേയും സ്വാധീനിക്കുന്നത് സ്വാഭാവികമാണ്. യഥാർത്ഥത്തിൽ ഈ പശ്ചാത്തലത്തിലാണ് മാധ്യമ കേന്ദ്രീകൃതമായ ജീവിതചര്യം ഓരോ വ്യക്തിയിലൂടെയും വളർന്ന് സമൂഹത്തിലൂടെ സഞ്ചരിച്ച് മനുഷ്യരാശിയുടെ അസ്തിത്വ നിർണയത്തിന്റെ ഭാഗമാകുന്നത്.

ആശയവിനിമയത്തിൽ, വ്യവഹാരനിർണയത്തിൽ ഭാഷയ്ക്കുള്ള സ്ഥാനം നിർണായകമാണല്ലോ? ക്രമത്തിൽ മാധ്യമസ്വാധീനമുള്ള ഭാഷയ്ക്ക് അഥവാ വ്യവഹാരരീതികൾക്ക് എല്ലാ ഭാഷകളും വിധേയമായിട്ടുണ്ട്. ഓരോ ഭാഷയിലേക്കും മാധ്യമവുമായി ബന്ധപ്പെട്ട് രൂപമെടുത്ത പദങ്ങൾ

വലിയൊരു ആശയവിനിമയ വ്യവഹാരമണ്ഡലത്തെ തന്നെയാണ് അവതരിപ്പിക്കുന്നത്. ടെലിവിഷൻ, ഇന്റർനെറ്റ്, മൊബൈൽഫോൺ എന്നീ മാധ്യമസൂചകനാമങ്ങൾതന്നെ വിപുലസ്വഭാവം പുലർത്തുന്ന മാധ്യമത്തെയും ഒപ്പം അതിന്റെ വ്യവഹാരവ്യാപ്തിയെയുമാണ് പ്രതിനിധീകരിക്കുന്നത്.

ടെലിവിഷൻ, ഇന്റർനെറ്റ്, മൊബൈൽഫോൺ എന്നീ മാധ്യമങ്ങൾ ഭാഷയ്ക്ക് നൽകിയ പദങ്ങളും അവയുടെ വ്യവഹാര വ്യാപ്തിയും വൈവിദ്ധ്യമുള്ളതും വിപുലവുമാണ്. സീരിയൽ, റിയാലിറ്റിഷോ, ടെലിന്യൂസ്, ടെലിഫിലിം, ഫോൺ ഇൻ പ്രോഗ്രാം തുടങ്ങിയവ ടെലിവിഷനുമായി ബന്ധപ്പെട്ട പദങ്ങളാണ്. വെബ്സൈറ്റ്, ചാറ്റ്റൂം, ഇ–മെയിൽ, ബ്ലോഗ്, വിക്കിപീഡിയ, യൂട്യൂബ്, ഫേയ്സ്ബുക്ക്, ടിറ്റർ, തുടങ്ങിയവ ഇന്റർനെറ്റിന്റെ ഉപയോഗരീതികളിൽനിന്നും അല്ലെങ്കിൽ സാധ്യതകളുടെ ഓരോ മേഖലകളെ പ്രതിനിധീകരിക്കുന്ന പദങ്ങളാണ്. കോൾ, മെസേജ്, വാട്ട്സ്ആപ്പ് തുടങ്ങിയ പദങ്ങൾ മൊബൈൽ ഫോണുമായി ബന്ധപ്പെട്ട ഓരോ വ്യവഹാരങ്ങളെയാണ് പ്രതിനിധീകരിക്കുന്നത്. നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന ഭാഷയിലെ പദങ്ങളും നിയതമായ അർത്ഥം വിനിമയംചെയ്യുന്നതുമായ ഇത്തരം വാക്കുകൾ ഭാഷയുടെ വളർച്ചയെയും വ്യാപ്തിയെയുമാണ് വ്യക്തമാക്കുന്നത്.

പുത്തൻ പദങ്ങൾ അനുദിനമെന്നതു പോലെ ഭാഷയിലേക്ക് എത്തിക്കൊണ്ടിരിക്കുന്നു. ഇതിന് ചില ഉദാഹരണങ്ങളാണ് സൈബർ ടെക്സ്റ്റ് (Cybertext) ഹൈപ്പർ ടെക്സ്റ്റ് (Hypertext) ഹൈപ്പർ ലിങ്ക് (Hyperlink) സൈബർ സ്പെയ്സ് (Cyberspace) ബ്രൗസിംഗ് (Browsing) സർഫിങ് (Surfing) നാവിഗേഷൻ (Navigation) ഓൺലൈൻ (Online) തുടങ്ങിയ പദങ്ങൾ. ഇ–ബുക്ക് (e-book) ഇ–പബ്ലിക്കേഷൻ (e-publication) ഇ സ്പെയിസ് (e-space) തുടങ്ങിയ പദങ്ങൾ ഇന്റർനെറ്റിന്റെ ഓരോ സാധ്യതകളാണ് വിനിമയം ചെയ്യുന്നത്. ഡിജിറ്റൽ കൾച്ചർ (Digital Culture) ഡിജിറ്റൽ റൈറ്റിങ് (Digital writing) ഡിജിറ്റൽ ലൈബ്രറി (Digital Library) സൈബർ ഫെമിനിസം (Cyber Feminism) തുടങ്ങിയ പദങ്ങൾ പുതുമയുള്ള വ്യവഹാരമണ്ഡലങ്ങളെയാണ് ക്രമത്തിൽ വൈവിദ്ധ്യത്തോടെ വെളിവാക്കുന്നത്. ഗൂഗിൾ സേർച്ച് (Google serach) സൈബർ അറ്റാക്ക് (Cyber attack) തുടങ്ങിയ പദങ്ങളും നവമാധ്യമ വ്യവഹാരത്തിന്റെ വ്യാപ്തിയാണ് വ്യക്തമാക്കുന്നത്. www (World Wide Web), PDF (Portable Document Format), TIFF (Tagged Image File Format) തുടങ്ങിയ ചുരുക്കെഴുത്തുകളും മലയാളിയുടെ നിത്യവ്യവഹാരത്തിൽ സ്ഥാനം ഉറപ്പിച്ചവയാണ്.

മലയാളഭാഷയിൽ വിശേഷിച്ച് നവമാധ്യമ സാക്ഷരത നേടിയവരുടെ ഭാഷാ വിനിയോഗത്തിൽ പുതുമാധ്യമങ്ങളുമായി ബന്ധപ്പെട്ട പദങ്ങളുടെ വിനിയോഗം അനുദിനം ഏറിവരുകയാണ്. മുകളിൽ സൂചിപ്പിച്ച നവമാധ്യമങ്ങളുമായി ബന്ധപ്പെട്ട പദങ്ങൾ കേവലമായ ഒരർത്ഥം മാത്രമല്ല വിനി

മയം ചെയ്യുന്നത്. പലപ്പോഴും വിപുലമായതും തുടർച്ചയുള്ളതുമായ വ്യവഹാരങ്ങളുടെ ശൃംഖലകൾ കൂടിയാണ് വ്യക്തമാക്കുന്നത്. ഭാഷ, വ്യവഹാര രീതി തുടങ്ങിയവയിൽ നവമായ മാധ്യമകേന്ദ്രീകൃതപദങ്ങളും പ്രവർത്തന രീതികളും ക്രമത്തിൽ ചെലുത്തുന്ന സ്വാധീനം പുത്തൻ സംസ്കാര രൂപീകരണത്തിനും ജീവിതരീതിക്കും കാരണമാകുന്നു. ഈ പശ്ചാത്തലത്തിലാണ് Facebook, Twitter, Skype, Google+, Netflix തുടങ്ങിയ ഓൺലൈൻ പ്രവർത്തനങ്ങളെ വസ്തുനിഷ്ഠമായി വിലമതിക്കേണ്ടത്.

**മാധ്യമ സംസ്കാരവിശകലനം**

'Is there is a Text on this Screen? Reading in an Era of Hypertextuality' എന്ന പ്രബന്ധത്തിൽ Bertand Gervais ഇലക്ട്രോണിക് പാഠത്തിന്റെ (Electronic Text) പ്രസക്തിയും ഇൻഫോർമേഷൻ ടെക്നോളജിയുമായി ഇത്തരം പാഠങ്ങൾ പുലർത്തുന്ന ബന്ധവുമാണ് വ്യക്തമാക്കുന്നത്. പൂർണമായ ആശയം വിനിമയംചെയ്യുന്ന ഗ്രന്ഥങ്ങൾക്കാണ് പ്രാഥമികമായി പാഠം (Text) എന്നു വ്യവഹരിച്ചിരിക്കുന്നത്. ഒരു പ്രത്യേക സാഹചര്യത്തിൽ ഭാഷയിലൂടെ പരിവർത്തിപ്പിച്ച് ഏതെങ്കിലും ഒരു മാധ്യമത്തിലൂടെ ആശയങ്ങൾ ക്രമീകരിക്കുന്നതിനും പാഠം (Text) എന്നു തന്നെയാണ് നിർണ്ണയിച്ചിരുന്നത്. ഇവിടെയെല്ലാം ആശയത്തിന്റെ പ്രകാശനത്തിനും പാഠത്തിന്റെ രൂപീകരണത്തിനും ഏകീകരണ സ്വഭാവമാണുണ്ടായത്. പാഠത്തിന്റെ രൂപികരണത്തിലേക്ക് കംമ്പ്യൂട്ടറും അതിന്റെ ആഗോളവ്യാപകമായ പ്രദർശനത്തിന് ഇന്റർനെറ്റും വന്നതോടെ പാഠത്തിന്റെ പൂർവ്വകല്പനകളും സ്വഭാവവും മാറ്റിമറിക്കപ്പെട്ടു. We are confornted with increasingly different forms of texts produced with the aid of computers. More often than not, these texts exists only on the internet. They are often animated filled with sounds and images, accessible through a network related to one another by hyperlinks and inscribed in complex environmments.

സൈബർ ടെക്സ്റ്റ് അമൂർത്താവസ്ഥയിലാണ് സ്ഥിതിചെയ്യുന്നത്. ഇന്റർനെറ്റിന്റെയോ മൊബൈൽഫോണിന്റെയോ സ്ക്രീനിൽ അനുവാചകന്റെ ആവശ്യാനുസരണമാണ് മൂർത്തരൂപത്തിലെത്തുന്നത്, സ്ക്രീനിന്റെ സവിശേഷതകൾ ഇത്തരം ടെക്സ്റ്റുകളുടെ സ്വഭാവ നിർണ്ണയത്തിൽ പ്രസക്തമായി വരുന്നു. പരസ്പരബന്ധിതമായ കംമ്പ്യൂട്ടർ ശൃംഖല മുന്നോട്ടു വയ്ക്കുന്ന സംസ്കാരം (Linked computer culture) വൈവിദ്ധ്യമുള്ള പാഠങ്ങളുടെ (Text) പ്രവാഹംതന്നെയാണ് തീർക്കുന്നത്. സാങ്കേതികതയും അനുബന്ധമായ സാംസ്കാരികപ്രവർത്തനങ്ങളും സമന്വയിച്ച് പ്രവർത്തിച്ചപ്പോഴാണ് ലിങ്കിഡ് കമ്പ്യൂട്ടർ യുഗംസജീവമായത്. ഉപ ഭോക്താവ് അഥവാ സഹൃദയൻ കമ്പ്യൂട്ടറിന്റെ മുന്നിൽനിന്നും മാറാതെ വെർച്വൽ കമ്മ്യൂണിക്കേഷനിൽക്കൂടി ലോകം മുഴുവനുമായി ബന്ധപ്പെട്ട് നിൽക്കുന്നു. ഉപഭോക്താവ് ആവശ്യാനുസരണം ഇന്റർനെറ്റിൽ നിന്നും സ്വീകരിക്കുന്ന പാഠങ്ങളും ഉപഭോക്താവ്

രൂപികരിച്ച് വിനിമയംചെയ്യുന്ന പാഠങ്ങളും ലിങ്കിഡ് കമ്പ്യൂട്ടർ കൾച്ചറുമായി ചേരുമ്പോൾ പാഠമെന്ന നിലയിലുള്ള അതിന്റെ വ്യാപനത്വവും നിലനിൽപ്പും കാലിക സംസ്കാരത്തിന്റെ ഭാഗമാകുന്നു. പാഠവിശകലനത്തിന് മൂന്ന് സാംസ്കാരിക മേഖലകൾ Bertrand Gervais അവതരിപ്പിക്കുന്നു. മാനുസ്ക്രിപ്റ്റ് സംസ്കാരത്തിൽ (Manuscript culture) പാഠങ്ങളുടെ രൂപീകരണത്തിന് നിയതമായ പരിധി ഉണ്ടായിരുന്നു. അതുകൊണ്ട് വായനയും പാഠപരിചയവുമെല്ലാം സൂക്ഷമവും തീവ്രവുമായിരുന്നു. പുസ്തക സംസ്കാരത്തിൽ (Book culture) അച്ചടിച്ച പുസ്തകങ്ങളുടെ ബാഹുല്യം വായനയെ വൈവിദ്ധ്യമുള്ളതും വ്യാപകവുമാക്കി. ലിങ്കിഡ് കമ്പ്യൂട്ടർ സംസ്കാരം (Linked Comupter culture) പാഠങ്ങളുടെ കുത്തൊഴുക്കിന് കാരണമായി. പാഠങ്ങൾ സൈബർ സാദ്ധ്യതയുമായി ബന്ധപ്പെട്ട വൈവിദ്ധ്യങ്ങളുടെ ബാഹുല്യം സൃഷ്ടിച്ചു. ഈ പശ്ചാത്തലത്തിലാണ് പാഠവായന അഥവാ കാഴ്ച നിർണ്ണയം. browsing, surffing, navigating തുടങ്ങിയ മേഖലകളിലേക്ക് പരിവർത്തനപ്പെട്ടത്. പാഠത്തിന്റെ വൈവിദ്ധ്യമുള്ള രൂപങ്ങളും ആഖ്യാനരീതികളും ഏകാഗ്രതയേയും വിശകലനരീതികളേയും നിസാരവത്കരിച്ച് ഉപരിപ്ലവമായ പാഠവായന അഥവാ പാഠപരിചയം നിസ്സാരമായ മൗസ് ക്ലിക്കിലൂടെ (Simple click of a mouse) നടത്തുന്നു. ഇന്റർനെറ്റ് കണക്ഷനുള്ള കമ്പ്യൂട്ടർ മുന്നിലുള്ളപ്പോൾ ഒരു മൗസ് ക്ലിക്കിലൂടെ ഏതറിവും ജ്ഞാനവും നിമിഷനേരം കൊണ്ടറിയാമെന്നുള്ളതും ആവശ്യമെങ്കിൽ വിനിമയംചെയ്യാമെന്നുള്ളതും ജ്ഞാനത്തെ സംബന്ധിക്കുന്ന ആധികാരിക നിർണ്ണയങ്ങളെ നിസ്സാരവത്ക്കരിച്ചു. ജ്ഞാനവും കേവലം ഉത്പന്ന വസ്തുവോ ഉപഭോഗ വസ്തുവോ ആണെന്നുള്ള ധാരണയും പാഠത്തിന്റെ അനിഷേധ്യമായ സ്ഥാനത്തെ തിരസ്ക്കരിക്കുന്നതിനു കാരണമായി. ഡിജിറ്റൽ പാഠങ്ങൾ (Digital Text) സൂക്ഷിക്കുവാൻ മൂർത്തമായ സ്ഥലമില്ലെന്നത് നിയതമായ രൂപത്തിൽ മാനുസ്ക്രിപ്റ്റ് പോലെയോ ബുക്ക്പോലെയോ കാഴ്ചനിർണ്ണയം നടത്താനാവാത്തതും പാഠത്തെ സംബന്ധിച്ച് മുൻസങ്കല്പനങ്ങളുടെ തകർച്ചയ്ക്ക് കാരണമായി. ഈ തകർച്ച പുത്തൻ സങ്കല്പനങ്ങൾക്കും നിഗമനരീതികൾക്കും ഡിജിറ്റൽ കാലവുമായി ബന്ധപ്പെട്ട രൂപം നൽകി.

അച്ചടിസംസ്കാരത്തിൽ നിന്നും സ്ക്രീൻ സംസ്കാരത്തിലേക്കുള്ള പരിവർത്തനം എഴുത്തിന്റെ സ്വഭാവത്തേയും മാറ്റിമറിച്ചു. കംമ്പ്യൂട്ടറിന്റെയും മൊബൈൽഫോണിന്റെയുമെല്ലാം സ്ക്രീനിൽ എഴുതുന്നത് അഥവാ വസ്തുതകളെ രേഖപ്പെടുത്തുന്നതിന് പല രീതികളുണ്ട്. കീബോർഡ് ഉപയോഗിക്കാം, മുൻകൂട്ടി ശേഖരിച്ചിരിക്കുന്ന ചിഹ്നങ്ങളും ചിത്രങ്ങളും സെലക്ട് ചെയ്ത് ഉപയോഗിക്കാം. ആവശ്യമെങ്കിൽ ചിത്രങ്ങളും വീഡിയോകളും എടുത്ത് ഉപയോഗിക്കാം. ഇവയെല്ലാം സാങ്കേതിക സഹായത്തോടെ സമന്വയിപ്പിച്ചും പാഠനിർമ്മിതി നടത്താവുന്നതാണ്. ഈ പശ്ചാത്തലത്തിലാണ് ഡിജിറ്റൽ രചന (Digital writing) കാലികപ്രസക്തമായ രചന സംസ്കാരത്തിന്റെ ഭാഗ

മാകുന്നത്. ഡിജിറ്റൽ രചന നടത്തുന്നവരേയും വായന നടത്തുന്നവരേയും പരസ്പരം ചാറ്റ് ചെയ്ത്ആശയവിനിമയം നടത്തുന്നവരേയും ബ്രൗസർ (Browser) എന്ന് വിളിക്കുന്നു. ഒരു ബ്രൗസർക്കു മുന്നിൽ സ്ക്രീനിൽ തെളിയുന്ന/ പ്രത്യക്ഷമാകുന്ന ജ്ഞാനമേഖലകൾ വൈവിദ്ധ്യമുള്ളതും മുൻകാല ആഖ്യാന സങ്കല്പങ്ങളെ തിരുത്തിക്കുറിക്കുന്നതുമാണ്. വെബ്സൈറ്റുകൾ, ബ്ലോഗുകൾ, വിക്കിപീഡിയ, യൂട്യൂബ് ഇലക്ട്രോണിക് പ്രസിദ്ധീകരണങ്ങളായി വരുന്ന മാഗസീനുകൾ, ന്യൂസ് പേപ്പറുകൾ, ജേണലുകൾ ഓൺലൈൻ ലൈബ്രറികൾ തുടങ്ങിയവയേയും വിവിധതരം സേർച്ച് എൻജിനുകളിലൂടെ സാധ്യമാകുന്ന വസ്തുതകളുടെ ധാരാളിത്തവുമെല്ലാം ചേരുമ്പോൾ ബ്രൗസർ അതിയാഥാർത്ഥ്യത്തിന്റെയും ആശയ ബാഹുല്യത്തിന്റെയും സവിശേഷമായ മേഖലയിൽ എത്തുന്നു. ഈ പശ്ചാത്തലത്തിലാണ് Carolyn Guertion ഡിജിറ്റൽ ആഖ്യാനത്തെപ്പറ്റി 'Handholding Remixing and the Instant Reply : New Narratives in a post narrative Wold' എന്ന ലേഖനത്തിൽ നടത്തിയ നിരീക്ഷണം ശ്രദ്ധേയമാകുന്നത്, Digital Narrative is a battle ground. The digital is granular, molicularized, particular. Narrative on the other hand has an arching linear trajectory that pulls us along with it.The two are at war with each other as the drive for fragmention threatens to shatter the rhythmic ebb and flow of the narrative impulse. It Perhaps as the adage says opposities do attract in the quest for narrative even in such a hostile envirnment - is a prevailing human concern, ഡിജിറ്റൽ ആഖ്യാനത്തിന്റെ പ്രതിഫലന തലം സ്ക്രീനായതുകൊണ്ടുതന്നെ സ്ക്രീനിന്റെ സാധ്യതകൾ ആഖ്യാനത്തെയും സ്വാധീനിക്കുന്നു. ലിഖിതഭാഷ, ചലനാത്മകമായ ചിത്രങ്ങൾ, വർണ്ണങ്ങൾ, ആനിമേഷൻ ചിത്രങ്ങൾ, രേഖാചിത്രങ്ങൾ വിവിധതരം ശബ്ദസൂചനകൾ തുടങ്ങിയവയെല്ലാം സമ്മേളിച്ച് നിയതമായ ചലന പ്രതീതിയോടെ സംഭവിക്കുമ്പോൾ അതിന്റെ രൂപം hyperactive, post modern, post dramatic self reflexive repetitive തുടങ്ങിയവ എല്ലാമായി വ്യാപിച്ചു നിൽക്കുന്നതാണെന്ന് Carolyn Guertin വിലയിരുത്തുന്നു. തുടർന്ന് ഡിജിറ്റൽ ആഖ്യാനത്തിന്റെ രൂപസാധ്യതയെപ്പറ്റി പറയുന്നത് network art, mobile computing, immersive virtual reality, installations എന്നെല്ലാമാണ്. യഥാർത്ഥത്തിൽ പാഠത്തിന്റെ രൂപവും ആഖ്യാനരീതിയും വൈവിദ്ധ്യമുള്ള പുത്തൻ സാങ്കേതിക സാധ്യതയുടെ മേഖലയാണ് തീർക്കുന്നത്.

**സൈബർ ആധുനികതയും മലയാളവും**

സൈബർ ആധുനികതയുടെ കാലത്തെ മലയാളം സ്ക്രീനിന്റെ സാധ്യതകൾ ഉൾക്കൊള്ളുന്ന ഭാഷണം, ലിഖിതം, ദൃശ്യം, ചിഹ്നം, ചിത്രം, സാംസ്കാരികാവസ്ഥ തുടങ്ങിയവയെല്ലാമായി പരസ്പരബന്ധിതമായിട്ടുള്ളതാണ്. ആവശ്യമുള്ളപ്പോഴെല്ലാം പുനരവതരിപ്പിക്കാനുള്ള അവസ്ഥയും

സാധ്യതയും ഇത്തരം പാഠങ്ങൾക്കുണ്ട്. ഇന്റർനെറ്റിലൂടെ പ്രാപ്യമാകുന്ന മലയാളത്തെ സൈബർമലയാളമെന്നു വിളിക്കുമ്പോൾത്തന്നെ ആ ഭാഷയ്ക്ക് മലയാളത്തിന്റെയും ഇന്റർനെറ്റിന്റെയും സമ്മേളനത്തിലൂടെ രൂപപ്പെടുന്ന ഗുണമാണുള്ളത്.

തമിഴിൽനിന്ന് മലയാളം രൂപപ്പെട്ടു എന്നും സംസ്കൃതത്തിൽ നിന്ന് അക്ഷരങ്ങളും പദങ്ങളും സ്വീകരിച്ചെന്നുമുള്ള പഠനങ്ങൾ ഇന്ന് ചരിത്രത്തിന്റെ ഭാഗമാണ്. മലയാളത്തിന് രണ്ടായിരത്തിലധികം വർഷത്തിന്റെ പഴക്കവും പാരമ്പര്യവും നിർണ്ണയിച്ച് ശ്രേഷ്ഠഭാഷാപദവി നൽകിയതും ചരിത്രം തന്നെയാണ്. വർത്തമാനകാല മലയാളത്തെ ഏറ്റവുമധികം സ്വാധീനിക്കുന്നത് ഇംഗ്ലീഷാണ്. വാക്യരചനാരീതിയിലോ വ്യാകരണതലത്തിലോ അല്ല ഇംഗ്ലീഷ് സ്വാധീനിക്കുന്നത്. പുത്തൻ പദങ്ങൾ നൽകുന്ന കാര്യത്തിലും മലയാള ലിപി ടൈപ്പ് ചെയ്യുവാനുള്ള കീബോർഡിന്റെ കാര്യത്തിലുമെല്ലാമാണ് ഇംഗ്ലീഷ് സ്വാധീനമുള്ളത്. മലയാളികളുടെ രണ്ടാം ഭാഷ തമിഴോ സംസ്കൃതമോ ഹിന്ദിയോ ഒന്നുമല്ല ഇംഗ്ലീഷ് തന്നെയാണ്. കൃത്യമായി പറഞ്ഞാൽ മലയാളി ആഗോള സമൂഹത്തിന്റെ ഭാഗമാകാൻ ഇംഗ്ലീഷ് ഉപയോഗിക്കുന്ന സമൂഹമാണ്.

മൊബൈൽഫോണിലൂടെയും ഇന്റർനെറ്റിലൂടെയും ആശയവിനിമയത്തിന് ചിലപ്പോഴെങ്കിലും മലയാളാക്ഷരങ്ങൾ വിഷമതകൾ സൃഷ്ടിച്ചപ്പോൾ അതിനെ തിരസ്ക്കരിച്ചുകൊണ്ട് ഇംഗ്ലീഷ് അക്ഷരങ്ങൾ കൊണ്ട് മലയാളം എഴുതുവാൻ തുടങ്ങി. ആ ഭാഷയ്ക്ക് ആകർഷകമായ പേരുമിട്ടു മംഗ്ലീഷ്. നീ എപ്പോൾ വരും? എന്ന് മംഗ്ലീഷിലെഴുതുമ്പോൾ Ni eapol varum? എന്നാകും. ഇവിടെ മലയാളം നിലനിൽക്കുമ്പോഴും അതിന്റെ ലിപി പരിവർത്തനത്തിന് വിധേയമാണ്. ഇംഗ്ലീഷ് കീബോർഡ് അഥവാ കംപ്യൂട്ടറിന്റെ കീബോർഡ് ഉപയോഗിച്ച് മലയാളം എഴുതുമ്പോൾ 'ക' എന്നെഴുതാൻ 'Ka' എന്ന ഇംഗ്ലീഷ് അക്ഷരങ്ങളാണ് ഉപയോഗിക്കുന്നത്. 'കാ' എന്നെഴുതാൻ 'Kaa' എന്ന അക്ഷരങ്ങളും ഉപയോഗിക്കുന്നു. യഥാർത്ഥത്തിലിവിടെ ഇംഗ്ലീഷ് അക്ഷരജ്ഞാനത്തിൽ നിന്നുമാണ് മലയാളം രൂപപ്പെടുന്നത്. മംഗ്ലീഷ് ഉണ്ടാകുന്നതുപോലെ ഇംഗ്ലീഷുമായി ചേർന്ന് പല ഭാഷകളുടെയും സങ്കര സ്വഭാവമുള്ള രൂപങ്ങൾ ഉണ്ടാകുന്നത് ഇന്ന് സാധാരണമാണ്. തമിഴും ഇംഗ്ലീഷും ചേർന്ന് തമിലിഷും ഹിന്ദിയും ഇംഗ്ലീഷും ചേർന്ന് ഹിഗ്ലീഷുമെല്ലാം ഇതിനുദാഹരണങ്ങളാണ്. മാധ്യമവിനിയോഗ ഫലമായി ലോകത്തിലുള്ള പല ഭാഷകൾക്കും സംഭവിച്ച മാറ്റം മാത്രമാണ് മലയാളത്തിനും സംഭവിച്ചത്.

ഇന്റർനെറ്റ് എന്ന മാധ്യമത്തിലേക്ക് ഇംഗ്ലീഷ് പ്രവേശിച്ചതോടെ അതിനും മാറ്റം സംഭവിച്ചു. അങ്ങനെ മാറിയ ഇംഗ്ലീഷിനെ നെറ്റിലീഷ് എന്നും (Netlish) വെബ്ലീഷ് (Weblish) എന്നുമെല്ലാം വിളിക്കുന്നു. ഭാഷ ഏതു മാധ്യമത്തിനനുസരിച്ച് വിനിയോഗിക്കുന്നുവോ ആ മാധ്യമത്തിന്റെ

സ്വഭാവം ഭാഷയ്ക്ക് കൈവരുന്നത് സ്വാഭാവികമാണ്. അച്ചടി ഭാഷ, റേഡിയോ ഭാഷ, ടെലിവിഷൻ ഭാഷ എന്നെല്ലാമുള്ള നിർണയം ഇവിടെ വിലമതിക്കേണ്ടതാണ്. ഇന്റർനെറ്റിലേയ്ക്ക് ഏതൊരു ഭാഷ പ്രവേശിക്കുമ്പോഴും അല്ലെങ്കിൽ ഇന്റർനെറ്റിലൂടെ ഏതൊരു ഭാഷ വിനിയോഗിക്കുമ്പോഴും ആ ഭാഷയ്ക്ക് ഇന്റർനെറ്റിന്റെ സവിശേഷ സാധ്യതകൾ കൈവരുന്നത് സ്വാഭാവികമാണ്.

ബ്രിട്ടീഷ് ഇംഗ്ലീഷ്, ലിവർപൂൾ ഇംഗ്ലീഷ്, അമേരിക്കൻ ഇംഗ്ലീഷ്, ഇൻഡ്യൻ ഇംഗ്ലീഷ്, എന്നെല്ലാം ഇംഗ്ലീഷിനെ നിർണയ വിധേയമാക്കുമ്പോൾ ഈ ഭാഷയുടെ യഥാർത്ഥ അസ്തിത്വം സംവാദാത്മകമാകുകയാണ്. മലയാള ഭാഷയുടെ തനിമയെപറ്റിയുള്ള ചർച്ചകൾക്കിടയിലാണ് ടെലിവിഷൻ ചാനലിലെ അവതാരികമാർ മലയാളവും ഇംഗ്ലീഷും കലർത്തി സവിശേഷമായ രീതിയിൽ സംസാരിച്ച് പ്രേക്ഷകരുടെ ശ്രദ്ധയാകർഷിക്കുന്നത്. ഭാഷകൾ സാഹചര്യത്തിന്റെ കൂടി നിർമ്മിതിയാണ്. ഒരു ഭാഷയിലുള്ള അക്ഷരങ്ങളെ അഥവ ലിപികളെ മറ്റൊരു ഭാഷയിലെ അക്ഷരങ്ങൾ അഥവ ലിപിയാക്കി മാറ്റുന്ന ലിപ്യാന്തരണം ഇന്ന് വളരെ സാധാരണമാണ്. ഇംഗ്ലീഷ് കീബോർഡുകൊണ്ട് മലയാളം എഴുതുന്നത് ഇതിനുള്ള ഏറ്റവും നല്ല ഉദാഹരണമാണ്. ഗൂഗിൾ മലയാളം (Google malayalam) യാഹു മലയാളം (Yahoo malayalam) എന്നെല്ലാം മലയാളത്തെ നിർണയിക്കുമ്പോൾ അതിന്റെ പുത്തൻ സാധ്യതകളാണ് വെളിവാകുന്നത്. ഒരു പ്രദേശത്തു മാത്രം ഒതുങ്ങാവുന്ന പ്രാദേശിക ഭാഷകൾ ആഗോളഭാഷാ ശൃംഖലയുടെ ഭാഗമാകുന്ന അവസ്ഥ കൂടിയാണ് ഇന്നുള്ളത്. ഗൂഗിൾ, യാഹു പോലെയുള്ള ആഗോള സ്വകാര്യ സൈബർ സ്ഥാപനങ്ങൾ മലയാളം പോലെയുള്ള നിരവധി പ്രാദേശികഭാഷകളെ അംഗീകരിക്കേണ്ടിവരുന്നത് സൈബർ ആധുനികതയുടെ സവിശേഷതകളിലൊന്നാണ്.

ഭാഷയുടെ ലിഖിതസ്വഭാവത്തെപറ്റിയാണ് ഇതുവരെ പറഞ്ഞത്. അതിനുമപ്പുറമുള്ള സാംസ്കാരികാവസ്ഥകളിലേയ്ക്കുകൂടി പ്രവേശിച്ചാലെ പ്രാദേശികതയെ നവമാധ്യമയുഗം ആഘോഷിക്കുന്നതിന്റെ രീതി മനസിലാകുകയുള്ളു. കൃത്യമായി പറഞ്ഞാൽ സൈബർ ആധുനികത ദൃശ്യസംസ്കാരത്തിന്റെയും ദൃശ്യഭാഷയുടെയും ആഗോളവ്യാപകമായ ഉത്സവം കൂടിയാണ് നടത്തുന്നത്. പ്രാദേശികതയെക്കൂടി ഉൾക്കൊണ്ട ആഗോളീകരണം (Global localization) അഥവ ഗ്ലോക്കലൈസേഷൻ (Glocalization) നവമാധ്യമ കേന്ദ്രീകൃതമായ ഭാഷ, അധികാരം, രാഷ്ട്രീയം വ്യവഹാരങ്ങൾ തുടങ്ങിയവയാണ് മുന്നോട്ടുവെയ്ക്കുന്നത്. വിശാലമായ സിനിമാശാലകളിലെ തിരശീലകളിൽ മാത്രം പ്രദർശിപ്പിച്ചിരുന്ന സിനിമ 'സ്ക്രീൻ' മാധ്യമങ്ങളിലേയ്ക്കുകൂടി ചേക്കേറി. മൊബൈൽ ഫോണിൽ രേഖപ്പെടുത്തുന്ന സിനിമകളെ പോക്കറ്റ് സിനിമകൾ എന്ന വിളിപ്പേരിലാണ് അസ്തിത്വനിർണയം നടത്തുന്നത്. വൈറലായി ആഗോളാടിസ്ഥാനത്തിൽ പ്രചരിക്കു

വാൻ ഇത്തരം പ്രാദേശിക വൈയക്തിക കലാരൂപങ്ങൾക്ക് ചുരുങ്ങിയ സമയം മതി. സൈബർ ആധുനികത പരമ്പരാഗതമായ പല കുത്തകക ളെയും തകർത്ത് പ്രാദേശികവും വൈയക്തികവുമായ സ്വഭാവങ്ങൾ പുലർ ത്തുന്ന ആഖ്യാനങ്ങൾക്ക് പ്രസക്തി നൽകി. കഥകളി, ഓട്ടംതുള്ളൽ, മോഹി നിയാട്ടം, ഭരതനാട്യം, പലതരം നാടകങ്ങൾ, കഥാപ്രസംഗം, പ്രാദേശിക സിനിമകൾ തുടങ്ങിയവയെല്ലാം ആഗോളവൽക്കരണത്തിന്റെ കാലത്ത് തിര സ്കരിക്കപ്പെട്ട കലാരൂപങ്ങളായിരുന്നില്ലേ?. സൈബർ ആധുനികതയുടെ കാലത്ത് ഇവയുടെയെല്ലാം പുനർ ആഗമനം സംഭവിച്ചു. ഡിജിറ്റലായി രേഖ പ്പെടുത്തിയതിനുശേഷം ഇന്റർനെറ്റിലൂടെ ലഭ്യമായതോടെ പുത്തൻരീതി യിലുള്ള നിലനിൽപ് സാധ്യമായി. രംഗവേദിയിൽ അവതരിപ്പിക്കുമ്പോഴോ പൊതുസ്ഥലങ്ങളിൽ അവതരിപ്പിക്കുമ്പോഴോ മാത്രം നിലനിന്നിരുന്ന കല കളെ കാലാതിവർത്തിയും ആഗോളപ്രാപ്യവുമാക്കിയതോടെ നവമായ സാംസ്കാരിക കലാസൗന്ദര്യം കാലത്തിനനുസരിച്ച് സംഭവിക്കുകയായി രുന്നു.

കൊടുങ്ങല്ലൂർ ഭരണി, തൃശൂർ പൂരം, ആറ്റുകാൽ പൊങ്കാല, വൈക്ക ത്തഷ്ടമി, പല രൂപത്തോടും സ്വഭാവത്തോടും കൂടിയ തെയ്യാവതരണങ്ങൾ തുടങ്ങിയവയെല്ലാം കാലത്തേയും ജീവിതവേഗതയേയും സംസ്കാര വ്യതി യാനങ്ങളെയും അതിജീവിച്ച് എത്രകാലം നിലനിൽക്കുമെന്ന സംശയവും പ്രസക്തമാണ്. ഡിജിറ്റലായുള്ള രേഖപ്പെടുത്തലും ആഗോളവ്യാപകമായ ഇന്റർനെറ്റ് ശൃംഖലയുടെ സാധ്യതയും ഇവയ്ക്കെല്ലാം പുത്തൻ കൗതുകം നൽകിയിരിക്കുന്നു. യഥാർത്ഥത്തിൽ ഇവയെല്ലാം മലയാള ഭാഷയുടെയും സംസ്കാരത്തിന്റെയും ദൃശ്യപ്രതിഫലനങ്ങളാണ്. ഇവയാണ് പ്രാദേശികാ സ്തിത്വത്തിൽനിന്നും ആഗോള കാഴ്ച മാണ്ഡലത്തിലേയ്ക്ക് സഞ്ചരിച്ചെ ത്തിക്കൊണ്ടിരിക്കുന്നത്. ഈ പ്രതിഭാസം ആഗോളവ്യാപകമായി ഓരോ പ്രദേശത്തെയും അവിടുത്തെ സവിശേഷമായ ആചാരങ്ങൾ, കലകൾ, പ്രക ടനങ്ങൾ തുടങ്ങിയവയെയും സ്വാധീനിച്ചുകൊണ്ടിരിക്കുന്നു.

വിവിധരീതിയിലുള്ള ആഫ്രിക്കൻ സാംബാനൃത്തം, ചൈനീസ് ഓപ്പറ, അറേബ്യൻ ബെല്ലി ഡാൻസ്, ഇന്ത്യൻ സർപ്പനൃത്തം, തമിഴ്നാട് പോലെയുള്ള ഗ്രാമങ്ങളിലെ നൃത്തങ്ങൾ തുടങ്ങിയവ വർത്തമാനകാലത്ത് പ്രസക്തവും ആസ്വാദ്യവുമാകുന്നത് ഇന്റർനെറ്റിലൂടെയാണ്. ഓരോ പ്രദേ ശത്തിന്റെയും നൃത്തം മുന്നോട്ടുവെയ്ക്കുന്നത് നിയതമായ അവതരണ രീതി യുടെ ഭാഷകളാണ്. ഇവിടെ നർത്തകിയുടെ ശരീരം, വസ്ത്രധാരണം, പ്രകടനം തുടങ്ങിയവയെല്ലാം ഗാനാവതരണവുമായി ചേർന്ന് പ്രവർത്തി ക്കുമ്പോൾ നിയത സ്വഭാവമുള്ള ഓരോ ഭാഷകൾ രൂപപ്പെടുകയാണ്.

ആംഗ്രിബേഡ്സ് (Angry Birds) ടെമ്പിൾ റൺ (Temple Run) തുട ങ്ങിയുള്ള കുട്ടിക്കളികൾ ആഗോളവ്യാപകമായി ലക്ഷക്കണക്കിന് ആളുകൾ ഉപയോഗിക്കുമ്പോൾ ഫോക്ക് കല്പനകൾക്കാണ് പ്രചാരം ലഭിക്കുന്നത്.

നാടോടികഥകളുടെയും പ്രാദേശികമിത്തുകളുടെയും ഡിജിറ്റൽരൂപത്തിലുള്ള പുനരവതരണങ്ങൾക്ക് കിട്ടിക്കൊണ്ടിരിക്കുന്ന പ്രചാരം ആഗോളവൽക്കരണത്തിന്റെയും കമ്പോളവൽക്കരണത്തിന്റെയും കാലിക രീതിയാണ് കാണിച്ചുതരുന്നത്. പ്രാദേശികമായ അവസ്ഥകളെയും മിത്തുകളെയും ആഗോളമാക്കുന്ന പ്രക്രിയ സൈബർ ആധുനികതയുടെ ഇനിയൊരു സവിശേഷതയാണ്. പ്രാദേശികമായി രൂപപ്പെട്ട വിപ്ലവഗാനങ്ങൾ, കൃഷിയുമായി അഥവാ അദ്ധ്വാനവുമായി ബന്ധപ്പെട്ട ഗാനങ്ങൾ, നാടോടിഗാനങ്ങൾ തുടങ്ങിയവ വർത്തമാനകാലത്ത് സൈബർ രൂപത്തിൽ വ്യാപിക്കുന്നതും സജീവമാകുന്നതും സംസ്കാര വൈവിധ്യങ്ങൾ ആഗ്രഹിക്കുന്ന പുതുതലമുറയുടെ നവമാധ്യമങ്ങളിൽ കൂടിയാണ്.

ഭാഷയെപ്പറ്റിയുള്ള നിർണയത്തിൽ മനുഷ്യശരീരം, വസ്ത്രധാരണം, ഭൂപ്രകൃതി, ഓരോ പ്രദേശത്തെയും ആചാരരീതികൾ, കലാരൂപങ്ങൾ, സൗധങ്ങൾ, നഗരങ്ങൾ, ഗ്രാമങ്ങൾ, ഭരണക്രമം, നീതിന്യായ വ്യവസ്ഥ, ഉൽപന്നങ്ങൾ, കൃഷി, വാഹനങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സമ്പ്രദായം തുടങ്ങിയുള്ള നിരവധി ഘടകങ്ങൾക്കു പ്രസക്തിയുണ്ട്. ഈ ഘടകങ്ങളെ മലയാളികൾ എപ്രകാരം കൈകാര്യം ചെയ്യുന്നു അല്ലെങ്കിൽ ഇവയെല്ലാം കേരളത്തിലുള്ളവരുടെ ജീവിതത്തോട് എപ്രകാരം ചേർന്നു നിൽക്കുന്നുയെന്നുള്ളതാണ് ഭാഷാപഠനത്തിൽ പ്രസക്തമായി വരുന്ന ഘടകം. ഇവയെല്ലാം ഓരോ രീതിയിൽ നവമാധ്യമങ്ങളുമായി ബന്ധപ്പെട്ട് നിൽക്കുമ്പോൾ പാരമ്പര്യ കല്പനകൾക്ക് സ്വാഭാവികതയോടെ മാറ്റം സംഭവിക്കുകയും പുത്തൻ കല്പനകൾ രൂപപ്പെടുകയും ചെയ്യുന്നു. ഈ കല്പനകൾ ഭാഷാഘടനയിൽ വ്യാകരണത്തിൽ സൈബർ കേന്ദ്രീകൃതമായി നവമായ മാറ്റം വരുത്തിക്കൊണ്ടേയിരിക്കും.

# ഇന്റർനെറ്റ് : വ്യാപ്തിയും പ്രസക്തിയും

മാധ്യമ ചരിത്രത്തിലെ ഏറ്റവും വലിയ വിപ്ലവമാണ് ഇന്റർനെറ്റിന്റെ പിറവി. ഈ മാധ്യമം പുത്തൻ വ്യവഹാരരീതികളും പുത്തൻ ഭാഷാവിനിയോഗ രീതിയും നിർമ്മിച്ചെടുത്തതോടെ മനുഷ്യരുടെ ജീവിതത്തിലും മനോഭാവത്തിലും കാതലായ മാറ്റം സംഭവിച്ചു. ഡിജിറ്റൽ യുഗത്തിലെ ആശയവിനിമയ ആഘോഷം അനുസ്യൂതം സംഭവിച്ചുകൊണ്ടിരിക്കുന്നത് ഇന്റർനെറ്റിലൂടെയാണ്. മാനവരാശിയുടെ ബൗദ്ധികവും സാംസ്കാരികവുമായ വളർച്ച ആശയരൂപീകരണം, ആശയവിനിമയം, ആശയശേഖരണം എന്നിവയുമായി ബന്ധപ്പെട്ടാണല്ലോ ഇരിക്കുന്നത്. ഇതിനെല്ലാം വേഗതയാർന്നതും പുതുമയുള്ളതും സൗന്ദര്യാത്മകവുമായ മധ്യവർത്തിയാകുവാൻ ഇന്റർനെറ്റിന് കഴിഞ്ഞു.

ആശയവിനിമയത്തിനുള്ള കേവലമായ മാധ്യമം എന്നതിനപ്പുറം മനുഷ്യരുടെ പ്രവർത്തികളെ നിയന്ത്രിക്കുവാനും ക്രമപ്പെടുത്തുവാനും ഇന്റർനെറ്റിന് കഴിഞ്ഞു. അതോടെ മനുഷ്യചിന്തകളെ ക്രമമായി ക്രമീകരിക്കുവാനും ഭാവനയെ വിശാലമായി വികസിപ്പിക്കുവാനും സർഗ്ഗാത്മകതയെ ആഘോഷമാക്കുവാനും ഈ മാധ്യമത്തിന് കഴിഞ്ഞു. ആഗോളാടിസ്ഥാനത്തിൽ ഇന്റർനെറ്റ് പൗരത്വം വർത്തമാനകാലത്ത് അനിവാര്യമായി തീർന്നിരിക്കുന്നു. ഇന്റർനെറ്റ് പൗരത്വമുള്ളവർ ആശയവിനിമയ സ്വീകരണ പ്രക്രിയകളുടെ വൈവിദ്ധ്യങ്ങളെ ആവാഹിച്ചെടുത്ത് ഒരു പൊതുഇടത്തിൽ/ സൈബർ സ്പേയ്സിൽ ആവശ്യാനുസരണം ഒത്തുകൂടുന്നു. രാഷ്ട്രം, മതം, വർഗ്ഗം, ഭാഷ, പ്രാദേശികത തുടങ്ങിയ കല്പനകൾക്ക് അതീതമായി മാനവരാശിയുടെ സംഗമസ്ഥലമാകുവാൻ കഴിഞ്ഞതോടെ ഇന്റർനെറ്റുമായി ബന്ധപ്പെട്ട ആഗോളഭാഷ, പൗരത്വം, മനുഷ്യാവകാശം, സംസ്കാരം, സാഹിത്യം, കല, ശാസ്ത്രം, വ്യാപാരം, സിദ്ധാന്തം തുടങ്ങിയവയെ പറ്റിയുള്ള ചിന്തകൾ ശക്തമാകുകയും പ്രവർത്തനങ്ങൾ തീവ്രമാകുകയും ചെയ്തു. ഈ പശ്ചാത്തലത്തിലാണ് വർത്തമാനകാല പ്രസക്തമായ സൈബർ ആധുനികതയെന്ന കല്പന പ്രബലമാകുന്നത്.

മുമ്പുണ്ടായിരുന്ന ഭാഷകളെയും വ്യവഹാരങ്ങളെയും ഡിജിറ്റൽ വൽക്കരണത്തിനു വിധേയമാക്കി ഇന്റർനെറ്റിന്റെ സ്വഭാവത്തിനനുസരിച്ച് പരിവർത്തനവിധേയമാക്കുന്ന രീതിയാണ് ഇന്നുള്ളത്. നെറ്റിസൺ എന്ന നിർണയം തന്നെ ആഗോളപൗരത്വത്തിന്റെ സൂചകമാണ്. ഓരോ നെറ്റിസണും പ്രാദേശികമായ അവസ്ഥാവിശേഷങ്ങൾ പ്രതിനിധാനംചെയ്യുന്ന അവസ്ഥാവിശേഷത്തിൽ നിൽക്കുന്നവർ കൂടിയാണ്. ഇ-മെയിൽ വിലാസമുള്ളവർക്കുതന്നെ സ്ഥിരജോലിയുള്ള സ്ഥലത്തിന്റെയോ താമസസ്ഥലത്തിന്റെയോ വിലാസം കൂടിയുണ്ട്. അസ്തിത്വത്തെയും ബൗദ്ധിക പ്രവർത്തനങ്ങളെയും സംബന്ധിച്ച സാംസ്കാരിക സംവാദം (Cultural discourse) ഈ കാലഘട്ടത്തിന്റെ/ സൈബർ ആധുനികതയുടെ ഒരു സവിശേഷതയാണ്. ഇന്റർനെറ്റുമായി ബന്ധപ്പെട്ട ഭാഷ (Internet mediated language) ഈ സംവാദത്തിൽ നിർണായകമായ പുത്തൻ സ്വാധീനമാണ് ചെലുത്തുന്നത്.

**മാധ്യമവിശകലനം**

ഭാവിയുടെ ലഘുചരിത്രം: ഇന്റർനെറ്റിന്റെ ഉത്ഭവം (A Brief History of the Future: The Origin of the Internet) എന്ന പുസ്തകത്തിൽ ജോൺ നോട്ടൺ (John Naughton) നടത്തുന്ന നിരീക്ഷണം ഇന്റർനെറ്റിന്റെ പ്രസക്തി വ്യക്തമാക്കുന്നതാണ്. മനുഷ്യന്റെ ഇതുവരെയുള്ള കണ്ടുപിടിത്തങ്ങളിൽ ഏറ്റവും നിർണായകമായ ഒന്നാണ് ഇന്റർനെറ്റ്. അച്ചടി, റെയിവെ, ടെലഗ്രാഫ്, മോട്ടോർ വാഹനം, വൈദ്യുതി, ടെലിവിഷൻ തുടങ്ങിയവ സമൂഹത്തിൽ ചെലുത്തിയ സ്വാധീനത്തോട് പ്രാഥമികമായി ഇന്റർനെറ്റിനെ തുലനംചെയ്യാം. ചിലർ ഇന്റർനെറ്റിന്റെ സ്വഭാവവിശേഷതകൾ പരിഗണിച്ച് അച്ചടിയോടും ടെലിവിഷനോടുമാണ് ഉപമിക്കുന്നത്. ഈ മാധ്യമങ്ങൾ ആശയവിനിമയത്തിൽ ചെലുത്തിയ പുരോഗതിയാണ് ഈ നിർണയത്തിന് അടിസ്ഥാനം. എന്നാൽ ഈ മാധ്യമങ്ങളെക്കാൾ പതിൻമടങ്ങ് ആശയ വിനിമയശക്തി ഇന്റർനെറ്റിനുണ്ട്. അച്ചടി മാധ്യമം ആവശ്യപ്പെടുന്ന ബൗദ്ധികതയും എല്ലാവരിലേയ്ക്കും ഒരേ സമയത്ത് സഞ്ചരിച്ചെത്തുവാൻ കഴിയുന്ന ടെലിവിഷന്റെ പ്രാപ്തിയെയും സമന്വയിപ്പിച്ച് ആശ്ചര്യപ്പെടുത്തുന്ന രീതിയിലാണ് ഇന്റർനെറ്റിന്റെ വ്യവഹാരങ്ങൾ.

അച്ചടി, റിക്കാർഡിങ്, റേഡിയോ, സിനിമ, ടെലിവിഷൻ തുടങ്ങിയുള്ള എല്ലാ മാധ്യമങ്ങളെയും കാലികപ്രസക്തമായ രീതിയിൽ പുതുക്കിയും പരിവർത്തിപ്പിച്ചും ഇന്റർനെറ്റിന് അനായാസേന അവതരിപ്പിക്കാൻ കഴിഞ്ഞു. ഇന്റർനെറ്റിന് മുമ്പുള്ള മാധ്യമങ്ങൾ ആശയം അനുവാചകർക്ക് നൽകുകയാണ് ചെയ്തിരുന്നത്. എന്നാൽ ഇന്റർനെറ്റിലൂടെ ആശയം രൂപീകരിച്ച് ആർക്കും എത്തിച്ചുകൊടുക്കാമെന്ന അവസ്ഥ ആശയവിനിമയത്തിലെ വിപ്ലവമായിരുന്നു. രൂപീകരിക്കുന്ന ആശയം ലിഖിത ഭാഷയോ, സംഭാഷണ ഭാഷയോ, വീഡിയോകളോ, ചിത്രങ്ങളോ, ചിഹ്നങ്ങളോ എന്തുമാകാം. സൈബർ സ്പേയിസിൽ ആശയങ്ങൾ ശേഖരിച്ചുവെയ്ക്കാനും ആവശ്യമു

ള്ളപ്പോൾ ഉപഭോക്താവിന് ആഗോളവ്യാപകമായിത്തന്നെ എത്തിച്ചുനൽകുവാനുമുള്ള ഇന്റർനെറ്റിന്റെ പ്രാപ്തി ആശ്ചര്യപ്പെടുത്തുന്നതാണ്. വിവിധ മാധ്യമങ്ങളുടെ സംഗമഭൂമിയായി തീരുന്ന ഇന്റർനെറ്റ് ഇവയെയെല്ലാം സൈബർവൽക്കരിച്ച് ഇന്റർനെറ്റിന്റെ ഭാഷയിലേയ്ക്കാക്കുന്നു. കൃത്യമായി പറഞ്ഞാൽ ഇന്റർനെറ്റിന്റെ ഭാഷയും വ്യവഹാരരീതികളും സാഹചര്യാനുസരണം ബഹുസ്വരതായർന്നതാണ്.

ഇ-മെയിൽ, സ്കൈപ്, ഇലക്ട്രോണിക് ഷോപ്പിഗ്, പരസ്യം, ഇ-പത്രങ്ങൾ, ഇ-മാഗസിനുകൾ, ബ്ലോഗുകൾ, വെബ്സൈറ്റുകൾ, വിക്കിപീഡിയ, ഓൺലൈൻ വിദ്യാഭ്യാസം, ഓൺലൈൻ ബാങ്കിങ്, ഫെയ്സ് ബുക്ക്, ടിറ്റർ, ഓൺലൈൻ വിവരശേഖരണം, യൂട്യൂബ്, ഇ-കൊമേഴ്സ് തുടങ്ങി ഇന്റർനെറ്റ് മുന്നോട്ടുവെയ്ക്കുന്ന അസംഖ്യം സേവനങ്ങൾക്കുള്ളിലാണ് വർത്തമാനകാല മാനവസമൂഹം സജീവമാകുന്നത്. ആഗോളാടിസ്ഥാനത്തിൽ നവമായ ബന്ധങ്ങൾ രൂപപ്പെടുത്താനും സ്വന്തം ചിന്ത, ഭാവന, സർഗമനോഭാവം തുടങ്ങിയവ കൈമാറ്റം ചെയ്യുവാനും ഇന്റർനെറ്റിന് കഴിയുന്നു. ഈ പശ്ചാത്തലത്തിലാണ് connect with people, share on yourself എന്ന സന്ദേശം കാലികപ്രസക്തമാകുന്നത്. Express yourself using your words, a picture, a video or your favourite words എന്ന വർത്തമാനകാലത്തിന്റെ സന്ദേശം ആഗോള ഇലക്ട്രോണിക് സമൂഹത്തിന്റെ വ്യാപ്തിക്കും വേഗതയ്ക്കുമിടയിൽ വ്യക്തികളുടെ നിയതമായ തനിമയും അസ്തിത്വവും ആരായുന്നവയാണ്. യഥാർത്ഥത്തിലിവിടെ ഇന്റർനെറ്റ് മേഖലയുമായി നടത്തുന്ന സംവാദമാണ് (Internet discourse) വ്യക്തിയുടെയും വ്യക്തികൾ അടങ്ങുന്ന സമൂഹത്തിന്റെയും പ്രസക്തി നിർണയിക്കുന്നത്.

ഗൂഗിൾ പോലെയുള്ള സേർച്ച് എഞ്ചിനുകൾ അറിവിന്റെയും വിനോദത്തിന്റെയും വിപുലമായ മേഖലകളിലേയ്ക്കാണ് അനുവാചകനെ എത്തിക്കുന്നത്. ഓൺലൈൻ ലൈബ്രറി, ഇ-ഗവേഷണ പ്രബന്ധങ്ങൾ, ഇന്റർനെറ്റിൽ അപ്ലോഡ് ചെയ്തിട്ടുള്ള അസംഖ്യം ലേഖനങ്ങൾ, പ്രഭാഷണങ്ങൾ, പ്രാദേശികവും ദേശീയവും അന്തർദേശീയവുമായ അറിവുകൾ തുടങ്ങിയവയെല്ലാം ചേർന്ന് ജ്ഞാനവിജ്ഞാനത്തിന്റെ സൂപ്പർ ഹൈവേ (Information Super highway) തീർത്തിരിക്കുകയാണ്. അറിവിനെ നിഗൂഡവൽക്കരിക്കാനോ കുത്തകവൽക്കരിക്കാനോ കഴിയാത്ത വിധത്തിൽ അതിന്റെ ഉത്പാദനവും വിനിമയവും ഇന്റർനെറ്റിലൂടെ അനുനിമിഷം നടന്നുകൊണ്ടിരിക്കുന്നതും ഈ സൈബർ കാലഘട്ടത്തിന്റെ സവിശേഷതയാണ്.

വിജ്ഞാനംപോലെ തന്നെ വിനോദവും മനുഷ്യനെ സംസ്കരിച്ചെടുക്കുന്നവയാണ്. സിനിമകൾ, മൊബൈൽ സിനിമകൾ, പലതരം നൃത്തങ്ങൾ, പെർഫോമൻസുകൾ, പ്രാദേശികമായ ആഘോഷങ്ങൾ, കളികൾ, കഥകൾ, കവിതകൾ, തമാശകൾ, ആക്ഷേപഹാസ്യങ്ങൾ തുടങ്ങിയവയെല്ലാം ചേർന്ന് തീർക്കുന്ന വിനോദത്തിന്റെ മേഖല ജ്ഞാനമേഖലപോലെ

തന്നെയുള്ള ഇന്റർനെറ്റിലെ മറ്റൊരു സൂപ്പർ ഹൈവേയാണ്. ആവശ്യക്കാരന് ആവശ്യാനുസരണം ഈ ഹൈവേകളിലൂടെ സഞ്ചരിക്കാവുന്നതാണ്. അറിവ്, വിനോദം തുടങ്ങിയവ പ്രാദേശികാവസ്ഥകളെക്കൂടി ഉൾക്കൊള്ളുന്നവയാണല്ലോ. അവയെയെല്ലാം ആഗോളാടിസ്ഥാനത്തിൽ സാധ്യമാക്കുന്നുവെന്നതും ഇന്റർനെറ്റിന്റെ സവിശേഷതകളാണ്.

ഫുഡ്ബോൾ, ഗുസ്തി, ക്രിക്കറ്റ് തുടങ്ങിയ കായികവിനോദങ്ങളും നൃത്തം, നാടകം, പലതരം ശരീരാവതരണങ്ങൾ തുടങ്ങിയവയുമെല്ലാം പ്രേക്ഷകന്റെ കൺമുമ്പിൽ നിന്ന് അവതരിപ്പിക്കുന്ന വർത്തമാനകാല പ്രസക്തമായ കളികളും കലകളുമാണ്. ഇവയെയെല്ലാം രേഖപ്പെടുത്തുന്നതോടെ പ്രതിരൂപവൽക്കരിക്കുന്ന അവസ്ഥയിലാകുകയും രേഖപ്പെടുത്തുന്ന മാധ്യമത്തിന്റെ സ്വഭാവവും ഭാഷയും ഇവയുടെ അസ്തിത്വ നിർണയത്തിന്റെ ഭാഗമാകുകയും ചെയ്യുന്നു. ഇവയെയെല്ലാം ഇന്റർനെറ്റിലേക്ക് അപ്പ്ലോഡ് ചെയ്യുന്നതോടെ വിപുലമായ നിലനിൽപ്പിന്റെയും ആഗോളമായ പ്രദർശന സാധ്യതയുടെയും ഭാഗമാകുകയാണ്. യഥാർത്ഥത്തിൽ കളികൾക്കും കലകൾക്കും ഇന്റർനെറ്റ് നൽകുന്ന അസ്തിത്വം ആ മാധ്യമത്തിന്റെ സവിശേഷതകൾ കൂടി ഉൾപ്പെട്ടതാണ്. ഇന്റർനെറ്റിന്റെ പിൻബലത്തോടെ പ്രവർത്തിക്കുന്ന നിരവധി മെസഞ്ചറുകൾ ആശയവിനിമയത്തേയും സാമൂഹിക ശൃംഖലകളെയും സജീവമാക്കുന്നവയാണ്.

**സംവാദവും ജനാധിപത്യവും**

അറിവ് ആർജിക്കുന്നതുപോലെയും, വിനോദം ആഘോഷിക്കുന്നതുപോലെയുള്ള പ്രബലമായ വികാരമാണ് സ്വാതന്ത്ര്യം നേടുകയെന്നുള്ളത്. സ്വാതന്ത്ര്യത്തെ നിലനിർത്തുന്നതിൽ ജനാധിപത്യത്തിന് നിർണായകമായ പങ്കാണുള്ളത്. സൈബർ സ്വാതന്ത്ര്യം, സൈബർ ജനാധിപത്യം എന്നീ ഭാവുകത്വാവസ്ഥകൾ ഇന്റർനെറ്റുമായി ബന്ധപ്പെട്ട വർത്തമാനകാല അവസ്ഥകളാണ്. ആവിഷ്കാരത്തിന്റെ വൈവിധ്യമുള്ള സാധ്യതയും സ്വാതന്ത്ര്യവും ഇന്റർനെറ്റ് മുന്നോട്ടുവെയ്ക്കുന്നു. മധ്യവർത്തികളില്ലാതെ ആശയങ്ങൾ വിനിമയംചെയ്യാൻ കഴിയുന്നതിനൊപ്പം ആ ആശയങ്ങളെ ആഗോളാടിസ്ഥാനത്തിൽ നിമിഷനേരംകൊണ്ട് എത്തിക്കാൻ കഴിയുന്നതും വിലമതിക്കേണ്ടതാണ്. ഈ പശ്ചാത്തലത്തിലാണ് സൈബർമേഖല സ്വാതന്ത്ര്യത്തിന്റെ പുത്തൻ മേച്ചിൽ പുറമാകുന്നത്. സാമൂഹ്യ മാധ്യമങ്ങൾ (Social Media) വ്യവഹാര വ്യാപ്തിയോടെ സ്വാതന്ത്ര്യം പ്രഖ്യാപിക്കുമ്പോൾ തന്നെ അവയുടെയെല്ലാം സിരാകേന്ദ്രം ഇന്റർനെറ്റാണല്ലോ. സംഘം ചേരുവാനും പ്രണയിക്കാനും ഇന്റർനെറ്റ് ഉപയോഗിക്കുമ്പോൾ തന്നെ വിപ്ലവങ്ങൾ നടത്തുവാനും പ്രതികരണങ്ങൾ നടത്തുവാനും ഈ മാധ്യമത്തിൽ കൂടി അനായാസേന കഴിയുന്നു.

വാൾസ്ട്രീറ്റ് പിടിച്ചടക്കലും അറബ് വസന്തവും ഈജിപ്തിലെയും ടുണീഷ്യയിലെയുമെല്ലാം ഭരണമാറ്റങ്ങൾ അടക്കമുള്ള സംഭവങ്ങൾ ഡിജി

റ്റൽ ജനാധിപത്യത്തിന്റെ പരിണിതഫലങ്ങളാണ്. ഇന്ത്യയിൽ അണ്ണാഹസാരെ നടത്തിയ അഴിമതി വിരുദ്ധസമരവും ഡൽഹിയിൽ ആം ആദ്മി പാർട്ടിയുടെ വിജയവും നവമാധ്യമ സ്വാധീനമുള്ള ജനാധിപത്യ പ്രവർത്തനങ്ങൾ തന്നെയാണ്. സർക്കാർ ഡോ.ബിനായക് സെന്നിനെ തടങ്കലിൽ പാർപ്പിച്ചപ്പോൾ നടന്ന സൈബർ മേഖലയിലെ ഇടപെടലുകൾ ശ്രദ്ധേയമായിരുന്നു. ഈ സൈബർ ആക്ടിവിസം വളരെ പെട്ടെന്നുതന്നെ വിജയം കണ്ടു. ജനാധിപത്യത്തിൽ വാർത്താവിതരണത്തിനും ശേഖരണത്തിനും പ്രതികരണങ്ങൾക്കും സ്വാതന്ത്ര്യമുണ്ടായിരിക്കണം. ഈ സ്വാതന്ത്ര്യം ഒരു മൗസ്ക്ലിക്കുകൊണ്ട് സാധ്യമാകുന്ന വിധത്തിൽ സൈബർ കാലഘട്ടം വളർന്നു. അഴിമതിയും സ്വജനപക്ഷപാതവും നടത്തുന്ന ഭരണാധികാരികൾ സൈബർ ജനാധിപത്യത്തിന്റെ കാലത്ത് സംഘർഷഭരിതമാകുന്ന കാഴ്ചയാണുള്ളത്.

മാധ്യമസാക്ഷരത നേടിയവരുടെ സ്വാതന്ത്ര്യത്തെപറ്റിയും സാമൂഹ്യ ഇടപെടലുകളെ പറ്റിയും വി.കെ.ആദർശ് സാമൂഹിക സമ്പർക്ക സാധ്യതകൾ എന്ന ലേഖനത്തിൽ നടത്തുന്ന വിലയിരുത്തൽ ശ്രദ്ധേയമാണ്. സമീപ ഭൂതകാലത്ത് ചായക്കട, ഗ്രന്ഥശാലാങ്കണം, നാട്ടിൻ പുറത്തെ ആർട്ട്സ് & സ്പോർട്ട്സ് ക്ലബുകൾ എന്നിവിടങ്ങളിൽ നടന്ന ചർച്ചകളുടെ മറ്റൊരു പതിപ്പാണ് ഇന്ന് ഫെയ്സ്ബുക്കിലും ഗൂഗിൾ പ്ലസിലുമൊക്കെ അരങ്ങേറുന്നത്. എത്ര വലിയ സ്വാതന്ത്ര്യം ഉണ്ടെന്ന് അവകാശപ്പെടുന്നവർ പോലും നാട്ടു ചർച്ചാക്കൂട്ടത്തിൽ അത്ര എളുപ്പം വിയോജിപ്പ് പ്രകടിപ്പിച്ചിരുന്നുവോ? അവിടെയുള്ള അഭിപ്രായം പോലും സ്ഥലം, സമീപമുഖം, ന്യായം ഒക്കെ ആശ്രയിച്ചാണല്ലോ പ്രകടിപ്പിക്കപ്പെട്ടിരുന്നത്. മറ്റുള്ളവർക്ക് എന്ത് തോന്നുമെന്നതോ അല്ലെങ്കിൽ ഞാനിങ്ങനെ പറഞ്ഞാൽ അവർക്കെന്തുതോന്നും എന്ന വികാരവിചാരത്തിൽ തളച്ചിടപ്പെട്ട ക്ഷോഭം ഇന്ന് കുറഞ്ഞപക്ഷം വ്യാജ/തൂലികാനാമ വിലാസത്തിൽ എങ്കിലും സൈബർ ഇടങ്ങളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. അതുപോലെ തീർത്തും പ്രാദേശികമായി മാത്രം രൂപപ്പെടുന്ന ചർച്ചകളെയും വിമർശനങ്ങളെയും ആകുലതകളെയും നിമിഷനേരംകൊണ്ട് വിശാലമായ മണ്ഡലത്തിലേക്ക് എത്തിക്കുവാനും സൈബർ മാധ്യമങ്ങൾ വഴിയുള്ള സംവാദങ്ങൾക്ക് കഴിയുന്നു. അധികാരത്തെ നിർണയിക്കുകയും വിനിയോഗിക്കുകയും ചെയ്യുന്ന കേന്ദ്രങ്ങളും ഭരണകൂടവുമെല്ലാം ജനങ്ങളുമായുള്ള ഇടപെടലുകൾക്ക് ട്വിറ്റർ, ഫെയ്സ്ബുക്ക്, വെബ്സൈറ്റുകൾ തുടങ്ങിയവ സജീവമായി ഉപയോഗിക്കുന്നു. നവമാധ്യമങ്ങൾ ഭരണത്തിലും സാമൂഹ്യഇടപെടലുകളിലും ആശയവിനിമയങ്ങളിലുമെല്ലാം നടത്തുന്ന അതിശക്തമായ സ്വാധീനത്തെ മുൻനിർത്തി ഇന്റർനെറ്റ് ഇൻസ്റ്റിറ്റ്യൂട്ടിലെ സോഷ്യോളജിസ്റ്റായ വില്യം എച്ച്.ഡട്ടൺ നവസാമൂഹ്യമാധ്യമങ്ങളെ ജനാധിപത്യത്തിന്റെ ഫിഫ്ത്ത് എസ്റ്റേറ്റ് എന്നാണ് നിർണയിക്കുന്നത്.

സാമൂഹ്യമാധ്യമങ്ങളിലെ ഉള്ളടക്കത്തെ നിയന്ത്രിക്കാൻ ഭരണകൂടങ്ങളും അധികാരകേന്ദ്രങ്ങളും ശ്രമിക്കുന്നത് സാധാരണമാണ്. തീവ്രമതപക്ഷ

രാഷ്ട്രങ്ങൾ, ജനാധിപത്യവിരുദ്ധത കാത്തുസൂക്ഷിക്കുന്ന രാഷ്ട്രങ്ങൾ തുടങ്ങിയവ ഇതിന് ഉദാഹരണമാണ്. നിയന്ത്രണങ്ങളിലൂടെയും നിഷേധങ്ങളിലൂടെയും ചിന്താശേഷിയും പ്രവർത്തനവേഗതയുമുള്ള സമൂഹങ്ങളെ അധികകാലം വരുതിയിൽ നിർത്തുവാൻ കഴിയില്ലെന്നും നവമാധ്യമചരിത്രം വ്യക്തമാക്കുന്നുണ്ട്.

**മാറുന്ന ഭാഷരീതി**

മനുഷ്യന്റെ പ്രവർത്തനങ്ങളെയും ചിന്താരീതികളെയും മനോഭാവത്തെയും സംസ്കാരത്തെയുമെല്ലാം നിയന്ത്രിക്കുന്നതിൽ ഭാഷയ്ക്കുള്ള സ്ഥാനം അനിഷേധ്യമാണ്. വർത്തമാനകാലത്ത് ഭാഷകളെ ഇന്റർനെറ്റുമായി ബന്ധിപ്പിച്ച് വിലയിരുത്തുന്നതും പഠിക്കുന്നതും സജീവമായിട്ടുണ്ട്. ആധുനിക മാധ്യമ ഭാഷാശാസ്ത്രജ്ഞനായ ഡേവിഡ് ക്രിസ്റ്റലിന്റെ ശ്രദ്ധേയമായ ഗ്രന്ഥമാണ് Language and the Internet. ഈ ഗ്രന്ഥം തുടങ്ങുന്നതുതന്നെ സംഘർഷഭരിതമായ ഭാഷാവിശകലനത്തോടെയാണ്.

Will the English dominated Internet
Spell the end of other tongues?

Quite e-vil the mobile phone
Whisperers

A major risk for humanity

അച്ചടിയുടെയും എഴുത്തിന്റെയും കാലത്ത് നിലനിന്നിരുന്ന ശുദ്ധ ഭാഷ പഠനത്തിനും വ്യാകരണത്തിനും സൈബർ കാലഘട്ടം വെല്ലുവിളി ഉയർത്തുന്നുണ്ട്. ഓരോ ഭാഷയും മാധ്യമത്തിന്റെ കൂടി സൃഷ്ടിയാകുമ്പോൾ അതിന്റെ സവിശേഷതകൾ കൂടി ഭാഷയ്ക്ക് സാധ്യമാക്കേണ്ടതുണ്ട്. ഇന്റർനെറ്റ് എന്ന മാധ്യമത്തിലൂടെ ഭാഷയെ വിനിയോഗിക്കുമ്പോൾ ആ മാധ്യമത്തിന്റെ സവിശേഷതകളും കൂടി ഭാഷയെ സ്വാധീനിക്കുന്നു. ഇംഗ്ലീഷ് മാത്രമല്ല ഫ്രഞ്ച്, ജർമ്മൻ, ഹിന്ദി, മലയാളം, തമിഴ് തുടങ്ങി നിരവധി ഭാഷകൾ ഇന്റർനെറ്റിലൂടെ ഉപയോഗിക്കുന്ന കാലഘട്ടത്തിലാണ് നമ്മൾ വസിക്കുന്നത്. യഥാർത്ഥത്തിൽ ഈ ഭാഷകളെല്ലാം ഓരോ അനുപാതത്തിലുള്ള മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടുതന്നെ വർത്തമാനകാല ഭാഷാവ്യാകരണവും ഭാഷാശാസ്ത്രവും ഇന്റർനെറ്റുമായി ബന്ധപ്പെട്ടു തന്നെയാണ് നിൽക്കുന്നത്.

പ്രാദേശിക സംസ്കാര സ്വാധീനത്തിന്റെ കാലത്ത് പ്രാദേശിക ഭാഷകൾ അതാത് പ്രദേശത്ത് ശക്തമായ സ്വാധീനമാണ് ചെലുത്തിയിരുന്നത്. ആഗോളീകരണത്തിന്റെ കാലത്ത് ഇംഗ്ലീഷ് സ്വാഭാവികമായിതന്നെ ആധിപത്യം പുലർത്തി. ഈ ആധിപത്യമാണ് കമ്പ്യൂട്ടറിന്റെ കീബോർഡി

ലേക്ക് ഇംഗ്ലീഷ് അക്ഷരങ്ങൾ കടന്നുവരുവാനുള്ള ഒരു കാരണം. വർത്തമാനകാലം ഗ്ലോക്കലൈസേഷന്റേതാണ്. ആഗോള സമൂഹത്തെ വൈവിധ്യസമൃദ്ധിയുടെ ഏകോപിപ്പിക്കുന്ന കാലം കൂടിയാണ് ഗ്ലോക്കലൈസേഷന്റേത്. ഗ്ലോക്കലൈസേഷൻ എല്ലാ ഭാഷകളെയും പരിവർത്തനത്തിന് വിധേയമാക്കുന്നുണ്ട്. ആശയവിനിമയത്തിന് കേവലമായ ഒന്നോ രണ്ടോ രീതികളെയല്ല ഈ കാലഘട്ടം പ്രയോഗിക്കുന്നത്. ഇ-മെയിൽ, സ്കൈപ്പ്, വീഡിയോ കോളിങ്, പലതരത്തിലുള്ള ചാറ്റിങ്ങുകൾ, എസ്.എം.എസുകൾ, വാട്ട്സ് ആപ്, ടിറ്റർ, യൂട്യൂബ് തുടങ്ങിയവയെല്ലാം വൈവിധ്യമുള്ള ഭാഷകളുടെ മേഖലകളാണ് തീർക്കുന്നത്. ഇന്റർനെറ്റിലെ പൗരത്വം (Citizen of the Internet) വ്യക്തികളെ ഇന്റർനെറ്റിനു വിധേയമായ ബഹുഭാഷകൾക്ക് അഭിമുഖമായി നിർത്തുകയാണ്. ഇവിടെ ഇലക്ട്രോണിക് ഭാഷാ വിപ്ലവം (Electronic Language Revolution) സ്വാഭാവികതയോടെ ആശയവിനിമയത്തിൽ സംഭവിക്കുന്നു. Digital Citizens, Virtual Community, Net Generation എന്നെല്ലാം വിശേഷിപ്പിക്കുന്ന പുതുതലമുറ ഭാഷയെയും ഭാഷാവ്യവഹാരങ്ങളെയും കാണുന്നത് ഇന്റർനെറ്റിലൂടെയാണ്. അവർ പഴമയുടെ പാരമ്പര്യവും തനിമയും പറയുന്നവരല്ല പുതുമയുടെ സാധ്യതകൾ ആരായുന്നവരാണ്.

നെറ്റ് ജനറേഷൻ പല ഭാഷകൾ ഏകീകരണ സ്വഭാവത്തോടെ ഇന്റർനെറ്റിന്റെ സ്വാധീനത്തോടെ ഉപയോഗിക്കുന്നവരാണ്. മൊബൈൽ ഫോണിൽ തന്നെ എപ്പോഴും സാധ്യമായ ഡിജിറ്റൽ വീഡിയോ ക്യാമറകൾ ആവശ്യാനുസരണം ചലനാത്മകമായ ദൃശ്യങ്ങൾ ഒപ്പിയെടുക്കുകയും ആവശ്യക്കാരിലേക്ക് എത്തിക്കുകയും ചെയ്യുന്നു. സന്ദേശങ്ങൾ അഥവ മെസേജുകൾ അയയ്ക്കുവാൻ ഉപയോഗിക്കുന്ന ഭാഷ പലപ്പോഴും മിശ്രണസ്വഭാവത്തോടുകൂടിയതാണ്. ചുരുക്കെഴുത്തുകൾ, ചിത്രങ്ങൾ, ചിഹ്നങ്ങൾ എല്ലാം ഇതിൽ ലിഖിത ഭാഷാവതരണത്തോടൊപ്പം സമ്മേളിച്ചാണ് ആശയപ്രകാശനം നടത്തുന്നത്. വീഡിയോ കോൺഫറൻസ് ആശയവിനിമയം ഇതിനൊരു മാതൃകയാണ്. വീഡിയോഫോൺ ആശയവിനിമയത്തെ ദൃശ്യം, ശബ്ദം, തുടർച്ച എന്നിവയിലൂടെ തീവ്രമാക്കുന്നതാണ്. ഭാഷാ വിനിമയത്തിലെ ബഹുസ്വരത അതിന്റെ സാധ്യതകൾ തന്നെയാണ് ആരായുന്നത്.

സാമൂഹ്യ സമ്പർക്കസൈറ്റുകൾ (Social Networking Sites) എന്ന നിലയിൽ ഏറെ പ്രചാരം നേടിയവയാണ് ഗൂഗിൾ പ്ലസ് (Google plus), ലിങ്ക്ഡ് ഇൻ (Linked in), ഫ്രണ്ട്സ്റ്റർ (Friendster), ലൈവ് ജേർണൽ (Live Journal), ടിറ്റർ (Twitter), മൈ സ്പേസ് (My Space), നെക്സോപിയ (Nexopia), ഫെയ്സ് ബുക്ക് (Facebook), മൈ ലൈഫ് (My Life) തുടങ്ങിയവ. ഈ സാമൂഹ്യ സമ്പർക്കസൈറ്റുകൾ ഉപയോഗിക്കുന്നവരുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുന്നുമുണ്ട്. ഇവർ ഏറ്റവും പുതിയ വാർത്തകൾ, വർത്തമാനങ്ങൾ, പ്രതികരണങ്ങൾ, പ്രതിഷേധങ്ങൾ, സംവാദങ്ങൾ തുടങ്ങിയവ നട

ത്തുന്നവരാണ്. ഇന്റർനെറ്റുമായി ബന്ധപ്പെട്ട പുത്തൻ ഭാഷകളാണ് ആശയവിനിമയത്തിനായി ആരായുന്നത്. ഇവർ ആശയവിനിമയം നടത്തുന്നത് വ്യക്തികൾ അടങ്ങുന്ന സൈബർ കൂട്ടായ്മകളിലേക്കാണ്. ആശയത്തിന് സൈബർ സാധ്യകളിലൂടെ ബഹുവ്യക്തികളെയാണ് അഭിസംബോധന ചെയ്യേണ്ടത്. World Wide Web (www) ഇന്റർനെറ്റ് വഴി കമ്പ്യൂട്ടറുകളെ ബന്ധിപ്പിക്കുകയും ആശയങ്ങൾ, സന്ദേശങ്ങൾ, അറിവുകൾ, ദൃശ്യാഖ്യാനങ്ങൾ, അറിയിപ്പുകൾ തുടങ്ങിയവയെല്ലാം പരസ്പരം അതിവേഗത്തിൽ കൈമാറാൻ സഹായിക്കുകയും ചെയ്യുന്നതിനൊപ്പം സൈബർ ആധുനികതയുടെ കാലത്തെ ഏറ്റവും വിപുലമായ സമഗ്ര പൊതുമണ്ഡല നിർമ്മിതിയുടെ ഭാഗവുമാണ്.

**സംവാദം**

ആധുനിക സാക്ഷരത നേടിയ വ്യക്തി ആഗോളസമൂഹത്തിലെ അംഗമാണ്. ആഗോള സമൂഹത്തിലെ അംഗമായ ഓരോ വ്യക്തിയും ഇന്റർനെറ്റ് കേന്ദ്രീകൃതമായി നടത്തുന്ന സംവാദമാണ് അയാളുടെ അസ്തിത്വ നിർണയം നടത്തുന്നത്. ഇന്റർനെറ്റിന്റെ പിൻബലത്തോടെ സാധ്യമാകുന്ന ആശയവിനിമയ സംവാദത്തിന്റെ മേഖലകൾ നിയതമായ വ്യക്തിത്വം ഉൾക്കൊള്ളുന്നതും അനുദിനമുള്ള സാങ്കേതിക വിപുലനത്തിനനുസരിച്ച് തുറസായ സാധ്യതകളെ ആരായുന്നവയുമാണ്. ഇന്റർനെറ്റിലൂടെയുള്ള ആശയവിനിമയത്തിന്റെ മേഖലകളെ സമ്മേളിപ്പിച്ച് പറയുന്നത് നെറ്റ്സ്പീക് (Netspeak) എന്നാണ്. നെറ്റ്സ്പീക്കിന്റെ സവിശേഷത ഡിജിറ്റലും ആഗോളാവസ്ഥ ഉൾക്കൊള്ളുന്നതും പരസ്പര സംവേദനീയവും (Digital, Global and interactive) ആണെന്നതാണ്.

ഇന്റർനെറ്റിൽകൂടി ദേശീയവും പ്രാദേശികവുമായ പല ഭാഷകൾ ആവശ്യാനുസരണം ഉപയോഗിക്കുന്നുണ്ട്. കലകൾ, വിനോദകളികൾ തുടങ്ങിയവയ്ക്കും ഇന്റർനെറ്റിൽ അതാതിന്റേതായ ഭാഷാസ്വഭാവമാണുള്ളത്. ഇലക്ട്രോണിക്സ് ഭാഷ (Electronic Language) ഇന്റർനെറ്റിലൂടെ ഉപയോഗിക്കുന്ന ഭാഷയെയാണ് സൂചിപ്പിക്കുന്നത്. ഇന്റർനെറ്റിന്റെ വൈവിധ്യമുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തി വിവിധ ഭാഷകളെ ആശയവിനിമയത്തിന് ഉപയോഗിക്കുന്നത് സാധാരണമാണ്. Computer Mediated Communication (CMC) മുന്നോട്ടുവെയ്ക്കുന്നത്. ഇലക്ട്രോണിക്സ് സംവാദം. (Electronic Discourse) വർത്തമാനകാല ഭാഷ നിർണയത്തിൽ ഏറെ പ്രസക്തമാണ്. എന്താണ് Netspeak എന്ന് വ്യക്തമാകണമെങ്കിൽ അതിനുമുമ്പുള്ള Oldspeak എന്താണെന്ന് മനസിലാക്കണം. ലിഖിത, സംഭാഷണ ഭാഷകളുടെ ഉപയോഗവും പ്രയോഗവും തീവ്രതയോടെ നിൽക്കുമ്പോൾ തന്നെ അതിന്റെ സാധ്യതകളെ ആരാഞ്ഞും അതിക്രമിച്ചും ഇന്റർനെറ്റ് ആഗോളാടിസ്ഥാനത്തിൽ പുത്തൻ ഭാഷവിനിയോഗരീതി സാധ്യമാക്കി. ഇന്റർനെറ്റ് കേന്ദ്രീകൃതമായ ആ പുതുഭാഷയുടെ സമഗ്രതയെയാണ് നെറ്റ് സ്പീക്

എന്നു വ്യവഹരിക്കുന്നത്. ഷെയർ ചെയ്യുക, ചാറ്റ് ചെയ്യുക, കമന്റ് ചെയ്യുക, സെന്റ് ചെയ്യുക, ഇൻബോക്സ്, ഹൈപ്പർ ടെക്സ്റ്റ്, ഡൗൺലോഡ്, മൾട്ടി റ്റാസ്കിങ് തുടങ്ങിയ ഇന്റർനെറ്റുമായി ബന്ധപ്പെട്ട ആശയവിനിമയ പദങ്ങൾ ഭാഷയിലേക്കും സ്വാഭാവികതയോടെ കടന്നുവന്നു. ഈ പദങ്ങളുടെ അർത്ഥ വ്യാപ്തി ഉപയോഗിക്കുന്ന സാഹചര്യവും ഒപ്പം അതിന്റെ യഥാർത്ഥ പ്രയോ ഗവും അഥവ അവസ്ഥയുമായി ബന്ധിപ്പിച്ചുവേണം മനസിലാക്കുവാൻ. ഇന്റർനെറ്റ് മുമ്പുണ്ടായിരുന്ന വ്യവഹാര രീതികളെ പുതുക്കിയപ്പോൾ, ഇ-വായന, ഇ-ബാങ്കിംഗ്, ഇ-ഷോപ്പിങ്, ഇ-വോട്ടിങ്, ഇ-ലോൺ, ഇ-കോൺഫറൻസ് തുടങ്ങിയവ സംജാതമായി. ഓക്സ്ഫോർഡ് ഡിഷ്ണറി (Oxford Dictionary) e-text, e-cash തുടങ്ങിയുള്ള നിരവധി പദ ങ്ങളെ പുതുതായി ഉൾപ്പെടുത്തിയാണ് അതിന്റെ പ്രസക്തിയും പുതുമയും നില നിർത്തിയത്.

ആഗോളാടിസ്ഥാനത്തിലുള്ള വ്യക്തിഗത ഇലക്ട്രോണിക്സ് വിലാ സത്തിന്റെ ഭാഗായമായാണ് @ എന്ന സിംബൽ/ചിഹ്നം പ്രസക്തമായത്. കമ്പ്യൂട്ടർ എഞ്ചിനീയറായ റെ ടോംലിൻസൺ (Ray Tomlinson) 1972 ലാണ് ആദ്യത്തെ നെറ്റ്വർക്ക് ഇ-മെയിൽ (Network e-mail) അയച്ചത്. ടോംലിൻസ ണാണ് @ എന്ന സിംബൽ ഇലക്ട്രോണിക്സ് വിലാസത്തിന്റെ ഭാഗമായി നിർണയിച്ചത്. a യ്ക്കും at നും പകരം @ എന്ന ചിഹ്നം ഉപയോഗിക്കുന്നത് സാധാരണമാണ്. @home-athome, @ll good-all good തുടങ്ങിയവ ഈ ഉപയോഗത്തിനുള്ള ചില ഉദാഹരണങ്ങളാണ്. ബിൽ ഗേറ്റ്സ് (Bill Gates) 1999-ൽ എഴുതിയ ഒരു ഗ്രന്ഥത്തിന് നൽകിയ പേര് 'Business @ the speed of thought' എന്നായിരുന്നു. ഇലക്ട്രോണിക്സ് വിലാസത്തിൽ സ്ഥാപന ങ്ങളെയും പ്രസ്ഥാനങ്ങളെയും മറ്റും സൂചിപ്പിക്കാൻ ചില പ്രത്യേക വാക്കു കൾ നിർമ്മിച്ച് ഉപയോഗിക്കുന്നത് സർവ്വസാധാരണമാണ്. Commercial എന്നു കാണിക്കാൻ .com എന്നും Educational എന്ന് കാണിക്കാൻ .edu അഥവ .ac എന്നും governmental എന്നു കാണിക്കാൻ .gov എന്നും net-work organizations എന്നു കാണിക്കാൻ .net എന്നുമാണ് എഴുതുന്നത്.

ഇന്റർനെറ്റ് കേന്ദ്രീകൃതമായ നവഇലക്ട്രോണിക് സംസ്കാരം അനുദിനം മുന്നോട്ടുവെയ്ക്കുന്ന ഭാഷയും വ്യവഹാരമണ്ഡലവും മുമ്പുണ്ടാ യിരുന്നവയെ സംവാദാത്മകമായ രീതിയിൽ പരിഷ്കരിക്കുന്നവയാണ്.

# സ്മാർട്ട് ഫോൺ : ഭാഷയും സമൂഹവും

വർത്തമാനകാലത്തെ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്ന മാധ്യമം മൊബൈൽ ഫോണാണ്. മാറുന്ന കാലത്തിന്റെ ചുവരെഴുത്തുകൾ ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന സ്മാർട്ട്ഫോണുകൾ അറിവുകളുടേയും ആനന്ദത്തിന്റേയും ഇടംകൂടിയാണ്. മൊബൈൽ ഫോണിലേക്ക് ഇന്റർനെറ്റ് കൂടി എത്തിയതോടെ അതിന്റെ സാധ്യതകൾ അനന്തമായി. ആപ്പിൾ, ബ്ലാക്ക്ബെറി, ലെനോവ, എച്ച്.റ്റി.സി, മൈക്രോമാക്സ്, നോക്കിയ, സാംസങ്, സോണി തുടങ്ങിയ ആഗോള സ്മാർട്ട്ഫോൺ ബ്രാൻഡുകൾ അനുദിനമെന്നതുപോലെ മത്സരത്തോടെ പുത്തൻ വിനിമയ സാധ്യതകൾ ആരാഞ്ഞു കൊണ്ടിരിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് സ്മാർട്ട് ഫോൺ സാക്ഷരത വർത്തമാനകാലത്തിന്റെ സാക്ഷരതയായി മാറിയത്.

വ്യക്തികളുടെ കൈവെള്ളയിൽ ഒതുങ്ങുന്ന ഇലക്ട്രോണിക് ഉപകരണം എന്നതിനപ്പുറം ഓർമ്മയുടെ ഒരു ഭാഗമായും വിനോദത്തിന്റെയും വിജ്ഞാനത്തിന്റെയും മാധ്യമ പരിച്ഛേദമായും ആശയവിനിമയത്തോടൊപ്പം തന്നെ ആഗോള വിപണികളിലേയ്ക്ക് തുറന്നുവെച്ച ക്രയവിക്രയങ്ങളുടെ ജാലകമായും സ്മാർട്ട് ഫോണുകൾ പ്രവർത്തിക്കുന്നു. മനോഗതങ്ങളുടെ രൂപീകരണ ഇടം, ആശയവിനിമയത്തിന്റെയും ആശയ സ്വീകരണത്തിന്റെയും മധ്യസ്ഥത വഹിക്കുന്ന സ്ക്രീൻ, നവഭാവനയുടെയും സർഗ്ഗാത്മകതയുടെയും മേച്ചിൽപുറം എന്നീ നിലകളിലെല്ലാം മൊബൈൽ ഫോൺ പ്രസക്തമാണ്. മൊബൈൽഫോണിന് അതിനുമുമ്പുള്ള എല്ലാ മധ്യമങ്ങളെയും ഡിജിറ്റൽവൽക്കരണ സാധ്യതകളിലൂടെ അനായാസേന ഉൾക്കൊള്ളാൻ കഴിയുന്നു. പ്രിന്റ്, രേഖപ്പെടുത്തൽ, റേഡിയോ, സിനിമ, ടെലിവിഷൻ, ഇന്റർനെറ്റ് തുടങ്ങിയവയെല്ലാം മൊബൈൽ ഫോണിലൂടെ ആ മാധ്യമത്തിന്റെ സാധ്യതയ്ക്കും സവിശേഷതക്കുമനുസരിച്ച് സാധ്യമായി. ഈ പശ്ചാത്തലത്തിലാണ് ഏഴാമത്തെ ബഹുജനമാധ്യമം ($7^{th}$ mass media) എന്ന വിശേഷണം ടോണി ടി. അഹോനൻ മൊബൈൽ ഫോണിന് നൽകി

യത്. എല്ലാ മാധ്യമങ്ങളും വളരെ ഒതുക്കത്തോടെ കൈവെള്ളയിൽ ഇരിക്കുന്ന മൊബൈൽ ഫോണിൽ ലഭിക്കുന്നതിനാൽ അതിനെ സൂപ്പർ മാധ്യമമെന്നും വിശേഷിപ്പിക്കുന്നു.

**സൂക്ഷ്മതയും വ്യാപ്തിയും**

മൊബൈൽ ഫോൺ നൽകുന്ന സേവനം ബഹുവിധമാണ്. ഫോൺ വിളിക്കുകയെന്നുള്ളത് ഏറ്റവും പ്രാഥമികവും കേവലവുമായ ഉപയോഗമാണ്. ലൈവ് ടി.വി, ഇന്റർനെറ്റ് ഗെയിമുകൾ, വീഡിയോ കോളിംങ്, ക്യാമറ, വിഡിയോ ക്യാമറ, ക്ലോക്ക്, ലക്ഷക്കണക്കിനു വരുന്ന ആപ്ലിക്കേഷനുകൾ, ഇന്റർനെറ്റിന്റെ മുഴുവൻ സേവനങ്ങളും ജി.പി.എസ് സംവിധാനമുൾപ്പെടെയുള്ള വിപുലമായ സേവനങ്ങളാണ് ആവശ്യാനുസരണം വളരെ ലളിതമായി ലഭിക്കുന്നത്. ഓരോ ആവശ്യത്തിനും വേണ്ടി പ്രത്യേകം രൂപകല്പന ചെയ്യുന്ന സോഫ്റ്റ് വെയറുകളാണ് ആപ്ലിക്കേഷനുകൾ. ആപ്സ് എന്നാണ് ഇവയെ ലാളിത്യത്തോടെ ചുരുക്കി വിളിക്കുന്നത്. വർത്തമാനകാലം ആപ്സുകളുടേതുകൂടിയാണ്. സ്മാർട്ട് ഫോണുകളുടെ വരവോടെ മൊബൈൽ ഫോൺ ശക്തമായ മൾട്ടിമീഡിയ ഉപകരണമായി തീർന്നു. വില കുറയുകയും കമ്പ്യൂട്ടിംങ് ശേഷി വർദ്ധിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന സ്മാർട്ട്ഫോണുകൾ ബഹുജനപ്രിയ മാധ്യമമായി തീർന്നു. ആപ്പിൾ, ബ്ലാക്ക് ബെറി, സാംസങ്, സോണി, എച്ച്.റ്റി.സി, സാൻസൂയി തുടങ്ങിയ ബ്രാൻഡുകൾ ദിനംപ്രതി പുത്തൻ സേവനങ്ങളുമായി സ്മാർട്ട് ഫോൺ വിപണി സജീവമാക്കുന്നു. ഓൺലൈൻ വ്യാപാരം, ഇ-ബാങ്കിംങ്, ഇ-ടിക്കറ്റ് ബുക്കിംങ് തുടങ്ങിയവയെല്ലാം സ്മാർട്ട്ഫോണുകളെ വളരെ ആകർഷകമാക്കുന്ന ഘടകങ്ങളാണ്. പോറൽ വീഴാത്ത ഗോറില്ലാ ഗ്ലാസ്സും, നേർത്ത ടച്ച് സ്ക്രീൻ സംവിധാനവും ദീർഘനേരം സാധ്യമാകുന്ന ചാർജിംങ് സംവിധാനവും വാട്ടർ പ്രൂഫ് സാങ്കേതികതയും, ശക്തമായ സെക്യൂരിറ്റി സംവിധാനവും സ്മാർട്ട് ഫോണുകളുടെ ജനകീയത വർദ്ധിപ്പിക്കുന്നുണ്ട്.

കേവലം ഫോൺ വിളിക്കുകയെന്ന ഉപയോഗത്തിൽനിന്നുമുള്ള വളർച്ചയാണ് സ്മാർട്ട് ഫോണുകളുടെ വ്യാപനം വേഗതയിലാക്കിയത്. സ്മാർട്ട് ഫോണുകളുടെ സ്ക്രീൻ വൈവിധ്യങ്ങളെ സമ്മേളിപ്പിക്കുന്ന ഇടംകൂടിയാണ്. കേൾവിയുടെ മാത്രമല്ല കാഴ്ചകളുടെ ബഹുരീതികൾ ഈ സ്ക്രീൻ തീവ്രതയോടെ കാണിച്ചുതരുന്നു. ഈ പശ്ചാത്തലത്തിലാണ് മൊബൈൽഫോണിനെ/സ്മാർട്ട് ഫോണിനെ നാലാമത്തെ സ്ക്രീൻ മാധ്യമമെന്ന് വിശേഷിപ്പിക്കുന്നത്. ഇതിനുമുമ്പുള്ള സ്ക്രീനുകൾ യഥാക്രമം സിനിമ, ടെലിവിഷൻ, കമ്പ്യൂട്ടർ അഥവ ഇന്റർനെറ്റാണ്. ഈ സ്ക്രീൻ മാധ്യമങ്ങളെല്ലാം മൊബൈൽഫോണിലും അനായാസേന സാധ്യമാണ്. ഈ മാധ്യമങ്ങൾക്കില്ലാത്തത്ര സ്വകാര്യതയും വൈയക്തിക വ്യാപ്തിയും സ്മാർട്ട് ഫോണുകൾക്കുണ്ട്. അതുകൊണ്ടുതന്നെ വ്യക്തികളുടെ വൈയക്തിക തിരശീല (Personal Screen) എന്നും മൊബൈൽഫോണിന്റെ സ്ക്രീനിനെ

വിശേഷിപ്പിക്കുന്നു. വർത്തമാനകാലത്ത് നവമാധ്യമസാക്ഷരത നേടിയ വ്യക്തി ഏറ്റവും കൂടുതൽ സമയം ഉപയോഗിക്കുന്ന മാധ്യമവും സ്മാർട്ട് ഫോണാണ്. അതുകൊണ്ടുതന്നെ വർത്തമാനം സ്മാർട്ട് ഫോണിലും വർത്തമാനകാലം സ്മാർട്ട് ഫോണിന്റെതുമാണെന്ന അവസ്ഥാവിശേഷണ മാണുള്ളത്.

**സാങ്കേതികതയും സംസ്കാരവും**

സ്മാർട്ട് ഫോണുകൾ ആഗോളവിനിമയ ശൃംഖലയുടെ അടിസ്ഥാ നത്തിൽ രൂപീകരിക്കുന്ന പുത്തൻ സംസ്കാരത്തെ സ്മാർട്ട് കൾച്ചർ എന്ന് വിശേഷിപ്പിക്കുന്നു. എന്താണ് സ്മാർട്ട് കൾച്ചർ? ആശയവിനിമയ ശൃംഖല യുടെ പിൻബലത്തിൽ രൂപീകരിച്ചെടുക്കുന്ന ക്ലേശരഹിതവും വേഗതയാർ ന്നതും ജ്ഞാനവ്യാപ്തി ഉൾക്കൊള്ളുന്നതുമായ പുത്തൻ സംസ്കാരം. ഈ സംസ്കാരത്തിന്റെ രൂപീകരണത്തിലും വ്യാപനത്തിലും കേന്ദ്രബിന്ദുവായി നിൽക്കുന്നത് ഓരോ വ്യക്തിയുടെയും കൈയ്യിലുള്ള സ്മാർട്ട് ഫോണാണ്. മൊബൈൽ ഫോണിന്റെ റെയിഞ്ചിനുള്ളിൽ നിൽക്കുന്ന പൗരൻ/വ്യക്തി ആഗോള മൊബൈൽ ഫോൺ സമൂഹത്തിന്റെയും സാധ്യതയുടെയും ഭാഗ മാണ്. മൊബൈൽഫോൺ നമ്പർ നൽകുന്ന വിലാസം ആഗോളാടിസ്ഥാന ത്തിൽ വ്യക്തിയെ സ്ഥാനപ്പെടുത്തുന്നു.

മൊബൈൽഫോൺ നമ്പരിന്റെ പിൻബലത്തിൽ ഇതര മൊബൈൽ ഫോൺ ഉപഭോക്താവിനോട് ഒരു കോളിലൂടെ ബന്ധപ്പെടുവാനാകും. അതു പോലെതന്നെ ഒരു കോളിലൂടെ ആർക്കും ബന്ധപ്പെടുവാനുമാകും. ഇ-മെയിൽ വിലാസംപോലെ തന്നെ ഇനിയൊരു തരത്തിലുള്ള സൈബർ വിലാസം തന്നെയാണ് മൊബൈൽഫോൺ നമ്പരും പ്രദാനം ചെയ്യുന്നത്. കോളുകൾ, സന്ദേശങ്ങൾ, തുടങ്ങിയവ ഒരു ഫോണിൽനിന്നും രൂപപ്പെട്ട് മറ്റൊരു ഫോണിലെത്തുന്നു. വാട്സ് ആപ്പ് പോലെയുള്ള മൊബൈൽ ആപ്സുകൾ ഇവിടെ പ്രത്യേകം വിലമതിക്കേണ്ടതുണ്ട്. സ്മാർട്ട്ഫോണിന്റെ ടച്ച് സ്ക്രീനുകൾ വ്യവഹാര നിർണയങ്ങളുടെയും ഭാഷാവൈവിധ്യങ്ങളു ടെയും കേന്ദ്രമാകുന്ന അവസ്ഥ. ഒരു ഫോണിൽ നിന്നും നിരവധി ഫോണു കളിലേക്ക് ഒരേ സമയം ആശയം വിനിമയം ചെയ്യാമെന്നത് സാധ്യതയുടെ ഭാഗമാകുമ്പോൾ തന്നെ ദൂരവും സ്ഥലവും ആശയവിനിമയത്തിന്റെ വേഗ തയിലൂടെ ചുരുങ്ങുന്ന സവിശേഷമായ അവസ്ഥയും ഈ സംസ്കാരത്തിന്റെ സവിശേഷതയാണ്. മൊബൈൽ ഫോണിലൂടെ രൂപപ്പെടുന്ന ഓരോ ഗ്രൂപ്പു കളും ഓരോ സംഘങ്ങളും കാലത്തിന്റെ വേഗതയും സംസ്കാരവും ആവാ ഹിച്ചെടുത്ത സ്മാർട്ട് കൂട്ടങ്ങളാണ്.

മൊബൈൽഫോണിൽ ഒരു പ്രോഗ്രാം പ്രവർത്തിക്കണമെങ്കിൽ കമ്പ്യൂട്ടറിലേതുപോലെ തന്നെയുള്ള പ്രോഗ്രാം ആവശ്യമാണ്. ഈ പ്രോഗ്രാ മിനെ ഓപ്പറേറ്റിംങ് സിസ്റ്റം എന്നാണ് വിളിക്കുന്നത്. മൊബൈൽ ഫോണിൽ ഉപയോഗിക്കുന്ന ഓപ്പറേറ്റിംങ് സിസ്റ്റത്തെ പ്ലാറ്റ്ഫോം എന്നും വിളിക്കാറുണ്ട്.

സ്മാർട്ട് ഫോണുകളിൽ ഇന്ന് വ്യാപകമായി ആൻഡ്രോയ്ഡ് ഓപ്പറേറ്റിംങ് സിസ്റ്റം ഉപയോഗിക്കുന്നു. നോക്കിയഫോൺ പ്രധാനമായും സിംബ്യാൻ പ്ലാറ്റ് ഫോമിലാണ് പ്രവർത്തിക്കുന്നത്. ആപ്പിൾ ഫോൺ കമ്പനിക്ക് അവരുടേ തായ സ്വാതന്ത്ര ഓപ്പറേറ്റിംങ് സിസ്റ്റമാണുള്ളത്. ഇന്ന് വ്യാപകമായി ഉപ യോഗിക്കുന്ന സ്വതന്ത്ര സോഫ്റ്റ്വെയറാണ് ആൻഡ്രോയ്ഡ്. സ്വതന്ത്ര സോഫ്റ്റ്വെയർ എന്നാൽ ആർക്കും പരിഷ്കരിക്കാനും വിപുലീകരിക്കാനും കഴിയുന്ന സോഫ്റ്റ്വെയറാണ്. ഗൂഗിൾ 2005-ലാണ് ആൻഡ്രോയിഡിനെ സ്വതന്ത്ര സോഫ്റ്റ്വെയറാക്കുന്നത്. അതോടെ പല കമ്പനികളും ആൻഡ്രോയിഡ് പ്ലാറ്റ് ഫോമിൽ പ്രവർത്തിക്കുന്ന സ്മാർട്ട് ഫോണുകൾ നിർമ്മിച്ചുതുടങ്ങി. ആൻഡ്രോയ്ഡ് ബീറ്റ, ഹണികോഡ്, കപ്പ് കേക്ക്, എക്ല യർ, ഐസ്ക്രീം, സാൻഡ് വിച്ച്, ജെല്ലി ബീൻ എന്നിങ്ങനെ പലപേരുകളി ലുള്ള ആൻഡ്രോയ്ഡ് വേർഷനുകളുണ്ട്. ആവശ്യക്കാർക്ക് ഗൂഗിൾ പ്ലേയിൽ നിന്നും ആപ്സുകൾ ഡൗൺ ലോഡ് ചെയ്ത് എടുക്കാവുന്നതാണ്. ആപ്സു കളുടെ വൈവിധ്യവും വ്യാപനത്വവും സ്മാർട്ട് ഫോൺ ഉപഭോക്താക്കളെ ആരോഗ്യകരമായ രീതിയിലാണ് സ്വാധീനിച്ചത്. ഏറ്റവും മികച്ചതും ജന പ്രീതി ആർജിച്ചതും തിരഞ്ഞെടുക്കുവാനുള്ള ഉപഭോക്താവിന്റെ സ്വാതന്ത്ര്യം അവർ ആഘോഷിച്ചുകൊണ്ടിരിക്കുകയാണ്.

ഏകദേശം ഏഴ് ലക്ഷത്തിൽ അധികം ആൻഡ്രോയ്ഡ് ആപ്ലിക്കേ ഷനുകൾ ഉണ്ടെന്നാണ് വിക്കിപീഡിയ നൽകുന്ന അറിവ്. സംഗീതം, ഗെയി മുകൾ, ജ്യോതിഷം, ഔഷധം, ആധ്യാത്മികത, പത്രങ്ങൾ, റെയിൽവേ, ടെലി വിഷൻ, കാലാവസ്ഥ, ക്രെഡിറ്റ്കാർഡ്, തുടങ്ങിയവയ്ക്കെല്ലാം അതാതി ന്റേതായ പലതരത്തിലുള്ള ആപ്സുകളുണ്ട്. യഥാർത്ഥത്തിൽ സ്മാർട്ട് ഫോൺ ഉപഭോക്താവ് നിരവധി സേവനങ്ങളുടെ ആപ്സുകൾക്കുള്ളിലാണ് ജീവിതം ആഘോഷിക്കുന്നത്. സ്മാർട്ട് കൾച്ചറിന്റെ ഭാഗമാകുന്ന ഓരോ വ്യക്തിയും കൂടുതൽ പുതുമയ്ക്കുവേണ്ടിയുള്ള കാത്തിരിപ്പിലാണ്. കാരണം ഓരോ പുതുമയും ജീവിതത്തെ രസകരവും ആഘോഷതുല്യവും ഒപ്പം ലളിത സുതാര്യവുമാക്കുന്നു.

**ടെക്സ്റ്റിങ്ങിന്റെ പ്രസക്തി**

മാധ്യമഭാഷാശാസ്ത്രജ്ഞനായ ഡേവിഡ് ക്രിസ്റ്റൽ മൊബൈൽ ഫോണിനെ പറ്റിയെഴുതിയ ഗ്രന്ഥത്തിന്റെ പേര് 'Txting : The Gr8 Db8' എന്നാണ്. മൊബൈൽ ഫോണിന്റെ ഭാഷയിൽ തന്നെയാണ് ഗ്രന്ഥത്തിന്റെ പേര് നൽകിയിരിക്കുന്നത്. ടെക്സ്റ്റിംങ് (Texting) എന്നാണ് മൊബൈൽ ഫോണിൽ എഴുതുന്ന സവിശേഷമായ ഭാഷയ്ക്ക് പറയുന്നത്. ഈ ഗ്രന്ഥ ത്തിലെ ഒന്നാമത്തെ അധ്യായത്തിന്റെ പേര് The hype about texting എന്നാണ്. ഈ അധ്യായം തുടങ്ങുന്നത് ഷേക്സ്പിയറുടെ പ്രസിദ്ധമായ നാടകത്തിലെ ഒരു സംഭാഷണഭാഗം മൊബൈലിന്റെ ഭാഷയിൽ എഴുതി ക്കൊണ്ടാണ്. '2b or not 2b.... tht is the?' അതിനുശേഷം ടെക്സ്റ്റിന്റെ ദോഷ

ത്തെയും ഗുണത്തെയും വിശകലനം ചെയ്തുകൊണ്ടാണ് ഗ്രന്ഥം മുന്നോട്ടു പോകുന്നത്.

Texting fogs your brain like cannabis
Texting does not influence literacy skills
Texting replace speech for communication among teenagers
Texting deprives children of sleep
Texting linked positively with literacy achievements
Texting help shy teenagers communicate
Texting to get free mobiles to improve literacy standards
Mobiles prove effective in getting NEED (not currently engaged in employment, education or training) back into learning

മൊബൈൽഫോണിലൂടെ രൂപീകരിച്ച് വിനിമയംചെയ്യുന്ന വിവിധ ഭാഷകളെ തിരസ്കരിച്ചുകൊണ്ട് മാനവരാശിക്ക് മുന്നോട്ടുപോകുവാനാകില്ല. മനുഷ്യരുടെ പ്രവർത്തനങ്ങളിൽ, ചിന്താരീതിയിൽ, മനോഭാവത്തിലെല്ലാം നെഗറ്റീവും പോസിറ്റീവുമായ അവസ്ഥകളുണ്ട്. ഇതിനെ നന്മ-തിന്മ, ഈശ്വരൻ-അസുരൻ എന്ന ദ്വന്ദങ്ങളിലൂടെ നിർണയ വിധേയമാക്കുന്നത് സാധാരണമാണല്ലോ. ഭക്ഷണം ആരോഗ്യത്തിന് അത്യന്താപേക്ഷിതമാണ്. അത് അമിതമായാലുള്ള പ്രശ്നങ്ങൾ വിപരീതഫലം ഉളവാക്കുന്നവയാണ ല്ലോ. കേവലം ഒരു മാധ്യമമായ മൊബൈൽഫോണിന്റെ വിനയോഗരീതി കളാണ് അതിന്റെ സാധ്യതയും പ്രസക്തിയും നിർണയിക്കുന്നത്. അനു ദിനം വളർന്നുകൊണ്ടിരിക്കുന്ന ഭാഷകൾ പരിവർത്തനത്തിനു വിധേയമാ കുന്നത് സ്വാഭാവികമാണ്. ഭാഷ മനുഷ്യാവശ്യത്തിന്റെ നിർമ്മിതിയായതു കൊണ്ടുതന്നെ മാറുന്ന സാധ്യതകൾ ഉൾക്കൊണ്ട് പുത്തൻ രൂപത്തിലും രീതിയിലും സംഭവിക്കുന്നത് സ്വാഭാവികമാണ്. ഇവിടെയാണ് ടെക്സ്റ്റിങ്ങിന്റെ കാലികപ്രസക്തിയും വ്യാപ്തിയും അംഗീകരിച്ച് വിശകലനംചെയ്യേണ്ടത്.

പുതുമ ആഗ്രഹിക്കുന്നവരും അതിനായി പ്രവർത്തിക്കുന്നവരുമാണ് യുവജനങ്ങളും വിദ്യാർത്ഥികളും. അവരുടെ കൈകളിലേയ്ക്കാണ് ടെക്സ്റ്റി ങ്ങിന്റെ സാധ്യതകളും പുതുമകളുമായി മൊബൈൽഫോൺ എത്തുന്നത്. അവർക്ക് സമപ്രായക്കാരോട് ഒരുപാട് കാര്യങ്ങൾ രഹസ്യമായും പരസ്യ മായും പറയാനുണ്ട്. സമൂഹത്തിനുമുമ്പിൽ അഭിപ്രായങ്ങളും വിമർശന ങ്ങളും നിരത്താനുണ്ട്. ഇവിടെയെല്ലാം പഴമയും പുതുമയും തമ്മിലുള്ള സംവാദവും സംഘർഷവും സ്വാഭാവികതയോടെ സംഭവിക്കുന്നു. പുതുതല മുറ അവരുടെ മനോഭാവത്തിനും ലോകവ്യവഹാര രീതിക്കുമനുസരിച്ച് മൊബൈൽഫോണിലൂടെ അവരുടേതായ ഭാഷകൾ നിർമ്മിച്ചുകൊണ്ടേയി രിക്കും. ഷോർട്ട് മെസ്സേജ് സർവീസ് എന്നതിന്റെ ചുരുക്കെഴുത്താണ് എസ്. എം.എസ്. മൾട്ടിമീഡിയ സർവീസ് എന്നതിന്റെ ചുരുക്കെഴുത്താണ് എം.

എം.എസ്. ഇവയുടെ ഉപയോഗമാണ് ആശ്ചര്യകരമായ രീതിയിൽ വൈവിധ്യത്തോടെ സംഭവിച്ചുകൊണ്ടിരിക്കുന്നത്.

ആശംസകൾ, പ്രതിഷേധങ്ങൾ, അറിയിപ്പുകൾ, കഥകൾ, കവിതകൾ തുടങ്ങിയുള്ള എല്ലാതരം ആശയവിനിമയ രീതികളും സംഗമിക്കുന്ന സ്ഥലം കൂടിയാണ് എസ്.എം.എസിന്റെ മേഖല. എസ്.എം.എസിനായും മറ്റും മൊബൈൽഫോണിന്റെ സഹായത്തോടെ രൂപീകരിച്ചെടുക്കുന്ന ഭാഷയ്ക്ക് സവിശേഷമായ വിനോദകളിയുടെ സ്വഭാവം കൂടിയുണ്ട്. പദങ്ങൾക്കും വാചകങ്ങൾക്കും പുത്തൻ മൊബൈൽഭാഷ ചമയ്ക്കുന്നത് കാലഘട്ടത്തിന്റെ ഭാഷാജ്ഞാനമായി പരിഗണിക്കുന്നു. രചനയിൽ വാക്കുകൾക്കും വാചകങ്ങൾക്കും സംഭവിക്കുന്ന തെറ്റുകളെ എസ്.എം.എസ് ഭാഷ നിസ്സാരവൽക്കരിക്കുന്നു. ആശയത്തിന്റെ സവിശേഷ സ്വഭാവവും അർത്ഥസാധ്യതകളും വിനിമയരീതികളെയും സാഹചര്യാനുസരണം ക്രമീകരിക്കുന്നു. എസ്.എം.എസ്സായി നടത്തുന്ന സാമൂഹ്യ വിമർശനങ്ങളും കഥാമത്സരങ്ങളും കവിതാമത്സരങ്ങളും സമൂഹം അംഗീകരിച്ചുകഴിഞ്ഞു. സംക്ഷിപ്തത, വേഗത, സൗന്ദര്യം, കാലികപ്രസക്തി, പുതുമ തുടങ്ങിയവയാണ് എസ്.എം.എസ് ഭാഷയുടെ സവിശേഷതകൾ. ഇവയെല്ലാം സാഹചര്യാനുസരണം ക്രമീകമായ മാറ്റത്തിനും പരിവർത്തനത്തിനും വിധേയവുമാണ്. Txting: The Gr8 Db8 (Texting: The great debate) എന്ന് നവമാധ്യമ ഭാഷാശാസ്ത്രജ്ഞനായ ഡേവിഡ് ക്രിസ്റ്റൽ ഒരു ഗ്രന്ഥത്തിന് പേരു നൽകുന്നതിലൂടെ എസ്.എം.എസിലൂടെ ഉയർന്നുവരുന്ന പുത്തൻഭാഷയ്ക്ക് അഥവ ടെക്സ്റ്റിങിന് അക്കാദമികമായിതന്നെ അംഗീകാരം നൽകുകയാണ്.

പ്രാദേശിക സംസ്കാരത്തെയും ഭാഷാവിനിയോഗജ്ഞാനത്തെയും ഉൾക്കൊണ്ടുകൊണ്ടാണ് ഓരോ പ്രദേശത്തെയും ടെക്സ്റ്റിങിന് സംഭവിക്കുന്നത്. ഉദാഹരണത്തിന് മലയാളികളുടെ എസ്.എം.എസുകൾ വിലയിരുത്തിയാൽ മതി. ശുദ്ധമായ മലയാളത്തിൽ സന്ദേശങ്ങൾ അയക്കുമ്പോൾ തന്നെ മംഗ്ലീഷിലും ഒപ്പം ഇംഗ്ലീഷ് ഭാഷയുടെ ചുരുക്കെഴുത്തിലും ചിഹ്നങ്ങളിലൂടെയും സന്ദേശങ്ങൾ അയക്കുന്നു. യഥാർത്ഥത്തിൽ ഇവിടെ വൈവിദ്ധ്യങ്ങളുടെ സംഗമസ്ഥലം രൂപീകരിക്കുന്ന സൗന്ദര്യാത്മക ഉല്പന്നമായി ഭാഷ മാറുകയാണ്. ഹാവാർഡ് റെയ്ൻ ഗോൾഡിന്റെ നിരീക്ഷണം ഈ പശ്ചാത്തലത്തിൽ ഏറെ പ്രസക്തമാകുകയാണ്. നവമായ ജനപ്രിയ സംസ്കാരത്തിന്റെയും സാമൂഹ്യപ്രവർത്തനങ്ങളുടെയും ഊർജ്ജസ്വലവും ലളിതസുന്ദരവുമായ ഏകീകരണമാണ് മൊബൈൽഫോൺ നിർവ്വഹിക്കുന്ന ആശയവിനിമയങ്ങൾ. ഈ ആശയവിനിമയത്തിൽ ഭാഷയെക്കാൾ ശക്തിയും സ്വാധീനവും ആശയത്തിനാണ്.

മലയാളത്തിലുള്ള ഒരു സന്ദേശം (Message) എപ്രകാരമുള്ള ആശയമാണ് വിനിമയംചെയ്യുന്നതെന്ന് സാമാന്യമായി പരിശോധിക്കാം. *ഒരിക്കൽ ഒരു ശിഷ്യൻ പണ്ഡിതനോട് ചോദിച്ചു: ഗുരോ, എന്തുകൊണ്ടാണ് ജീവിത*

*മാകുന്ന പരീക്ഷയിൽ നമ്മിലധികം പേരും തോറ്റു പോകുന്നത്?*

*അദ്ദേഹം മറുപടി പറഞ്ഞു: യഥാർത്ഥത്തിൽ ജീവിതമാകുന്ന പരീക്ഷ വളരെ ലളിതമാണ്. പക്ഷെ നമുക്കോരോരുത്തർക്കും ദൈവം വെവ്വേറെ ചോദ്യപേപ്പറാണ് നൽകുന്നത്. ഇതറിയാതെ നാം അടുത്തിരിക്കുന്നവന്റെ ഉത്തരം കോപ്പിയടിക്കാൻ ശ്രമിക്കുന്നതുകൊണ്ടാണ് പരീക്ഷയിൽ തോൽക്കുന്നത്.*

സങ്കീർണ്ണമായ ജീവിതത്തിന്റെ അർത്ഥം എത്ര ലളിതമായാണ് അവതരിപ്പിച്ചിരിക്കുന്നത്. ഇതിൽ അടങ്ങിയിരിക്കുന്നത് നർമ്മമാണോ സാരോപദേശമാണോ, ജീവിതാപഗ്രഥനശാസ്ത്രമാണോ എന്നൊന്നും നിർണയിക്കാനാവുന്നില്ല. പക്ഷേ ലളിതമായി കാര്യം വ്യക്തമാകുന്ന രീതിയിലാണ് സന്ദേശം.

ഇംഗ്ലീഷിലുള്ള സന്ദേശത്തിൽ നർമ്മത്തോടൊപ്പം മാധ്യമത്തിന്റെ അതിശക്തമായ സ്വാധീനം കൂടിയാണ് കുടുംബ ബന്ധത്തിന്റെ പശ്ചാത്തലത്തിൽ അവതരിപ്പിച്ചിരിക്കുന്നത്.

Superb Family Introduction!!

A man is introducing his family.

1. This is my wife... Google
Vasantha... if u ask one question
she would give many relevant and irrelevant answers....!!
2. This is our son......... face book
kuttappan ..... he makes sure that our personal matters reaches the whole colony ...!!
3. This is our daughter... Twitter Karthiyeni.... whole colony follows her...!!
4. This is my whatsapp mother
thankamani... she buzzes all day
commenting on everything...!!
5. And I am, orkut thankappan... I have become irrelevant....!!!

ഇതിലെ പേരിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഗ്രാമീണ സ്വഭാവം ശ്രദ്ധേയമാണ്. പേരിലെ ഗ്രാമീണതയെ തിരസ്കരിക്കുന്ന രീതിയിലാണ് മാധ്യമത്തിന്റെ പ്രവർത്തനമെന്നതും വിലമതിക്കേണ്ടത്.

Orikal koodi

Malayalikalude Desheeya utsavam Samagathamayi

Thyagathinteyum

Snehathinteyum Sahanathineteyum

Harthal
Hridyamaya Orayiram
Harthal Ashamasakal

മംഗ്ലീഷിലെഴുതിയ ഈ സന്ദേശത്തിൽ ബഹുസ്വഭാവങ്ങളുടെ സമന്വയമുണ്ട്. കേരളത്തിൽ അടിക്കടി നടക്കുന്ന ഹർത്താലിനോടുള്ള പ്രതിഷേധമുണ്ട്. ആക്ഷേപഹാസ്യത്തിലൂടെ അതിന്റെ സത്യസന്ധതയെ ചോദ്യം ചെയ്യുന്നു. മംഗ്ലീഷ് ശീലമാക്കിയവരുടെ രചനാവൈഭവമുണ്ട്. പ്രതിഷേധത്തിന്റെ പുത്തൻ മാധ്യമരീതിയായും ഇതിനെ നിർണയിക്കാവുന്നതാണ്. ആക്ഷേപഹാസ്യരീതിയിൽ എഴുതിയിരിക്കുന്ന ഈ സന്ദേശത്തിൽ കേരളീയരുടെ സ്വഭാവത്തെ വിമർശന വിധേയമാക്കുന്നുമുണ്ട്.

Sugamano ? Cu again.

ഈ സന്ദേശത്തിലെ ഭാഷ ഏതെല്ലാം തരത്തിലാണ് പ്രവർത്തിക്കുന്നത്. മലയാളത്തെ ഇംഗ്ലീഷ് അക്ഷരംകൊണ്ട് എഴുതുന്ന മംഗ്ലീഷ്. ചുരുക്കെഴുത്തായ Cu. ഇംഗ്ലീഷ് പദമായ again എല്ലാ ചേർന്ന് രൂപീകരിക്കുന്ന സവിശേഷമായ ഭാഷ. മംഗ്ലീഷ് ഉള്ളതുകൊണ്ടുതന്നെ ഇത് മലയാളികൾക്ക് മനസിലാകും. ഇംഗ്ലീഷ് അക്ഷരങ്ങൾ മലയാളത്തിന്റെ രചനയ്ക്കായി ഉപയോഗിക്കുമ്പോൾ ചില ഉച്ചാരണ സങ്കീർണതകൾ സ്വാഭാവികതയോടെ കടന്നുവരാറുണ്ട്. ഉദാഹരണത്തിന് മംഗ്ലീഷിൽ Kananam എന്നെഴുതുന്നത് മലയാളത്തിൽ എപ്രകാരമാണ് വായിക്കുന്നത്. കാനനം എന്നാണ് പ്രാഥമിക വായന നടക്കുന്നത്. ഇതിനെ സാഹചര്യാനുസരണം കാണണം എന്നാക്കി വായിക്കേണ്ടതുണ്ട്. ചിരിയും കരച്ചിലും അത്ഭുതവുമെല്ലാം കാണിക്കാൻ അതാതിന്റെ ഓരോ രീതിയിലുള്ള രേഖാചിത്രങ്ങൾ അഥവാ ചിഹ്നങ്ങൾ ഉപയോഗിക്കുന്നതും സാധാരണമാണ്.

ചുരുക്കെഴുത്തുകൾക്ക് കൈവന്ന അർത്ഥവ്യാപ്തിയാണ് സൈബർ ഭാഷയുടെ ഒരു സവിശേഷത. ചുരുക്കെഴുത്തിനുതന്നെ പലരീതികളുണ്ടെന്നതും വിലമതിക്കേണ്ടതുണ്ട്. icu- I see you, j4f - just for fun, b-be, b4-before, bf- boyfriend, cm-call me, xxx-kisses, ‘zzz’- sleeping, :-)- smile, (^ -^) cute, (#0#) surprised. ചുരുക്കെഴുത്തുകൾക്കൊപ്പംതന്നെ ചിഹ്നങ്ങളും ആശയവിനിമയത്തിനായി ഉപയോഗിക്കുന്നത് സാധാരണമാണ്. ആശയങ്ങൾ വിനിമയം ചെയ്യാൻ കൂടുതൽ അക്ഷരങ്ങൾ ഉപയോഗിച്ചുള്ള വാക്കുകൾ ആവശ്യമായി വരുമ്പോൾ അതിന്റെ സ്വഭാവത്തിന്റെ രീതിക്കനുസരിച്ച് ചുരുക്കുന്ന രീതി വ്യാപകമാണ്. Cos-Because, thru-through, fone-phone, Gr8- great, da- the, cre8d - created, dunno- don’t know യഥാർത്ഥത്തിൽ ഈ ചുരുക്കെഴുത്തിന്റെയെല്ലാം ലക്ഷ്യം ആശയം വേഗത്തിലും ലളിതമായും മാധ്യമത്തിന്റെ സ്വഭാവത്തിനനുസരിച്ച് മനസിലാക്കുകയെന്നതാണ്.

ആശയവിനിമയത്തിന് വ്യാപകമായി ഉപയോഗിക്കുന്ന പദങ്ങൾ ചുരുക്കുവാനായി അതിന്റെ ആദ്യഭാഗങ്ങൾ എഴുതുന്ന രീതി വ്യാചകവും വർത്തമാനകാല പ്രസക്തവുമാണ്. Exam-Examination, Mob-Mobile, uni-university, busi-business, ref-reference, ack-acknowledge, തുടങ്ങിയവ ആദ്യാക്ഷരങ്ങൾക്കൊണ്ട് വാക്കുകൾ സൂചിപ്പിക്കുന്ന ചുരുക്കെഴുത്തുകളാണ്. വാക്കുകളുടെ ആദ്യാക്ഷരത്തിനുശേഷം ചില അക്ഷരങ്ങൾ ഒഴിവാക്കി പദങ്ങൾ രൂപീകരിക്കുന്ന രീതിയും സാധാരണമാണ്. tmrow-tomorrow, hve-have, wil-will, advt-advertisement, msg-message, തുടങ്ങിയവ ഇത്തരം പദരചനകൾക്ക് ചില ഉദാഹരണങ്ങളാണ്. എസ്.എം.എസിന്റെ ഭാഷയിലേക്ക് ഗ്രന്ഥങ്ങളും കവിതകളും മറ്റും പകർത്തിയെഴുതുന്ന രീതി ഇന്ന് സജീവമാണ്. ഇപ്രകാരം ഓസ്ട്രേലിയൻ ബൈബിൾ പകർത്തിയെഴുതിയിട്ടുണ്ട്. ഇതിന്റെ തുടക്കം In da bginnin god cre8d da heaven & da earth എന്നിങ്ങനെയാണ്. യഥാർത്ഥത്തിൽ എസ്.എം.എസ്സിന്റെ ഭാഷ ഈ കാലഘട്ടത്തിന്റെ ഭാഷ തന്നെയാണ്. ഈ ഭാഷയ്ക്ക് ഇനിയും ഏറെ ദൂരം മുന്നോട്ട് പോകുവാനുണ്ട്. ഡിക്ഷ്നറികൾ ഇത്തരം പദങ്ങളെ സ്വീകരിച്ച് അതിന്റെ ഭാഗമാക്കി തീർത്തതും അംഗീകാരത്തിനുള്ള തെളിവാണ്.

വർത്തമാനകാലത്ത് സന്ദേശങ്ങളുടെ ബഹുകേന്ദ്രമായി വാട്സ് ആപ്പ് മാറിയിട്ടുണ്ട്. എസ്.എം.എസ് കേവലം അയയ്ക്കുന്നവർക്ക് മാത്രമാണ് പ്രാപ്യമാകുന്നത്. എന്നാൽ വാട്സ് ആപ്പിലെ സന്ദേശങ്ങൾ ആ ഗ്രൂപ്പിലുള്ള എല്ലാവർക്കും ഒരേ സമയത്തുതന്നെ പ്രാപ്യമാകുന്നു. സമാന മനസ്കരുടെ സംഘങ്ങൾ സജീവമാകുന്നതും ആശയവിനിമയങ്ങൾ വൈവിദ്ധ്യത്തോടെ തീവ്രമാകുന്നതും വാട്സ് ആപ്പിലൂടെയാണ്. ദൃശ്യത്തിന്റെ സാധ്യയും കൂടുതൽ കാര്യങ്ങൾ അയക്കാമെന്നുള്ളതുമെല്ലാം വാട്ട്സ് ആപ്പിന്റെ സാധ്യതയ്ക്ക് കാരണമായിട്ടുണ്ട്.

ഒരു വ്യക്തി ലോകവുമായി ബന്ധപ്പെടുന്ന സൂപ്പർഹൈവേയായും ഓർമ്മയുടെയും അറിവുകളുടെയും ആഘോഷങ്ങളുടെയും എക്സ്റ്റൻഷനായും വിനോദ ഉപാധിയായും ജീവിതത്തിന്റെ ഒരു ഭാഗമായും മൊബൈൽ ഫോണിനെ നിർണയിച്ചിരിക്കുന്ന കാലത്ത് രൂപപ്പെടുന്ന ഭാഷകളും സൃഷ്ടിക്കുന്ന സംസ്കാരവും വർത്തമാനകാലത്തിന്റെ ഏറ്റവും തീവ്രവും ശക്തവുമായ നിർമ്മിതിയാണ്.

# സൈബർ സംസ്കാരവും ജീവിതവും

നവമാധ്യമസാക്ഷരത അനുനിമിഷം പുതുക്കി കൊണ്ടിരിക്കേണ്ട തായതു കൊണ്ടുതന്നെ ഈ സാക്ഷരത നേടിയവരുടെ ബുദ്ധിയും പ്രവൃ ത്തികളും വർത്തമാനകാലാവസ്ഥയുമായി നിരന്തരം സംവദിക്കുന്നതാണ്. സംസ്കാരം, രാഷ്ട്രീയം, അധികാരം, നിയമം, ഭാഷ, സാഹിത്യം, കല, ജ്ഞാനം, സാമ്പത്തികക്രമം, ജീവിതാവസ്ഥ തുടങ്ങിയുള്ള സമസ്ത മേഖലകളെയും പുത്തൻ താത്ത്വികനിർവചനത്തിന് നവമാധ്യമവ്യവഹാരം വിധേയമാക്കി. നവമാധ്യമങ്ങളുമായി ബന്ധപ്പെട്ട് ഓരോ വ്യക്തിയും ചെല വഴിക്കുന്ന സമയം തന്നെ ഏറെയാണ്. ബൗദ്ധികമായ ചിന്തകളിലും സംവാ ദങ്ങളിലും വിനോദരീതികളിലും ലൈംഗികചിന്തകളിലുമെല്ലാം നവമാധ്യ മങ്ങളുടെ സ്വാധീനം നിർണായകമായി തീർന്നിരിക്കുന്നു. മുമ്പ് ആശയവിനി മയത്തിൽ മാധ്യമത്തേക്കാൾ സ്വാധീനം ഉള്ളടക്കത്തിനായിരുന്നു. എന്നാ ലിന്ന് ഉള്ളടക്കത്തെക്കാൾ പ്രാധാന്യം മാധ്യമത്തിന് കൈവന്നിരിക്കുന്നു എന്ന മാർഷൽ മക്ലൂഹന്റെ അഭിപ്രായം മാധ്യമത്തിന്റെ അനിഷേധ്യമായ ശക്തിയാണ് ബോധ്യപ്പെടുത്തുന്നത്. തുടർന്ന് മാധ്യമം തന്നെയാണ് സന്ദേ ശമെന്ന് മക്ലൂഹൻ പ്രഖ്യാപിച്ചു. ഈ പ്രഖ്യാപനത്തിനാസ്പദം മാധ്യമ ത്തിന്റെ ഏറ്റവും മുഖ്യമായ വശങ്ങൾ കിടക്കുന്നത് സാംസ്കാരികമായ ഉള്ളടക്കത്തിലല്ലെന്നും സാങ്കേതികമായ വിനിമയ രീതിയിലാണെന്നുമുള്ള നിർണയമാണ്.

സ്ഥലം, കാലം, സമയം, മനുഷ്യന്റെ വീക്ഷണരീതി തുടങ്ങിയവ യെല്ലാം ആശയവിനിമയത്തിലെ പുതിയ രീതികളെ സമഗ്രമായി സ്വാധീ നിക്കുകയും മാറ്റിമറിക്കുകയും ചെയ്തു. ഒരു വൈദ്യുതിവിളക്ക് കത്തി നിൽക്കുന്നതിൽ സന്ദേശമൊന്നുമില്ല. എന്നാൽ സ്ഥലകാലബന്ധങ്ങളെ അത് രൂപാ ന്തരപ്പെടുത്തുന്നുവെന്ന് മക്ലൂഹൻ സ്ഥാപിക്കുന്നു. രാത്രിയിലൊ, പ്രഭാതത്തിലൊ കൂടുതൽ സമയം ജോലിചെയ്യുവാൻ വൈദ്യുതി വിളക്ക് സഹായിക്കുന്നു. യഥാർഥത്തിൽ ഈ അവസ്ഥ സ്വകാര്യജീവിതത്തെയും പൊതുജീവിത

ത്തെയും നവമായരീതിയിൽ സംവിധാനം ചെയ്യുവാൻ സഹായിക്കുന്നു. ഇതുപോലെ തന്നെ മറ്റൊരർഥത്തിൽ സ്ഥലകാലങ്ങളെയും വ്യവഹാരാവസ്ഥകളെയും പുനർനിർവചിക്കുവാൻ ഇന്റർനെറ്റും മൊബൈൽ ഫോണും കാരണമാകുന്നു. ഇരുപത്തിനാല് മണിക്കൂറും സംപ്രേഷണം ചെയ്യുന്ന നിരവധി ടെലിവിഷൻ ചാനലുകൾ കാഴ്ചയുടേയും അറിവിന്റേതുമായ മറ്റൊരു ലോകം പ്രേക്ഷകനു മുന്നിൽ സാധ്യമാക്കുന്നു.

ആവശ്യമുള്ളപ്പോഴെല്ലാം ലോകത്തിന്റെ ഏതു കോണിലേക്കും ആശയവിനിമയം നടത്താനും ലോകത്തിന്റെ ഏതു ഭാഗത്തുനിന്നും ആശയങ്ങൾ സ്വീകരിക്കാനും ഇന്റർനെറ്റിലൂടെ കഴിയുന്നു. എല്ലായ്പ്പോഴും മൊബൈൽ ഫോണിന്റെ റെയ്ഞ്ചിനുള്ളിൽ വരുന്ന വ്യക്തി ആശയവിനിമയ സാധ്യതയുടെ ആഗോളപരിധിക്കുള്ളിൽ തന്നെയാണ്. ഈ മാധ്യമങ്ങൾ ഉപയോഗ ശീലമാക്കിയവർ സ്വകാര്യജീവിതത്തെയും പൊതുജീവിതത്തെയും പുതിയ രീതിയിൽ ക്രമീകരിക്കാൻ നിർബന്ധിതരാകുന്നു. ആശയവിനിമയത്തിനും സ്വീകരണത്തിനും പ്രത്യേകസ്ഥലമോ സമയമോ ആവശ്യമില്ലാതെ വരുകയും വ്യക്തി നിൽക്കുന്ന സ്ഥലവും ഇഷ്ടപ്പെടുന്ന സമയവും ആശയവിനിമയത്തിൽ പ്രസക്തമാകുകയും ചെയ്യുന്നു. ആശയവിനിമയത്തിന്റെ വേഗം, മാധ്യമങ്ങളിലൂടെ രൂപീകരിക്കുന്ന സൗഹൃദത്തിന്റെ പുത്തൻ കൂട്ടായ്മകൾ, പ്രതികരണത്തിന്റെ രീതികൾ തുടങ്ങിയവ മനുഷ്യന്റെ വീക്ഷണരീതികളെ മാറ്റിമറിച്ചു.

**മാധ്യമസ്വഭാവം**

മക്ലൂഹൻ, മാധ്യമങ്ങളെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ തപ്തമാധ്യമമെന്നും (ഹോട്ട് മീഡിയ) ശീതമാധ്യമമെന്നും (കൂൾ മീഡിയ) രണ്ടായി തിരിക്കുന്നു. കാണികൾക്കു പങ്കാളിത്തം കുറഞ്ഞതും വിവരത്തിന്റെ ഉള്ളടക്കം ഏറിയിരിക്കുന്നതുമായ മാധ്യമങ്ങളെയാണ് തപ്തമാധ്യമമെന്നു വിളിക്കുന്നത്. കാണികൾക്ക് പങ്കെടുക്കുവാൻ കൂടുതൽ അവസരമനുവദിക്കുന്നതും വിവരത്തിന്റെ അളവു കുറഞ്ഞതുമായ മാധ്യമത്തെയാണ് ശീതമാധ്യമമെന്നു പറയുന്നത്. അച്ചടിമാധ്യമം തപ്തമാധ്യമമാണ്. ഇതിൽ വായനക്കാരൻ ആശയങ്ങളുടെ രൂപീകരണത്തെ സ്വാധീനിക്കുന്നേയില്ല. ടെലിഫോൺ ശീതമാധ്യമമാണ്. ഇവിടെ ആശയവിനിമയത്തിന് ചുരുങ്ങിയത് രണ്ടുപേരെങ്കിലും ആവശ്യമാണ്. വായന തനിച്ചു നിർവഹിക്കുന്ന പ്രക്രിയയാണ്. ഇതിന്റെ ജ്ഞാനം നിർമിക്കുന്നത് ഒരു പ്രത്യേക സംഘം ചേർന്നിരിക്കുന്ന കേന്ദ്രത്തിലായിരിക്കും. ടെലിഫോണിലൂടെ സാധ്യമാകുന്ന ആശയരൂപീകരണത്തിനും വിനിമയത്തിനും നിയതമായ കേന്ദ്രം ആവശ്യമില്ല.

മക്ലൂഹൻ സിനിമയെ തപ്തമാധ്യമമായും ടെലിവിഷനെ ശീതമാധ്യമമായുമാണ് വിലയിരുത്തുന്നത്. വായനപോലെ ഏകാഗ്രത ആവശ്യപ്പെടുന്നതും കാഴ്ചക്കാരൻ പ്രത്യേകിച്ച് ഇടപെടലൊന്നും നടത്താനില്ലാ

ത്തതുമാണ് സിനിമ കാണൽ. സിനിമ കാണുന്നതിനേക്കാൾ പ്രേക്ഷക പങ്കാളിത്തം ആവശ്യപ്പെടുന്ന ഒന്നാണ് ടെലിവിഷൻ കാണൽ. ആവശ്യാനുസരണം ചാനലുകൾ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം കാണികൾക്കുണ്ട്. റിയാലിറ്റിഷോ, ഫോൺ ഇൻ പ്രോഗ്രാം തുടങ്ങിയ പരിപാടികളിലൂടെ അതിന്റെ അവതരണത്തിൽ പരിമിതമായെങ്കിലും ഇടപെടുവാനുള്ള സ്വാതന്ത്ര്യം കാണികൾക്കുണ്ട്. സിനിമ കാണുന്നതുപോലെയുള്ള ഏകാഗ്രത ടെലിവിഷൻ കാണൽ ആവശ്യപ്പെടുന്നുമില്ല. പ്രോഗ്രാമുകളുടെ വൈവിധ്യം ടെലിവിഷനെ കാഴ്ചയുടെ ഭാഗത്ത് സജീവമാക്കുന്നുണ്ട്. മക്ലൂഹൻ മാധ്യമങ്ങളെക്കുറിച്ച് എഴുതുന്ന കാലത്ത് ഇന്റർനെറ്റും മൊബൈൽഫോണും അപ്രാപ്യമായ മാധ്യമങ്ങളായിരുന്നു. ഈ മാധ്യമങ്ങളുടെ ജനപങ്കാളിത്ത സാധ്യതയും ആശയവ്യാപനപ്രാപ്തിയും ജ്ഞാനനിർമാണ ക്ഷമതയും അത്ഭുതപ്പെടുത്തുന്നതാണ്. വ്യക്തികൾക്ക് പുത്തൻ അനുഭവങ്ങൾ പ്രദാനംചെയ്യുവാനും സേവനമേഖലകൾ തുറക്കുവാനും ഈ പുതുമാധ്യമങ്ങൾക്ക് അനായാസേന കഴിയുന്നു. മാധ്യമസാധ്യതയും സാക്ഷരതയുമുള്ള പുതുസമൂഹങ്ങളുടെ നിർമിതി വ്യവഹാരമണ്ഡലങ്ങളെ തന്നെ ആഴത്തിൽ സ്വാധീനിച്ചു. സാങ്കേതികവികാസത്തോടെ ഭൂഗോളത്തിലെ പൗരന്മാരെല്ലാം ഒരു വലിയ വലയത്തിനുള്ളിലായിത്തീരുന്ന അവസ്ഥ സംജാതമായി. ഇ-മെയിൽ ഐഡികളും മൊബൈൽ നമ്പരുകളും ഓരോ പൗരനേയും ആഗോളപൗരത്വത്തിനും ആശയവിനിമയ ശൃംഖലയ്ക്കും ഉള്ളിലാക്കി. ഇതോടെ വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട സ്ഥലവും കാലവും പുനർനിർവചന വിധേയമായി.

## സൈബർ സാഹിത്യം

നിക്സ്റ്റീവൻസന്റെ അഭിപ്രായത്തിൽ പുത്തൻമാധ്യമങ്ങളുമായി ബന്ധപ്പെടുന്നവർ കാലഹരണപ്പെട്ട അച്ചടി സംസ്കാരം പ്രദാനംചെയ്ത വീക്ഷണരീതികൾ പരിത്യജിച്ചു കഴിഞ്ഞു. സൈബർ സ്പേസിന്റെ വിപുല വിസ്തൃതിയിലേക്ക് എഴുത്തിനെ മാറ്റി പ്രതിഷ്ഠിച്ചതിനൊപ്പം സാങ്കേതികതയുടെ സാധ്യതകളെ സർഗാത്മകതയുടെ ഭാഗമാക്കുകയും ചെയ്യുന്ന തലമുറയാണ് വർത്തമാനകാലത്തിന്റെ പ്രതിനിധികൾ. ഇന്റർനെറ്റ് സൃഷ്ടിക്കുന്ന പ്രതീതിയാഥാർഥ്യമാണ് സൈബർസ്പേസ്. കനേഡിയൻ എഴുത്തുകാരനായ വില്യംഗിബ്സൺ ആദ്യമായി സൈബർസ്പേസ് എന്ന വാക്ക് ഉപയോഗിച്ചതോടെ അതിന്റെ അനന്തസാധ്യതകളിലേക്കുള്ള അന്വേഷണമാണ് പിൻമുറക്കാരായി കടന്നുവന്നവർ നിർവഹിച്ചത്. സ്ക്രീൻ പകർന്നു തരുന്ന വായനാനുഭവം പുസ്തകങ്ങൾ പകർന്നു തരുന്ന വായനാനുഭവത്തിൽ നിന്നും ഭിന്നമാണ്. സ്ക്രീൻ വായനയ്ക്ക് ഇന്റർനെറ്റ് മാധ്യമമാകുമ്പോൾ ഒന്നിൽ നിന്നു ലിങ്കുകളിലൂടെ മറ്റു പലതിലേക്കും പോകുവാനുള്ള സാധ്യത വായനയുടെ ഏകാഗ്രതയ്ക്കു പകരം വായനയുടെ സാധ്യത വിപുലപ്പെടുത്തുകയാണ്. വായനക്കൊപ്പംതന്നെ കീബോർഡിന്റെയോ മൗസിന്റെയോ സഹാ

യത്തോടെ രചനയും നിർവഹിക്കാനാവും. ഇങ്ങനെ സൃഷ്ടിക്കുന്ന പാഠങ്ങൾ നിമിഷനേരംകൊണ്ട് ആഗോളവ്യാപകമായി വിനിമയംചെയ്യുവാനുള്ള സാധ്യതയും പുതുകാലത്തിന്റെ സവിശേഷതയാണ്. ബ്ലോഗുകൾ, വെബ്മാഗസിനുകൾ, ഇന്ററാക്ടീവ് ഇ ബുക്ക്, ഇ-നിഘണ്ടു, വിക്കിപീഡിയായുടെ വിക്ഷണറി എന്ന ബഹുഭാഷാ നിഘണ്ടു, ഫേയ്സ്ബുക്ക് തുടങ്ങിയവയെല്ലാം സൈബർ രചനയുടെ സാധ്യതകൾ രൂപീകരിച്ചെടുത്ത പുതുകാലത്തിന്റെ ഇടങ്ങളാണ്.

വ്യക്തിയുടെ സ്വകാര്യ മുറി വിട്ടുപോകാതെ തന്നെ വിവിധ സ്ഥലത്തേക്കും അവസ്ഥകളിലേക്കും ആശയവിനിമയസങ്കേതത്തിലൂടെ സഞ്ചരിക്കുവാൻ ഇന്റർനെറ്റിലൂടെയും മൊബൈൽഫോണിലൂടെയുമെല്ലാം കഴിയുന്നു. പുതിയ മാധ്യമങ്ങൾ സവിശേഷമായ ഒരു സാക്ഷരത വ്യക്തികളിലും സമൂഹങ്ങളിലും ശീലിപ്പിച്ചെടുത്തു. ബഹുജനങ്ങൾ ശീലിച്ചെടുത്ത ഈ ഭാഷ ജനങ്ങളെ തമ്മിലും മാധ്യമങ്ങളെ തമ്മിലും സവിശേഷമായ രീതിയിൽ ബന്ധിപ്പിക്കുന്നുണ്ട്. ദൃശ്യവ്യവസായം (ഷോ ബിസിനസ്) വർധിച്ച് വരികയും പ്രേക്ഷകർ അഥവാ കാഴ്ചക്കാർ ആ വ്യവസായത്തിനുള്ളിൽ നിമഗ്നമായിരിക്കുന്നതുമായ അവസ്ഥയാണ് ഇന്നുള്ളത്. സൈബർ സാഹിത്യവും സൈബർകലകളും ഏവർക്കും സാധ്യമാകുന്ന ജനപ്രിയഘടകങ്ങളായി തീരുകയും അതിന്റെ വ്യാപ്തി ദിനംപ്രതി വർധിക്കുകയും ചെയ്യുന്നു.

നൃത്തം, മത്സരങ്ങൾ, നാടകം, വാർത്ത തുടങ്ങിയുള്ള ഓരോ ഘടകങ്ങളും രേഖപ്പെടുത്തി ക്രമീകരിച്ച് അവതരിപ്പിക്കുന്നതിൽ സൈബർ സാക്ഷരതയുമായി ബന്ധപ്പെട്ട സർഗാത്മകത അനിവാര്യമാണ്. ദിനംപ്രതി ഇവയുടെ ആഖ്യാനവിസ്തൃതി ഏറിവരുന്ന കാഴ്ചയാണുള്ളത്. കവിത, കഥകൾ, നർമാവതരണം, പ്രതികരണ രീതികൾ ഇവയെല്ലാം സൈബർ സാഹിത്യത്തിന്റെ ശക്തമായ ഭാഗമായിത്തീരുകയും ആഖ്യാനത്തിൽ പുതുവഴികൾ തേടിപോകുന്നതുമായ കാഴ്ചകൾ സാധാരണമാണ്. യഥാർഥത്തിൽ സൈബർ സാഹിത്യം ലിഖിതസാഹിത്യത്തിന് ബദലായി നിൽക്കുന്നതല്ല. ജനപ്രിയ മാധ്യമങ്ങളുടെ സാധ്യതകളിൽനിന്നും അനിവാര്യത പോലെ രൂപപ്പെട്ടു വരുന്ന വർത്തമാനകാലപ്രസക്തമായ പാഠങ്ങളാണ്. സമൂഹത്തിന്റെ ഭാഗമായ വ്യക്തികളുടെ അഭിപ്രായങ്ങൾ, അഭിരുചികൾ, അഭിലാഷങ്ങൾ, തിരഞ്ഞെടുപ്പുകൾ തുടങ്ങിയവയൊന്നും നിശ്ചിതമല്ല. സ്ഥലം, സമൂഹം, കാലം, അവസ്ഥ തുടങ്ങിയവയ്ക്കനുസരിച്ച് ഇവയ്ക്കെല്ലാം മാറ്റം സംഭവിച്ചുകൊണ്ടിരിക്കും. ഈ മാറ്റം ക്രമത്തിൽ സാഹിത്യത്തെയും സ്വാധീനിക്കും. അതിയാഥാർഥ്യം ഈ കാലഘട്ടത്തിന്റെ ഭാഗമാണ്. യാഥാർഥ്യത്തെക്കാൾ തീവ്രതയോടെ അതിനെ അവതരിപ്പിക്കുന്നതിന് അതിയാഥാർഥ്യമെന്ന് പറയാം. ഉമ്പർട്ടോ എക്കോയുടെ നിരീക്ഷണം ഇവിടെ പ്രസക്തമാണ്. അനുകരണം അതിന്റെ പാരമ്യത്തിലെത്തിക്കഴിഞ്ഞാൽ യാഥാർഥ്യം അതിനേക്കാൾ താഴ്ന്ന നിലയിലുള്ള ഒന്നായി മാറും. ഫോട്ടോഗ്രാഫി, ഛായാ

ഗ്രഹണം തുടങ്ങിയവയെല്ലാം കമ്പ്യൂട്ടറിന്റെ സഹായത്തോടെ കൂടുതൽ മിഴിവോടെ നിർമിച്ചെടുക്കുന്നത് ഈ കാലഘട്ടത്തിന്റെ സവിശേഷതയാണ്. സാഹിത്യ നിർമിതിക്ക് ആസ്പദമായ ഭാവന, സൈബർ സാധ്യതകളിലൂടെ സഞ്ചരിക്കുകയും അതിയാഥാർഥ്യ കല്പനകൾ ഉൾച്ചേർത്ത് മാധ്യമഭാഷയിലൂടെ പുനരാവിഷ്കരിക്കുകയും ചെയ്യുന്നു. ഇത്തരം സാഹിത്യത്തിന്റെ വായന സാധ്യമാകുന്നത് സ്ക്രീനിന്റെ സാധ്യതകൾകൂടി ഉൾക്കൊണ്ടാണ്. ഈ പശ്ചാത്തലത്തിൽ സാഹിത്യരചന, പാഠരീതി, വായന തുടങ്ങിയവയെല്ലാം സമൂലമായി പരിവർത്തനപ്പെട്ടിരിക്കുന്നു.

പേപ്പറിൽനിന്നും സ്ക്രീനിലേക്കുള്ള വായനയുടെ പരിവർത്തനം വിവരസാങ്കേതികതയുമായി ബന്ധപ്പെട്ടാണ് പ്രാഥമികമായി നിൽക്കുന്നത്. പ്രിന്റ് ചെയ്ത പാഠം വായിക്കുമ്പോൾ വായന ഏകമുഖവും ക്രമികമായ തുടർച്ച ഉൾക്കൊള്ളുന്നതുമാണ്. ഇന്റർനെറ്റിന്റെ സ്ക്രീനിൽ തെളിയുന്ന പാഠങ്ങൾക്ക് അതിന്റേതായ തുടർച്ചയുള്ളപ്പോൾ തന്നെ അതുമായി ബന്ധപ്പെട്ട മറ്റനവധി 'ലിങ്കു'കളിലേക്ക് അനായാസേന പ്രവേശിക്കാനാവും. ഇവിടെ വായന ആവശ്യമെങ്കിൽ ശബ്ദത്തിനും കാഴ്ചയ്ക്കുമെല്ലാം വിധേയമാകുന്ന അവസ്ഥ സംജാതമാകുന്നു. പാഠത്തിൽ നിന്നും ഉൾക്കൊള്ളേണ്ട കേവലമായ അറിവിന്റെ സ്ഥാനത്ത് അറിവുകളുടെ ഒരു മഹാപ്രപഞ്ചം അനുവാചകന് മുന്നിലെത്തുകയാണ്. ഏകാഗ്രത, ബൗദ്ധികത, സാങ്കേതികജ്ഞാനം, ആസ്വാദനരീതി തുടങ്ങിയവയെല്ലാം സ്ക്രീൻ മീഡിയായുടെ സ്വഭാവത്തിനനുസരിച്ച് പരിവർത്തനപ്പെടുകയും ഈ പരിവർത്തനത്തിന് വിധേയമായ അറിവും അനുഭവവും അനുവാചകന് ലഭിക്കുകയും ചെയ്യുന്നു.

സൈബർ പാഠപാരായണം അഭിമുഖീകരിക്കുന്ന സങ്കീർണമായ അവസ്ഥയെപ്പറ്റി Bertrand Gervais നടത്തുന്ന നിരീക്ഷണം വസ്തുതാപരമായി വിലമതിക്കേണ്ടതാണ്. Reading is not a single, constant act, the same every time- it is a complex practice bringing into play a large number of variables which determine its forms and functions . As an activity, reading brings into play relationships between manipulation, comprehension and interpretation-acts that complement each other in our progression through texts, regardless of their particularities or their material aspects.

**മാധ്യമവും ഭാഷയും**

ഭാഷ സൃഷ്ടിക്കുവാനും വിനിമയംചെയ്യുവാനും സ്വീകരിക്കാനുമുള്ള മനുഷ്യരാശിയുടെ കഴിവ് അത്ഭുതാവഹമാണ്. വിശാലമായർഥത്തിൽ മനുഷ്യപുരോഗതി പുതുഭാഷകളുടെ നിർമിതിയും വിനിമയവും സ്വീകരണവുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. മാധ്യമങ്ങളുമായി ബന്ധപ്പെട്ട ഭാഷ കാലാനുസൃതമായ പുതുക്കലിൽ അധിഷ്ഠിതമാണ്. ഭാഷയുടെ ഏറ്റവും പുതിയ ഒരവസ്ഥയാണ് സൈബർ ഭാഷ. ഈ ഭാഷയുടെ വ്യക്തിത്വം ബഹു

സ്വരതയിൽ അധിഷ്ഠിതമാണ്. ആശയനിർമിതിയിലെ ലളിതവൽക്കരണം, വിനിമയത്തിലെ വേഗം തുടങ്ങിയവയ്ക്കൊപ്പം സ്വീകരണത്തിലെ മാധ്യമ സ്വാധീനവും ഈ ഭാഷയുടെ സവിശേഷതയാണ്. മാധ്യമപരിചയവും സാങ്കേതികാവബോധവും ഭാഷാപഠനത്തിൽ പ്രധാനവും പ്രസക്തവുമാണ്. അടിസ്ഥാനപരമായി ഓരോ മാധ്യമത്തിനും അതിന്റേതായ ഭാഷാരൂപീക രണ രീതിയും വിനിമയരീതിയുമാണുള്ളത്. ഇവിടെ ഭാഷ തന്നെ മാധ്യമ ത്തിനനുസരിച്ച് മാറുന്നുണ്ട്.

വിവിധ ഭാഷകളിലെ നിരവധി ടെലിവിഷൻ ചാനലുകൾ കാഴ്ച യുടെ വിഭവസമൃദ്ധമായ വിരുന്നാണ് പ്രേക്ഷകർക്കു മുന്നിൽ പ്രദർശിപ്പി ക്കുന്നത്. വായന ഉൾപ്പെടെയുള്ള സാംസ്കാരികാനുഭവങ്ങളെ കാഴ്ചയി ലേക്ക് പരിവർത്തിച്ചുകൊണ്ട് ടെലിവിഷൻ നേടിയ മാധ്യമസ്വാധീനവും ഭാഷ യിലും സാംസ്കാരികജീവിതത്തിലും ചെലുത്തിയ മാറ്റവും വളരെ വലു താണ്. ദൃശ്യം, ശബ്ദം, വർണം, ചലനം, വേഗം, തുടർച്ച തുടങ്ങിയവ സമ്മേ ളിച്ച് രൂപപ്പെടുന്ന ടെലിവിഷൻ പരിപാടികൾ നിയതമായ ഭാഷയുടെ പിൻബ ലമുള്ളവയാണ്. ഈ ഭാഷ ബഹുജനങ്ങളെ ആകർഷിക്കുന്നതും അവരിൽ സൗന്ദര്യാഭിരുചി ജ്വലിപ്പിക്കുന്നതുമാണ്. ലോകത്തിന്റെ ഏതു ഭാഗത്തു നട ക്കുന്ന സംഭവങ്ങളും പരിപാടികളും വീടിനുള്ളിലിരുന്ന് കാണാവുന്ന അവസ്ഥ. വാർത്തകൾ, ചർച്ചകൾ, സിനിമകൾ, സീരിയലുകൾ, റിയാലിറ്റി ഷോകൾ, സംഗീതപരിപാടികൾ, യാത്രാവിവരണങ്ങൾ, വിവരണങ്ങൾ, തുട ങ്ങിയവയെല്ലാം നിരവധിയായ ചാനലുകളിൽ നിന്ന് ഇഷ്ടാനുസരണം തിര ഞ്ഞെടുക്കുവാൻ കഴിയുന്നു. അടിയ്ക്കടി അവതരിപ്പിക്കുന്ന പരസ്യങ്ങൾ അധികാരഭാവത്തോടെ ഉപഭോഗസംസ്കാരത്തിന്റെ നിർമിതിക്ക് കാരണ മാകുന്നുണ്ട്. ടെന്നീസ്, ക്രിക്കറ്റ്, ഗുസ്തി തുടങ്ങിയുള്ള മത്സരങ്ങൾ ടെലി വിഷനിലൂടെ അവതരിപ്പിക്കുമ്പോൾ ഈ മത്സരരൂപങ്ങൾ ടെലിവിഷന്റെ ഭാഷയ്ക്ക് വിധേയമാകുന്നു. ഓരോ വീടിന്റെയും സ്വീകരണ മുറിയിലും പൊതുഇടങ്ങളിലുമാണ് ഈ മാധ്യത്തിന്റെ ഇരിപ്പുസ്ഥാനം. ആശയവിനി മയ സ്വീകരണത്തിന്റെ പുതുമണ്ഡലമാണ് ഇന്റർനെറ്റ് തീർത്തിരിക്കുന്നത്. Oliver Dyens നിരീക്ഷണത്തിൽ, The web is not Book. It is not a text. It is therefore useless to read information. ഒരു സൈറ്റിൽ നിന്നും മറ്റൊരു സൈറ്റിലേക്കും അവിടെനിന്നും ഇഷ്ടമുള്ള വേറൊരു സൈറ്റിലേക്കും പ്രവേ ശിച്ച് ആശയനവീകരണം നടത്തുവാൻ ഇന്റർനെറ്റ് ഒരുക്കുന്ന അവസരം അതിന്റെ വിപുലമേഖലകളെ ആവാഹിച്ചെടുക്കുവാൻ ഉപഭോക്താവിനെ പ്രാപ്തമാക്കുന്നു. ആശയസ്വീകരണത്തിനൊപ്പം തന്നെ ആശയവിനിമയവും ആഗോളാടിസ്ഥാനത്തിൽ നിമിഷങ്ങൾകൊണ്ട് സാധ്യമാക്കുന്ന ഇന്റർ നെറ്റിന്റെ സാധ്യതയും വിവരവിനിമയത്തെ ആശ്ചര്യകരമായ രീതിയിൽ വളർത്തുന്നതാണ്. ഇവിടെയാണ് ഇന്റർനെറ്റിന്റെ ഭാഷ പ്രസക്തമാകുന്നത്. ഇംഗ്ലീഷ് മാത്രമാണ് ഇന്റർനെറ്റിന്റെ ഭാഷയെന്ന ധാരണയെ സാങ്കേതിക

മായി തിരുത്താൻ ശേഷിയുള്ളതാണ് യുണികോഡ് ഫോണ്ടുകൾ. വിവിധ ഭാഷകളിലുള്ള യൂ ട്യൂബ്; ആവിഷ്കാരത്തിന്റെയും ഭാഷയുടെയും ദൃശ്യ സാന്നിധ്യമുള്ള ആഖ്യാനരൂപങ്ങളാണ്. ബ്ലോഗുകൾ ആശയാവിഷ്കാര ത്തിന്റെ വൈവിദ്ധ്യമാണ് കാണിച്ചുതരുന്നത്. ഗ്ലോബിഷ് എന്ന പേരിൽ വളർന്നു വരുന്ന ഭാഷയും ശ്രദ്ധേയമാണ്. സ്വകാര്യമുറികളും ഇടങ്ങളുമാണ് ഈ മാധ്യമത്തിന്റെ വിനിയോഗസ്ഥാനം. ഓൺലൈൻ പത്രങ്ങൾ, വെബ് മാസികകൾ തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ വിവരവിനിമയത്തിന്റെ ഏറ്റവും പുതിയ അവസ്ഥയാണ് അടയാളപ്പെടുത്തുന്നത്. ഇ-ബുക്ക്, ഇ-നിഘണ്ടു, വിക്ഷണറി, ഡിജിറ്റൽ ലൈബ്രറികൾ തുടങ്ങിയവ ജ്ഞാനവിനിമയത്തിന്റെ പുത്തൻമേഖലകളാണ്. സജീവമായ ഇ-വായന വായനക്കാരന്റെ മനോഭാ വത്തെ തന്നെ മാറ്റിമറിക്കുന്നു. ഡിജിറ്റൽ സാങ്കേതികവിദ്യയുപയോഗിച്ച് ഗ്രന്ഥത്തിന്റെ ഉള്ളടക്കത്തെ ഇലക്ട്രോണിക് കോപ്പിയാക്കി സൂക്ഷിച്ച് വെച്ച് കമ്പ്യൂട്ടറിലൂടെയും മറ്റും വായിക്കാവുന്ന രീതിയിലാക്കുന്നു. യഥാർഥത്തി ലിവിടെ അച്ചടിഭാഷ സൈബർഭാഷയ്ക്ക് വിധേയമാകുന്ന അവസ്ഥയാണു ള്ളത്.

പത്രം വിനിമയംചെയ്യുന്ന ആശയവും ഭാഷയും ഓരോ പ്രദേശ ത്തിനനുസരിച്ചും കാലത്തിനനുസരിച്ചും മാറ്റമുള്ളതാണ്. ജനസാമാന്യത്തെ ആകർഷിക്കുവാൻ കഴിയുന്ന ഭാഷയാണ് പത്രങ്ങൾ ഉപയോഗിക്കുന്നത്. ഇന്റർനെറ്റിന്റെ വ്യാപനത്തോടെ പത്രവും ഓൺലൈൻ ന്യൂസ്പേപ്പറിന് വഴി മാറുന്ന അവസ്ഥയാണ് കാണുവാൻ കഴിയുന്നത്. Geoffrey Craig ന്റെ വില യിരുത്തൽ ഇവിടെ പ്രസക്തമാണ്. Internet news have the great advantage of being able to provide almost instantaneous coverage of events, unlike the day-old response of newspaper. The Internet news media cannot only provide information faster but are better equipped to provide more comprehensive background information. The greatest advantage of eletronic 'newspaper' is that they can be genuine multimedia texts, employing video and audio to complement the written word. Such multi-media Newspapers are not only more entertaining and visually attractive but are able to provide more comprehensive communication, including a greater degree of realism.

ഓരോ വ്യക്തിയുടെയും സ്വകാര്യ ഉപയോഗ ഉപകരണമാണ് മൊബൈൽഫോൺ. വ്യക്തിക്കൊപ്പം എപ്പോഴും സാധ്യതയുടെ മാധ്യമമായി മൊബൈൽഫോൺ ഉണ്ട്. ടെലിവിഷൻ ചാനലുകളും, ഇന്റർനെറ്റും ഈ മാധ്യമത്തിലൂടെ സാധ്യമാകുന്നു. വിവിധതരം കോളുകൾ, പലതരം എസ്.എം.എസ്സുകൾ തുടങ്ങിവയെല്ലാം ആശയവിനിമയത്തിന്റെ നവ സാധ്യതാമേഖലകളാണ് ഉപഭോക്താവിനുമുന്നിൽ തുറന്നിടുന്നത്.

ഓരോ മാധ്യമവും അതിന്റെ ആഖ്യാനസ്വഭാവത്തിനനുസരിച്ച് ഭാഷകൾ രൂപീകരിക്കുമ്പോൾതന്നെ അതിന് സവിശേഷമായൊരു സ്വഭാവം കൈവരുന്നുണ്ട്. വസ്തുനിഷ്ഠമായി വിലയിരുത്തിയാൽ ഡിജിറ്റൽ മാധ്യമങ്ങൾ വരുന്നതിനുമുമ്പുള്ള സാമാന്യവ്യവഹാരങ്ങളെ നിഷ്പ്രഭമാക്കികൊണ്ട് അവയുടെ സാധ്യതാമണ്ഡലത്തിനുള്ളിൽ നിന്ന് മറ്റൊരു ഭാഷ രൂപീകരിച്ച് മുൻഭാഷാസങ്കല്പങ്ങളെ തകിടംമ റിച്ച്, പ്രതീതി യാഥാർഥ്യത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി രൂപീകരിക്കുന്ന ഭാഷയെയാണ് നവമാധ്യമഭാഷയെന്ന് സാമാന്യേന വ്യവഹരിക്കാവുന്നത്. പ്രതീതി യാഥാർഥ്യം ബുദ്ധിയെ നവമായ രീതിയിൽ പുനഃക്രമീകരണത്തിന് വിധേയമാക്കുന്നു. ഇതിന്റെ ഫലമായി നവമാധ്യമഭാഷ മനുഷ്യർക്കുമേലുള്ള അധികാരത്തിന്റെ ഭാഷയാകുന്ന അവസ്ഥ പലപ്പോഴും സംജാതമാകുന്നു. നവമാധ്യമഭാഷ ആശയാവിഷ്കാരത്തിനുള്ള ഉപാധിമാത്രമല്ല ആശയത്തെ മറച്ചുവയ്ക്കുവാനും മാറ്റി വിനിമയംചെയ്യുവാനുമുള്ള ഉപാധികൂടിയാണ്. ഇവിടെ ഭാഷകളിലൂടെ വിനിമയംചെയ്യുന്ന ആശയം ഏകഘടനയ്ക്കുള്ളിൽ നിൽക്കാതെ ബഹുഘടകങ്ങളെ ഉൾക്കൊണ്ട് ബഹുസ്വരങ്ങൾ ഉത്പാദിപ്പിക്കുന്ന ഒന്നായിത്തീരുന്നു.

## സമഗ്രാധിപത്യം

പുതുമാധ്യമങ്ങൾ മനുഷ്യരുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും സമഗ്രാധിപത്യം നേടിക്കഴിഞ്ഞു. പരമ്പരാഗതമായ വിദ്യാഭ്യാസ രീതിവരെ മാറ്റത്തിനു വിധേയമായി. ഇലക്ട്രോണിക്സ് വിദ്യാഭ്യാസരീതിയാണ് ഇന്ന് വ്യാപകമായിക്കൊണ്ടിരിക്കുന്നത്. ഇൻഫർമേഷൻ ടെക്നോളജിയിലും ഇലക്ട്രോണിക്സിലുമെല്ലാം ബിരുദവും ബിരുദാനന്തരബിരുദവും ഗവേഷണവും നടത്തുന്ന യുവതലമുറയുടെ എണ്ണം ദിനംപ്രതി ഏറുകയാണ്. ഇലക്ട്രോണിക്സ് സിറ്റികളും സൈബർസിറ്റികളുമെല്ലാം തൊഴിലിന്റെ പുത്തൻമേഖലകളെയാണ് പ്രതിനിധാനംചെയ്യുന്നത്. മാധ്യമങ്ങളുമായി ബന്ധപ്പെട്ട വ്യവസായത്തിലും തൊഴിൽമേഖലയിലും നിക്ഷേപിക്കുന്ന കോടാനുകോടികൾ ആ മേഖലയുടെ പ്രസക്തിയും പ്രാധാന്യവുമാണ് വ്യക്തമാക്കുന്നത്. ഉയർന്നശമ്പളവും ആഡംബരപൂർണമായ ജീവിതവും മാധ്യമജ്ഞാനത്തിന് ഈ മേഖലയിൽ ജോലിചെയ്യുന്നവർ ആർജിക്കുമ്പോൾ ഈ മേഖലയുടെ ആകർഷണത്വം ഏറുകയാണ്.

മാധ്യമങ്ങൾ ജീവിതത്തിലും വ്യവഹാരങ്ങളിലും ബൗദ്ധികമേഖലയിലും സമഗ്രാധിപത്യം നേടിയ പശ്ചാത്തലത്തിൽ അതിൽനിന്നു കൊണ്ടുമാത്രമേ പുതുകാലത്തിന്റെ സംസ്കാരം, അധികാരം, രാഷ്ട്രീയം തുടങ്ങിയ മേഖലകളെ വിശകലനവിധേയമാക്കാനാകൂ. മാധ്യമങ്ങൾ എല്ലാം മനുഷ്യനിർമിതമാണെങ്കിലും മാധ്യമങ്ങളുമായുള്ള തുടർച്ചയായ ബന്ധം വലിയൊരു വിഭാഗത്തെ അതിന്റെ ആശയ ആധിപത്യവലയത്തിനുള്ളിലാക്കി കഴിഞ്ഞു.

**സംസ്കാരം**

പഠനമേഖലയിൽ പ്രാധാന്യത്തോടെ ഉപയോഗിക്കുന്ന പദമാണ് സംസ്കാരം (Culture) ഇതിന്റെ ആർഥിക വിസ്തൃതി വിപുലമായതിനാൽ ഇതിനെ സംബന്ധിച്ചുള്ള പഠനങ്ങളും നിർവചനങ്ങളും ഏറെയാണ്. റെയ്മണ്ട് വില്യംസിന്റെ സംസ്കാരത്തെപറ്റിയുള്ള നിർവചനം പ്രസിദ്ധമാണല്ലോ. ഒരു സമൂഹത്തിന്റെ സവിശേഷമായ മൂല്യങ്ങളും വിശ്വാസങ്ങളും ആചാരങ്ങളും ജീവിതരീതികളും പെരുമാറ്റശൈലികളും ചിത്രീകരിക്കുന്ന പ്രയോഗങ്ങളെയും അവസ്ഥകളെയും ആവാഹിക്കുന്ന വിപുലമായ മേഖലയാണ് സംസ്കാരം. അച്ചടിമുതൽ സൈബർ കാലംവരെ വ്യാപിച്ചുകിടക്കുന്ന നൂറ്റാണ്ടുകൾ, മനുഷ്യസംസ്കാരത്തെ ജ്ഞാനഉത്പാദന വിനിമയരീതികളുടെ പശ്ചാത്തലത്തിൽ നിർണയിക്കുമ്പോൾ ക്രമത്തിലുള്ള സാങ്കേതികവളർച്ച ഇവയെ ശക്തമായി സ്വാധീനിക്കുന്നതായി കാണാം. സാങ്കേതികജ്ഞാനത്തിന്റെ നിലവിലുള്ള ഏറ്റവും ഉയർന്ന സാധ്യതയിൽനിന്നുമാണ് ഇന്റർനെറ്റും മൊബൈൽ ഫോണും ഉത്ഭവിച്ചതും അവയുടെ തുടർന്നുള്ള വ്യാപനം സംഭവിച്ചുകൊണ്ടിരിക്കുന്നതും. സേവന വാണിജ്യമേഖലകളും വിനോദ വിജ്ഞാനമേഖലകളും ഇന്ന് ഈ മാധ്യമങ്ങളുടെ സാധ്യതകൾക്കുള്ളിൽ തന്നെയാണ് രൂപപ്പെട്ടുവരുന്നത്. ആഘോഷങ്ങൾ, മത്സരങ്ങൾ, ആത്മാവിഷ്കാരങ്ങൾ, വിനോദക്രിയകൾ തുടങ്ങിയവയ്ക്ക് സാധാരണക്കാർ വരെ നവമാധ്യമങ്ങൾ ശീലമാക്കി കഴിഞ്ഞു. സാക്ഷരതയുടെ വ്യാപ്തിയും കർമശേഷിയും നിർണയിക്കുന്നതിൽ മാധ്യമജ്ഞാനത്തിന് നിർണായകമായ സ്ഥാനമാണുള്ളത്. എല്ലാ വ്യവഹാരങ്ങളിലും മാധ്യമങ്ങൾ ചെലുത്തുന്ന ആധിപത്യത്തിൽ നിന്നുമാണ് മാധ്യമസംസ്കാരം രൂപപ്പെടുന്നതും ശക്തിപ്രാപിച്ച് മറ്റ് സംസ്കാരങ്ങൾക്ക് മുകളിൽ മേധാശക്തി ആർജിക്കുന്നതും.

**അധികാരം**

അധികാരരൂപീകരണത്തിന് ബഹുമുഖങ്ങളാണുള്ളത്. സാമ്പത്തികാധികാരം, നിയമാധികാരം, ജ്ഞാനാധികാരം, ലിംഗാധികാരം, സംസ്കാരാധികാരം, ഭാഷാധികാരം, വർണാധികാരം എന്നെല്ലാം പറയുമ്പോൾ തന്നെ അധികാരത്തിന്റെ ഓരോ മേഖലകളാണ് വെളിവാകുന്നത്. ഇങ്ങോട്ടൊന്നും വാങ്ങാതെ അങ്ങോട്ടുകൊടുക്കുക മാത്രം ചെയ്യുന്ന ഒരാളുടെ കൈവശമാണ് അധികാരം ഉണ്ടായിരിക്കുക. ഇതുതന്നെയാണ് മാധ്യമങ്ങളുടെ കാര്യത്തിലുമുള്ളത്. മാധ്യമങ്ങൾ അതിന്റെ സ്വഭാവത്തിനനുസരിച്ച് നമുക്ക് പല സേവനങ്ങൾ തരികയും നമ്മളുടെ പല ആവശ്യങ്ങൾക്കും 'മാധ്യമമായി' നിൽക്കുകയും ചെയ്യുന്നു. മാധ്യമത്തിനായിട്ട് എന്തെങ്കിലും കൊടുക്കുവാനോ അതിനോട് പ്രതികരിക്കുവാനോ കഴിയില്ലല്ലോ. ടെലിവിഷൻ കാഴ്ചക്കാർക്ക് വിവിധതരം പ്രോഗ്രാമുകൾ നിരവധിയായ ചാനലുകളിലൂടെ നൽകുന്നു. ഇന്റർനെറ്റ് വെബ്സൈറ്റുകളിലൂടെ അറിവും കാഴ്ചയുമെല്ലാം നൽകുന്നതിനൊപ്പം നമ്മളുടെ സന്ദേശങ്ങളും പാഠങ്ങളും മറ്റുള്ളവരിലെത്തിക്കുകയും ചെയ്യുന്നു.

ഇവിടെ കേവലം 'മാധ്യമം' മാത്രമാണെങ്കിലും ആവശ്യക്കാരനു മുന്നിൽ അധികാരം കൈയാളുന്ന ഒന്നായിത്തീരുന്ന അവസ്ഥയുണ്ട്. മൊബൈൽ ഫോൺ സന്ദേശവിനിമയത്തിനും സ്വീകരണത്തിനുമൊപ്പം മറ്റ് സേവനങ്ങൾ കൂടി ഉപഭോക്താവിന് സാഹചര്യാനുസരണം നൽകുന്നു. മാധ്യമം അതായിരിക്കുന്ന അവസ്ഥയിൽ തന്നെ മനുഷ്യബുദ്ധിയുടെ പ്രവർത്തനത്തിനും ആവശ്യത്തിനുമനുസരിച്ച് പ്രവർത്തിക്കുന്നു. ഈ പ്രവർത്തനത്തിന് 'മാധ്യമങ്ങൾ' കൂടിയേ തീരൂ. ഇവിടെയാണ് മാധ്യമം പ്രസക്തമാകുന്നതും അധികാരം കൈയാളുന്ന മാധ്യമമായി തീരുന്നതും.

**രാഷ്ട്രീയം**

നിർവ്വചിക്കാൻ ബുദ്ധിമുട്ടുള്ള പദമാണ് രാഷ്ട്രീയം. ഇംഗ്ലീഷിലെ Politics എന്ന പദത്തിന് തത്തുല്യമായാണ് മലയാളത്തിൽ രാഷ്ട്രീയമെന്ന പദം ഉപയോഗിക്കുന്നത്. നവമാധ്യമങ്ങൾ രൂപീകരിക്കുന്ന രാഷ്ട്രീയമാണ് ഇവിടെ പ്രതിപാദ്യം. അതിനുമുമ്പ് ഈ പദത്തിന്റെ അർഥവ്യാപ്തി വ്യക്തമാക്കുവാൻ പര്യാപ്തമായ Geoffrey Craig-ന്റെ വിലയിരുത്തൽ പ്രതിപാദിക്കാം. Politics is part of general social and psychological behaviour and arises out of our relationships to basic material needs and desires. Politics is practised at various levels in society: from the neighbourhood to the regional and state level to the national and international arenas.

മാധ്യമങ്ങൾ വിനിമയംചെയ്യുന്ന ആശയവിനിമയങ്ങൾക്കുള്ളിൽ നിന്നുകൊണ്ടാണ് ഓരോ വ്യക്തിയും പ്രവർത്തിക്കുന്നത്. ഇത് വ്യക്തികളുടെ ബോധമനസ്സിനെയും അബോധമനസ്സിനെയും ഉപബോധമനസ്സിനെയും ശക്തമായി തന്നെ സ്വാധീനിക്കുന്നു. ഈ സ്വാധീനത്തിന്റെ ഫലമായി വ്യക്തികൾ പരസ്പരംചേർന്ന് രൂപീകരിക്കുന്ന ആശയവിനിമയ രൂപീകരണ ഘട്ടത്തിൽ മാധ്യമങ്ങളുടെ സ്വാധീനം നിർണായകമായിത്തീരുന്നു. ഈ നിർണായക സ്വാധീനത്തിൽ നിന്നുമാണ് ഓരോ സമൂഹവും രൂപപ്പെടുന്നതും പ്രവർത്തിക്കുന്നതുമെല്ലാം. മാധ്യമം അതിന്റെ അധികാരവും ആധിപത്യവുമെല്ലാം ക്രമത്തിൽ വളർത്തിയെടുക്കുന്ന അവസ്ഥയാണുള്ളത്. വ്യക്തികൾ ആശ്രയിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നതിന്റെ പശ്ചാത്തലത്തിൽ മാധ്യമങ്ങളുടെ പ്രസക്തി ഏറുകയും ക്രമത്തിൽ മാധ്യമങ്ങൾ ആധിപത്യസ്ഥാനത്തേക്ക് വരികയും സവിശേഷമായ രാഷ്ട്രീയം രൂപീകരിക്കുകയും ചെയ്യുന്നു.

**പുരോഗതിയും വിനാശവും**

നവമാധ്യമങ്ങൾ പുരോഗതി മാത്രമല്ല, വിനാശത്തെയും വിനിമയം ചെയ്യുന്ന മധ്യവർത്തികളാണ്. വ്യക്തികൾ തമ്മിലും സമൂഹങ്ങൾ തമ്മിലും രാഷ്ട്രങ്ങൾ തമ്മിലും ബന്ധപ്പെടുവാൻ ഉപകരിക്കുന്നതുപോലെ കലഹിക്കുവാനും വിനാശം വിതയ്ക്കുവാനും മാധ്യമത്തെ വിനിയോഗിക്കുന്നു. ഇതിന് ഏറ്റവും നല്ല ഉദാഹരണമാണ് അസമിൽ നടന്ന കലാപം. ഇന്റർ

നെറ്റും മൊബൈൽഫോണുമാണ് കലാപരൂപീകരണത്തിന് ഉപയോഗിച്ച മാധ്യമങ്ങൾ. മോർഫ്ചെയ്ത ചിത്രങ്ങളും മറ്റേതോ രാജ്യത്തു നടന്ന കൂട്ട ക്കൊലയുടെ ചിത്രങ്ങളുമാണ് അസമിലേതെന്ന വ്യാജേന ഇന്റർനെറ്റിലേക്ക് അപ്ലോഡ് ചെയ്തത്. ഇതിന്റ ഫലമായുണ്ടായ വർഗീയ കലാപത്തിൽ നൂറോളം ആളുകളാണ് കൊല്ലപ്പെട്ടത്. വ്യാജവും മോർഫ് ചെയ്തതുമായ ഉള്ളടക്കങ്ങളുള്ള മുപ്പതിലധികം പേജുകൾ ഇന്റർനെറ്റിലെ സാമൂഹിക കൂട്ടായ്മയായ ടിറ്ററിൽനിന്നും പിൻവലിക്കണമെന്ന് ഇന്ത്യ ആവശ്യപ്പെട്ടു. ഇതിന്റെ ഫലമായി വ്യാജവിവരങ്ങൾ പിൻവലിച്ചതിനൊപ്പം പ്രകോപനപ രമായ വിവരങ്ങൾ വീണ്ടും അപ്ലോഡ്ചെയ്യുന്ന അക്കൗണ്ടുകൾ മരവിപ്പി ക്കുകയും ചെയ്തു. സൈബർ ചാരന്മാർ, മൊബൈൽ വൈറസ്, സൈബർ സേന, സൈബർ ആക്രമണം, സൈബർ യുദ്ധം, സൈബർ മിസൈലുകൾ തുടങ്ങിയുള്ള പദങ്ങൾ മാധ്യമസാങ്കേതികതയുമായി ബന്ധപ്പെട്ട് രാജ്യര ക്ഷാമേഖലയിൽ ഉയോഗിക്കുന്നവയാണ്. മൊബൈലിന്റെ മെമ്മറി വർധി ക്കുകയും അത് പേഴ്സണൽ കമ്പ്യൂട്ടറായി ഉപയോഗിക്കാനും തുടങ്ങിയ തോടെ കമ്പ്യൂട്ടർ ഹാക്ക് ചെയ്യുന്നതുപോലെ മൊബൈൽഫോണും ഹാക്ക് ചെയ്യാൻ തുടങ്ങി. പരമ്പരാഗത കമ്പ്യൂട്ടറുകളുടെ അതേ പ്രവർത്തനമാണ് സ്മാർട്ട് ഫോണുകളും നിർവഹിക്കുന്നത്. ഉന്നതമേഖലകളിൽ ഇരിക്കുന്ന വരും ധനികരും വ്യാപാരികളും ശാസ്ത്രജ്ഞന്മാരുമെല്ലാം പൊതുവെ സ്മാർട്ട്ഫോൺ ഉപയോഗിക്കുന്നതുകൊണ്ട് ഹാക്ക് ചെയ്യുവാനുള്ള സൗകര്യം ഏറെയാണ്. കമ്പ്യൂട്ടറുകളെ ആക്രമിക്കുന്ന വൈറസുകൾ പോലെതന്നെ ഇന്ന് മൊബൈൽ ഫോണുകളെയും ആക്രമിക്കാനുള്ള വൈറ സുകളുണ്ട്. ഇന്റർനെറ്റ് കണക്ഷനുള്ള 94 ശതമാനം മൊബൈൽ ഫോണു കളും സുരക്ഷിതമല്ലെന്നാണ് പഠനങ്ങൾ തെളിയിച്ചിരിക്കുന്നത്. മൊബൈൽ ഫോൺ ഉപയോഗിക്കുന്നവർക്കിടയിൽ ഇഷ്ടപ്പെട്ട ആൻഡ്രോയ്ഡ് ഓപ്പ റേറ്റിങ് സിസ്റ്റം ചാരപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന സോഫ്റ്റ് വെയ റുകളുടെ ഇഷ്ടഇടമായി മാറിക്കഴിഞ്ഞത്രേ. ചൈന നിർമിക്കുന്ന പല മൊബൈൽഫോണുകളും സുരക്ഷിതമല്ലെന്നാണ് പഠനറിപ്പോർട്ടുകൾ പറ യുന്നത്. ഇവരുടെ മൊബൈൽ ഫോണിൽ എന്ത് പ്രവർത്തനം നടന്നാലും അതിന്റെ പകർപ്പ് ചൈനയിലെ കമ്പനികുത്തകകളുടെ സെർവറിലേക്ക് എത്തുംവിധമാണ് ഇവയുടെ നിർമിതിയും പ്രവർത്തനവും. സുരക്ഷിതമെന്ന് പൊതുവെ വിശ്വസിക്കുന്ന ബ്ലാക്ക്ബെറി ഫോണുകളെ കീഴ്പ്പെടുത്താൻ ഡിറ്റ്മോ എന്ന ട്രോജനെ വിനിയോഗിക്കുന്നതായി കാസ്പെറസ്കി ലാബ് കണ്ടെത്തിയിരുന്നു.

രാഷ്ട്രങ്ങൾ തമ്മിലുള്ള ആക്രമണമിപ്പോൾ നിശ്ശബ്ദവും മാരക വുമായ രീതിയിൽ അരങ്ങേറുന്നത് സൈബർ സാധ്യതകളിലൂടെയാണ്. ഇതുവരെ റിപ്പോർട്ട് ചെയ്തതിൽ ഏറ്റവും തീവ്രവും ശക്തവുമായ സൈബർ ആക്രമണം നേരിട്ട രാഷ്ട്രം ഇറാനാണ്. ആണവനിലയത്തിന്റെ സുശക്ത മായ പ്രവർത്തനങ്ങൾക്കുവേണ്ടി ഇറാൻ ഉപയോഗിച്ചിരുന്ന സീമെൻസ്

സോഫ്റ്റ്വെയറുകളാണ് സൈബർ സാങ്കേതികവിദ്യകളിലൂടെ ആക്രമിക്കപ്പെട്ടത്. ഈ ആക്രമണത്തിനു പിന്നിൽ അമേരിക്കയാണെന്നാണ് വിശ്വസിക്കുന്നത്. രണ്ടായിരത്തിപത്തിൽ പാക്കിസ്ഥാന്റെ സൈബർ ആക്രമണഫലമായി ഇന്ത്യയിലെ ആയിരത്തിലേറെ സൈറ്റുകളുടെ പ്രവർത്തനം താറുമാറായി. ബ്രഹ്മോസ് മിസൈൽ, എച്ച്.പി, ഇന്ത്യൻ ഹെൽപ് ഡെസ്ക്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ഇന്ത്യൻ ഡയറക്ടറേറ്റ് ജനറൽ ഓഫ് ഷിപ്പിങ്, കേരള സർക്കാർ എന്നീ വെബ്സൈറ്റുകൾ ഇവയിൽ ചിലതുമാത്രമാണ്. ഇതേവർഷം തന്നെ ഇന്ത്യൻ സൈബർ ആർമിയെന്നു പേരു സ്വീകരിച്ച ഒരു സംഘം പാക്കിസ്ഥാനു നേർക്ക് സൈബർ പ്രത്യാക്രമണം നടത്തി. പാക്കിസ്ഥാന്റെ വിദേശകാര്യം, ധനകാര്യം, വിദ്യാഭ്യാസം, സൈന്യം തുടങ്ങിയവയുടെ സൈറ്റുകളുടെ പ്രവർത്തനം അവർ താറുമാറാക്കി. ഇതേ തുടർന്ന് പാക്കിസ്ഥാനും പ്രത്യാക്രമണം നടത്തി. പാക്കിസ്ഥാൻ സൈബർ ആർമി എന്ന സംഘം സി.ബി.ഐ. യുടെ വെബ്സൈറ്റുകൾക്കു നേരെയാണ് ആക്രമണം അഴിച്ചുവിട്ടത്. ലോകരാഷ്ട്രങ്ങൾക്കിടയിൽ സൈബർ ആക്രമണങ്ങൾ അഴിച്ചുവിടാൻ ഏറ്റവും സുസജ്ജമായി നിൽക്കുന്ന രാഷ്ട്രങ്ങൾ അമേരിക്കയും ചൈനയുമാണ്. ഇതിന്റെ ചുവടുപിടിച്ച് മറ്റ് രാഷ്ട്രങ്ങളും സൈബർ ശക്തി ആർജിക്കുവാനുള്ള പരിശ്രമത്തിലാണ്. മാധ്യമങ്ങൾ ഒരു വശത്തുകൂടി പുരോഗതിയും ജ്ഞാനവുമെല്ലാം മുന്നോട്ടുവയ്ക്കുമ്പോൾ തന്നെ മറ്റൊരു വശത്തുകൂടി അധഃപതനത്തിന്റെയും വിനാശത്തിന്റെയും അവസ്ഥകൾകൂടി രൂപീകരിക്കുന്നുണ്ട്. വ്യക്തികളും സമൂഹങ്ങളും രാഷ്ട്രങ്ങളുമെല്ലാം ഉചിതമായ ഇച്ഛാശക്തിയോടെ പ്രവർത്തിച്ചാൽ മാധ്യമങ്ങളുടെ വിനാശവശത്തെ തിരസ്കരിച്ച് ശ്രേഷ്ഠതയെ സ്വീകരിക്കാനാകും. അങ്ങനെ സ്വീകരിച്ചാൽ മാധ്യമസാന്നിധ്യത്തിലൂടെ അനുദിനം പുരോഗമിക്കുന്ന ഒരു ആഗോളസമൂഹത്തെ രൂപീകരിച്ചെടുക്കാനാവും.

# സൈബർ പൊതു മണ്ഡലത്തിന്റെ പ്രസക്തി

സമൂഹം എന്ന പദം വിപുലമായ അർത്ഥം ഉത്പാദിപ്പിക്കുന്നതാണ്. വ്യക്തികളുടെ സ്വഭാവത്തിന്റെ സവിശേഷതയും പ്രവർത്തനമേഖലയുടെ സമാനതയും പ്രത്യയശാസ്ത്ര വിശ്വാസത്തിന്റെ പൊതുസ്വഭാവവും ചിന്തയുടെയും വ്യവഹാരങ്ങളുടെയും രീതീയുമെല്ലാം സമൂഹ നിർമ്മിതിയിൽ അനിഷേധ്യമായ സ്ഥാനം നിർണ്ണയിക്കുന്നു. സാഹിത്യരൂപങ്ങൾ, കലാരൂപങ്ങൾ, മാധ്യമങ്ങൾ തുടങ്ങിയവ അവയുടെ ആർത്ഥിക ഉത്പാദാനത്തിനനുസരിച്ച് ആസ്വാദകരെ അഥവാ ഉപഭോക്താക്കളെ സൃഷ്ടിക്കുന്നുണ്ട്. ഈ ആസ്വാദകർ അഥവാ ഉപഭോക്താക്കളും സമാനമായ ആസ്വാദന വിനിമയ സ്വഭാവത്തോടുകൂടിയ സമൂഹത്തിന്റെ ഭാഗമാണ്. ഓരോ രാഷ്ട്രവും ഓരോ സമൂഹത്തെയാണ് പ്രതിനിധികരിക്കുന്നത്. ഓരോ മതവും വിശ്വാസരീതികളും പ്രവർത്തനരീതികളും ഓരോ സമൂഹത്തെയാണ് പ്രതിനിധികരിക്കുന്നത്. ലിംഗാധിഷ്ഠിതമായി സ്ത്രീ, പുരുഷൻ എന്നു വ്യവഛേദിക്കുന്നതുപോലെ പ്രായത്തിന്റെയും പ്രവർത്തനമേഖലയുടെയും മനോഭാവത്തിന്റെയും പിൻബലത്തിലും സമൂഹ സങ്കല്പനങ്ങൾ നടത്തുന്നു.

വിശദമായ നിർണ്ണയത്തിൽ ഓരോ വ്യക്തിയും ആഗോള സമൂഹത്തിലെ വിവിധ സമൂഹങ്ങളുടെ ഭാഗമാണ്. ഒരു സമൂഹത്തിനുള്ളിൽ രൂപപ്പെടുന്ന സംവാദങ്ങളും ഒരു സമൂഹത്തിനുള്ളിൽനിന്നും ഇതര സമൂഹങ്ങളുമായി നടത്തുന്ന സംവാദങ്ങളും ആശയവിനിമയത്തിന്റെ ഓരോ രീതികളാണ് വെളിപ്പടുത്തുന്നത് ജുർഗൻ ഹേബർമാസ് (Jurgen Habermas) വിഭാവനം ചെയ്ത് മുന്നോട്ട് വെച്ച പൊതുമണ്ഡലമെന്ന (public sphere) കല്പന സവിശേഷമായ സമൂഹങ്ങളുടെ വ്യവഹാരവ്യാപ്തിയാണ് വിശകലനം ചെയ്യുന്നത്. പൊതുജനങ്ങൾ പൊതുവായ മനോഭാവത്തോടെ ഒത്തുചേരുന്ന പൊതുഇടങ്ങൾ ബഹുസംവാദത്തിന്റെ തുറസായ ഇടങ്ങളാണ്. ഇവിടെ പൊതുജനത്തിന് താല്പര്യമുള്ള ആശയങ്ങൾ രൂപപ്പെടുകയും അങ്ങനെ രൂപപ്പെടുന്ന ആശയങ്ങൾ ആ സമൂഹത്തിലേക്ക് പ്രചരിക്കുകയും

ചെയ്യുന്നു. സവിശേമായ ആ സമൂഹത്തിലെ വ്യക്തികൾ അവർ ബന്ധപ്പെടുന്ന മറ്റ് സമൂഹങ്ങളിലേക്ക് ഈ ആശയം ശക്തമായി പ്രവഹിപ്പിക്കുകയും ബഹു സമൂഹങ്ങൾ അത് ഉൾക്കൊള്ളുകയും ചെയ്യുന്നു.

പത്രം, മാഗസിനുകൾ തുടങ്ങിയ പ്രസിദ്ധീകരണങ്ങൾക്ക് അതിന്റെ വായനക്കാരിലേക്ക് ആശയങ്ങൾ എത്തിക്കുവാനുള്ള ശേഷി ഏറെയാണല്ലോ. ടെലിവിഷൻ ചാനലുകൾ ആശയവിനിമയത്തിന്റെ വിപുലമായ ശൃംഖല തന്നെയാണല്ലോ തീർത്തിരിക്കുന്നത്. യഥാർത്ഥത്തിൽ ഇവിടെയെല്ലാം പത്രം, മാഗസിൻ, ടെലിവിഷൻ ചാനൽ തുടങ്ങിയ സ്ഥാപന ഉടമയുടെ മനോഭാവമാണ് ആശയരൂപീകരണത്തിലും വിനിമയത്തിലും പ്രാധാന്യത്തോടെ പ്രവർത്തിക്കുന്നത്. വർത്തമാനകാലത്ത് ഏറ്റവും വേഗത്തിലും സജീവമായും ആശയവിനിമയങ്ങൾ നടത്തുന്ന മാധ്യമങ്ങളാണ് ഇന്റർനെറ്റും, മൊബൈൽഫോണും. ഈ നവമാധ്യമങ്ങൾ മാധ്യമ സാക്ഷരത നേടിയ ഓരോ വ്യക്തിയുടേയും സ്വകാര്യ ഉപയോഗവസ്തുവും പൊതു ഇടത്തിലേക്ക് അഥവ ബഹുസമൂഹത്തിലേക്ക് തുറന്നുവെച്ചിരിക്കുന്ന ആശയ വിനിമയത്തിന്റെയും സ്വീകരണത്തിന്റയും മാധ്യമ ഇടം കൂടിയാണ്.

സൈബർ പൊതുമണ്ഡലമെന്ന കല്പനയെ ദൃശ്യവൽക്കരിച്ച് ആശയ വിനിമയത്തിന്റെ വിപുലമായ തുറസ് പല വിധത്തിൽ വാട്ട്സ് അപ്പ്, ഫെയ്സ് ബുക്ക്, യൂട്യൂബ്, ടിറ്റർ തുടങ്ങിയ പുതുമാധ്യമ നിർമ്മിതികൾ നിർവ്വഹിക്കുന്ന രീതി ശ്രദ്ധേയമാണ്. വ്യക്തികളുടെ ശാരീരികമായ അസാന്നിദ്ധ്യത്തിലും അവരുടെ ആശയ സാന്നിദ്ധ്യവും ആ ആശയം ആഗോളാടിസ്ഥാനത്തിൽ വേണ്ടവർക്ക് സ്വീകരിക്കുവാനും കഴിയുമെന്നുള്ളത് സൈബർപൊതുമണ്ഡലത്തിന്റെ സവിശേഷതയാണ്. ഒരാശയം പൂർണ്ണമാകുന്നതിന് പല രീതികളുണ്ട്. ആശയം സ്വീകരിക്കുന്നവരുടെ പ്രതികരണം അഥവാ തുടർ ആശയ നിർമ്മിതികൾ കൂടി സമ്മേളിച്ച് ശൃംഖലാരൂപത്തിൽ രൂപപ്പെടുന്ന ആശയങ്ങളുടെ സമഗ്രതയാണ് പൂർണ്ണമായ ആശയമാകുന്നത്. ശബ്ദം, ലിഖിതം, ദൃശ്യം, ചലനാത്മകവും ശബ്ദസന്നിവേശവുമുള്ള ദൃശ്യങ്ങളുടെ സമുച്ചയം തുടങ്ങിയവയിലൂടെയെല്ലാമാണ് ആശയം പൂർണ്ണമാകുന്നത്. ഇവയെല്ലാം ഉചിതമായ രീതിയിൽ ഞൊടിയിടകൊണ്ട് വിവിധ രീതിയിൽ സാധ്യമാക്കാൻ പുതുമാധ്യമങ്ങൾക്ക് കഴിയുന്നു. ഈ പശ്ചാത്തലത്തിലാണ് സൈബർ പൊതുമണ്ഡലത്തിന്റെ കാലികപ്രസക്തിയും ആശയാഖ്യാന വൈവിദ്ധ്യവും ആശയവിനിമയത്തിന്റെ ദൈർഘ്യ വ്യാപ്തിയും പ്രസക്തമാകുന്നത്. സമയത്തെ സന്ദേശത്തിന്റ വേഗതകൊണ്ട് ചുരുക്കുകയും ആശയത്തെ വൈവിദ്ധ്യവുമുള്ള ആഖ്യാനരീതികൊണ്ട് വിപുലപ്പെടുത്തുകയും ആഗോളാടിസ്ഥാനത്തിൽ എത്തിക്കുകയും ചെയ്യും. പുതുതലമുറ മാധ്യമങ്ങൾ ഭാഷ, സാഹിത്യം,സസ്ക്കാരം,ജീവിതം,മനോഭാവം തുടങ്ങിയവയെ പുത്തൻ നിർവചനങ്ങൾക്കു വിധേയമാക്കിയതു പോലെ തന്നെയാണ് ഇനിയൊരനുപാതത്തിൽ പൊതുമണ്ഡല കല്പന

യെയും നവമായ രീതിയിൽ പുനർ ക്രമീകരിച്ചത്. വാട്ട്സ് ആപ്പ്, ഫെയ്സ് ബുക്ക്, യൂ ട്യൂബ്, ടിറ്റർ എന്നിവ രൂപപ്പെട്ടതിന്റെയും ആധികാരിക സന്ദേശ വാഹക രീതികൾ ആയതിന്റെയും നിയതമായ സ്വഭാവസവിശേഷതകൾ പുലർത്തുന്നതിന്റെയും രാഷ്ട്രീയം വിശകലനംചെയ്തുകൊണ്ട് ഇവ രൂപീ കരിക്കുന്ന ആഗോളാടിസ്ഥാനത്തിലുള്ള വിപുലമായ പൊതുമണ്ഡലത്തിന്റെ സ്വഭാവം മനസ്സിലാക്കാവുന്നതാണ്.

**വാട്ട്സ് ആപ്പ്**

സമകാലിക സാമൂഹ്യവ്യവഹാരങ്ങളെ നിർമ്മിക്കുന്നതിലും നിയ ന്ത്രിക്കുന്നതിലും നവമാധ്യമങ്ങൾ ഗണ്യമായ പങ്ക് വഹിക്കുന്നു. നിംബസ് ചാറ്റ്, ഗൂഗിൾ ടോക്ക്, ഫെയ്സ് ബുക്ക് ചാറ്റ്, യാഹൂമെസഞ്ചർ, സ്നാപ് ചാറ്റ്, വി ചാറ്റ് എന്നിങ്ങനെ മുപ്പതോളം സന്ദേശ വിനിമയ ആപ്ലിക്കേഷനുകൾ കമ്പ്യൂട്ടറിലും മൊബൈലിലും സംവേദന സംസ്കാരത്തിന്റെ ഭാഗമായി മാറുന്നു. അനുനിമിഷം മാറ്റങ്ങൾക്കുവിധേയമായിക്കൊണ്ടിരിക്കുന്ന ഈ മേഖലയിലെ പുത്തൻ സാന്നിദ്ധ്യമാണ് വാട്ട്സ് ആപ്പ്, ഫെയ്സ് ബുക്ക്, ടിറ്റർ എന്നീ സോഷ്യൽ നെറ്റ്വർക്ക് സൈറ്റുകൾക്ക് കടുത്ത വെല്ലുവിളിയു യർത്തിയാണ് വാട്ട്സ് ആപ്പ് തരംഗം സൃഷ്ടിക്കുന്നത്.

2009–ൽ ജാൻക്രോം, ബ്രയാൺ ആക്ടൺ എന്നിവർ ചേർന്നാണ് വാട്ട്സ് ആപ്പ് വികസിപ്പിച്ചത്. 2009 നവംബറിൽ തന്നെ വാട്ട്സ് ആപ്പ് ആപ്പ് സ്റ്റോറുകളിൽ ലഭ്യമാക്കി. 2010 മുതൽ തന്നെ യുവാക്കളുടെ ഇഷ്ട സന്ദേ ശോപാധിയായി മാറിയ വാട്ട്സ് ആപ്പ് ആദ്യം സൗജന്യമായി ലഭ്യമായിരു ന്നെങ്കിലും ഉപഭോക്താക്കളുടെ എണ്ണത്തിലുണ്ടായ വർദ്ധനവു കാരണം ഒരു നിശ്ചിത തുകയ്ക്കാണ് പിന്നീട് ലഭ്യമായത്. 2011–ലെ കണക്കുകൾ പ്രകാരം യു.എസ്.ആപ്പ് സ്റ്റോറിലെ ഏറ്റവും മികച്ച 20 ആപ്പ്സുകളിൽ ഒന്നാണ് വാട്ട്സ് ആപ്പ്. 2012 ആഗസറ്റ് ആയപ്പോഴേയ്ക്കും വാട്ട്സ്ആപ്പ് കൈകാര്യം ചെയ്തിരുന്ന സന്ദേശങ്ങളുടെ എണ്ണം പത്ത് ബില്ല്യൺ കവിഞ്ഞു. ജനശ്രദ്ധയേറെ നേടിയ വി ചാറ്റ് മെസേജിങ് ആപ്ലിക്കേഷനെ പിന്നിലാക്കി ഇപ്പോൾ 700 മില്യൺ ഉപഭോക്താക്കൾ വാട്ട്സ് അപ്പിനു സ്വന്തം. ആപ്പ് സറ്റോറിൽ ലോഞ്ച് ചെയ്യപ്പെട്ട വാട്ട്സ് ആപ്പ് 'ബ്ലാക്ക് ബെറി' യിലും 'സിംബയോനി'ലും 'ആൻഡ്രോയിഡി'ലും 'നോക്കിയ സീരീസ് 40'ലും 'നോക്കിയ ആശാപ്ലാറ്റ്ഫോമി'ലും 'വിൻഡോസ്' ഫോണിലും 'ജാവ' ഫോണുകളിലും ഇന്നു ലഭ്യമാണ്. കമ്പ്യൂട്ടറിലും വാട്ട്സ് ആപ്പിനെ സജ്ജീ കരിച്ചിരിക്കുന്ന അവസ്ഥാവിശേഷം സംജാതമായിരിക്കുന്നു.

ജനപ്രിയ മൊബൈൽ മെസേജിംങ് ആപ്ലിക്കേഷനായ വാട്ട്സ് ആപ്പിനെ 'ഫെയ്സ് ബുക്ക്' സ്വന്തമാക്കി എന്ന വാർത്തയാണ് പിന്നീട് നാം കേട്ടത്. 19 ബില്ല്യൺ അമേരിക്കൻ ഡോളറിനാണ് ലോകത്തിലെ ഏറ്റവും വലിയ സോഷ്യൽ നെറ്റ്വർക്കിങ് സൈറ്റായ ഫെയ്സ്ബുക്ക്, വാട്ട്സ് ആപ്പിനെ സ്വന്തമാക്കിയത്. പുതുതലമുറയ്ക്ക് ഏറ്റവും ആവശ്യം വേഗത

യാണ്. വൈവിദ്ധ്യമുള്ള ആശയവിനിമയ വേഗതയുടെ ഏറ്റവും പുതിയ പദമാണ് വാട്ട്സ് ആപ്പ്. അതിവേഗം അതിലളിതം എന്ന രീതിയിലധിഷ്ഠിതമായ ഈ മെസേജിങ്ങ് ആപ്ലിക്കേഷൻ വന്നതോടെ ഫെയ്സ് ബുക്ക് ഉൾപ്പെടെയുള്ള നവ സാമൂഹ്യമാധ്യമങ്ങളുടെ ഗ്രാഫ് താഴോട്ട് പോകുന്ന സാഹചര്യത്തിലാണ് സുക്കർ ബർക്ക് എന്ന ബിസിനസ്സുകാരൻ ബുദ്ധിപരമായിനീങ്ങിയത്. വിലമതിക്കാനാകാത്തത് എന്നാണ് വാട്ട്സ് ആപ്പ് ഏറ്റെടുക്കാനുള്ള തീരുമാനത്തെക്കുറിച്ച് ഫെയ്സ് ബുക്ക് സ്ഥാപകൻ മാർക്ക് സുക്കർ ബർഗ് പ്രതികരിച്ചത്.

**വാട്ട്സ് ആപ്പ് ജനകീയ ഘടകങ്ങൾ**

നിലനിൽക്കുന്ന സന്ദേശ വിനിമയ മാർഗ്ഗങ്ങളിൽ നിന്നും വിപ്ലവകരമായ ദിശാവ്യതിയാനമാണ് വാട്ട്സ് ആപ്പിനുള്ളത്. അതിലുപരി സൗഹാർദ്ദമായ ഉപയോഗ സാധ്യതയുള്ള ഉപാധി എന്ന നിലയിലും വാട്ട്സ് ആപ്പിന്റെ പ്രാധാന്യം ഉയർന്നു നിൽക്കുന്നു.

വിവിധ പ്ലാറ്റ് ഫോമുകളിൽ പ്രവർത്തിക്കുന്ന സ്മാർട്ട് ഫോണുകളിൽ ഉപയോഗിക്കാവുന്ന ആശയ സംവിധാനം സംവേദനത്തിന്റെ ഏതു ഡിജിറ്റൽ വേർഷനേയും ക്ഷണനേരംകൊണ്ട് വിനിമയംചെയ്യാൻ ശേഷിയുള്ള ഇൻസ്റ്റെന്റ് മെസേജുകളുടെ ഉപയോഗ സാധ്യത, മൾട്ടിലിംഗ്വൽ ഭാഷയുടെ സാധ്യത, ഫോൺനമ്പർ കേന്ദ്രിതമായ യൂസർ അക്കൗണ്ടിന്റെ ലഭ്യത എന്നീ പ്രത്യേകതകളാണ് വാട്ട്സ് ആപ്പിനെ ജനകീയമാക്കുന്ന ഘടകങ്ങൾ ഇലക്ട്രോണിക് യുഗത്തിലെ വിവര കൈമാറ്റങ്ങളുടെ ഏറ്റവും പുതിയ ആശയമാണ് ഇൻസ്റ്റന്റ് മെസേജുകൾ. ടെക്സ്റ്റ് മെസേജുകളിൽ മാത്രം ഒതുങ്ങിയിരുന്ന എസ്.എം.എസ്സുകൾക്കു പകരം ഇൻസ്റ്റന്റ് മെസേജിന് ആപ്ലിക്കേഷനുകളിൽ ടെക്സ്റ്റിനു പുറമെ ഫോട്ടോയും വീഡിയോയും ഓഡിയോയും വെബ് ലിങ്കുകളും എല്ലാം അയയ്ക്കാനുള്ളഅവസരം തുറക്കുന്നതിലൂടെ ടെക്സ്റ്റ് മാത്രം എന്നു പരിമിതിയിൽ നിന്ന് ബഹുമാധ്യമാനുഭവം സൃഷ്ടിക്കുവാൻ ഇത്തരം സന്ദേശങ്ങൾക്ക് സാധിക്കുന്നു.

മറ്റു മെസേജിംങ് ആപ്ലിക്കേഷൻസിനു സാധിക്കാത്ത ചെറിയ ചെറിയ തുരുത്തുകൾ (ഗ്രൂപ്പുകൾ) വാട്ട്സ് ആപ്പിൽ സൃഷ്ടിക്കുവാൻ സാധിക്കുന്നു എന്നതും ഇതിന്റെ മേന്മയാണ്. 100 പേരിൽ കൂടുതൽ പേരെ ഒരു ഗ്രൂപ്പിൽ അനുവദിക്കുന്നുമില്ല. ഇതിനെല്ലാം പുറമെ ഇത്തരം ആപ്ലിക്കേഷനുകൾ വ്യക്തികളുടെ സ്വകാര്യതയ്ക്കു നൽകുന്ന ബഹുമാനം വളരെ വലുതാണ്. വാട്ട്സ്ആപ്പ് വ്യക്തികളിൽനിന്ന് ഇ-മെയിൽ വിലാസമോ പിറന്നാൾ ദിനമോ മേൽവിലാസമോ ജിപി.എസ്.ലോക്കേഷനുകളോ ആവശ്യപ്പെടുന്നില്ല. ഫെയ്സ് ബുക്കിനെപ്പോലുള്ള സാമൂഹിക മാധ്യമങ്ങൾ നിരന്തരമായി നിങ്ങൾ ആരാണെന്നും എവിടെയാണെന്നും തുടങ്ങി ഉപഭോക്താക്കളുമായി ബന്ധപ്പെട്ട എല്ലാ സ്വകാര്യവിവരങ്ങളും പിടിച്ചു വാങ്ങിക്കൊണ്ടിരിക്കുമ്പോൾ കേവലം ഒരു ഫോൺനമ്പറിന്റെ മാത്രം വിവര കൈമാറ്റത്തിലൂടെ

ഇൻസ്റ്റന്റ് മെസേജിങ് ആപ്ലിക്കേഷനിലേക്ക് പ്രവേശിക്കാമെന്നതും ഈ മാധ്യത്തെ ജനപ്രിയമാക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്നു. ഒരു വ്യക്തി മറ്റൊരു വ്യക്തിക്ക് കൈമാറുന്ന അല്ലെങ്കിൽ അയയ്ക്കുന്ന ഡിജിറ്റൽ വിവരങ്ങൾ, കൈമാറ്റം നടത്തപ്പെടുന്ന ശൃംഖലയിൽ എവിടെയെങ്കിലും വെച്ച് ചോർത്തപ്പെടുന്നുണ്ടോ എന്നത് ചിന്തിക്കേണ്ട ഒരു പ്രധാന വിഷയമാണ്. ഫെയ്സ്ബുക്ക്,ഗൂഗിൾ, മൈക്രോസോഫ്റ്റ് തുടങ്ങിയ വമ്പൻ കമ്പിനികൾ ഈ ഭീഷണി നേരിട്ടവയാണ്. ഒരിക്കൽ 'ഡെലിവർ' ചെയ്തു കഴിഞ്ഞാൽ എന്നെന്നേക്കുമായി മെസേജുകൾ ഡിലീറ്റു ചെയ്യുന്നതിലൂടെ സ്വകാര്യതയ്ക്കു പ്രാധാന്യം നല്കി ഉപഭോക്താവിൽ വിശ്വാസ്യതയുള്ള ആപ്ലിക്കേഷനായി വാട്ട്സ് ആപ്പ് മാറുന്നു.

ഫെയ്സ്ബുക്ക് അടക്കമുള്ള സാമൂഹിക മാധ്യമങ്ങളിൽ പ്രത്യക്ഷപ്പടുന്ന പരസ്യങ്ങൾ വാട്ട്സ് ആപ്പ് ഉപയോഗിക്കുമ്പോൾ നമ്മെ അലോസരപ്പെടുത്തുന്നില്ല എന്നതും വാട്ട്സ് ആപ്പിനെ ജനസ്വീകാര്യമാക്കുന്നു ബഹുമാധ്യമ സാധ്യതകൾ ഉപയോഗിച്ചുകൊണ്ടുള്ള നിരന്തരവും എളുപ്പത്തിലുമുള്ള സാമൂഹിക ഇടപെടലിന് സഹായിക്കുന്നു എന്നതാണ് വാട്ട്സ് ആപ്പിനെ മറ്റു സാമൂഹിക മാധ്യമങ്ങളെ അപേക്ഷിച്ച് വേറിട്ട് നിർത്തുന്നത്.

**വാട്ട്സ് ആപ്പ് സാമുഹ്യസംവാദ സ്ഥലം എന്ന നിലയിൽ**

സ്ഥലകാലങ്ങളെ ചെറുതാക്കി നവമാധ്യമങ്ങൾ ഒരുക്കുന്ന ഇടം സൈബർ പൊതുമണ്ഡലം എന്ന പേരിലറിയപ്പെടുന്നു. ലോകമെങ്ങും ഇന്ന് സോഷ്യൽ നെറ്റ്വർക്കിങ് സൈറ്റുകൾ സജീവമായ സാമൂഹികസംവാദസ്ഥലങ്ങൾ രൂപപ്പെടുത്തുന്നുണ്ട്. മൊബൈൽ ഫോൺ, കമ്പ്യൂട്ടർ എന്നീ ഇലക്ട്രോണിക് മാധ്യമങ്ങൾ. ഇന്റർനെറ്റിലെ സാമൂഹികമാധ്യങ്ങളായ വിക്കിപീഡിയപോലുള്ള പങ്കാളിത്ത സംരംഭങ്ങൾ,സ്വയം പ്രസാധന സംരംഭങ്ങളായ ബ്ലോഗുകൾ, യൂട്യൂബ് പോലെ ഉള്ളടക്കം പങ്കു വെയ്ക്കാവുന്ന മാധ്യമങ്ങൾ, ഫെയ്സ് ബുക്ക്, ടിറ്റർ, മൈസ്പേസ് തുടങ്ങിയ സൗഹൃദക്കൂട്ടായ്മകൾ, നിംബസ് ചാറ്റ്, ഗുഗിൾ ടോക്ക്, യാഹു മെസഞ്ചർ, സ്നാപ് ചാറ്റ്, വിചാറ്റ് പോലുള്ള മെസേജിങ് ആപ്പിക്കേഷനുകൾ, വൈബർ, സ്കൈപ്പ് തുടങ്ങിയ വീഡിയോ ചാറ്റിങ് സംവിധാനങ്ങൾ എന്നിവയെല്ലാം നിലനിൽക്കെ സംവേദന സംസ്ക്കാരത്തിന്റെ പുതിയ ഇടമായ വാട്സ് ആപ്പിനെയാണ് ഇന്ന് ലോകത്ത് ഏറ്റവും കൂടുതൽ ആളുകൾ സാമൂഹ്യ സംവാദ സ്ഥലം എന്ന നിലയിൽ പരിഗണിക്കുന്നത്.

മൊബൈൽഫോൺ നമ്പറിലൂടെ ആവശ്യമായ ആളുകളെ യഥേഷ്ടം ഉൾപ്പെടുത്തുകയും സമാനമായ ആശയങ്ങൾ പങ്കുവെയ്ക്കാനുംചിന്തിക്കാനും രാഷ്ട്രീയ കാര്യങ്ങൾ ചർച്ച ചെയ്യാനും ഇതിനെല്ലാം പുറമെ ലാഘവത്തോടെ സംസാരിക്കാനും ഉപയോഗിക്കാനുതകുന്ന ഒരു സംവാദ ഇടമാണ് വാട്ട്സ് ആപ്പ്. തമാശകൾ, കടങ്കഥകൾ, ചോദ്യങ്ങൾ, സാമൂഹ്യനിരീക്ഷണങ്ങൾ എന്നിങ്ങനെ ഒട്ടേറെ അറിവുകൾ ഉത്പാദിപ്പിക്കുന്ന സംവേദന

സംസ്കാരത്തിന്റെ പുതിയ ഇടം എന്ന നിലയിൽ വാട്സ് ആപ്പ് ആധുനിക സാങ്കേതികരംഗത്ത് ആശയവിനിമയ വിപ്ലവമായി മാറിയിരിക്കുന്നു.

കേവലം ചുരുങ്ങിയ കാലയളവുകൊണ്ടുതന്നെ സമൂഹത്തിനു മേൽ ഇത്രമാത്രം ഇടപ്പെടുന്ന മറ്റൊരു മെസേജിങ് ആപ്ലിക്കേഷൻ ഉണ്ടോ എന്നത് സംശയമാണ്. സോഷ്യൽ മീഡിയയിലൂടെ ഉരുത്തിരിഞ്ഞ 'കിസ് ഓഫ് ലൗ' എന്ന കൂട്ടായ്മ, സമൂഹത്തിലെ സദാചാര പോലീസിനെതിരെയുള്ള 'ചുംബനസമര'വുമായി രംഗത്തെത്തിയത് വാട്ട്സ് ആപ്പിലൂടെയും മറ്റ് അനവധി മാധ്യമങ്ങളിലൂടെയും സജീവമായ ചർച്ചയ്ക്കു വിധേയമായാണ്. അനുകൂലികളും പ്രതികൂലികളും തമാശകലർന്ന,ചിന്തിപ്പിക്കുന്ന അനേകം പോസ്റ്ററുകളാലും ചിത്രങ്ങളാലും സംവാദത്തെ ഊർജ്ജിതമാക്കി.'ലാലിസ' ത്തെ ചുറ്റിപ്പറ്റിയുണ്ടായ ചർച്ചകളും നിയമസഭയിലെ ബജറ്റ് അവതരണവും സാമൂഹികമാധ്യമങ്ങളിൽ നിറഞ്ഞാടി. ഇത്തരത്തിൽ സമൂഹത്തിൽ നടക്കുന്ന സമകാലിക വിഷയങ്ങളെ വിലയിരുത്തുവാനും അഭിപ്രായങ്ങൾ രേഖപ്പെടുത്തുവാനും ആ വിഷയങ്ങളിൽ സംവദിക്കാനും വാട്ട്സ് ആപ്പ് എന്ന ആശയ പൊതുമണ്ഡലത്തെ ലോകം ഉപയോഗിക്കുന്നു.

ആശയവിനിമയത്തിനായി യു ട്യൂബ്, ഫെയ്സ്ബുക്ക് എന്നീ മാധ്യമങ്ങൾ ഒരുക്കുന്ന ദൃശ്യാഖ്യാന സാധ്യതകളെ വാട്ട്സ് ആപ്പിലും ഫലപ്രദമായി ഉപയോഗിക്കുവാൻ സന്ദേശകർക്ക് സാധിക്കുന്നു. സ്ത്രീകൾ ജീൻസ് ധരിക്കുന്നത് എത്രമാത്രം ഉചിതമാണ് എന്ന യേശുദാസിന്റെ വിലയിരുത്തൽ ദൃശ്യമാധ്യമങ്ങൾ പ്രതിഷേധത്തോടെയും അനുഭാവത്തോടെയും ചർച്ച ചെയ്തു. സരിത.എസ്.നായരുടെ സ്വകാര്യ രംഗങ്ങൾ വാട്ട്സ് ആപ്പിലൂടെ ലോകമാകെ പരക്കുകയും ചെയ്തു. ഒരു വ്യക്തിയുടെ സ്വകാര്യതകളിന്മേലുള്ള കടന്നുകയറ്റമായി ഇത്തരം പ്രവണതകളെ കണക്കാക്കാം.

അതു പോലെ തന്നെ 2014 ജൂലൈ 18നു കണ്ണൂരിലെ പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ വെച്ച് മൂന്നു കുട്ടികളെ പ്രസവിച്ച സ്ത്രീയുടെ പ്രസവരംഗം വാട്ട്സ് ആപ്പിലൂടെ പ്രചരിക്കുകയുണ്ടായി. ഇത്തരം പരിതാപകരമായ ജീവിതാവസ്ഥകളും ഈ മാധ്യമത്തിലൂടെ തന്നെയാണ് ലോകത്തെത്തിയത്.

മുഖ്യാധാരാമാധ്യമങ്ങളും, ചാനലുകളും ചർച്ച ചെയ്യാതെ തിരസ്കരിക്കുന്ന പല വാർത്തകളും ഈ മാധ്യമത്തിൽ നന്നായി സംവദിക്കപ്പെടുന്നുണ്ടെന്നിരിക്കിലും.സഭ്യമല്ലാത്ത വിമർശനങ്ങളും,നവമാധ്യമങ്ങളെ മലിനമാക്കുന്നുണ്ട്. യേശുദാസും പൃഥിരാജും മരിയ ഷറപ്പോവയും ശ്രീശാന്തും, സരിതയും, മോഹൻലാലും, ഏറ്റവമൊടുവിൽ കെ.എം.മാണി വരെ ആ രൂപത്തിൽ സാങ്കതിക വിദ്യയുടെ വളർച്ചയിൽ വിചാരണ ചെയ്യപ്പെട്ടവരാണ്.

ആശയങ്ങളുടെ പലായനങ്ങൾ ഗുണദോഷ സമ്മിശ്രമാണ് വാക്കുകൾകൊണ്ടും ദൃശ്യങ്ങൾകൊണ്ടും തീർക്കുന്ന ഒറ്റപ്പെട്ട പർവ്വതങ്ങളാണ് നവമാധ്യമങ്ങൾ തേടുന്ന ആശയസംവേദനസംസ്കാരം. ഇത്തരത്തിൽ

സംവേദനസംസ്കാരത്തിന്റെ പുതിയ ഇടം എന്ന നിലയിൽ വാട്ട്സ് ആപ്പ് വളരെയധികം സവിശേഷത അർഹിക്കുന്നു.

**ഫെയ്സ് ബുക്ക്**

നൂറു കോടിയിലധികം വ്യക്തികളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് 21-ാം നൂറ്റാണ്ടിലെ തന്നെ ഏറ്റവും വലിയ പ്രതിഭാസമായിമാറിയ സോഷ്യൽ നെറ്റ് വർക്കിങ് സൈറ്റാണ് ഫെയ്സ്ബുക്ക്. മാനുഷിക ബന്ധങ്ങൾ പുതുക്കിപ്പണിയാനും അറ്റുപോയ കണ്ണികളെ വിളക്കിച്ചേർക്കാനും ലോകജനതയുടെ ഇടയിൽ ഒരു പുതിയ മനുഷ്യബന്ധാധിഷ്ഠിത മാധ്യമസങ്കല്പം സൃഷ്ടിക്കാനും കഴിഞ്ഞെന്നുള്ളത് ഫെയ്സ് ബുക്കിന്റെ സവിശേഷതയാണ്.

2004 ഫെബ്രുവരി 4 ന് മസാച്യുസെറ്റ്സ് കേം ബ്രിഡ്ജിലാണ് ഫെയ്സ്ബുക്ക് ജന്മംകൊണ്ടത്. ഹാർഡ് വാർഡ് യൂണിവേഴ്സിറ്റി വിദ്യാർത്ഥിയായ സുക്കർബർഗിന്റെ തലയിലുദിച്ച ഈ ആശയം ഇന്ന് കോടികണക്കിന് ആളുകളുടെ മനസ്സിലേക്കാണ് കടന്നു കയറിയത്. ഏറ്റവും പ്രചാരമുള്ള സോഷ്യൽസൈറ്റ് എന്ന ബഹുമതി മാത്രമല്ല ഫെയ്സ്ബുക്കിനുള്ളത്. മറിച്ച് ഗൂഗിൾ കഴിഞ്ഞാൽ ലോകത്ത് ഏറ്റവുമധികം പേർ സന്ദർശിക്കുന്ന ഇന്റർനെറ്റ് സൈറ്റ് കൂടിയാണിത്.

ആറ് വർഷംകൊണ്ടാണ് ഫെയ്സ്ബുക്കിൽ അംഗസംഖ്യ 50 കോടി തികയുന്നത്. എന്നാൽ തുടർന്നുള്ള 2 വർഷം പിന്നിടുമ്പോഴേക്കും ഇത് നൂറുകോടി കവിഞ്ഞു. ഇനിയും വളർച്ച പ്രവചനാതീതമാവുമെന്നാണ് ഇത് നൽകുന്ന സൂചന. യൂറോപ്പിൽ സൈറ്റിന്റെ വളർച്ച അത്ര ത്വരിതഗതിയിലല്ലെങ്കിലും ഇന്ത്യ പോലുള്ള ഏഷ്യൻ രാജ്യങ്ങളിൽ വൻകുതിപ്പു തന്നെയാണ് ഫെയ്സ്ബുക്ക് നടത്തുന്നത്.

ആഗോളതലത്തിൽ 200 ലേറെ മേഖലകളിലാണ് ഫെയ്സ്ബുക്ക് അതിന്റെ സാന്നിദ്ധ്യമറിയുന്നത്. വത്തിക്കാൻ സിറ്റിയിൽ വെറും 16 ഉപയോക്താക്കൾ മാത്രമേ ഫെയ്സ്ബുക്കിനുള്ളൂ. എങ്കിൽ യു.എസിലെ അംഗസംഖ്യ 16.6 കോടിയാണ്. ഇവയെല്ലാം ഫെയ്സ്ബുക്കിന്റെ പരിധിയിൽപ്പെടുന്നു. അന്യോന്യം കാണാനും ആശയവിനിമയം നടത്താനും നേരമില്ലാത്തെ ഈ കാലഘട്ടത്തിൽ ഫെയ്സ്ബുക്ക് പോലുള്ളവയുടെ സേവനങ്ങൾ അനിവാര്യമാവുകയാണ്. ആധുനിക സൗഹൃദ കൂട്ടായ്മയായ ഫെയ്സ് ബുക്ക് എന്ന സാമൂഹിക മാധ്യമത്തിലൂടെ സമാന ചിന്താഗതിക്കാരായ ആളുകൾ ഒരു നെറ്റ്വർക്കിനു കീഴിൽ ഒന്നിക്കുകയും ആശയങ്ങൾ കൈമാറുകയും ചെയ്യുന്നു.

**സാമൂഹിക ഇടപെടലുകൾ**

ലോകത്തിലെ മൊത്തം ജനസംഖ്യയിൽ ഏഴിൽ ഒരാൾ എന്ന രീതിയിൽ ഫെയ്സ്ബുക്ക് അംഗത്വമുള്ളവരാണ്. ഇന്ത്യയിൽ മാത്രമായി 6 കോടിയിലധികം ഉപയോക്താക്കാളാണ് ഫെയ്സ്ബുക്കിനുള്ളത്. ഇതിലൂടെ ഈ മാധ്യമത്തിന്റെ ജനസ്വാധീനം വ്യക്തമാകുന്നു. ഒരു ദിവസം ഏതാണ്ട് 30

കോടിയിലധികം ഫോട്ടോകളാണ് ഫെയ്സ്ബുക്കിൽ പോസ്റ്റ് ചെയ്യപ്പെടുന്നത്. കമന്റുകളും ലൈക്കുകളും 500 കോടിയിലധികം വരുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അതുകൊണ്ട്തന്നെ സാമൂഹികമായ പ്രശ്നങ്ങളിൽ ഫെയ്സ്ബുക്കിനുള്ള പങ്ക് ഏറെ പ്രാധാന്യമർഹിക്കുന്നു എന്നു വേണം പറയാൻ.

ശബ്ദമില്ലാത്തവന്റെ ശബ്ദമായും അവകാശപോരാട്ടങ്ങളിൽ മുന്നണിപ്പോരാളിയായും ഫെയ്സ്ബുക്ക് മാറുന്ന കാഴ്ച കഴിഞ്ഞ ദശകത്തിന്റെ അന്ത്യപാദങ്ങളിൽ നാം കണ്ടു കഴിഞ്ഞു. ഈജിപ്തിലെ ചോദ്യം ചെയ്യനാവാത്ത അധിപൻ ഹുസ്നി മുബാറക്കിനെ സ്ഥാന ഭ്രഷ്ടനാക്കുന്നതിൽ അവിടുത്തെ യുവാക്കളെ ഒത്തൊരുമിപ്പിക്കുന്നതിൽ വഹിച്ച പങ്കോടെയാണ് ഫെയ്സ്ബുക്ക് ഒരു സമരായുധമായി മാറിയത്. അറബ് വസന്തം എന്ന പേരിൽ പുതിയ ചരിത്രമായി മാറിയ ആ പ്രസ്ഥാനത്തിന് ശക്തമായ ഉപകരണമായതോടെ കേവല വിനോദോപാധിയെന്ന നിലയിൽ നിന്ന് സാമൂഹ്യ പരിവർത്തനോപാധി എന്ന നിലയിലേക്ക് ഈ മാധ്യമത്തിന്റെ സ്വഭാവം മാറി.

മൂന്നരപതിറ്റാണ്ടു നീണ്ട ഏകാധിപത്യ ഭരണകൂടങ്ങളെ തകർത്തു താഴെയിടാൻ വിനിമയവിപ്ലവത്തിനു കഴിഞ്ഞു. തോക്കിൻ കുഴലിലൂടെയോ വാചകകസർത്തിലൂടെയോ അണ്വായുധ രാസപ്രയോഗത്തിലൂടെയോ ആയിരിക്കില്ല നവമാധ്യമവിപ്ലവത്തിലൂടെയായിരിക്കും ആധുനികകാലത്തെ ഭരണം പിടിച്ചെടുക്കലുകളെന്ന് അമേരിക്കൻ ഇലക്ഷൻ വെളിപ്പെടുത്തി. കേവലം ചില ബ്ലോഗിലൂടെ താലിബാന്റെ ഉറക്കം കെടുത്താൻ മലാല എന്ന പതിമൂന്നുകാരിക്കു കഴിഞ്ഞു എന്നതാണ് ഏറ്റവും ചലനാത്മകമായ കാര്യം.

ഇതിന്റെ തുടർചലനങ്ങൾ ഇന്ത്യയിലും കേരളത്തിലും അനുഭവപ്പെട്ടു. സാമൂഹികശൃംഖലകൾ ഉപയോഗിച്ച് സാമൂഹ്യപ്രശ്നങ്ങളിൽ ജനങ്ങളെ എങ്ങനെ ഇടപെടുത്താം എന്നതിന് ഇന്ത്യയിൽ തന്നെ നിരവധി ഉദാഹരണങ്ങളുണ്ട്. രാജ്യ തലസ്ഥാനമായ ന്യൂഡൽഹിയിൽതന്നെ വിവിധ വിഷയങ്ങളുടെ പേരിൽ ജനക്കൂട്ടങ്ങളെ തെരുവിലിറക്കുന്നതിൽ സാമൂഹ്യ ശൃംഖലാമാധ്യമായ ഫെയ്സ്ബുക്ക് വലിയ പങ്കു വഹിച്ചു.രാംലീലാ മൈതാനിയിൽ അണ്ണാഹസാരെയുടെ നേതൃത്വത്തിൽ രൂപപ്പെട്ട അഴിമതി വിരുദ്ധ കൂട്ടായ്മയ്ക്ക് പിന്നണിയൊരുക്കിയത് ഫെയ്സ്ബുക്ക് കൂട്ടായ്മയാണ്.

ഡൽഹിയിലെ കൂട്ടബലാത്സംഗ സംഭവത്തെ തുടർന്ന് ജനകീയ കൂട്ടായ്മകൾ രൂപപ്പെടുത്തുന്നതിനും സ്ത്രീ സുരക്ഷാബില്ലിന്റെ പ്രാധാന്യത്തെക്കുറിച്ചും സാമൂഹ്യമാധ്യമത്തിലെ സ്ത്രീസുരക്ഷയെ സംബന്ധിച്ചും ചർച്ചകൾ രൂപപ്പെടുത്തുന്നതിനും പ്രതിഷേധങ്ങൾ സംഘടപ്പിക്കുന്നതിനും ഫെയ്സ്ബുക്ക് ഉപകരിച്ചതോടെ ഒരു വിപ്ലവായുധം എന്ന നിലയിൽ ഇന്ത്യയിലും ഫെയ്സ്ബുക്ക് മാറി.

സദാചാര പോലീസിനെതിരായി നവംബർ 2 ന് മറൈൻ ഡ്രൈവിൽ സംഘടിപ്പിച്ച ചുംബനക്കൂട്ടത്തെ ഒത്തു ചേർക്കുന്നതിനും ആദിവാസി സമൂ

ഹത്തിന്റെ അവകാശ സംരക്ഷണത്തിനായി സെക്രട്ടറിയേറ്റിനു മുമ്പിൽ ആരംഭിച്ച നിൽപ്പുസമരത്തിന് വലിയതോതിലുള്ള പിന്തുണ രൂപപ്പെടുത്തി യെടുക്കുന്നതിനും ഫെയ്സ്ബുക്ക് സഹായമായി മാറി.

കോർപ്പറേറ്റുകളുടെ താല്പര്യസംരക്ഷണാർത്ഥം മുഖ്യധാരമാധ്യ ങ്ങൾ തമസ്ക്കരിക്കുന്നതോ വളച്ചൊടിക്കുന്നതോ ആയ വാർത്തകളുടെ നേർ ചിത്രം രംഗത്തു കൊണ്ടുവരുന്നതിനും അച്ചടി-ദൃശ്യ മാധ്യമങ്ങളെ വിചാര ണയ്ക്കു വിധേയമാക്കുവാനും ഇവയുടെയൊക്കെ വിശ്വാസ്യതയും സത്യ സന്ധതയും പക്ഷപതവും ചോദ്യംചെയ്യുവാനും വിമർശന വിധേയമാക്കു വാനും ഒരു പരിധിവരെ ഫെയ്സ് ബുക്കിന് സാധ്യമായിട്ടുണ്ട്.

സംവേദനം, അറിവുപകരൽ എന്നീ കാര്യങ്ങൾക്കു വേണ്ടിയാണ് ഫെയ്സ്ബുക്ക് അടക്കമുള്ള സാമൂഹ്യശൃംഖലാമാധ്യമങ്ങൾ ഉപയോഗിച്ചി രുന്നത്. എന്നാൽ അത് പിന്നീട് അഭിപ്രായരൂപീകരണങ്ങളുടെയും സാമൂഹ്യ വികാരപ്രകടനങ്ങളുടെയും കേന്ദ്രമായി മാറി. ഭരണകൂടങ്ങളെപോലും കട പുഴക്കാൻശേഷിയുള്ള ഭീമൻമാധ്യമമായും ഫെയ്സ്ബുക്ക് വളർന്നു. അത്ര മാത്രംആഴത്തിലുള്ള സ്വാധീനം ഉറപ്പിക്കുവാൻ കേവലം ഒരു ദശകം കൊണ്ടു തന്നെ ഫെയ്സ്ബുക്കിനായി.

ഫെയ്സ്ബുക്ക് മുഖ്യവിനോദോപാധി എന്ന നിലയിലും ഇടപെടലുകൾ നടത്തുന്നു. പരമ്പരാഗത വിനോദങ്ങളുടെ സ്ഥാനങ്ങളെ സ്വാംശീകരിച്ചു കൊണ്ടാണ് ഫെയ്സ്ബുക്ക് രംഗപ്രവേശനം ചെയ്യുന്നത്.

രാഷ്ട്രീയം, സിനിമ, ക്രിക്കറ്റ് എന്നീ ത്രിവർഗ്ഗങ്ങളെ അടിസ്ഥാന മാക്കിയാണ് ഫെയ്സ്ബുക്കിൽ സജീവമായി നർമ്മരൂപീകരണം നടക്കു ന്നത്. രാഷ്ട്രീയ നേതാക്കളുടെ പ്രസ്താവനകളുടെ സ്ഥാനത്ത് ചലച്ചിത്ര ശകലങ്ങളോടു കൂട്ടിചേർത്ത് നർമ്മം ഉത്പാദിപ്പിക്കുന്ന രീതിയാണ് പൊതു വിൽ കണ്ടുവരുന്നത്.

കേരളത്തിലെ സമകാലിക സംഭവങ്ങളെ അതിന്റെ പ്രാധാന്യമൊട്ടും ചോരാതെ തന്നെ നർമ്മത്തിന്റെ ഭാഷയിൽ വിമർശിക്കുവാൻ ഫെയ്സ് ബുക്കിനു സാധിക്കുന്നുണ്ട്. ഓരോ വിവാദങ്ങളും ഉണ്ടാകുമ്പോഴും അതിലെ നായകൻ ഒരു ഹാസ്യ കഥാപാത്രത്തെപ്പോലെ ജനപ്രിയനായിത്തീരുക യാണ് പലപ്പോഴും ചെയ്യുന്നത് ഇത് സംഭവങ്ങളെ ലളിതവത്കരിക്കുന്നു.

സാമൂഹ്യവിഷയങ്ങളെ നർമ്മത്തിൽ ചാലിച്ച് അവതരിപ്പിക്കപ്പെടുന്ന പോസ്റ്റുറുകൾ ഒരു തരത്തിൽ പറഞ്ഞാൽ പുതുതലമുറയുടെ പ്രതികരണ ശേഷിയുടെ ഭാഗമാണ്. ഇത്തരത്തിൽ രൂപപ്പെടുന്ന പോസ്റ്ററുകൾ വിഷയ ത്തിന്റെ തീവ്രത നിലനിർത്തിക്കൊണ്ടു തന്നെയാണ് തമാശകൾരൂപപ്പെടു ത്തുന്നത്. അഴിമതി, സ്വജനപക്ഷവാദം, തെറ്റായ രാഷ്ട്രീയ നിലപാടുകൾ, വർഗ്ഗീയത, ഫാസിസ്റ്റ് നടപടികൾ എന്നിങ്ങനെയുള്ള സാമൂഹികപ്രശ്നങ്ങൾ സംബ ന്ധിച്ച പോസ്റ്ററുകൾ ആക്ഷേപഹാസ്യത്തിന്റെ സമകാലികതയെയാണ് വെളിവാക്കുന്നത്.

ഫെയ്സ്ബുക്കിലൂടെ പ്രചരിക്കുകയും ചർച്ചയാവുകയും ചെയ്യുന്ന ഓരോ പോസ്റ്ററുകളും കേരളീയ പൊതുസമൂഹത്തിനിടയിൽ വലിയ തോതിലുള്ള സ്വാധീനം ചെലുത്തുന്നുണ്ട്. സമൂഹം, രാഷ്ട്രീയം, സിനിമ, വിനോദം, വിജ്ഞാനം എന്നിങ്ങനെ സർവ്വതലസ്പർശിയായാണ് ഫെയ്സ് ബുക്ക് ഇടപ്പെടുന്നത്. ഫെയ്സ്ബുക്ക് അടക്കമുള്ള നവമാധ്യമങ്ങൾ സമൂഹത്തിന്റെ ബോധാവബോധത്തിന്റെ രൂപികരണ പ്രക്രിയകളെ നിർമ്മിക്കുകയും പുനർനിർമ്മിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

**യുട്യൂബ്**

സോഷ്യൽ നെറ്റ് വർക്കിങ് സൈറ്റുകളിലെ ഒരു വിഭാഗമാണ് വീഡിയോ-ഫോട്ടോ ഷെയറിഗ് സൈറ്റുകൾ. എല്ലാ സോഷ്യൽ നെറ്റ് വർക്കിങ് സൈറ്റുകളും വീഡിയോകളും ഫോട്ടോകളും ഷെയർ ചെയ്യാൻ അനുവദിക്കുന്നുണ്ട്. എന്നാൽ അതെല്ലാം അവരുടെ പ്രാഥമികമായ പ്രവർത്തനങ്ങളുടെ ഭാഗമായി നടക്കുന്നു എന്നതാണ് വാസ്തവം. എന്നാൽ മുൻപേ പറഞ്ഞ വീഡിയോ-ഫോട്ടോ ഷെയറിംഗ് സൈറ്റുകളുടെ പ്രാഥമിക പരിഗണന ഫോട്ടോകളും വീഡിയോകളും ഷെയർ ചെയ്യുന്നതിനായിരിക്കും.

ഏറ്റവും പ്രചാരം നേടിയ ഒരു വീഡിയോ ഷെയറിംങ് വെബ്സൈറ്റാണ് യുട്യൂബ്. 2005-ൽ ആണ് ഇത് ഉദയംകൊണ്ടത്. സ്റ്റീവ് ചെൻ (Steve Chen), ചാഡ് ഹർലി (Chad Hurley) ജാവേദ് കരീം (Jawad Karim) എന്നിവരാണ് യുട്യൂബ് രൂപപ്പെടുത്തിയത്. 2006ൽ യൂട്യൂബിനെ ഗൂഗിൾ ഏറ്റെടുക്കുകയുണ്ടായി. ക്യാമറയും ഇന്റർനെറ്റും ഏകോപിതമായ മൊബൈൽ ഫോണിന്റെ അതിവ്യാപനം യൂട്യൂബിന്റെ സാർവ്വത്രിക പ്രചാരത്തിന് അവസരമൊരുക്കി. യൂട്യൂബിൽ ആർക്കും വീഡിയോ രംഗങ്ങൾ പോസ്റ്റ് ചെയ്യുന്നതിനും വിഡിയോ ആസ്വദിക്കുന്നതിനും ക്രമീകരിക്കുന്നതിനും സാധിക്കും എന്നത് ദൃശ്യ സംസ്കാരത്തിൽ പുതിയ വാതായനങ്ങൾ രൂപപ്പെടുത്തി. അതുവരെ സാധാരണക്കാരന് അപ്രാപ്യമായിരുന്ന ക്ലാസിക് ചലച്ചിത്രങ്ങൾ ലഭ്യമാക്കുന്നതിലൂടെ കാഴ്ചയുടെ ലോകത്തെ കൂടുതൽ തുറക്കുവാനും അതിസമ്പന്നമായ വീഡിയോ ശേഖരത്തിന്റെ പ്രദർശന സാധ്യതകളെ പ്രേക്ഷകനിലെത്തിക്കാനും യുട്യൂബിനു കഴിഞ്ഞു.

ഗൂഗിളിനും ഫെയ്സ്ബുക്കിനും ശേഷം ഏറ്റവും കൂടുതൽ ഉപഭോക്താക്കൾ ഉള്ളത് യൂട്യൂബിനാണ്. തന്റെ സൃഷ്ടിപരമായ കഴിവുകൾ ലോകത്തിനു മുന്നിൽ അവതരിപ്പിക്കുന്നതിനുള്ള എളുപ്പമാർഗ്ഗമായി യൂട്യൂബിനെ യുവാക്കൾ പ്രയോജനപ്പെടുത്തി.

വ്യത്യസ്ത വിഭാഗങ്ങളിലായി കോടിക്കണക്കിന് വീഡിയോകളാണ് യൂട്യൂബിൽ ഉള്ളത്. സിനിമകൾ, മ്യൂസിക് ആൽബം, ടി.വി.പരിപാടികൾ, പരസ്യങ്ങൾ, ചരിത്ര മുഹർത്തങ്ങൾ. കല്യാണ ചിത്രീകരണങ്ങൾ എന്നിങ്ങിനെ വ്യത്യസ്തങ്ങളായ ധാരാളം ചിത്രീകരണങ്ങൾ ഇവിടെ ലഭ്യമാണ്. 2007-ൽ യൂട്യൂബിന് പതിനെട്ട് രാജ്യങ്ങളിലായി പങ്കാളിത്ത സൈറ്റുകളും,

മൊബൈൽ ഫോൺ ഉപയോക്താക്കൾക്കു മാത്രമായി പ്രത്യേകസൈറ്റും (http://m.youtube.com) ഇന്ന് നിലവിലുണ്ട്. അൽജസീറ ടി.വി.സി.എൽ. എൻ., കെനിയൻ എം.ടി.വി., ഫ്രാൻസ് 24, ബിബിസി, ഏഷ്യാനെറ്റ് ന്യൂസ് തുടങ്ങിയ മാധ്യമ സ്ഥാപനങ്ങളും അവരുടേതായ യൂട്യൂബ് ചാനലുകളിലൂടെ വിവരകൈമാറ്റങ്ങൾ നടത്തുന്നുണ്ട്. യൂട്യൂബിനെ അനുകരിച്ച് നിരവധി വീഡിയോ ഷെയറിങ് കമ്പിനികളും നിലവിൽ വന്നിട്ടുണ്ട്. റെവർ ഡോട്ട് കോം, ഗ്രൂപ്പർ ഡോട്ട് കോം, ട്യൂഡേ ഡോട്ട് കോം,ഐ ഫിലിം ഡോട്ട് കോം തുടങ്ങിയ സൈറ്റുകൾ ഉദാഹരണമാണ്. ഓരോ രാജ്യത്തിനും പ്രത്യേക പതിപ്പുണ്ടാക്കാനും യൂട്യൂബ് ശ്രമിക്കുന്നുണ്ട്.

ഓൺലൈൻ വീഡിയോകളുടെ സർവ്വവിജ്ഞാനകോശം ആണ് യൂട്യൂബ് എന്ന് ഇന്ത്യാ വിഷൻ ടി വി അഭിപ്രായപ്പെടുന്നു. (http://www.indiavisiontv.com/2012/03/17/47617.html) ബ്രോഡ്കാസ്റ്റ് യുവേഴ്സെൽഫ് (Broad cast Yourself) എന്ന പരസ്യവാചകവുമായി നവമാധ്യമരംഗത്തെത്തിയ യുട്യൂബിൽ അവനവൻ സംപ്രേഷകനാകുന്നു. ദിനംപ്രതി കോടികണക്കിന് മിനിറ്റ് വീഡിയോകളാണ് യൂട്യൂബിൽ സംപ്രഷണംചെയ്യുന്നത്. ഇപ്രകാരം ലഭിക്കുന്ന വീഡിയോകളുടെ വിശ്വാസ്യതയും ചില സമയങ്ങളിൽ ചോദ്യം ചെയ്യപ്പെടുന്നുണ്ട്.

യൂട്യൂബിലെ വീഡിയോകൾ സംബന്ധിച്ച നിരവധി സംശയങ്ങൾ ചില ഘട്ടങ്ങളിൽ ഉയർന്നു വരുന്നുണ്ട്. കൃത്രിമമായി നിർമ്മിക്കപ്പെട്ടവയാണോ ഇവ എന്ന് വിശകലനംചെയ്യാൻ ഇന്ന് കൃത്യമായ സംവിധാനങ്ങളില്ല. സെക്സ്, വയലൻസ്, മതവൈരം വളർത്തുന്ന വീഡിയോ ദൃശ്യങ്ങൾ എന്നിവ വിലക്കുകൾ ലംഘിച്ച് യൂട്യൂബിൽ പ്രത്യക്ഷപ്പെടുന്നതാണ് ഇതിൽ പ്രധാനം. 'ഇന്നസെന്റ്സ് ഓഫ് മുസ്ലീംസ്' എന്ന മുസ്ലീം വിരുദ്ധ സിനിമ യൂട്യൂബിലൂടെ പ്രചരിച്ചത് ഇതിന് ഉദാഹരണമാണ്. സിനിമയുടെ അവതരണത്തെ തുടർന്ന് നടന്ന കലാപത്തിൽ കുറെ ആളുകൾ കൊല്ലപ്പെടുകയും ചെയ്തു. മാധ്യമ സ്വാതന്ത്ര്യത്തിന്റെ പേരിൽ യൂട്യൂബിൽ എന്തും പ്രദർശിപ്പിക്കാം എന്നത് അപകടകരമാണെന്ന് ഈ സംഭവം തെളിയിക്കുന്നു.

ലോകം കീഴടക്കിയ കാഴ്ചാശീലമായി ഇന്ന് യൂട്യൂബ് മാറിയിരിക്കുന്നു. ഇന്ത്യയിൽ യൂ ട്യൂബ് ഓഫ് ലൈനിലും ഏതാനും ആഴ്ചകൾക്കുള്ളിൽ ലഭ്യമാകുമെന്ന മാതൃഭൂമി വാർത്ത പ്രതീക്ഷക്കിട നല്കുന്നതാണ്. (http://www. mathrubhumi.com) അതായത് ഇന്റർനെറ്റ് കണക്ടിവിറ്റി ഇല്ലാതെ യൂ ട്യൂബിലെ ദൃശ്യങ്ങൾ കമ്പ്യൂട്ടറിലും സ്മാർട്ട് ഫോണുകളിലും ടാബുകളിലും ലഭ്യമാകും.

ഇന്ത്യയിൽ യൂട്യൂബിന് ഇരുപത് ദശലക്ഷത്തിലധികം കാഴ്ചക്കാരുണ്ട് എന്ന കണ്ടെത്തൽ മലയാളം വെബ്-ഡൂണിയ എന്ന വെബ് ചാനലിന്റെതാണ്. (http://malayalam.webdunia.com) ബോളിവുഡ് സിനിമയും ക്രിക്കറ്റുമാണ് പ്രധാന കാഴചയിടങ്ങൾ.നിരവധി ബോളിവുഡ് ക്ലാസിക് സിനി

മയും ലഭ്യമാണ്. തമിഴ് സിനിമാനടൻ കമലഹാസൻ സ്വന്തമായി തുടങ്ങിയ യൂട്യൂബ് ചാനൽ സന്ദർശിച്ചത് 50,000 പേരാണ് (htt://www.youtube.com/kvaaimozhi).

കാലങ്ങളായി പരിചയിച്ചു പോന്ന ആസ്വാദന ശീലങ്ങൾ പൊളിച്ചെഴുതിയാണ് യൂട്യൂബിൽ ഓരോ ഹിറ്റുകളും പിറക്കുന്നത്. പോപ്പുലർ വീഡിയോകളുടെ അപ്പോസ്തലൻ മൈക്കിൾ ജാക്സനെ ലോകം അറിയുവാൻ വർഷങ്ങളെടുത്തുവെങ്കിൽ അധികമാർക്കും മനസ്സിലാകാത്ത കൊറിയൻ ഭാഷയിൽ പുറത്തിറങ്ങിയ സൈയുടെ 'ഗന്നം സ്റ്റൈൽ' എന്ന ആൽബം പുറത്തിറങ്ങി മാസങ്ങൾക്കുള്ളിൽത്തന്നെ കോടിക്കണക്കിനാളുകൾ കാണുകയുണ്ടായി. തികച്ചും പ്രാദേശിക കലാകാരനായിരുന്ന സൈ യുടെ കലാജീവിതം ആഗോളതലത്തിൽ പ്രശസ്തി ആർജിക്കാൻ വെറും മാസങ്ങൾ മാത്രമാണ് വേണ്ടി വന്നത് എന്നുള്ളത് സൈബർ മാധ്യമങ്ങളുടെ വ്യാപനശേഷിയുടെയും സ്വാധീനത്തിന്റെയും ഏറ്റവും മികച്ച ഉദാഹരണമാണ്.

സ്വതന്ത്ര ദൃശ്യമാധ്യമമായ യുട്യൂബിനെ മലയാളി സൈബർ സമൂഹവും ഫലപ്രദമായി ഉപയോഗപ്പെടുത്തി. സന്തോഷ് പണ്ഡിറ്റിന്റെ 'കൃഷ്ണനും രാധയും' (2011) എന്ന ചലച്ചിത്രം വെള്ളിത്തിരയിൽ എത്തുന്നതിനു മുമ്പേതന്നെ ചലചിത്രഗാനങ്ങൾ യൂട്യൂബിൽ പ്രദർശിപ്പിച്ച് ചലച്ചിത്ര വിപണന തന്ത്രമെന്ന നിലയിൽ യൂട്യൂബിനെ കാര്യക്ഷമമായി പ്രയോജനപ്പെടുത്തി.

ചന്ദ്രലേഖ എന്ന വീട്ടമ്മ 'രാജഹംസമേ' എന്ന ചലച്ചിത്രഗാനം ആലപിക്കുന്ന വീഡിയോ യൂട്യൂബിലൂടെ പുറത്തുവന്നതിന് ശേഷം പ്രേക്ഷക ലക്ഷങ്ങൾ അത് ആസ്വദിക്കുകയും അതോടെ ചന്ദ്രലേഖയ്ക്ക് മലയാള ചലച്ചിത്രഗാന പിന്നണി രംഗത്തേക്ക് കടന്നു വരാനുള്ള അവസരവും സംജാതമായി. ചന്ദ്രലേഖയുടെ ഏറ്റവും പുതിയ പ്രൊജക്ടായ ജാസിഗിഫ്റ്റുമായി ഒരുമിച്ചുള്ള 'It's Time to BALLE' എന്ന ക്രിസ്തുമസ് ഗാനം ഇതിനോടപ്പം യൂ ട്യൂബിൽ സൂപ്പർ ഹിറ്റായി മാറിയിരിക്കുകയാണ്. ഇവയൊക്കെ വ്യക്തമാക്കുന്നത് സൈബർ മാധ്യമങ്ങൾ സമൂഹത്തിന്റെ അടരുകളിലേക്ക് അരിച്ചരിച്ച് ഇറങ്ങി അതിന്റെ സ്വാധീനം ബലപ്പെടുത്തി എന്നതാണ്. സൈബർ ഇടത്തിൽ രചിക്കപ്പെട്ടതും ദൃശ്യവത്കരിക്കപ്പെട്ടതുമായ മനുഷ്യജീവിതം ആഖ്യാനത്തിന്റ വ്യത്യസ്തവും നൂതനവുമായ നിരവധി മുഹൂർത്തങ്ങൾ അവതരിപ്പിക്കുന്നുണ്ട്.

അച്ചടി മാധ്യമങ്ങൾക്ക് അന്യമായ ചലന-വർണ്ണ ശബ്ദമിശ്രണം സമർത്ഥമായ രീതിയിൽ ഉപയോഗിക്കുവാൻ യൂട്യൂബ് അടക്കമുള്ള നവമാധ്യങ്ങൾക്ക് കഴിയുന്നുണ്ട്. ഇതിലൂടെ ദൃശ്യഭാഷയുടെ പുതു നിർമ്മിതി സാധ്യമായി. ലിപിയിലധിഷ്ഠിതമായ ഭാഷയുടെ പരിമിതികളെ മറികടക്കുവാൻ നവദൃശ്യഭാഷകൾ സമൂഹത്തെ പ്രാപ്തമാകുകയും ചെയ്തു.

**ട്വിറ്റർ**

ആഗോളതലത്തിൽ ചുരുങ്ങിയ കാലംകൊണ്ട് തന്നെ പ്രചുരപ്രചാരം നേടിയ സോഷ്യൽ നെറ്റ് വർക്കിങ്/മൈക്രോ ബ്ലോഗിങ് സൈറ്റാണ് ട്വിറ്റർ. ബ്ലോഗിങ് ജനകീയമാകുവാൻ തുടങ്ങിയതോടെ ആശയങ്ങൾ കുറേക്കൂടി ലളിതമായി എങ്ങനെ ജനങ്ങളിൽ എത്തിക്കാം എന്ന സാങ്കേതിക വിദഗ്ദ്ധരുടെ ആലോചനയിലാണ് ട്വിറ്റർ രൂപം കൊള്ളുന്നത്.

2006-ൽ ജാക്ക് ഡോർസെയാണ് കാലിഫോർണിയയിൽ ട്വിറ്ററിന് തുടക്കം കുറിക്കുന്നത്. പോഡ്കാസ്റ്റിങ്ങ് കമ്പനിയായ ഓഡിയോ (Odeo)യിലെ ജീവനക്കാർക്കിടയിൽ വിവരങ്ങൾ കൈമാറാനായി ചെറു സന്ദേശങ്ങൾ അയ്ക്കുക എന്ന ആശയത്തിൽനിന്നാണ് കമ്പനി ഉദ്യോഗസ്ഥൻ കൂടിയായ ഡോർസെ ട്വിറ്റർ ആരംഭിക്കുന്നത്. 2006 മാർച്ച് 21ന് ആദ്യ ട്വീറ്റ് അയ്ക്കപ്പെട്ടു.

അതേവർഷം ജൂലൈ 15ന് ട്വിറ്റർ പൊതു ഉപയോഗത്തിനായി ലഭ്യമായിത്തുടങ്ങി. 2007-ലെ സൗത്ത് ബൈ സൗത്ത് (SXSW) ഇവന്റോടുകൂടി ട്വിറ്റർ വൻ ജനസമ്മതി നേടി. പിന്നീടങ്ങോട്ട് കണ്ണടച്ചു തുറക്കുന്ന വേഗത്തിലായിരുന്നു കമ്പനിയുടെ വളർച്ച.

നാം ഇന്നു കാണുന്ന രീതിയിൽ ട്വിറ്ററിന്റെ രൂപം മാറ്റിയത് 2010 സെപ്തംബർ 14നായിരുന്നു. നിലവിൽ 100 മില്യനിലധികം ഉപയോക്താക്കളാണ് ട്വിറ്ററിനുള്ളത്. ബ്ലോഗിൽ നിന്ന് ട്വിറ്ററിനെ വ്യത്യസ്തമാക്കുന്നത് അതിന്റെ ഉള്ളടക്കത്തിന്റെ പ്രത്യേകതകൊണ്ടാണ്. ഒറ്റവാചകം,ഇമേജ്,പത്ത് സെക്കന്റ് വീഡിയോ എന്നിങ്ങനെ ഇതിന്റെ ഉള്ളടക്കം പരിമിതപ്പെടുത്തിയിരിക്കുന്നു. ഇന്ത്യയിൽ ട്വിറ്റർ ഉപയോഗിക്കുന്നവരുടെ എണ്ണം ഫെയ്സ്ബുക്ക് ഉപയോക്താക്കളുടെ എണ്ണത്തിൽ താഴെയാണെങ്കിലും ഉപയോഗിക്കുന്നവരുടെ ക്ലാസ്കൊണ്ട് ഉന്നതശ്രേണിയിൽ നിൽക്കുന്ന സാമൂഹിക ശൃംഖലാമാധ്യമമാണ് ട്വിറ്റർ.

നിങ്ങളിപ്പോൾ ചെയ്യുന്നതെന്താണെന്ന് സുഹൃത്തുക്കളെ അറിയിക്കുക എന്ന ശൈലിയാണ് ട്വിറ്റർ. ഇതിൽ നാം ഉപയോഗിക്കുന്ന ആശയത്തെ ട്വീറ്റ്സ് (tweets) എന്നു വിളിക്കുന്നു. എസ്.എം.എസ്. ഉപയോഗിച്ചും ട്വിറ്റർ വെബ്സൈറ്റിലേക്ക് സന്ദേശങ്ങൾ അയക്കുന്നതിന് സാധിക്കും.

ട്വിറ്ററിൽ മാത്രമായി ഉപയോഗിക്കുന്ന ചില സാങ്കേതികപദങ്ങളുണ്ട്. ട്വിറ്ററിലൂടെ കൈമാറുന്ന ചെറുസന്ദേശങ്ങളാണ് ട്വീറ്റുകൾ. ട്വിറ്ററിൽ മറ്റുള്ളവരുടെ ട്വീറ്റുകൾ, നമ്മുടെ ആശയം വ്യക്തമാക്കുന്നതിനായി വീണ്ടും ഉപയോഗിക്കുന്നതിനെയാണ് റീട്വീറ്റ് (Retweet) ഓപ്ഷൻ ഉപയോഗിക്കുന്നത്. ആകർഷകമായീ തോന്നിയ ഒരു ട്വീറ്റിന് നല്കുന്ന മറുപടിയാണ് Reply (റിപ്ലൈ). പരാമാവധി 160 ക്യാരക്ടറുകളിൽ ഒരുപയോക്താവ് അയാളെകുറിച്ച് സ്വന്തം അക്കൗണ്ടിൽ നല്കുന്ന വിവരണമാണ് ബയോ (Bio) ട്വിറ്ററിൽ നൽകുന്ന പ്രൊഫൈൽപിക്ചറിനെ അവതാർ (Avatar) എന്നു പറയുന്നു. ട്വിറ്ററിൽ ഏറെ പ്രധാനപ്പെട്ട ഒരു സവിശേഷതായാണ് ഫോളോ

(follow) എന്നത്. ട്വിറ്ററിൽ ഒരാളുടെ ട്വീറ്റുകളും അപ്ഡേറ്റുകളും സബ്സ്ക്രൈബ് ചെയ്യുന്നതിനെയാണ് ഫോളോ എന്നു പരയുന്നത്. Follow ഓപ്ഷനിലൂടെ മറ്റൊരാളുടെ പ്രൊഫൈൽ സബ്സ്ക്രൈബ് ചെയ്തയാളാണ് ഫോളോവർ (Follower). ഫോളോവറായി ഒരാളുടെ ട്വീറ്റുകൾ സബ്സ്ക്രൈബ് ചെയ്യുന്നതിനെയാണ് ഫോളോയിങ്ങ് (following) എന്നു വിവക്ഷിക്കുന്നത്.

വെറുമൊരു ഹ്രസ്വസന്ദേശ വിനിമയത്തിനുള്ള ഉപാധി എന്ന നിലയിലാണ് ട്വിറ്റർ ആരംഭിച്ചത്. എന്നാൽ വളരുന്നതിനോടോപ്പം സ്വാഭാവികമായ മാറ്റങ്ങളും ഇവയുടെ ഉപയോഗത്തിൽ കൈവന്നിട്ടുണ്ട്. സൗഹൃദകൂട്ടായ്മ എന്നതിലൂപരി ആധുനിക ലോകത്ത് പല പുതിയ വിപ്ലവങ്ങൾക്ക് വഴിമരുന്നിട്ടത് ട്വിറ്ററാണെന്ന കാര്യം വിസ്മരിക്കാനാവില്ല.

2008 നവംബർ 26ലെ മുബൈ തീവ്രവാദി ആക്രമണ സമയത്ത് ട്വിറ്റർ പല പ്രധാന വാർത്തകളും ജനങ്ങളിൽ എത്തിക്കാൻ സഹായിച്ചു. ഇതിൽ ഏറ്റവും അവസാനത്തേത് 2011-ലെ ഈജിപ്ത് വിപ്ലവമായിരുന്നു. ഏറ്റവും ജനശ്രദ്ധയാകർഷിച്ചതും ഇതു തന്നെ. വിപ്ലവത്തിനുള്ള ആഹ്വാനം നടത്തിയത് ട്വിറ്ററിലൂടെയായിരുന്നു. ഇതു കൂടാതെ 2010-11 ലെ ടുണീഷ്യൻ പ്രതിഷേധങ്ങൾ, 2009-2010 ഇറാനിയൻ ഇലക്ഷൻ പ്രതിഷേധങ്ങൾ തുടങ്ങിയവയ്ക്കെല്ലാം വിത്തു പാകിയതും വളർത്തിയതുമെല്ലാം ട്വിറ്ററിൽത്തന്നെ. കൃത്യമായ വിവരങ്ങൾ തത്സമയം ജനങ്ങളിലെത്തിക്കാൻ സാധിക്കുമെന്നതും വളരെ വേഗത്തിൽ പ്രചരിപ്പിക്കാനും കഴിയുമെന്നതും ഇതിനെ ഏറെ പ്രയോജനപ്രദമായ ആയുധമാക്കി മാറുന്നു.

വിദേശങ്ങളിൽ പലയിടത്തും ട്വിറ്റർ ആശയവിനിമയത്തിനും വിദ്യാഭ്യാസാവശ്യങ്ങൾക്കും ഉപയോഗിക്കുന്നു. സഭാകമ്പമുള്ള വിദ്യാർത്ഥികൾക്കും അവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്താൻ ഇതനുവദിക്കുന്നു എന്നതാണ് വെളിപ്പെടുത്തൽ. കൂടാതെ പല പരിപാടികളുടെയും ടി.വി പ്രോഗ്രാമുകളുടെയും പ്രമോഷനു വേണ്ടിയും ട്വിറ്റർ പ്രയോജനപ്പെടുത്തുന്നവരുണ്ട്.

ഐഫോൺ, ഐപാഡ്, ആൻഡ്രോയിഡ്,വിൻഡോസ് ഫോൺ, ബ്ലാക്ക് ബെറി,നോക്കിയ 540 എന്നിവയ്ക്കായി മൊബൈൽ ആപ്ലീക്കേഷനുകൾ ട്വിറ്ററിലുണ്ട്. കൂടാതെ മൊബൈൽ ഡിവൈസുകൾക്കും എസ്.എം.എസ്,എം.എം.എസ് എന്നിവയ്ക്കും വേണ്ടിയുമുള്ള വെർഷനുകളുണ്ട്.

ഇന്റർനെറ്റിലൂടെയുള്ള വിപണന സാധ്യതകൾ അനന്തമാണ് സോഷ്യൽനെറ്റ് വർക്കിങ് സൈറ്റുകളെയും ഇതിനു വേണ്ടി ഉപയോഗിക്കാറുണ്ട്. വൻ സുഹൃദ് വലയങ്ങളും ബിസിനസ് ചർച്ച ചെയ്യപ്പെടാനുള്ളസാധ്യതയും സോഷ്യൽ നെറ്റ് വർക്കിങ് സൈറ്റുകളിൽ ഏറെയാണ്.

ട്വിറ്ററിന്റെ പ്രത്യേകത പുതിയ വാർത്തകൾ അറിയാനുള്ള ഉപയോക്താക്കളുടെ ഔത്സുക്യമാണ്. അതിനാൽത്തന്നെ പുതിയ ആശയങ്ങൾ,

സേവനങ്ങൾ,അവസരങ്ങൾ എന്നിവയെല്ലാം ട്വിറ്ററിൽ എളുപ്പം ശ്രദ്ധയാകർഷിക്കപ്പെടും. ബിസിനസ് വളരാനും പുരോഗതി പ്രാപിക്കാനുള്ള സാധ്യതകൾ ട്വിറ്ററിലൂടെ ലഭ്യമാണ്. പരസ്യം നൽകിയും പ്രമോട്ട് ചെയ്തും ബിസിനിസ് വളർത്താനുമുള്ള സൗകര്യവും ട്വിറ്ററിലുണ്ട്.

ഒബാമ അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ട്വിറ്റർ സമർത്ഥമായി ഉപയോഗിച്ച് വോട്ടർമാരുമായി ആശയവിനിമയം നടത്തിയിരുന്നു. സച്ചിൻതെണ്ടുൽക്കർ ആണ് ഏറ്റവും വേഗത്തിൽ ട്വിറ്ററിൽ അനുഗമിക്കാർ വർദ്ധിക്കുന്ന വ്യക്തി. ട്വിറ്റർ അറിയപ്പെടുന്നത് SMS of Internet എന്നാണ്. വ്യക്തികൾ മാത്രമല്ല പത്രമാസികകളും സന്നദ്ധ സംഘടനകളും വ്യവസായ വാണിജ്യസ്ഥാപനങ്ങളും ട്വിറ്റർ സേവനം ഉപയോഗിക്കുന്നുണ്ട്.

നവമാധ്യമ കേന്ദ്രീകൃതമായി രൂപപ്പെടുന്ന പൊതുമണ്ഡലങ്ങൾ അനുദിനം സാങ്കതികമായും സാംസ്കാരികമായും പുരോഗമിക്കുന്ന സമൂഹങ്ങളുടെ ചുവരെഴുത്തുകൂടിയാണ്. ഒരു പൊതുണ്ഡലവും വളരെ ക്കാലം നിലനിൽക്കുന്ന ഒന്നല്ല. കാലത്തിനും മനുഷ്യന്റെ ആവശ്യത്തിനും ആശയവിനിമയ രീതികൾക്കുമനുസരിച്ച് പരിവർത്തനപ്പെട്ടുകൊണ്ടിരിക്കുന്നതാണ് പൊതുമണ്ഡല കല്പന. സംഘം ചേരുവാനും സംഘം ചേർന്ന് ആശയവിനിമയം നടത്താനുമുള്ള സാമൂഹ്യജീവിയായ മനുഷ്യന്റെ പൊതുവ്യവഹാരങ്ങളെ നിർണ്ണയിക്കുവാനും കാലാകാലങ്ങളിലൂടെ നിർവചിക്കാനും കാലാനുസൃതമായി രൂപപ്പെടുന്ന പൊതുമണ്ഡലങ്ങൾക്ക് കഴിയുന്നു. ഈ പശ്ചാത്തലത്തിലാണ് വിവിധസ്വഭാവത്തോടു കൂടിയ സൈബർ പൊതുമണ്ഡലങ്ങൾ വർത്തമാനകാലത്ത് പ്രസക്തമാകുന്നത്.

വർത്തമാനകാല പ്രസക്തമായ പൊതുമണ്ഡല പഠനം സൈബർ പൊതുമണ്ഡലങ്ങളുടെ സാധ്യതയും പ്രസക്തിയും സൗന്ദര്യശാസ്ത്രവുമാണ് തീക്ഷണതയോടെ ആരായുന്നത്. വർത്തമാനകാല മനുഷ്യന്റെ മനസും മനശാസ്ത്രവും ആരായുമ്പോൾ നവമാധ്യമങ്ങളും മാധ്യമകേന്ദ്രീകൃത വ്യവഹാരങ്ങളും പ്രഥമസ്ഥാനത്തേയ്ക്കു വരുന്നു. മനസിന്റെ പ്രവർത്തനഭാഗമായ ഭാവന,സർഗ്ഗാത്മ വിശകലനം, ചിന്ത, മനോഭാവം,വീക്ഷണം തുടങ്ങിയവയെല്ലാം രൂപപ്പെടുന്നതും പ്രവർത്തനക്ഷമമാകുന്നതും അവൻ നിരന്തരം ബന്ധപ്പെടുന്ന സാമൂഹ്യപ്രവർത്തനങ്ങളുടെ ഭാഗമായും സാക്ഷരതയുടെ പിൻബലത്തിലുമാണ്. ഇവയെല്ലാം ഓരോതരത്തിൽ സൈബർ മേഖലകളുമായി ബന്ധപ്പെടുമ്പോൾ വ്യക്തിതന്നെ അനുദിനം നവീകരണത്തിന് വിധേയമാകുന്നു. ഈ നവീകരണം സാമൂഹ്യബന്ധങ്ങളെയും പൊതുമണ്ഡലവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെയും അനുദിനം നവമായ രീതിയിൽ ക്രമീകരിച്ചുകൊണ്ടിരിക്കും.

# സൈബർകാലത്തെ ദൃശ്യാഖ്യാനങ്ങൾ

മാനവരാശിയുടെ വളർച്ചാചരിത്രം ഭാഷാജ്ഞാനവും ഭാഷാവിനിമയരീതികളുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. ആശയാവിഷ്കാരത്തിന്റെയും ആശയവിനിമയത്തിന്റെയും ഏറ്റവും നൂതനമായ മാധ്യമങ്ങളെയാണ് നവമാധ്യമങ്ങളെന്ന് വ്യവഹരിക്കുന്നത്. ഇന്റർനെറ്റും മൊബൈൽ ഫോണുമാണ് നവമാധ്യമങ്ങൾ. എന്തുകൊണ്ടാണ് ഈ മാധ്യമങ്ങളെ നവമാധ്യമങ്ങളെന്നു വിളിക്കുന്നത്? ആശയരൂപീകരണത്തിലും വിനിമയത്തിലും നവമായ സാധ്യതകളും വേഗതയും ഉൾക്കൊള്ളുന്നതുകൊണ്ടാണ് നവമാധ്യമമെന്ന് വിളിക്കുന്നതെന്ന് പ്രാഥമികമായി പറയാം. ശാസ്ത്ര സാങ്കേതികതയുടെ പിൻബലത്തോടെ അനുദിനമെന്നതുപോലെ ഈ മാധ്യമങ്ങൾ ആശയരൂപീകരണ വിനിമയരീതികൾ പുതുക്കുന്നു. വർത്തമാനകാല സാക്ഷരത നവമാധ്യമ സാക്ഷരതയാണ്. നവമാധ്യമ സാക്ഷരത അനുദിനം പുതുക്കിക്കൊണ്ടിരിക്കേണ്ട ഒന്നാണ്. ഈ പുതുക്കൽ നടത്തുന്നവരുടെ മസ്തിഷ്കത്തിന് വേഗത, സർഗ്ഗാത്മകത, ദൃശ്യബോധം തുടങ്ങിയവ സ്വാഭാവികതയോടെ കൈവരുന്നു. വർത്തമാനകാല സൈബർ സംസ്കാരത്തിന്റെ ബഹുവിഷയമേഖലകളിലൂടെ സഞ്ചരിക്കുന്നവർ സവിശേഷമായ നവമാധ്യമ പ്രവർത്തനഭാവനയുടെ ഭാഗമാകുന്നു.

നവമാധ്യമസാക്ഷരത മനുഷ്യരുടെ സ്ഥലം, കാലം, സമയം തുടങ്ങിയ മുൻബോധത്തെ പുനർക്രമീകരിച്ചു. കാഴ്ചാതീതമായ ഒരിടത്തിലേക്ക് അല്ലെങ്കിൽ സൈബർ സ്പെയിസിലേക്ക് വസ്തുതകളെ നവമാധ്യമ പിൻബലത്തോടെ പ്രവഹിപ്പിക്കുന്നു. അവിടെനിന്നും വസ്തുതകളെ മാധ്യമ സഹായത്തോടെ സ്വീകരിക്കുന്നതിനും പുതുക്കി ക്രമീകരിക്കുന്നതിനും ഉദ്ദേശിക്കുന്ന ലക്ഷ്യത്തിലേക്ക് എത്തിക്കുന്നതിനും നിമിഷാർദ്ധങ്ങൾ മതി. സ്ഥലകാല സമയങ്ങളെ ഏറെച്ചുരുക്കി ആശയ വിനിമയം നടത്താവുന്ന അവസ്ഥ പുതുകാല ജ്ഞാനാർജ്ഞാന വിനിമയരംഗത്ത് സംഭവിച്ചു. ഇന്റർനെറ്റ് തീർക്കുന്ന വിനിമയ ശൃംഖല ആഗോളാടിസ്ഥാനത്തിൽ മനുഷ്യരെ

ഏക മാധ്യമ സമൂഹമാക്കുന്നു. അവരുടെ പ്രവർത്തനങ്ങളിലും ചിന്താരീതികളിലും ഇന്റർനെറ്റുമായി ബന്ധപ്പെട്ട അറിവിന്റെയും പ്രവർത്തനത്തിന്റെയും സംസ്കാരത്തിന്റെയും പൊതുസ്വഭാവം ബഹുസ്വരതയോടെ നിറയുന്നു.

The Internet is the largest experiment involving anarchy in history. Hundreds of millions of people are, each minute, creating and consuming an untold amount of digital content in an online world that is not truly bound by terrestrial laws. This new capacity for free expression and free movement of information has generated the rich virtual landscape we know today. Think of all the websites you've ever visited, all the e-mails you've sent and stories you've read online, all the facts you've learned and fictions you've encountered and debunked. Think of every relationship forged, every journey planned, every job found and every dream born, nurtured and implemented through this platform. Consider too what the lack of top-down control allows: the online scans, the bullying campaigns, the hate-group website and the terrorist chat rooms. This is the internet, the world's largest ungoverned space.

എന്ന ഗൂഗിൾ ഐഡിയ ഡയറക്ടറായ Jared Cohen ന്റെയും ഗൂഗിൾ എക്സിക്യൂട്ടീവ് ചെയർമാനായ Eric Schmidt ന്റെയും വിലയിരുത്തൽ നവമാധ്യമ സ്വാധീനത്തിന്റെ പുതിയ അന്തരീക്ഷവും മാറിയ സംസ്കാരവുമാണ് വ്യക്തമാക്കുന്നത്.

**മാധ്യമ പരിവർത്തന ചരിത്രം**

സ്ക്രീൻ മീഡിയ എന്ന പദം വിനിമയംചെയ്യുന്ന ആശയലോകം വലുതാണ്. സിനിമ, ടെലിവിഷൻ, ഇന്റർനെറ്റ്, മൊബൈൽഫോൺ എന്നീ മാധ്യമങ്ങളെയാണ് സ്ക്രീൻമീഡിയ എന്നു വ്യവഹരിക്കുന്നത്. സാഹിത്യം സൈബറായപ്പോൾ, സ്ക്രീൻ വായനയിൽ നിർണായക പ്രതലമായി. ആഖ്യാനത്തിന്റെ വലിയൊരു ഭാഗം ചലനാത്മക ദൃശ്യങ്ങളുടെ സഞ്ചയമായപ്പോൾ സ്ക്രീൻ സാധ്യതകളുടെ കാഴ്ചാലോകം തീർക്കുന്ന പ്രതലമായി.

ഏഴാമത്തെ ബഹുജനമാധ്യമമാണ് മൊബൈൽഫോൺ. അതിനു മുമ്പുള്ള മാധ്യമങ്ങൾ യഥാക്രമം അച്ചടി, റിക്കാർഡിങ്, സിനിമ, റേഡിയോ, ടെലിവിഷൻ, ഇന്റർനെറ്റ്, എന്നിവയാണ്. അച്ചടിയും റിക്കാർഡിങും ആശയത്തെ ശേഖരിച്ചുവെയ്ക്കുകയെന്ന ദൗത്യത്തോടെ രൂപപ്പെട്ട മാധ്യമങ്ങളാണ്. എന്നാൽ സിനിമ വിനോദം പ്രദാനംചെയ്യുന്ന കാഴ്ചാനുഭവത്തിന്റെ മാധ്യമമാണ്. സിനിമയുടെ രൂപീകരണം ഭാഷാബോധത്തേയും രസവിചാരചിന്തകളെയും പുനർക്രമീകരിച്ചു. കാഴ്ചാരസത്തെ തിയേറ്ററുകളിൽനിന്നും വൈവിദ്ധ്യത്തോടെ പുറത്തെത്തിക്കാനുള്ള അന്വേഷണമാണ് ടെലിവിഷന്റെ രൂപീകരണത്തിന് ആസ്പദം. സിനിമയ്ക്ക് ഒരു ഘടനയുണ്ട്,

കഥാഖ്യാനരീതിയുണ്ട്. സിനിമയെ തേടി തിയേറ്ററിൽ എത്തി പ്രദർശനത്തിനായി കാത്തിരിക്കേണ്ടതുണ്ട്. ഇതിനെയെല്ലാം പുറന്തള്ളി ദൃശ്യാഖ്യാനത്തിന്റെ അനന്ത സാധ്യതയെ പൊതുസ്ഥലത്തും ഗൃഹത്തിനുള്ളിലും ആഘോഷത്തോടെ അവതരിപ്പിച്ച മാധ്യമമാണ് ടെലിവിഷൻ. കാഴ്ചാനുഭവം രൂപീകരിക്കുന്നതിൽ സിനിമയുടെ അത്രയും ഏകാഗ്രത ടെലിവിഷൻ ആവശ്യപ്പെടുന്നില്ല. നിരവധി ചാനലുകൾ, അത് തിരഞ്ഞെടുക്കാനുള്ള കാഴ്ചക്കാരന്റെ സ്വാതന്ത്ര്യം, വൈവിദ്ധ്യമുള്ള പ്രോഗ്രാമുകൾ എല്ലാം ടെലിവിഷന്റെ പ്രത്യേകതയാണ്.

കാഴ്ച കാണുന്നതിൽ നിന്നും ഭിന്നമായി കാഴ്ചകളെ ചലനാത്മകമായി രൂപീകരിക്കാനുള്ള ആത്മാവിഷ്കാര കൗതുകമാണ് വീഡിയോ ക്യാമറകളുടെ രൂപീകരണത്തിനാസ്പദം. മൊബൈൽഫോണിൽ ചലന ക്യാമറ വന്നതോടെ മറ്റൊരു വിപ്ലവം സംഭവിക്കുകയായിരുന്നു. സ്ക്രീനിൽ ദൃശ്യങ്ങൾ കാണുന്നതിനോടൊപ്പം തന്നെ ദൃശ്യങ്ങളെ ഷൂട്ട്ചെയ്ത് സ്ക്രീനിൽ പ്രദർശിപ്പിക്കാവുന്ന അവസ്ഥ. ഇന്റർനെറ്റിന്റെ സഹായത്തോടെ ഈ ചലനാത്മക ദൃശ്യങ്ങളെ നിമിഷനേരം കൊണ്ട് ഏതു സ്ഥലത്തും എത്രയധികം കാഴ്ചക്കാരിലും എത്തിക്കാമെന്നുള്ളത് ഈ മാധ്യമത്തിന്റെ അനന്തസാധ്യതയുടെ ഭാഗമാണ്. കൈവെള്ളയിലൊതുങ്ങുന്ന മൊബൈൽ ഫോണിലൂടെ സംഭവങ്ങളെ, അവസ്ഥകളെ, കഥകളെ, യാദൃച്ഛികതകളെയെല്ലാം ഷൂട്ട് ചെയ്യുന്നവരുടെ ഭാവനയ്ക്കും സർഗ്ഗാത്മകതയ്ക്കുമനുസരിച്ച് ദൃശ്യാഖ്യാനത്തെ ക്രമീകരിക്കാമെന്നായി. അങ്ങനെ ദൃശ്യാത്മാവിഷ്കാരത്തിന്റെ സ്വകാര്യസ്വഭാവമുള്ള അയത്നലളിതമായ മാധ്യമമായി മൊബൈൽഫോൺ പരിണമിക്കുകയായിരുന്നു. ഇന്റർനെറ്റിന്റെ സാധ്യത കൂടി മൊബൈൽ ഫോണിൽ സാധ്യമായപ്പോൾ അതിന്റെ പ്രസക്തി ഏറി. ആശയവിനിമയം ഒരു ഭാഗത്തുനിൽക്കുമ്പോൾതന്നെ വിനോദവിനിമയവും വിനോദരസാനുഭവവും സാധ്യമാക്കുന്ന മാധ്യമമായി മൊബൈൽഫോൺ തീരുകയായിരുന്നു.

ആശയവിനിമയത്തിനായി ഭാഷാഖ്യാനത്തിന്റെ നവമായൊരു മേഖല നവമാധ്യമങ്ങൾ സാധ്യമാക്കുന്നു. യു ട്യൂബ്, ഫേസ്ബുക്ക്, വാട്ട്സ് ആപ്പ് തുടങ്ങിയവയെല്ലാം ദൃശ്യാഖ്യാനങ്ങളെ ഓരോ രീതിയിൽ ക്രമീകരിക്കുവാൻ കഴിയുന്ന ബഹുജന പിന്തുണയുള്ള ആഖ്യാനമേഖലകളാണ്. വീഡിയോ ഗെയിമുകൾ കളികളെ ദൃശ്യവൽക്കരിക്കുന്നതിനൊപ്പം കളിക്കാരനെ അതാത് കളികളിൽ ഭാഗഭാക്കാക്കുന്നു. യഥാർത്ഥത്തിൽ അചേതന സ്വഭാവമുള്ള മാധ്യമങ്ങൾ മനുഷ്യ മസ്തിഷ്കത്തെ സ്വാധീനിക്കുന്ന രീതി വർത്തമാനകാല മാധ്യമ പഠനവിശകലനങ്ങളിൽ ശ്രദ്ധേയമായ ഒരു ഇടം നേടിക്കഴിഞ്ഞു.

**ഭാഷാരൂപീകരണം**

മാധ്യമങ്ങളുടെ ഭാഷാരൂപീകരണ വിനിമയസ്വഭാവത്തിലേക്ക് വരാം. 'ഭാഷ', 'ഭാഷാവിനിമയം' എന്നീ വാക്കുകൾക്ക് കാലാകാലങ്ങളായി നൽകിയിരുന്ന വ്യാഖ്യാനത്തെയും പഠനരീതികളെയും മാധ്യമങ്ങൾ കീഴ്മേൽ മറിച്ചു. ആശയവിനിമയത്തിന് വിപുലമായ മേഖലകളും വൈവിദ്ധ്യമുള്ള സ്വഭാവങ്ങളുമാണുള്ളത്. സംഭാഷണം, എഴുത്ത് എന്നിവ ആശയവിനിമയത്തിന്റെ ഒരു ഭാഗം മാത്രമാണ്. മുമ്പ് നമ്മൾ നേടിയെടുത്ത അനുഭവങ്ങളെയും ജ്ഞാനമേഖലകളെയും പ്രയോജനപ്പെടുത്തിയാണ് സ്ഥലഭാഷണവും എഴുത്തും ക്രമീകരിക്കുന്നത്. 'ആപ്പിൾ' എന്നു എഴുതുമ്പോഴും ഓരോ ഭാഷയിൽ പറയുമ്പോഴും മുന്നോട്ടുവരുന്ന ആശയം മുൻ അറിവുകളുടെ ഭാഗമായിത്തന്നെയാണ്. ഒരു ദൃശ്യത്തിലൂടെ വിശേഷിച്ച് ചലനാത്മകമായ ദൃശ്യത്തിലൂടെ ആപ്പിളിനെ അവതരിപ്പിക്കുമ്പോൾ ആപ്പിളിനോടൊപ്പം തന്നെ പശ്ചാത്തലവും സാഹചര്യവുമെല്ലാം ഭാഷയുടെ ഭാഗമാകുന്നു. യഥാർത്ഥത്തിലിവിടെ ചലനം അഥവാ സഞ്ചാരസ്വഭാവം ഭാഷാനിർമ്മിതിയുടെ ഏറ്റവും പ്രബലമായ ഭാഗമാണ്. നിശ്ചലതയെയും നിശബ്ദതയെയും ഭേദിച്ച് തുടർച്ചയായ ചലനത്തെയും അതിന്റെ അനിവാര്യമായ ശബ്ദമേഖലകളെയും ഉൾക്കൊള്ളുമ്പോഴാണ് സഞ്ചാര സ്വഭാവത്തിലൂടെ ഭാഷ പൂർണമാകുന്നത്.

ഒരു ഉദാഹരണത്തിലൂടെ ഇതു മനസിലാക്കാവുന്നതേയുള്ളു. 'ഭക്ഷണം', 'ഭക്ഷണം കഴിക്കുക' എന്നീ പദങ്ങൾ പൂർണമായ അർത്ഥം നൽകുവാൻ കാഴ്ചയുടെ പിൻബലമുള്ള ചലനാത്മകമായ ദൃശ്യങ്ങൾക്കേ കഴിയൂ. ഭക്ഷണം എന്നു പറഞ്ഞാൽ എന്തു ഭക്ഷണവുമാകാം. ഭക്ഷണം ഓരോ വ്യക്തിയും ഓരോ അവസരത്തിലും കഴിക്കുന്നത് ഓരോ രീതിയിലാണ്. അത് എന്തെന്ന് മനസ്സിലാക്കി തരാൻ ശബ്ദപിൻബലമുള്ള തുടർച്ചയായ കാഴ്ചയ്ക്കുമാത്രമേ കഴിയുകയുള്ളൂ. തുടർച്ചയായ സംഭാഷണത്തിലൂടെയും എഴുത്തിലൂടെയും അത് മനസ്സിലാക്കാൻ കഴിയുമെന്ന് താത്ത്വികമായി വാദിക്കാം. അനുവാചകനിൽ ആശയം എത്തുന്ന തോത് ഇവിടെയും യാഥാർത്ഥ്യത്തിൽനിന്നും അകന്ന കല്പനകളുടെ സഞ്ചയമായിരിക്കും. ഈ പശ്ചാത്തലത്തിലാണ് മാധ്യമങ്ങൾ ദൃശ്യരൂപത്തിൽ ആഖ്യാനിക്കുന്ന ഭാഷകളുടെ പ്രസക്തി സജീവവും സർഗ്ഗാത്മകവുമാകുന്നത്.

പരിശീലനത്തിലൂടെ ഒരു വ്യക്തി ഭാഷ പറയുവാനും എഴുതുവാനും വായിക്കുവാനും പഠിക്കുന്നു. ടെലിവിഷൻ, ഇന്റർനെറ്റ്, മൊബൈൽ ഫോൺ തുടങ്ങിയ മാധ്യമങ്ങളും അവയുടെ ഭാഷാസ്വഭാവങ്ങളും ആഖ്യാന സവിശേഷതകളും പഠിച്ചാണ് പുതുതലമുറ വളരുന്നത്. സ്ക്രീൻ വിനിമയം ചെയ്യുന്ന ഭാഷയാണ് പുതുതലമുറയുടേത്. സ്ക്രീനിന്റെ സവിശേഷതകൾ ഇവിടെ ഭാഷാനിർമ്മിതിയെ സ്വാധീനിക്കുന്നു. സ്ക്രീനിന്റെ വലുപ്പം, ചലനത്തിനുള്ള സവിശേഷതകൾ തുടങ്ങിയവയെല്ലാം ഇവിടെ പ്രസക്ത

മായി വരുന്നു. യഥാർത്ഥത്തിൽ ഓരോ ഭാഷയിലും മുൻ അറിവുകളുടെ പിൻബലത്തിൽ കല്പിച്ചെടുക്കുന്ന കുറെ അവസ്ഥകളുടെ അല്ലെങ്കിൽ ആശയവിനിമയരീതികളുടെ സമഗ്രതയുണ്ട്. സ്ക്രീൻ മീഡിയകൾക്കെല്ലാം വിപുലമായ എഡിറ്റിങ് സൗകര്യമുണ്ട്. അനിമേഷൻ, മോർഫിങ്, കളറിങ്, ചലനവേഗം, ലൈറ്റിങ് തുടങ്ങിയവയെല്ലാം ദൃശ്യാഖ്യാനാനുഭവങ്ങളെ സാഹചര്യാനുസരണം തീക്ഷ്ണവത്കരിക്കുന്നവയും അതിയാഥാർത്ഥ്യ പ്രതീതി സൃഷ്ടിക്കുന്നവയുമാണ്. ഈ പശ്ചാത്തലത്തിൽ നിന്ന് യാഥാർ ത്ഥ്യത്തെ ദൃശ്യരൂപത്തിൽ പുനരാവിഷ്കരിക്കുമ്പോൾ പതിന്മടങ്ങ് തീക്ഷ്ണ തയും വൈകാരികാനുഭവവും ലഭിക്കുന്നു.

ടെലിവിഷൻ കാഴ്ചയുടെയും കേൾവിയുടെയും വിപുലമായ ലോകം ചാനലുകളിലൂടെ അനുവാചകനു മുന്നിലെത്തിക്കുന്നു. ടെലിവിഷൻ നൽകുന്നത് മാത്രമാണ് പ്രേക്ഷകൻ അനുഭവിക്കുന്നത്/കാണുന്നത്. പ്രോഗ്രാമുകളുടെ വൈവിധ്യം ആ വൈവിദ്ധ്യത്തിനനുസരിച്ചുള്ള ആഖ്യാന രീതി തുടങ്ങിയവ ടെലിവിഷന്റെ സവിശേഷതയാണ്. ടെലിവിഷൻ വാർത്ത എന്നു പറയുമ്പോൾ തന്നെ അതിനൊരു സ്വഭാവമുണ്ട്. വാർത്ത അവതരി പ്പിക്കുന്ന വ്യക്തി/വ്യക്തികൾ വാർത്തയ്ക്ക് നിദാനമായ കാര്യങ്ങൾ പറയുന്നു. തുടർന്ന് വാർത്തയ്ക്ക് ആസ്പദമായ ദൃശ്യങ്ങൾ കാണിക്കുന്നു. ആവശ്യമെങ്കിൽ പലരുടെയും പ്രതികരണങ്ങളിലൂടെ വാർത്തയുടെ വിശദാംശങ്ങളിലേക്ക് പ്രവേശിക്കുന്നു. ഓരോ ചാനലും വാർത്താവതരണ ത്തിന് ഓരോ രീതികളാണ് സ്വീകരിച്ചിരിക്കുന്നത്. നവമാധ്യമയുഗം വേഗതയുടേതും ആശയവിനിമയ വിസ്മൃതിയുടേതുമാണ്. അതുകൊണ്ടു തന്നെ പ്രധാനവാർത്തകൾ കാണിക്കുമ്പോൾ തന്നെ മറ്റു വാർത്തയെപ്പറ്റി യുള്ള വിവരങ്ങൾ എഴുതിക്കാണിച്ചുകൊണ്ടേയിരിക്കുന്നു. അവതരിപ്പിക്കുന്ന വാർത്തകളുടെ സ്വഭാവം നിർണയിക്കുന്നത് അവതാരകരാണ്. കാഴ്ച ക്കാരന് ആവശ്യമുണ്ടെങ്കിൽ ആ വാർത്തകൾ കണ്ടാൽ മതി. റിയാലിറ്റിഷോ, ഫോൺ ഇൻ പ്രോഗ്രാം തുടങ്ങിയവ പ്രേക്ഷക പങ്കാളിത്തം ഒരു പരിധിവരെ ആവശ്യപ്പെടുന്നു. യാത്ര,പാചകം, നൃത്തം, കൃഷി, വാഹനം, ഗൃഹം തുടങ്ങിയവ ടെലിവിഷന് അവതരിപ്പിക്കുവാൻ അതിന്റേതായ സാധ്യതകളും സ്വഭാവമുണ്ട്. ക്രിക്കറ്റ്, ഫുട്ബോൾ, ഗുസ്തി, ബോക്സിങ്, ടെന്നീസ് തുടങ്ങിയ മത്സരങ്ങളെ ടെലിവിഷൻ ആഖ്യാനിച്ച് കാണിക്കുന്നത് ടെലിവിഷന്റെ ഭാഷയിലൂടെയാണ്. ശരീര സൗന്ദര്യമത്സരം, ശരീര സൗന്ദര്യ പ്രദർശനം, പലതരം ഫാഷൻ പരിപാടികൾ തുടങ്ങിയവ അവതരിപ്പിക്കു മ്പോൾ ജനപ്രിയതയുടെ മാനങ്ങൾ സംയോജിപ്പിക്കാൻ ടെലിവിഷൻ പ്രോഗ്രാമിന്റെ ആഖ്യാതാക്കൾ അത്യധികം ശ്രദ്ധിക്കുന്നു. ടെലിവിഷനിലെ പരസ്യങ്ങൾ സൗന്ദര്യാത്മകമായ ആശയവിനിമയത്തിലൂടെ പ്രേക്ഷകശ്രദ്ധ നേടുവാനുള്ള തന്ത്രങ്ങളാണ് ആരായുന്നത്. ടെലിവിഷനിലെ ദൃശ്യാഖ്യാന വിനിമയത്തിൽ ശരീരം ചെലുത്തുന്ന സ്വാധീനം നിർണായകമാണ്.

ശരീരത്തെ സൗന്ദര്യ വിനിമയത്തിന്റെയും വൈകാരിക നിർമ്മിതിയുടെയും അവസ്ഥയിലെത്തിക്കുന്ന കലാപ്രവർത്തനമാണ് സംഭവിക്കുന്നത്.

മനുഷ്യശരീരങ്ങളെ ഓരോ പ്രോഗ്രാമിന്റേയും ഭാഗമായി ഓരോ രീതിയിലാണ് ഭാഷയ്ക്ക് ഉപയുക്തമായ രീതിയിൽ ആഖ്യാനിക്കുന്നത്. ടെലിവിഷൻ പ്രോഗ്രാമുകളുടെ അവതാരികമാർ, സവിശേഷമായ ശരീര ഭാഷയിലൂടെയും സംഭാഷണ രീതിയിലൂടെയും ശ്രദ്ധേയരാകുന്ന കാഴ്ചയും സർവസാധാരണമാണ്.

ആശയത്തെ ചലനാത്മകമായ ദൃശ്യത്തിന്റെ പിൻബലത്തിൽ ശരീരങ്ങളുടെ ദൃശ്യാഖ്യാന സാധ്യതകൾ പ്രയോജനപ്പെടുത്തിയാണ് ടെലിവിഷനിലെ ഓരോ പ്രോഗ്രാമുകളും ക്രമീകരിക്കുന്നത്.

**ഇന്റർനെറ്റും മൊബൈൽ ഫോണും**

ഇന്റർനെറ്റിലൂടെയും മൊബൈൽ ഫോണിലൂടെയും ആശയ സ്വീകരണത്തിനൊപ്പം ആശയവിനിമയം കൂടി സാധ്യമാണല്ലോ. ആശയ വിനിമയം ലിഖിത ഭാഷയിലാവാം, സംഭാഷണത്തിലാവാം, ശബ്ദത്തിലൂടെ യാവാം, ദൃശ്യരൂപത്തിലാവാം. ദൃശ്യരൂപത്തിലുള്ള ആഖ്യാനസാധ്യതയാണ് ഈ മാധ്യമങ്ങളെ ഏറെ ജനപ്രിയവും വ്യാപകവുമാക്കിയത്. ചലനാത്മക മായ ദൃശ്യകലയുടെ സാധ്യത അനന്തമാണല്ലോ. ദൃശ്യങ്ങൾക്ക് അല്ലെങ്കിൽ ദൃശ്യങ്ങളിലൂടെ രൂപപ്പെടുന്ന ഭാഷയ്ക്ക് അത് രൂപപ്പെടുത്തുന്ന കാലത്തോട് ബന്ധപ്പെട്ട രൂപസ്വഭാവവും ആ കാലത്തിനൊപ്പം ജീവിക്കുന്നവരോട് സംവദിക്കാൻ കഴിയുന്ന ആർത്ഥിക വിസ്തൃതിയുമാണുള്ളത്. അതു കൊണ്ടുതന്നെ നവമാധ്യമങ്ങളിലെ ദൃശ്യാഖ്യാനങ്ങൾക്ക് വർത്തമാന കാലാവസ്ഥയുടെ പുതുമയുണ്ട്.

കലകൾ വിനിമയംചെയ്യുന്നത് സൗന്ദര്യമാണല്ലോ. സൗന്ദര്യ സങ്കല്പം കാലത്തിനും ദേശത്തിനും സാംസ്കാരികാന്തരീക്ഷത്തിനു മനുസരിച്ച് രൂപപരിവർത്തനത്തിന് വിധേയമാണ്. കാലത്തിന്റെ ചലനങ്ങളും വളർച്ചാപുരോഗതിയും ഉൾക്കൊണ്ട് ജീവിക്കുന്നവരുടെ ബൗദ്ധിക മണ്ഡല ത്തിനും അതിന്റേതായ സ്വാധീനമുണ്ട്. ഓരോ വ്യക്തിയുടെയും വൈകാരിക തയുടെ തോത് ഓരോ അനുവാചകനിലുമാണ്. വൈയക്തികാവസ്ഥയ് ക്കൊപ്പം സാമൂഹ്യ സാംസ്കാരികാവസ്ഥകളോട് ബന്ധപ്പെടുന്നതിന്റെയും മനോഭാവത്തിന്റെയും അടിസ്ഥാനത്തിലാണ് ഓരോ വ്യക്തിയുടെയും വൈകാരികമണ്ഡലം രൂപപ്പെടുന്നത്. ഭക്ഷണം, തൊഴിൽ, വസ്ത്ര ധാരണം, പൊതുമണ്ഡലം, ആഘോഷങ്ങൾ, ആചാരരീതികൾ, വിദ്യാഭ്യാസം, പാർപ്പിടം, വാഹനം, ആശയവിനിമയരീതികൾ എല്ലാം കാലാനുസൃതമായ മാറ്റത്തിനും പുതുക്കലിനും വിധേയമാണ്. ഈ പശ്ചാത്തലത്തിൽനിന്നു വേണം വർത്തമാനപ്രസക്തമായ സാഹിത്യത്തെയും കലയേയും വില മതിക്കു വാൻ. സാഹിത്യവും കലയും സൈബറായെന്നുള്ളത് ചരിത്ര വഴി കളിലെ പരിവർത്തനത്തിന്റെ ഒരു ഘട്ടമാണ്. സൈബറായ/ഡിജിറ്റലായ കലാ

സാഹിത്യങ്ങൾ മുന്നോട്ടുവെയ്ക്കുന്ന ആഖ്യാനസാധ്യതയും ആസ്വാദനാന്തരീക്ഷവും മുൻ അവസ്ഥയിൽനിന്നും മാറ്റമുള്ള പുതുമയുടേതാണ്.

Navigating, browsing and surfing are words that contribute to the overall aspect of this sphere of communication: uncharted, ill-defined, limits unknown and therefore, impossible to grasp in its entirety. It is a space whose limits and determinations are electronic not human: it defines a new frontier, a limitrophedit, territory where mastery is ephemeral and no immutable laws yet exist എന്ന Bertrend Gervaisന്റെ നിരീക്ഷണം ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ സാധ്യതയും സങ്കീർണ്ണതയുമാണ് വെളിവാക്കുന്നത്.

തിയേറ്ററുകളിലെ തിരശീലയിൽ/സ്ക്രീനിൽ മാറ്റം പ്രദർശിപ്പിച്ചിരുന്ന സിനിമ ടെലിവിഷൻ, ഇന്റർനെറ്റ്, മൊബൈൽ ഫോൺ തുടങ്ങിയ സ്ക്രീനുകളിലേക്ക് പ്രദർശനാവസ്ഥയെ മാറ്റിയപ്പോൾ സംഭവിച്ച മാറ്റം നിരവധിയാണ്. സ്ക്രീനിന്റെ വലുപ്പ വ്യത്യാസം പ്രദർശന സ്വഭാവത്തെയും ആസ്വാദനവസ്ഥയെയും മാറ്റി മറിച്ചു. സിനിമയിലെ ഗാനം, തമാശകൾ, വൈകാരിക മുഹൂർത്തങ്ങൾ, ചാരുതയുള്ള പശ്ചാത്തലങ്ങൾ, വേഷവിധാനത്തിന്റെ രീതി, കഥാപാത്രങ്ങളുടെ ശരീരവും ശരീരഭാഷയും വിനിമയം ചെയ്യുന്ന പ്രകടനങ്ങൾ തുടങ്ങിയവ ശകലങ്ങളായി കണ്ട് ആസ്വദിക്കുന്ന സ്വഭാവം വ്യാപകമായി. യഥാർത്ഥത്തിലിവിടെ പൂർണമായ ചലച്ചിത്ര സങ്കല്പത്തെ നിഷേധിച്ചുകൊണ്ട് ഭാഗികമായ ദൃശ്യാഖ്യാനരൂപങ്ങളെ ആസ്വാദനാനുഭവത്തിന്റെ ഭാഗമാക്കുന്ന പ്രക്രിയയാണ് സംഭവിച്ചത്. ഇവിടെ ദൃശ്യാഖ്യാനത്തിന്റെ പുത്തൻ ആസ്വാദന സാധ്യതയാണ് ചാരുതയോടെ ദളങ്ങൾ വിടർത്തിയത്.

യൂറ്റ്യൂബ്, ഫേസ് ബുക്ക്, വാർട്ട്സ് ആപ് തുടങ്ങിയവ മുന്നോട്ടുവയ്ക്കുന്ന ദൃശ്യാഖ്യാനത്തിന്റെ വിസ്തൃതി ഏറെയാണ്. ഇവയെല്ലാം ദൃശ്യാഖ്യാന സാധ്യതകളുടെ വിപുലവിസ്തൃതമായ ബഹുസ്വഭാവത്തോടുകൂടിയ പൊതുമണ്ഡലം രൂപപ്പെടുത്തുന്നു. മുപ്പതിലധികം ഇൻസ്റ്റന്റ് മെസേജിങ് ആപ്ലിക്കേഷനുകളാണ് ഇന്ന് പലതരം ഫീച്ചറുകളുമായി ആപ് സ്റ്റോറുകളിലുള്ളത്. ഇവയെല്ലാംതന്നെ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ദൃശ്യാഖ്യാനങ്ങൾ സാധ്യമാക്കുന്ന മെസേജിങ് ആപ്ലിക്കേഷനുകളാണ്. ഏറെ ജനപ്രിയതയോടെ നിൽക്കുന്ന വാർട്ട്സ് ആപ്പിനെ സൗകര്യങ്ങളുടെയും സാധ്യതകളുടെയും പിൻബലത്തിൽ പിൻതള്ളുവാനുള്ള തീവ്രശ്രമത്തിലാണ് വി ചാറ്റ്.

ദൃശ്യാഖ്യാനത്തിന്റെ ആശയവിനിമയ വ്യാപ്തിയും സൗന്ദര്യസാധ്യതയും വിനിമയ വേഗതയും അവസ്ഥാനൂതനത്വവുമാണ് ഈ മെസേജിങ് ആപ്ലിക്കേഷനുകളെ സ്വീകാര്യമാക്കുന്നത്. ഭാഷാനുഭവം ദൃശ്യവൽക്കരിക്കുന്ന ഡിജിറ്റൽ കാലഘട്ടത്തിലാണ് നവമാധ്യമങ്ങൾ

അതിന്റെ സാധ്യതയും ശക്തിയും അനുനിമിഷം ആരായുന്നത്. വർത്തമാന കാലത്തെ അഥവാ നവമാധ്യമയുഗത്തിലെ ആഗോളവൽക്കരണം മാധ്യമ സ്വാധീനത്തിന്റെയും മാധ്യമകുത്തകകളുടേതുമാണ്. അറിവ് ഉല്പാദിപ്പി ക്കാൻ മാധ്യമം വേണം. അറിവ് വ്യാപിക്കുവാൻ മാധ്യമം വേണം. അറിവ് വിനിമയംചെയ്യുവാൻ മാധ്യമം വേണം എന്ന അവസ്ഥയാണ് മാധ്യമത്തെ കേന്ദ്രസ്ഥാനത്ത് ഉറപ്പിക്കുന്നത്.

വിജ്ഞാനത്തിനൊപ്പം വിനോദത്തെകൂടി ദൃശ്യവത്കരിച്ച് വ്യവസായം നടത്തി പണം സമ്പാദിക്കുന്ന മാധ്യമ കുത്തകകളുടെ കാലം കൂടിയാണിത്. അനുദിന സംഭവങ്ങൾ, വാർത്തകൾ, അവസ്ഥകൾ തുടങ്ങി യവയെല്ലാം സാഹചര്യാനുസരണമുള്ള ദൃശ്യാഖ്യാനത്തിന് വിധേയമായി ട്ടാണ് പൊതുജനങ്ങളിലേയ്ക്ക് മാധ്യമങ്ങളിൽക്കൂടിതന്നെ എത്തുന്നത്. ദൃശ്യാഖ്യാനത്തിന്റെ ശക്തമായ പിൻബലമുള്ള പരസ്യശൃംഖലകളാണ് ആഗോളവിപണിയെ നിയന്ത്രിക്കുന്നത്. മാധ്യമങ്ങളുടെ ഉപഭോഗം അഥവ ഉപയോഗം പ്രയോജനപ്പെടുത്തി പരസ്യങ്ങൾ വിനിമയംചെയ്യുന്ന ആശയ ങ്ങളിലൂടെയാണ് വർത്തമാനകാല ഉപഭോഗസമൂഹം രൂപപ്പെടുന്നത്. ആശയവിനിമയത്തിലെന്നതുപോലെ ഇനിയൊരനുപാതത്തിൽ വാണിജ്യ ത്തിന്റെകൂടി ഇടനിലക്കാരായി മാധ്യമങ്ങൾ മാറിയതും വർത്തമാനകാല ത്തിന്റെ സവിശേഷതയാണ്.

നാൽക്കവലകളിലും നഗരങ്ങളിലുമെല്ലാം രൂപംകൊണ്ടിരുന്ന ആൾക്കൂട്ടങ്ങളും അവരുടെ അഭിപ്രായപ്രകടനങ്ങളും ഉത്പാദിപ്പിച്ചിരുന്ന സാമൂഹ്യ കൂട്ടായ്മയുടെ വ്യക്തി ശരീര സാന്നിദ്ധ്യ പൊതുമണ്ഡലങ്ങൾ ഇന്ന് അപ്രസക്തവും അപ്രത്യക്ഷവുമാകുന്നു. തൽസ്ഥാനത്ത് വ്യക്തിശരീര സാന്നിദ്ധ്യങ്ങളെ തീർത്തും അപ്രസക്തവും അസാന്നിദ്ധ്യവുമാക്കി സൈബർ പൊതുമണ്ഡലങ്ങൾ രൂപപ്പെടുന്നു. സൈബർ സ്പെയിസിലേ യ്ക്ക് നിക്ഷേപിക്കുന്ന അദൃശ്യമായ ആശയസമഗ്രതകൾ മാധ്യമത്തിലൂടെ അതിന്റെ ഉപഭോക്താക്കളുടെ അടുത്തേയ്ക്ക് എത്തുകയും അവർ നൽകുന്ന ആശയങ്ങൾ അതേ മാധ്യമത്തിലൂടെ സഞ്ചരിച്ച് ആവശ്യക്കാരനി ലെത്തുകയും ചെയ്യുന്നു. യഥാർത്ഥത്തിലിവിടെ സമാനതയുള്ള ആശയങ്ങ ളുടെ സമഗ്രതവ്യക്തികളുടെ ബൗദ്ധികതയേയും ചിന്താരീതികളെയും സ്വാധീനിച്ച് പൊതുമണ്ഡലം രൂപീകരിക്കുകയാണ്. പൊതുമണ്ഡലങ്ങൾ സൈബർ സ്പെയിസിലേക്ക് മാറിയതോടെ പ്രതികരണങ്ങളുടെ രീതിക്കും സ്വഭാവത്തിനും കാതലായ മാറ്റം സംഭവിച്ചു. ഈ അവസ്ഥകളെയെല്ലാം ദൃശ്യാഖ്യാനങ്ങൾ സ്വാധീനിക്കുന്നതിന്റെ തോത് വർത്തമാനകാല ഭാഷാനിർമ്മാണത്തിന്റെയും സംസ്കാരവിശകലനത്തിന്റെയും നയതന്ത്ര ജ്ഞതയുടെയും ഭാഗമാണ്.

**വർത്തമാനകാല ദൃശ്യാനുഭവം**

ആശയവിനിമയരൂപീകരണത്തിന്റെയും വിനിമയത്തിന്റെയും

വർത്തമാനകാല പ്രസക്തമായ സൈബർ ഇടമായി ഏറെ മലയാളികളും സംഗമിക്കുന്നത് ഫേയ്സ് ബുക്കിലും വാർട്ട്സ്ആപ്പിലുമാണ്. ഫേയ്സ് ബുക്കിന്റെ പ്രദർശന ഇടം കമ്പ്യൂട്ടറിന്റെയും ലാപ്ടോപ്പിന്റെയും സ്ക്രീനാണ്. എന്നാൽ വാർട്ട്സ് ആപിന്റെ ഇടം കൈവെള്ളയിലിരിക്കുന്ന മൊബൈൽഫോണിന്റെ സ്ക്രീനാണ്. ലാപ്ടോപ്പും മൊബൈൽ ഫോണും ഭിന്ന ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്ന ഭിനവലിപ്പമുള്ള ഇലക്ട്രോണിക് ഉപകരണങ്ങളാണ്. മൊബൈൽഫോണിന്റെ വലിപ്പകുറവും അനുനിമിഷമുള്ള ഉപയോഗരീതിയും സ്വാഭാവികമായിതന്നെ വാട്ട്സ് ആപ്പിനെ ഏറെ പ്രചാരമുള്ളതും ജനപ്രിയവുമാക്കി.

ആശയ സ്വീകരണത്തിന്റെയും വിനിമയത്തിന്റെയും രൂപീകരണത്തിന്റെയും പൊതുസ്വഭാവം കാലാനുസൃതമായ സാമൂഹ്യാന്തരീക്ഷവും സംസ്കാര പശ്ചാത്തലവുമായി ബന്ധപ്പെട്ടതാണ്. സ്ത്രീകൾ ജീൻസ് ധരിക്കുന്നത് എത്രമാത്രം ഉചിതമാണ്? എന്ന യേശുദാസിന്റെ വിലയിരുത്തൽ ദൃശ്യമാധ്യമങ്ങൾ പ്രതിഷേധത്തോടെയും അനുഭാവത്തോ ടെയും ചർച്ചചെയ്തു. യേശുദാസിന്റെ മരുമക്കൾ ജീൻസ് ധരിക്കുന്നതിനെ ആക്ഷേപകരമായ രീതിയിൽ ചോദ്യം ചെയ്തു. സ്ത്രീകൾ ധരിക്കുന്ന വസ്ത്രങ്ങൾ ദൂരത്തെറിഞ്ഞ് പുരുഷൻ ധരിക്കുന്ന മുണ്ടും ഷർട്ടും ധരിച്ച് കാണിക്കുകയും മുണ്ട് ഉയർത്തി മടികുത്തുകയും ചെയ്യുന്ന ചിത്രങ്ങൾ നിർലോപം നവമാധ്യമങ്ങളിലൂടെ പ്രചരിച്ചു. ആക്ഷേപം കൂടുതൽ തീക്ഷ്ണമായപ്പോൾ 'ചെമ്മീൻ' എന്ന സിനിമയിലെ അതിവൈകാരികത ഉൾക്കൊള്ളുന്ന ഒരു രംഗം, ഷീലയും മധുവും തമ്മിൽ താല്ക്കാലികമായ വേർപിരിയലിനു മുമ്പ് സംസാരിക്കുന്ന ഭാഗം കട്ട് ചെയ്തെടുത്തു. അതിൽ ഡബ് ചെയ്ത് ഉൾക്കൊള്ളിച്ച സംഭാഷണം ഷീല ജീൻസ് ധരിക്കാൻ ആഗ്രഹം പ്രകടിപ്പിക്കുന്നതും മധു അതിനെ എതിർക്കുന്നത് ദാസേട്ടന് ഇഷ്ടമില്ലെന്നും പറഞ്ഞാണ്. ഷീല അതിനോട് സംഭാഷണത്തിലൂടെ പ്രതികരിക്കുന്ന രീതിയാണ് ശ്രദ്ധേയം. ദാസേട്ടന്റെ മരുമക്കൾക്ക് ജീൻസ് ധരിക്കാം. പാവപ്പെട്ട എന്നെപ്പോലെയുള്ള സ്ത്രീകൾക്ക് അതാവില്ല. അവൾ ജീൻസ് ധരിച്ചാൽ മാന്യമായ വസ്ത്രം. ഞങ്ങൾ പാവങ്ങൾ ധരിച്ചാൽ ജീൻസ് വെറും ജെട്ടി... തുടർന്ന് ഷീല പൊട്ടിക്കരയുന്നു.

വർട്ട്സ് ആപിലൂടെ പ്രചരിച്ച ഈ ദൃശ്യാഖ്യാനത്തിന് കാഴ്ചക്കാർ ഏറെയായിരുന്നു. ചെമ്മീനെന്ന സിനിമ മലയാളികൾക്കു നൽകിയ അനുഭവം തീക്ഷ്ണമായ വൈകാരികചരിത്രത്തിന്റെ കൂടി ഭാഗമാണ്. ആ ചരിത്രാനുഭവത്തെ കൂട്ടുപിടിച്ച് ആക്ഷേപഹാസ്യപരമായ വിമർശനം രൂപീകരിക്കുകയായിരുന്നു.

കേരളത്തിൽ ഉമ്മൻചാണ്ടി സർക്കാർ നടപ്പിലാക്കാൻ ശ്രമിക്കുന്ന മദ്യനിരോധനം വിവാദങ്ങളാൽ സമൃദ്ധമാണല്ലോ? മദ്യം കഴിക്കാനല്ലെങ്കിൽ പിന്നെ അത് എന്തിനാണ് നിർമ്മിച്ചതെന്നും ചോദിക്കുന്നു. വീഞ്ഞ് മദ്യമല്ലേ?

അത് ക്രിസ്തീയ സമുദായത്തിന്റെ ബലി അർപ്പണത്തിന്റെ ഭാഗമായത് എന്തുകൊണ്ടാണ്? കാഴ്ചയിലൂടെയുള്ള അനുഭവം കലകൾ വിനിമയം ചെയ്യുമ്പോൾ മദ്യം രുചിയിലൂടെ അനുഭവവും ആനന്ദവും പ്രദാനംചെയ്യുന്ന ഒന്നാണെന്നുമെല്ലാമുള്ള തരത്തിൽ നിരവധി സന്ദേശ ങ്ങൾ ഫേസ് ബുക്ക്, യൂട്യൂബ് തുടങ്ങിയ മാധ്യമങ്ങളിലൂടെ ദൃശ്യാത്മക മായി പ്രചരിച്ചു. നിരന്തരം വാക്കുകൾ മാറ്റി പറയുകയും ക്ഷോഭിക്കുകയും വിവാദങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന പൂഞ്ഞാറിലെ ഒരു എം.എൽ.എ മധ്യസ്ഥനായി രൂപപ്പെടുന്ന ആക്ഷേപകരമായ പ്രാർത്ഥനകൾ ഏറെയാണ്. മദ്യനിരോധനത്തിനെതിരായുള്ള പ്രാർത്ഥന മുതൽ അഴിമതി വിജയകരമായി നടത്താനുള്ള പ്രാർത്ഥന വരെ ഈ പട്ടികയിൽ ഉൾപ്പെടുന്നു.

മദ്യം വീട്ടിൽതന്നെ ലളിതമായി തയ്യാറാക്കുന്ന രീതി ദൃശ്യാത്മക മായി വാർട്ടസ്ആപ്പിലൂടെ പ്രചരിച്ചത് ശ്രദ്ധേയമാണ്. എല്ലാ വീടുകളും നല്ല മദ്യ ഉല്പാദനത്തിൽ സ്വയം പര്യാപ്തമാകുന്നതോടെ ദുഷിച്ച മദ്യപാനത്തിലൂടെ ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുമെന്ന് ഓർമ്മപ്പെടുത്തുന്നു. ഒപ്പം തന്നെ മദ്യഷാപ്പുകൾക്കു മുന്നിലെ ക്യൂവും ബാറിലെ അടിപിടിയും ആഭാസത്തരവും മാറുകയും പൊതുസ്ഥലം മാന്യമായ ഇടമായിത്തീരുമെന്നും വ്യക്തമാക്കുന്നു. മനുഷ്യാവകാശങ്ങളെ കൂച്ചുവിലങ്ങിടുന്നതല്ല അതിനെ നീതിയുക്തമായ രീതിയിൽ വളരാൻ അനുവദിക്കുന്നതാണ് ജനാധിപത്യമെന്ന മദ്യനിരോദനവുമായി ബന്ധപ്പെട്ട വിലയിരുത്തൽ ശ്രദ്ധേയമായി.

മൃഗശാലയിൽ കാഴ്ചക്കാരനായെത്തിയ ഒരു വ്യക്തി അബദ്ധത്തിൽ പുലിയെ വളർത്തുന്ന സ്ഥലത്തുപെടുന്നു. ആ വ്യക്തിയെ പുലി പിടിച്ചു കൊണ്ടുപോകുന്ന ദാരുണമായ ദൃശ്യം ഏറെ ശ്രദ്ധിക്കപ്പെടുകയും ഒപ്പം വിവാദമാകുകയും ചെയ്തു. വസ്തുതകളെ കാണുന്നതിനൊപ്പം രേഖപ്പെടുത്തുകയും വിനിമയംചെയ്യുകയും ചെയ്യുന്ന ഒരു തലമുറയുടെ സ്വഭാവവും ശീലവുമാണ് ഈ സംഭവം വെളിവാക്കുന്നത്. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ഉറപ്പിനെപ്പറ്റി ജസ്റ്റിസ് കെ.ടി.തോമസ് നടത്തിയ ഒരു പ്രസംഗം യൂട്യൂബിൽ ഏറെ കാഴ്ചക്കാരെ എത്തിച്ചു. സന്തോഷ് പണ്ഡിറ്റിന്റെ കൃഷ്ണനും രാധയുമെന്ന സിനിമയുടെ ക്ലിപ്പിങ് യുട്യൂബിലൂടെ കണ്ടവർ ഇരുപത്തിയഞ്ച് ലക്ഷത്തിൽ അധികമാണ്. സിനിമയുടെ കലാമൂല്യമല്ല ഇവിടെ പ്രചാരണത്തിന് ആസ്പദം. പറഞ്ഞുപഴകിയ കഥകൾ തന്നെ ആവർത്തിച്ചുവരുന്ന ദൃശ്യ പശ്ചാത്തലത്തിൽ സ്ഥിരം അഭിനേതാക്കളെക്കൊണ്ട് രൂപീകരിക്കുന്ന സിനിമകളോടുള്ള പ്രതിഷേധത്തിൽ നിന്നുമാണ് കൃഷ്ണനും രാധയും കാഴ്ചക്കാരെ ആകർഷിച്ചത്. രാഷ്ട്രീയക്കാരുടെ ആക്ഷേപകരമായ പ്രസംഗങ്ങൾ, ചില മതങ്ങളുടെ മതപ്രചരണ രീതികൾ, ചലച്ചിത്ര താരങ്ങളുടെ പൊങ്ങച്ചങ്ങൾ, തുടങ്ങിയവയെല്ലാം ഓരോ രീതിയിൽ യൂട്യൂബിൽ പരിഹാസം കലർത്തിയോ വിമർശനം

ഉൾക്കൊള്ളിച്ചോ എത്തിക്കുന്നത് വർത്തമാനകാല മാധ്യമ സംസ്കാരത്തിന്റെ ഭാഗമാണ്.

നാൽക്കവലകളിലെയും നഗരങ്ങളിലെയും ആൾക്കൂട്ടങ്ങളുടെ സ്ഥാനം മറ്റൊരനുപാതത്തിൽ മാധ്യമങ്ങളിലെ കൂട്ടായ്മകൾ കൈയടക്കിയിരിക്കുന്നു. ഈ കൂട്ടായ്മയിൽ ശരീരം അസാന്നിദ്ധ്യമാകുമ്പോഴും ആശയം ശക്തമായ സാന്നിദ്ധ്യമാകുന്നു. സൈബർ സ്പേയ്സിലേക്ക് വിക്ഷേപിക്കുന്ന ആശയങ്ങൾ ആർക്കും എപ്പോൾ വേണമെങ്കിലും സ്വീകരിക്കാവുന്നതുപോലെ, അതിനോട് പ്രതികരിക്കാവുന്നതുപോലെയുള്ള അവസ്ഥയാണുള്ളത്. ചെറിയ കഥകൾ, സംഭവങ്ങൾ, തമാശകൾ, സ്ത്രീപുരുഷ ശരീരപ്രദർശനങ്ങൾ, രതിചിത്രങ്ങളുടെ അവതരണം, വിവിധതരം പ്രകടനങ്ങൾ, ആഘോഷങ്ങൾ തുടങ്ങിയവയെല്ലാം വൈവിധ്യം ഉൾക്കൊള്ളുന്ന രീതിയിൽ പ്രചരിക്കുന്നത് കൗതുകമുണർത്തുന്ന ദൃശ്യാഖ്യാന പ്രളയം തന്നെയാണ്. കുട്ടികൾ മുത്തശ്ശിക്കഥകളുടെ സ്ഥാനത്ത് കാർട്ടൂൺ ചിത്രങ്ങളാണ് കാണുന്നത്. അല്പം മുതിർന്നു കഴിയുമ്പോൾ വീഡിയോ ക്യാമറയിലൂടെ നടത്തുന്ന വിനോദം ശീലമാകുന്നു. സൗഹൃദങ്ങൾ രൂപപ്പെടുത്തുന്നതും വളരുന്നതും മാധ്യമങ്ങളിലൂടെയാണ്. സ്കൈപ്പിലൂടെയും മറ്റും പരസ്പരം കണ്ടുകൊണ്ടുള്ള സല്ലാപത്തിന്റെ പുത്തൻ മേഖലകൾ തീർക്കുകയാണ്. ആത്യന്തിക വിശകലനത്തിന്റെ ഭാഷാരൂപീകരണത്തെയും വിനിമയത്തേയും ദൃശ്യാത്മകമാക്കാനുള്ള നവമാധ്യമങ്ങളുടെ ശക്തി പുത്തൻ ഭാഷാജ്ഞാനവും ഭാഷാനുഭവവും രൂപീകരിക്കുകതന്നെ ചെയ്യും. മാധ്യമ സ്വാധീനത്തിലൂടെയുള്ള സമൂഹങ്ങളുടെ ജ്ഞാനവളർച്ചയും സാങ്കേതികതയുടെ ശക്തമായ പിൻബലത്തോടെ മാധ്യമങ്ങൾ ആർജിച്ചെടുക്കുന്ന ദൃശ്യാഖ്യാന സ്വഭാവ വ്യപ്തിയും ഭാഷാനുഭവത്തെ കലാനുസൃതമായി ദൃശ്യചാരുതയോടെ പുതുക്കിക്കൊണ്ടിരിക്കും. അങ്ങനെ അനുദിനം പുതുക്കപ്പെടുന്ന ദൃശ്യാഖ്യാനം വർത്തമാനകാല ഭാഷ തന്നെയാകും. യഥാർത്ഥത്തിൽ കാലാനുസൃതമായി പുതുക്കുന്ന ദൃശ്യജ്ഞാനവും വിനിമയരീതിയും സ്വീകരണരീതിയുമാണ് ഭാഷാസ്വഭാവത്തെയും ഭാഷാനുഭവത്തെയും രൂപപ്പെടുത്തുന്നത്.

# സൈബർ മേഖലയും അക്കാദമിക പഠനവും

അനുദിനം അർത്ഥവിപുലനം സംഭവിച്ചുകൊണ്ടിരിക്കുന്ന പദമാണ് സാഹിത്യം. ശ്രേഷ്ഠമായ ഭാഷയിൽ ലിഖിതരൂപത്തിലെഴുതുന്ന കവിത, നോവൽ, കഥ തുടങ്ങിയവയായിരുന്നു ഒരുകാലത്ത് സാഹിത്യമായി പരിഗണിച്ചിരുന്നത്. ദൃശ്യകലകളുടെ പാഠത്തെയും സാഹിത്യമായി പരിഗണിച്ചു. കാളിദാസന്റെയും ഷേക്സ്പിയറുടെയും നാടകങ്ങൾ നൂറ്റാണ്ടുകൾ പിന്നിട്ട് ഇന്നും സജീവമായി നിലനിൽക്കുന്നത് അതിന്റെ സാഹിത്യരൂപത്തിലൂടെയാണ് അല്ലെങ്കിൽ പാഠത്തിലൂടെയാണ്. കഥകളി, തുള്ളൽ, നൃത്തം, വിവിധതരം നാടകരൂപങ്ങൾ തുടങ്ങിയവയ്ക്കെല്ലാം നിയത സ്വഭാവമുള്ള പാഠമുണ്ട്. ഈ പാഠങ്ങൾക്കും സാഹിത്യമേഖലയിലാണ് സ്ഥാനം.

നിരൂപണം, ആത്മകഥ, യാത്രാവിവരണം, ഗവേഷണകൃതികൾ തുടങ്ങിയവ ലിഖിതപാഠങ്ങളായി വായനക്കാരിലെത്തുന്നു. ഇവയ്ക്കും സാഹിത്യത്തിന്റെ മേഖലയിൽ തന്നെയാണ് കാലം സ്ഥാനം നിശ്ചയിച്ചത്. സിനിമ രൂപീകരിക്കുന്നതിനുവേണ്ടി തയ്യാറാക്കുന്ന തിരക്കഥയ്ക്കും ചരിത്രവഴിയിൽ സാഹിത്യത്തിന്റെ മേഖലയിൽ സ്ഥാനം ലഭിച്ചു. മാധ്യമ കേന്ദ്രീകൃതമായ വർത്തമാനകാലത്ത് ലിഖിത സാഹിത്യത്തിന് അഭിമുഖമായി സൈബർ സാഹിത്യം കൂടിയെത്തി. ഇന്റർനെറ്റിലെ വെബ്സൈറ്റുകളിലും മൊബൈൽ ഫോണിലെ ആപ്ലിക്കേഷനുകളിലുമെല്ലാം ഡിജിറ്റൽ രൂപത്തിൽ സഞ്ചരിച്ചെത്തുന്ന സന്ദേശങ്ങൾ, പ്രതികരണങ്ങൾ, പ്രതിഷേധങ്ങൾ, വിലയിരുത്തലുകൾ തുടങ്ങിയവയും വർത്തമാനകാലത്തിന്റെ സ്വഭാവം ഉൾക്കൊള്ളുന്ന ആഖ്യാനങ്ങളാണ്.

അച്ചടി, റിക്കാർഡിങ്ങ്, സിനിമ, റേഡിയോ, ടെലിവിഷൻ, ഇന്റർനെറ്റ്, മൊബൈൽഫോൺ എന്നിവയാണ് ആശയവിനിമയത്തിലും രൂപീകരണത്തിലും ശ്രദ്ധേയമായ സ്ഥാനം അടയാളപ്പെടുത്തിയ മാധ്യമങ്ങൾ. ഓരോ മാധ്യമവും ഓരോ സ്വഭാവത്തോടും ആശയവിനിമയരീതിയോടും കൂടിയ

താണ്. യഥാർത്ഥത്തിൽ ഇവിടെ മാധ്യമം സാഹിത്യത്തിന്റെ മാത്രമല്ല കലയുടെയും അവതരണം നിർവ്വഹിക്കുന്നു. കലയിലെ ഭാഷ, സാഹിത്യത്തിലെ ഭാഷ എന്നു വ്യവഛേദിക്കുമ്പോൾതന്നെ ഭാഷയുടെ ഭിന്ന ആശയപ്രകാശനരീതികളാണ് വെളിവാകുന്നത്. വർത്തമാനകാലം 'സ്ക്രീൻ' മാധ്യമങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നവയാണ്. ഇന്റർനെറ്റും മൊബൈൽഫോണുമാണ് ഈ കാലഘട്ടത്തിന്റെ ഏറ്റവും ശക്തമായ 'സ്ക്രീൻ' മാധ്യമങ്ങൾ.

സിനിമയും ടെലിവിഷനും സ്ക്രീൻ മാധ്യമങ്ങളാണെങ്കിലും പ്രേക്ഷകന്/കാഴ്ചക്കാരന് ആശയസ്വീകരണം മാത്രമാണ് സാധ്യമാകുന്നത്. ഇന്റർനെറ്റിലൂടെയും മൊബൈൽഫോണിലൂടെയും ആശയവിനിമയം അനായാസേന അതിവേഗത്തിൽ സാധ്യമാകുന്നു. ലിഖിതം, ദൃശ്യം, ശബ്ദം, ചലനാത്മകമായ ദൃശ്യം തുടങ്ങിയ ഏതവസ്ഥയിലും ആശയത്തെ വിനിമയം ചെയ്യുവാൻ കഴിയു മെന്നത് ഈ മാധ്യമങ്ങളുടെ സവിശേഷതയാണ്. യഥാർത്ഥത്തിൽ ഈ മാധ്യമങ്ങളാണ് വർത്തമാനകാല ഭാഷയെയും സാഹിത്യത്തെയും ഏറ്റവും ശക്തമായി സ്വാധീനിക്കുന്നത്. ഈ മാധ്യമങ്ങൾ പുത്തൻ മാധ്യമസാക്ഷരത അഥവാ ഭാഷാസാഹിത്യ സാക്ഷരത മുന്നോട്ടുവയ്ക്കുന്നു. ഈ പശ്ചാത്തലത്തിലാണ് പരമ്പരാഗത ഗവേഷണരീതിക്ക് മാറ്റം അനിവാര്യമായിത്തീരുന്നത്. ഗവേഷണരീതിക്ക് മാറ്റം സംഭവിക്കുമ്പോൾ ഗവേഷണത്തിന്റെ രീതിശാസ്ത്രത്തിനും കാലാനുസൃതമായ മാറ്റം അനിവാര്യമായിത്തീരുന്നു.

കംപ്യൂട്ടർ അടിസ്ഥാനപ്പെടുത്തിയുള്ള ഭാഷയും, ബ്രോഡ്കാസ്റ്റിങ് സാങ്കേതികതയും വർത്തമാനകാലത്തിന്റെ ആശയവിനിമയത്തെ രൂപീകരിക്കുന്ന ഘടകങ്ങളാണ്. ഒരാൾ പറയുന്നത് കേട്ടെഴുതുന്നതുപോലെയോ റിക്കാർഡ് ചെയ്യുന്നതുപോലെയോ ഡിജിറ്റൽ ക്യാമറയിലൂടെ ചുറ്റുപാടുകളെ രേഖപ്പെടുത്തുവാൻ കഴിയുന്ന അവസ്ഥ മാധ്യമവിനിയോഗം നടത്തുന്നവർക്ക് സാധ്യമാകുന്നെന്നതും വിലമതിക്കേണ്ടതാണ്. ഓരോ വ്യക്തിയുടെ കൈകളിലെ ക്യാമറയും മൊബൈൽഫോൺ സാധ്യതയുടെ മാധ്യമ ഇടം കൂടിയാണ്. ഫോൺ വിളിക്കുക എന്നതിനപ്പുറത്ത് ദൃശ്യങ്ങൾ രേഖപ്പെടുത്തുവാനും ആവശ്യമുള്ളപ്പോൾ ആവശ്യക്കാരന് കൈമാറുവാനും കഴിയുന്ന ഇടം. ബാങ്കിങ്ങ് മുതൽ പർച്ചേയ്സുകൾ വരെ നടത്തുവാൻ കഴിയുന്ന മാധ്യമം. എസ്.എം.എസ്, വാട്ട്സ് ആപ്പ് തുടങ്ങിയവയുടെ ഉപയോഗസാധ്യത ആശയവിനിമയത്തിന്റെ വിപുലനത്വം രൂപീകരിക്കുന്നതിനൊപ്പം അനുനിമിഷം ലൈവായി സന്ദേശങ്ങളിലൂടെ അഥവാ ആശയവിനിമയത്തിലൂടെ സാമൂഹ്യപ്രതിബദ്ധതയുള്ള വ്യക്തിയാകു വാനുള്ള സാധ്യത വഴിയൊരുക്കുന്നു. നാൽക്കവലകളിലൂടെയോ ആൾക്കൂട്ടങ്ങളിലൂടെയോ രൂപപ്പെടുന്ന പൊതുമണ്ഡലം വർത്തമാനകാലത്ത് സൈബർ പൊതുമണ്ഡലമായിക്കഴിഞ്ഞു. ഫേസ്ബുക്ക് ടിിറ്റർ, വൈബർ, യൂട്യൂബ് തുടങ്ങിയവ ഈ പൊതുമണ്ഡലങ്ങളുടെ വൈവിധ്യമുള്ള ഓരോ സ്വഭാവമാണ് വ്യക്തമാക്കുന്നത്.

സാഹിത്യം, ഭാഷ, ചിന്ത, വ്യവഹാരങ്ങൾ, പൊതുമണ്ഡലം, ബൗദ്ധിക പ്രവർത്തനങ്ങൾ, വൈകാരികത തുടങ്ങിയവയെ സ്വാധീനിക്കുന്ന മാധ്യമങ്ങളുടെ വ്യവഹാരത്തെ എങ്ങനെയാണ് വർത്തമാനകാല ഗവേഷണത്തിന്റെ പുറത്ത് നിറുത്തുവാൻ കഴിയുക. ഭാഷാശാസ്ത്രവും വ്യവഹാരരീതികളും കാലത്തിനനുസരിച്ച് മാധ്യമ കേന്ദ്രീകൃതമായി മാറുന്നതിനെപ്പറ്റി Language and The Internet എന്ന ഗ്രന്ഥത്തിൽ David Crystal വസ്തുനിഷ്ഠമായി പ്രതിപാദിച്ചിട്ടുണ്ട്. A further dimension to the lingusitic variety promoted by the new technologies relates to the content they carry. As with traditional written expression, the medium will influence the general character of the language to be used whether it is information, education, entertainment, edutainment, advertising, buying and selling, onscreen guides, teletext services, or any other domain. Within these broad categories, subject - related domains (science, religion, law etc.) will doubtless evolve computer - mediated varieties along similar lines to those which emerged in traditional speech and writing.

സ്ക്രീനിലേയ്ക്കുള്ള എഴുത്തിന്റെയും വായനയുടെയും പരിവർത്തനം ആശയവിനിമയ രീതിയേയും ആശയസ്വീകരണരീതിയേയുമാണ് മാറ്റത്തിനു വിധേയമാക്കിയത്. ഇന്റർനെറ്റുമായി ബന്ധപ്പെട്ടു നിൽക്കുന്ന കംപ്യൂട്ടറിന്റേയോ മൊബൈൽ ഫോണിന്റെയോ സ്ക്രീൻ ആഗോളാടിസ്ഥാനത്തിലുള്ള ആശയവിനിമയശൃംഖലയുടെ ഭാഗമാണ്. ദൃശ്യങ്ങൾ, ശബ്ദങ്ങൾ, ലിഖിതങ്ങൾ, സവിശേഷമായ ചലനങ്ങൾ, വർണങ്ങൾ തുടങ്ങിയവയും വാർത്തകൾ, വിശകലനങ്ങൾ, ചർച്ചകൾ എന്നിവയും സിനിമ എന്ന വിനോദാപാധിയും വന്നുചേരുന്ന ഒരു സംഗമസ്ഥലമാണ് സ്ക്രീൻ. യഥാർത്ഥത്തിൽ ഇവിടെ സ്ക്രീൻഭാഷ വൈവിദ്ധ്യമുള്ള ജ്ഞാനത്തിന്റെ പ്രത്യുൽപ്പന്നമാണ് സാധ്യമാക്കുന്നത്.

എഴുത്തും വായനയും തുടർച്ച ആവശ്യപ്പെടുന്ന പരിശീലനത്തിന്റെ ഭാഗമാണ്. പുതിയ പുതിയ പദങ്ങൾ, ആശയങ്ങൾ തുടങ്ങിയവ ഇതിന്റെ ഭാഗമായി സംഭവിക്കുന്നവയാണ്. ദൃശ്യങ്ങളും ശബ്ദങ്ങളും ഭാഷാവിനിമയത്തിലേയ്ക്കും ഭാഷാസ്വീകരണത്തിലേക്കും സാധ്യമായതയോടെ ഭാഷയുടെ ആശയവിനിമയ വിസ്തൃതിയാണ് വർദ്ധിച്ചത്. പരമ്പരാഗതമായി വളർത്തിയെടുത്ത വ്യാകരണം, ഭാഷാശാസ്ത്രം തുടങ്ങിയവ ഇവിടെ ഭാഷാനിർണയത്തിന് ചേരാതെ നിൽക്കുന്നു. കംപ്യൂട്ടറുമായി ബന്ധപ്പെട്ട, ഇന്റർനെറ്റുമായി ബന്ധപ്പെട്ട പുതിയ ഭാഷയാണ് ഇവിടെ പ്രസക്തമായി വരുന്നത്. Websites, Virtual Reality, Multimedia, Computer Games, Computer Animation, Digital Video തുടങ്ങിയവയുടെ ഭാഷതന്നെ അവസ്ഥാവിശേഷങ്ങൾത്തന്നെ പുതിയ ഭാഷയുടെയും വ്യാകരണത്തിന്റെയും നിർമ്മിതിയാണ്. ഇവയെല്ലാം വ്യവഹാരങ്ങളെ സ്വാധീനിക്കുമ്പോൾ സ്വാഭാവികതയോടെ പുതി

യൊരു സംസ്കാരം രൂപപ്പെടുന്നു. അതാണ് സൈബർ സംസ്കാരം (Cyber culture). സൈബർസംസ്കാരം നവമായ സാങ്കേതികവൈജ്ഞാനിക സാക്ഷരതയുടെ ഭാഗം കൂടിയാണ്.

**മാധ്യമങ്ങളും ഭാഷാനിർമ്മിതിയും**

ഓരോ മാധ്യമവും ഓരോ സ്വഭാവത്തോടുകൂടിയവയാണ്. അതുകൊണ്ടുതന്നെ ഓരോ മാധ്യമത്തിനും അതിന്റേതായ ഭാഷാവിനിമയരീതിയും ആശയാഖ്യാന സ്വഭാവവുമാണുള്ളത്. ഒരു മാധ്യമത്തിന്റെ ഭാഷതന്നെ ബഹുസ്വരതയുണർത്തുന്നതാണ്. ടെലിവിഷൻ കാഴ്ചയുടെ വിപുല വിസ്തൃതമായ മ്യൂസിയം തീർക്കുന്ന മാധ്യമമാണല്ലോ. നിരവധി ചാനലുകൾ, പലഭാഷകളിലുള്ള പ്രോഗ്രാമുകൾ, ഒരേ ഭാഷയിലുമുള്ള പ്രോഗ്രാമുകളുടെ വൈവിദ്ധ്യമുള്ള സ്വഭാവം തുടങ്ങിയവ ഇവിടെ വിലമതിക്കേണ്ടതാണ്.

മലയാളം ടെലിവിഷൻ ചാനലുകൾ മുന്നോട്ടുവെയ്ക്കുന്ന ആഖ്യാനത്തിന്റെ മേഖല മലയാളിയുടെ സംസ്കാരവും ഭാഷയും വ്യവഹാരങ്ങളുമായി ബന്ധപ്പെട്ടവയാണ്. മലയാളവാർത്ത, മലയാള സീരിയൽ, മലയാള ടെലിഫിലിം, മലയാള റിയാലിറ്റിഷോ, എന്നെല്ലാം ടെലിവിഷനിലെ പ്രോഗ്രാമുകളെ നിർണയ വിധേയമാക്കുമ്പോൾ ടെലിവിഷന്റെ പ്രോഗ്രാമിനൊപ്പം സാങ്കേതികതികവോടെ രൂപപ്പെടുന്ന മറ്റൊരു ഭാഷകൂടിയുണ്ട്. അതാണ് ടെലിവിഷനുമായി ബന്ധപ്പെട്ട മാധ്യമസ്വാധീനമുള്ള മലയാള പദഭാഷ. ടെലിവിഷനിലെ പ്രോഗ്രാം അവതാരകർ സംഭാഷണത്തിലൂടെയും ശരീരഭാഷയിലൂടെയും ഇതര ദൃശ്യാവതരണങ്ങളിലൂടെയും അവതരിപ്പിക്കുന്ന ഭാഷ വിവിധഭാഷകളുടെ സ്വഭാവം ഉൾക്കൊള്ളുന്ന പുതിയൊരു അർത്ഥവിനിമയ രീതിയാണ്. ഇവിടെ പ്രസക്തമായി വരുന്ന ഒരു ചോദ്യമുണ്ട്. ടെലിവിഷന്റെ ഭാഷ വിവിധ ഭാഷകളിലെ നിരവധി ചാനലുകളിലൂടെ ടെലിവിഷൻ അതിന്റെ ആഖ്യാനം സാധ്യമാക്കുമ്പോൾ കാഴ്ചക്കാരൻ ചാനലുകൾ മാറ്റി ആവശ്യമുള്ളത് കാണുകയും അല്ലാത്തത് തിരസ്ക്കരിക്കുകയും ചെയ്യുന്നു. ടെലിവിഷന്റെ ഭാഷ ഓരോ പ്രോഗ്രാമിനും ആ മാധ്യമത്തിന്റെ സ്വഭാവത്തിനുമനുസരിച്ച് എന്തായിരിക്കുമെന്നുള്ളത്.

ഫുട്ബോൾ, ടെന്നീസ്, ക്രിക്കറ്റ് തുടങ്ങിയ കായികകലാരൂപങ്ങൾ, ടെലിവിഷൻ അവതരിപ്പിക്കുന്നത്/ പ്രദർശിപ്പിക്കുന്നത് ആ മാധ്യമത്തിന്റെ ഭാഷയിലൂടെയാണ്. യഥാർത്ഥ ഫുട്ബോൾ കളി കാണുന്നതും ടെലിവിഷനിലൂടെ ഫുട്ബോൾ കളിക്കുന്നതും രണ്ടുതരം കാഴ്ചയാണ് പ്രദാനം ചെയ്യുന്നത്. കാഴ്ചയുടെ ഈ മാറ്റം അർത്ഥവിനിമയത്തേയും സ്വാധീനിക്കുന്നു.

ടെലിവിഷനിൽ ഫുട്ബോൾ കാണുമ്പോൾ അതിന്റെ സ്ക്രീനാണ് കളിയുടെ അവതരണ സ്ഥലമായി പരിണമിക്കുന്നത്. വലിയൊരു ഗ്രൗണ്ടിനെയും ഗാലറിയെയും ഇവിടെ ചുരുക്കിയെടുത്ത് അവതരിപ്പിക്കുന്ന ദൗത്യമാണ് പ്രാഥമികമായി സംഭവിക്കുന്നത്. കളിയിലെ ഏറ്റവും പ്രധാന അവ

സ്ഥകൾക്കു പിന്നാലെ ക്യാമറ സഞ്ചരിക്കുമ്പോൾ സ്വാഭാവികതയോടെ അവിടെ വീക്ഷണ-ദിശ പ്രസക്തമായി വരുന്നു. കാണികളെ ഓരോ അവസ്ഥ യിലും ആവേശം കൊള്ളിക്കാൻ കഴിയുന്ന വീക്ഷണദിശകളാണ് സാഹച ര്യാനുസരണം സ്വീകരിക്കുന്നത്. ചലനാത്മകമായ ദൃശ്യങ്ങൾ വൈവിദ്ധ്യ മുള്ള ചെറുതുണ്ടുകളായി തുടർച്ച തോന്നുന്ന രീതിയിൽ ക്രമീകരിക്കുമ്പോൾ യഥാർത്ഥ കാഴ്ചാനുഭവത്തെ പുനർക്രമീകരിക്കുന്ന പ്രക്രിയയാണ് സംഭ വിക്കുന്നത്. യഥാർത്ഥത്തിലിവിടെ പ്രതിരൂപങ്ങളുടെ കളിയാണ് കാഴ്ചക്കാ രൻ ടെലിവിഷന്റെ സ്ക്രീനിൽ ദർശിക്കുന്നത്.

ഫുഡ്ബോൾ എന്ന കളിയെപ്പറ്റിയുള്ള ജ്ഞാനവും ടെലിവിഷന്റെ ആഖ്യാനരീതിയെപ്പറ്റിയുള്ള അറിവും സമ്മേളിച്ച് സംഭവിക്കുമ്പോൾ ടെലി വിഷനിലൂടെ അതിന്റെ ഭാഷയ്ക്കനുസരിച്ച് ക്രമീകരിക്കുന്ന ഫുഡ്ബോൾ ആസ്വാദ്യ മായിതീരുന്നു. ടെലിവിഷനിലൂടെ അവതരിപ്പിക്കുന്ന നൃത്തം, സംഗീതം, പാചകം, യാത്രാവിവരണം തുടങ്ങിയുള്ള പ്രോഗ്രാമുകൾക്ക് സവിശേഷമായ ഭാഷാവിനിമയ സ്വഭാവം തന്നെയാണുള്ളത്. ടെലിവിഷന്റെ ആഖ്യാനരീതി യുമായി ബന്ധപ്പെട്ട് വളർത്തുന്ന റിയാലിറ്റിഷോകൾ വിലയിരുത്തിയാൽ ടെലിവിഷൻ ഉത്പാദിപ്പിക്കുന്ന ഭാഷയെപ്പറ്റി സാമാന്യമായി വ്യക്തമാകും. നൃത്തം, സംഗീതം, കോമഡിഷോകൾ, പാചകം തുടങ്ങിയുള്ള ഓരോ വിഷ യങ്ങളെ ആധാരമാക്കിയാണല്ലോ റിയാലിറ്റിഷോ നടത്തുന്നത്. മലയാളത്തി ലെയും തമിഴിലെയും തെലുങ്കിലെയും ഹിന്ദിയിലേയും നൃത്തമോ സംഗീ തമോ കേന്ദ്രമായി വരുന്ന റിയാലിറ്റിഷോ പരിശോധിച്ചാൽ ആ പ്രദേശ ത്തിന്റെ സംസ്കാരവും അവതരിപ്പിക്കുന്നവരുടെ ശരീരഭാഷയും ഒപ്പം ടെലി വിഷൻ കാഴ്ചയെ അടിസ്ഥാനമാക്കി ആ സമൂഹം ആർജ്ജിച്ചെടുത്ത അനു ഭവവും അവതരണത്തെ സ്വാധീനിക്കുന്നതായി കാണാം. ഇവിടെ ഭാഷയെന്ന നിലയിൽ ബഹുസ്വരതാ സാധ്യതയുള്ള ഒന്നായി ടെലിവിഷൻ മാറുന്നു.

വിവിധ ഭാഷകളിലെ നിരവധി ചാനലുകളിലൂടെ ടെലിവിഷൻ അതിന്റെ ആഖ്യാനം സാധ്യമാക്കുമ്പോൾ കാഴ്ചക്കാരൻ ചാനലുകൾ മാറ്റി ആവശ്യമുള്ളത് കാണുകയും അല്ലാത്തത് തിരസ്ക്കരിക്കുകയും ചെയ്യുന്നു. ഇവിടെ ടെലിവിഷന്റെ ആഖ്യാനവിസ്തൃതി മനസിലാക്കി ഓരോ ഭാഷയി ലെയും ചാനലിലെയും അവതരണരീതി സ്വാഭാവികതയോടെ ഗ്രഹിക്കുന്ന പ്രക്രിയ സംഭവിക്കുന്നു. യഥാർത്ഥത്തിലിവിടെ ടെലിവിഷൻ ഉത്പാദിപ്പി ക്കുന്ന ബഹുസ്വഭാവമുള്ള പ്രോഗ്രാമുകളിലൂടെ അതിന്റെ ഭാഷ സ്വായത്ത മാകുന്ന പ്രക്രിയ സ്വാഭാവികതയോടെ സംഭവിക്കുന്നു.

ഇന്റർനെറ്റിന്റെ വലയത്തിനുള്ളിലാണല്ലോ ആഗോള സമൂഹം. ആശ യവിനിമയത്തിന്റെയും സ്വീകരണത്തിന്റെയും അനന്തസാധ്യതകളാണ് ഇന്റർ നെറ്റിനെ പ്രസക്തമാക്കുന്നത്. യഥാർത്ഥത്തിൽ ഇന്റർനെറ്റിന്റെ ആന്ത രിക മണ്ഡലം ബഹുഭാഷാരൂപീകരണ സാധ്യതകളാൽ സമൃദ്ധമാണ്. ഇ-മെയിലുകൾ, ചാറ്റ് റൂമുകൾ, വെബ്സൈറ്റുകൾ, യൂട്യൂബ്, ഫേസ്ബുക്ക്,

ടിറ്റർ, ബ്ലോഗെഴുത്തുകൾ, പലതരം ആപ്ലിക്കേഷനുകൾ സാധ്യമാക്കുന്ന വിനോദം, വിജ്ഞാനം, കൗതുകഅറിവുകൾ തുടങ്ങിയവയെല്ലാം ഇന്റർനെറ്റിന്റെ സാധ്യതയാണ്. ഓരോ വ്യക്തിയുടെ സ്വഭാവവും ആവശ്യവുമാണ് ഇന്റർനെറ്റിന്റെ സാധ്യത നിർണയിക്കുന്നത്. പ്രാദേശികഭാഷകളിൽവരെ വിവരങ്ങൾ നൽകുവാനും വിവരങ്ങൾ കൈമാറുമാനുള്ള ഇന്റർനെറ്റിന്റെ ശേഷി അതിന്റെ ആഖ്യാനവിസ്തൃതിയുടെ ഭാഗമാണ്. ഓരോ വ്യക്തിയും ഇന്റർനെറ്റുമായി ബന്ധപ്പെടുന്ന സമയം അതിലൂടെ സാധ്യമാക്കുന്ന ആശയവിനിമയരീതി, അതിൽ നിന്നും സ്വീകരിക്കുന്ന അറിവുകൾ തുടങ്ങിയവ ഏറെയാണ്. വർത്തമാനകാല ഭാഷാപഠനം സംസ്കാരനിർണയം സാഹിത്യ വിശകലനം തുടങ്ങിയവയിൽ ഇന്റർനെറ്റ് പുലർത്തുന്ന സാന്നിദ്ധ്യം വളരെ വലുതാണ്.

വ്യക്തികളുടെ ബൗദ്ധികമണ്ഡലത്തെ സ്വാധീനിക്കുന്ന രീതിയിൽ വളർന്നു കഴിഞ്ഞ ഇന്റർനെറ്റ് ഒരു മാധ്യമമെന്നതിനപ്പുറത്തേയ്ക്ക് ജീവിതത്തെ ക്രമീകരിക്കുന്ന അവസ്ഥാവിശേഷം തന്നെയായിക്കഴിഞ്ഞു. സംസ്കാരമെന്നത് സമഗ്രമായ ജീവിതശൈലിയെ പ്രതിനിധീകരിക്കുന്നുവെന്ന് റെയ്മണ്ട് വില്യംസ് അഭിപ്രായപ്പെടുന്നുണ്ടല്ലോ. വർത്തമാനകാല സംസ്കാരം മാധ്യമകേന്ദ്രീകൃതമാകുമ്പോൾ അതൊരു പുത്തൻ മനോഭാവവും സംവേദനശീലവുമാണ് മുന്നോട്ടുവെയ്ക്കുന്നത്. സൈബർ മാധ്യമങ്ങളിൽ വിശേഷിച്ച് ഇന്റർനെറ്റിൽ ടെസ്റ്റ് ബഹുസ്വരതയും ബഹുസാധ്യതയും ഉൾക്കൊള്ളുന്നതാണ്. ഈ പശ്ചാത്തലത്തിലാണ് ഹൈപ്പർ ടെക്സ്റ്റ് പ്രസക്ത മാകുന്നത്. ഒരു മൗസ് ക്ലിക്കിലൂടെ ഒരു ടെസ്റ്റിൽനിന്നും മറ്റൊരു ടെസ്റ്റിലേയ്ക്കും അതിൽനിന്ന് മറ്റൊന്നിലേയ്ക്കും ലിങ്ക് ചേർന്നുപോകുന്ന ടെസ്റ്റുകളുടെ തുടർച്ച ഹൈപ്പർടെസ്റ്റിന്റെ ഭാഗമാണ്. ഓരോ ടെസ്റ്റും മുന്നോട്ടുവയ്ക്കുന്ന ആശയപ്രകാശനരീതിയും ഭിന്നമായിരിക്കും. ചിത്രങ്ങൾ, വീഡിയോകൾ, അറിവുകൾ തുടങ്ങിയവ സ്വയം അർത്ഥപൂർണത ഉൾക്കൊള്ളുന്നതിനൊപ്പം മറ്റ് പല ലിങ്കുകളുമായി ബന്ധപ്പെട്ട് അർത്ഥത്തിന്റെ തുടർച്ചയും സ്വന്തമായ അസ്തിത്വവും അർത്ഥ സമഗ്രതയും ഉൾക്കൊള്ളുന്നതായിരിക്കും. ചിഹ്നങ്ങൾ ഉപയോഗിക്കുമ്പോഴും അർത്ഥങ്ങളുടെ തുടർച്ച സാഹചര്യവുമായി ബന്ധപ്പെട്ട് ലഭിക്കുന്നുണ്ട്. ഒരു ആശയത്തിൽനിന്നും അഥവ ഭാഷയിൽനിന്നും മറ്റൊരു ഇടത്തിലേയ്ക്കുള്ള സഞ്ചാരത്തിൽ സവിശേഷമായ മാധ്യമസാക്ഷരതയും സാധ്യതയും പ്രസക്തമായി വരുന്നു.

ഇന്റർനെറ്റിലൂടെ ബാങ്കിങ് നടത്തുന്ന വ്യക്തിതന്നെ അതേസമയത്ത് ഫെയ്സ്ബുക്കിലെ സുഹൃത്തുക്കളുമായി ആശയങ്ങൾ കൈമാറുന്നു. ഇതിനിടയിൽ ഏതെങ്കിലുമൊരു ഗെയിം കളിക്കുന്നു. യൂടൂബിലെ പുതിയ പോസ്റ്റിങ്ങുകൾ ശ്രദ്ധിക്കുന്നു. ഏറ്റവും പുതിയ വാർത്ത അറിയുവാൻ വേണ്ടി വാർത്താ വിനിമയസൈറ്റിലേക്ക് കയറുന്നു. അരമണിക്കൂർ ഇന്റർനെറ്റിനു മുന്നിലിരിക്കുന്ന വ്യക്തി കൈകാര്യംചെയ്യുന്ന വിഷയത്തിന്റെ സാധ്യതയും വൈവിധ്യവുമാണ് ഇവിടെ പ്രസക്തമായി വരുന്നത്. വ്യവഹാരങ്ങളിലെ

മാറ്റം, വേഗത തുടങ്ങിയവ ജീവിതത്തെയും മനോഭാവത്തെയും സമൂല മായി മാറ്റി മറിക്കുമ്പോൾ മാറിമറിഞ്ഞു വരുന്ന അവസ്ഥയാണ് കാലികപ്ര സക്തിയുള്ളതാകുന്നത്.

ഏറ്റവും പ്രചാരമുള്ള ബഹുജന മാധ്യമമെന്ന ബഹുമതി മൊബൈൽ ഫോണിനാണ്. പുരോഗതിയുടെയും വിനിമയത്തിന്റെയും സാംസ്കാരിക ചിഹ്നമെന്ന വിശേഷണത്തിൽനിന്നും വ്യക്തിയെ വ്യക്തികളുമായും സമൂ ഹവുമായും അനുനിമിഷം പരിധിക്കുള്ളിലാക്കി ബന്ധപ്പെടുത്തി ആശയ വിനിമയ ശൃംഖലകൾ രൂപീകരിക്കുന്ന സാംസ്കാരിക ഇടം എന്ന നിലയി ലേക്ക് മൊബൈൽഫോണുകൾ എത്തിക്കഴിഞ്ഞു. അച്ചടി, റിക്കാർഡിങ്, സിനിമ, റേഡിയോ, ടെലിവിഷൻ, ഇന്റർനെറ്റ് തുടങ്ങിയുള്ള മുൻമാധ്യമ ങ്ങളെ മുഴുവൻ ഉൾക്കൊണ്ട് അതിന്റെ സേവനം നൽകുവാനും സാധ്യത ആരായുവാനും മൊബൈൽഫോണിന് കഴിയുന്നുവെന്നുള്ളത് അതിന്റെ സാധ്യതയ്ക്കൊപ്പം പ്രസക്തി കൂടിയാണ് വ്യക്തമാക്കുന്നത്. വർത്തമാന കാല കല, സാഹിത്യം, വിനിമയ രീതികൾ, അധികാര രൂപീകരണ വിനി മയ കേന്ദ്രം, സംസ്കാരവിശകലനം, ജ്ഞാനം തുടങ്ങിയവയെപ്പറ്റിയെല്ലാം നിർണയനങ്ങൾ നടത്തുമ്പോൾ മൊബൈൽഫോൺ പ്രഥമസ്ഥാനത്തേയ്ക്ക് കടന്നുവരുന്നു.

'മൊബൈൽഫോൺ സാക്ഷരത' എന്ന പദം തന്നെ ആ മാധ്യമ വിനിയോഗത്തിന്റെ ഭാഗമായി രൂപപ്പെട്ടുവന്നതാണ്. മൊബൈൽ ഫോൺ സാക്ഷരത കേവലമായുള്ള മൊബൈൽഫോണിന്റെ ഉപയോഗമല്ല നിർണയ വിധേയമാക്കുന്നത്. ആ മാധ്യമത്തിലൂടെ പൊതുസമൂഹവുമായി ബന്ധപ്പെ ടുന്നതിന്റെയും ആശയവിനിമയങ്ങൾ നടത്തുന്നതിന്റെയും വ്യവഹാരങ്ങൾ നടത്തുന്നതിന്റെയും അതിലെ ആപ്ലിക്കേഷനുകൾ സജീവമായി ഉപയോ ഗിക്കുന്നതിന്റെയും സമഗ്രതയാണ് വ്യക്തമാക്കുന്നത്. വർത്തമാനകാലത്ത് ഓരോ വ്യക്തിയുടെയും മൊബൈൽഫോൺ ഉപയോഗത്തിന്റെ സമയം അഥവാ 'മൊബൈൽ ഫോൺ ജീവിത'ത്തിന്റെ സമയം ഏറെയാണ്. ഫോൺ വിളിക്കുക, റിങ്ങ്ടൂണുകൾ കേൾക്കുക, സംഗീതം ആസ്വദിക്കുക, എസ്എംഎസ്സുകൾ അയക്കുകയും വായിക്കുകയും ചെയ്യുക. വാട്ട്സ്ആപ്പ് ഉപയോഗിക്കുക, വീഡിയോ ചിത്രങ്ങൾ എടുക്കുകയും കണ്ട് ആസ്വദിക്കു കയും ചെയ്യുക തുടങ്ങിയവ മൊബൈൽ ഫോൺ വിനിയോഗത്തിന്റെ ഭാഗ മാണ്. മൊബൈൽഫോൺ സേവനങ്ങളായ കാൽക്കുലേറ്റർ, കലണ്ടർ, അലാറാം, റിക്കാർഡിങ്ങ്, ബ്ലൂടൂത്ത്, ഗെയിമുകൾ, നാവിഗേഷൻ, മാപ്പുകൾ പലതരം ഫയലുകൾ തുടങ്ങിയവയുടെ സേവനവും ഉപയോഗവും മൊബൈൽഫോൺ സേവനത്തിന്റെ ഭാഗമാണ്. വിരൽത്തുമ്പിലൂടെ ഇവ യെല്ലാം സാധ്യമാക്കുമ്പോൾ മുമ്പുള്ള സ്ഥലം, കാലം, സമയം തുടങ്ങിയ സങ്കല്പത്തെ വേഗതകൊണ്ട് പുനർനിർണയവിധേയമാക്കുന്ന അവസ്ഥ സംജാതമാകുന്നു.

ഹാവാർഡ് റെയ്ൻഗോൾഡിന്റെ നിരീക്ഷണത്തിൽ നവമായ ജനപ്രിയസംസ്കാരത്തിന്റെയും സാമൂഹ്യപ്രവർത്തനങ്ങളുടെയും ഊർജ്ജസ്വലവും ഊഷ്മള സുന്ദരവുമായ ഇടമാണ് മൊബൈൽ ഫോൺ. എസ്.എം.എസ് സവിശേഷമായ ഭാഷാരൂപത്തിലൂടെ ആശയവിനിമയത്തിന്റെ ശക്തമായ സാന്നിദ്ധ്യമായിക്കഴിഞ്ഞു. പ്രതികരണങ്ങൾ, പ്രതിഷേധങ്ങൾ, ആശംസകൾ, സന്ദേശങ്ങൾ, വിവരകൈമാറ്റം, അറിയിപ്പുകൾ, പരസ്യങ്ങൾ തുടങ്ങിയവയെല്ലാം എസ്.എം.എസ്സുകളിലൂടെ സജീവമായി നടക്കുന്നു. ബാങ്കിങ്ങ്, ഷോപ്പിങ്ങ്, വിവിധതരം ടിക്കറ്റ് ബുക്കിങ്ങ് തുടങ്ങിയവയ്ക്കും മൊബൈൽഫോൺ തന്നെയാണ് മാധ്യമമായി ഉപയോഗിക്കുന്നത്. വിവിധതരം ആപ്ലിക്കേഷനുകൾ ഡൗൺലോഡ് ചെയ്തെടുത്ത് മൊബൈൽ ഫോണിന്റെ വിനിയോഗ വിസ്തൃതി/ഉപയോഗ രീതി അവശ്യാനുസരണം വർദ്ധിപ്പിക്കാനാവും. വ്യക്തിയുടെ അനുദിനമുള്ള ജീവിതവും പ്രവൃത്തിയുമെല്ലാം മൊബൈൽ ഫോണിന്റെ കൂടി സാധ്യതയിൽനിന്നാണ് ക്രമീകരിക്കുന്നത്. വാട്ട്സ് ആപ്പ്, വൈബർ, സ്കൈപ്പ് പോലെയുള്ള ആപ്ലിക്കേഷനുകൾ ആശയവിനിമയത്തിന്റെ ഓരോ സാധ്യതകളാണ് ആരായുന്നത്. ഫോട്ടോകൾ, വീഡിയോകൾ, ഓഡിയോകൾ, വെബ് ലിങ്കുകൾ തുടങ്ങിയവയെല്ലാം നിമിഷനേരംകൊണ്ട് കൈമാറാനുള്ള വാട്ട്സ് ആപ്പിന്റെ ശേഷി അതിന്റെ ബഹുസ്വരതയും ബഹുമാധ്യമ അനുഭവവുമാണ് സാധ്യമാക്കുന്നത്.

പേപ്പറിലെ വായനയിൽനിന്നും സ്ക്രീനിലെ വായനയിലേയ്ക്കുള്ള പരിവർത്തനം സാഹിത്യത്തെ ഏകാർത്ഥ പ്രതീതിയിൽ നിന്നും ബഹുസ്വരതയുടെ ആഖ്യാന സാധ്യതയിലേക്കാണ് പരിവർത്തിപ്പിച്ചത്. യഥാർത്ഥത്തിലിവിടെ കലയുടെ ഡിജിറ്റൽവൽക്കരണം അതിന്റെ മുൻകാല രീതിശാസ്ത്രത്തെ സമൂലമായി മാറ്റിമറിച്ചു. കലയും സാഹിത്യവും ഒരേ സ്ക്രീനിൽ വർത്തമാനകാലാവസ്ഥയും സാങ്കേതികതയുമായി സമ്മേളിച്ച് നിൽക്കുന്ന കാഴ്ചയാണുള്ളത്. ലൈബ്രറികളുടെ ഡിജിറ്റൽവൽക്കരണവും പ്രസിദ്ധീകരണങ്ങളുടെ ഇ-പതിപ്പുകളും കാലഘട്ടത്തിന്റെ നിർമ്മിതികളാണ്. പ്രാദേശികമായൊരിടത്തിൽ മാത്രം ചുരുങ്ങാവുന്ന ഭാഷയേയും സാഹിത്യത്തേയുമാണ് ആഗോളാടിസ്ഥാനത്തിൽ വിപുലമായി ഇന്റർനെറ്റുകൾ എത്തിക്കുന്നത്. ആഗോളസമൂഹത്തിന്റെ ചലനങ്ങളും ചർച്ചകളും സ്വഭാവവിശേഷങ്ങളും ഇന്റർനെറ്റിലൂടെ ആർക്കും അറിയുവാൻ കഴിയുന്നു.

നവമാധ്യമങ്ങൾ മുന്നോട്ടുവെയ്ക്കുന്ന അതിന്റെ വിപണനവും അതിനെ ഉപഭോഗവസ്തുവാക്കി തീർക്കുന്ന രീതികളും കാലികമായ ജ്ഞാനത്തിന്റെ നിർമ്മിതിയെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. നിക്സ്റ്റിവൻസ് പുത്തൻ മാധ്യമങ്ങളുമായി ബന്ധപ്പെടുത്തി ഭാഷാവിനിമയരീതിയെ വിലയിരുത്തുന്നത് ശ്രദ്ധേയമാണ്. അച്ചടി രീതി കാലഹരണപ്പെട്ടു കഴിഞ്ഞു. അത് മുന്നോട്ടു വെയ്ക്കുന്ന സർഗ്ഗവിസ്മയങ്ങളും വീക്ഷണരീതികളും

ചരിത്രത്തിന്റെ ഭാഗമായിക്കൊണ്ടിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ നവ മാധ്യമങ്ങൾ അവതരിപ്പിക്കുന്ന വസ്തുതകൾക്കും വാർത്തകൾക്കും കൈവരുന്ന സ്വഭാവം പ്രസക്തമാകുന്നത്. യാഥാർത്ഥ്യത്തെ അതിസൂക്ഷ്മമായി ഡിജിറ്റൽ ക്യാമറയിലൂടെ രേഖപ്പെടുത്തി എഡിറ്റിങ്ങിന്റെ സഹായത്തോടെ വിവിധ ഘടകങ്ങളുടെ മിക്സിങ്ങിലൂടെ രൂപീകരിച്ചതിനുശേഷം പ്രത്യുത്പാദനക്ഷമതയുള്ള മാധ്യമങ്ങളിലൂടെ എഡിറ്റ് ചെയ്ത് വീണ്ടും വീണ്ടും അവതരിപ്പിക്കാൻ കഴിയുന്നു. തീക്ഷ്ണതയോടെ അവതരിപ്പിക്കുമ്പോൾ യാഥാർത്ഥ്യം അതിയാഥാർത്ഥ്യമായി തീരുന്നു (ഹൈപ്പർ റിയാലിറ്റി). അതിയാഥാർത്ഥ്യങ്ങൾ ആസ്വദിക്കുന്ന/വിലയിരുത്തുന്ന ഒരു സമൂഹത്തിന് യാഥാർത്ഥ്യത്തോട് തണുത്ത മനോഭാവമായിരിക്കും.

വസ്തുക്കളെ അഥവാ സംഭവങ്ങളെ വീണ്ടും വീണ്ടും വിഭജിക്കുകയോ വിഭജിച്ചവയെ തന്നെ സവിശേഷമായ രീതിയിൽ ഇരട്ടിപ്പിക്കുകയോ ചെയ്യുമ്പോൾ കാഴ്ചയുടെ തീക്ഷ്ണത അഥവാ ആഴക്കാഴ്ച സാധ്യമാകുന്നു. പലപ്പോഴും ഈ അവസ്ഥ യാഥാർത്ഥ്യത്തെ അപനിർമ്മിച്ച് നിയത സ്വഭാവമുള്ള അതിയാഥാർത്ഥ്യാവതരണത്തിന് സാധ്യമാകുന്നു. മാധ്യമങ്ങൾ ആശയവിനിമയ ശൃംഖലകൾ തീർക്കുന്ന ഈ കാലഘട്ടം യാഥാർത്ഥ്യത്തെ തിരസ്കരിച്ചുകൊണ്ടും പാർശ്വവൽക്കരിച്ചുകൊണ്ടുമുള്ള അതിയാഥാർത്ഥ്യാവതരണത്തിന്റെതാണ്.

**മലയാള സാഹിത്യവും നവമാധ്യമങ്ങളും**

മലയാള സാഹിത്യത്തിൽ നവമാധ്യമങ്ങളുടെ സ്വാധീനം ശക്തമായി അനുഭവപ്പെട്ടുതുടങ്ങി. ആദ്യകാലങ്ങളിൽ മാധ്യമങ്ങളെ ഭയത്തോടെ കാണുന്ന അതിന്റെ ദൂഷ്യവശങ്ങൾ അവതരിപ്പിക്കുന്ന രചനകളാണ് പ്രത്യക്ഷമായത്. 2000ൽ എം. മുകുന്ദൻ 'നൃത്തം' എന്ന നോവലിൽ സൈബർ സ്ഥലകാലങ്ങളെ സമർത്ഥമായി നോവൽ രൂപീകരണത്തിനായി വിനിയോഗിച്ചു. ഈ സാധ്യതകൾ പ്രയോജനപ്പെടുത്തിയുള്ള കഥാ-നോവൽ മേഖലകളിലെ പ്രതിനിധാനങ്ങളെ വിലയിരുത്തുന്ന ഗ്രന്ഥമാണ് 2002ൽ പി.കെ.രാജശേഖരൻ എഡിറ്റ് ചെയ്ത് പുറത്തിറങ്ങിയ 'ഭാവനാതീതം മലയാളത്തിലെ സൈബർ കഥകൾ'. വിവരവിനിമയ സാങ്കേതികവിദ്യയും മാധ്യമാവിഷ്കാര രീതിശാസ്ത്രവും കേരളീയ ജീവിതത്തെ സ്വാധീനിക്കുന്നതിന്റെ സ്വഭാവം സാഹിത്യകൃതികളിലൂടെ വിനിമയംചെയ്യുന്നതിന്റെ പ്രസക്തി വിലയിരുത്തുന്നതിനൊപ്പം മാധ്യമകേന്ദ്രീകൃതമായി രൂപീകൃതമാകുന്ന മനോഭാവങ്ങളെയും ജീവിതശൈലിയേയും വിലയിരുത്തുന്നു. ടി.വി.കൊച്ചുബാവയുടെ കൊക്കരണി, ചന്ദ്രമതിയുടെ വെബ് സൈറ്റ്, സേതുവിന്റെ അടയാളവാക്യങ്ങൾ തുടങ്ങിയവ മാധ്യമ സ്വാധീനം ഉറപ്പിക്കുന്ന ആദ്യകാല കഥകളിൽ ചിലതാണ്.

മലയാളത്തിലെ കവിതകളിലും നവമാധ്യമ സംസ്കാരത്തിന്റെ സ്വാധീനം ശക്തമായി ദർശിക്കാവും. വീരാൻകുട്ടിയുടെ 'തൊട്ടുതൊട്ടു

നടക്കുമ്പോൾ' എസ്.എം.എസ് ആയി പ്രചരിച്ച ചെറുകവിതകളുടെ സമാഹാരമാണ്. ചിത്രാ ശ്രീകുമാറിന്റെ തുഞ്ചൻ ഡോട്ട് കോം, ദിവാകരൻ വിഷ്ണുമംഗലത്തിന്റെ റെയ്ഞ്ച്, ശാന്താ തുളസീധരന്റെ പോത്തുകൾ ഡോട്ട് കോം തുടങ്ങിയവയൊക്കെ നവമാധ്യമങ്ങൾ മലയാള കവിതയിലും ഭാഷയിലും ആവിഷ്കരിക്കുന്ന സ്വാധീനത്തിന്റെ നേർക്കാഴ്ചകളാണ്. സേതുവിന്റെ അടയാളങ്ങൾ, ജോസ് പനച്ചിപ്പുറത്തിന്റെ ഇ-രൗദ്രം, സി.വി.ബാലകൃഷ്ണന്റെ ദിശ, ഇ.ഹരികുമാറിന്റെ പ്രണയത്തിനൊരു സോഫ്റ്റ്വെയർ, ടി.ഡി.രാമകൃഷ്ണന്റെ ഫ്രാൻ സിസ് ഇട്ടിക്കോര, ജോസ് കെ.മാനുവലിന്റെ യഹൂര:ഒരു കമ്മ്യൂണിസ്റ്റിന്റെ കഥ, സുരേഷ് പി.തോമസിന്റെ 2048 കി.മീ. തുടങ്ങിയവയൊക്കെ നവമാധ്യമങ്ങൾ മലയാളനോവലിൽ ചെലുത്തുന്ന സ്വാധീനത്തിന്റെ പ്രതിഫലനങ്ങളാണ്.

മലയാള സിനിമയുടെ കഥാഖ്യാനമേഖലയും നവമാധ്യമങ്ങളുടെ സ്വാധീനം വ്യക്തമായി ദർശിക്കാനാവും. കമൽ സംവിധാനം ചെയ്ത മിന്നാമിന്നിക്കൂട്ടം, ശ്യാമപ്രസാദിന്റെ ഋതു തുടങ്ങിയ സിനിമകൾ ഐ.ടി. മേഖലയിൽ തൊഴിൽ ചെയ്യുന്ന യുവതലമുറയുടെ കഥയാണ് ചാരുതയോടെ പറയുന്നത്. 22 ഫീമെയിൽ കോട്ടയം, ചാപ്പാക്കുരിശ്, ബോഡിഗാർഡ്, സോൾട്ട് ആന്റ് പെപ്പർ തുടങ്ങിയുള്ള സിനിമകളിലെല്ലാം മൊബൈൽ ഫോണുകൾ കഥാഗതിയെ തന്നെ നിയന്ത്രിക്കുകയും പ്രധാനകഥാപാത്രങ്ങളുടെ സ്വഭാവത്തെ നിർണയിക്കുകയും ചെയ്യുന്നു. ഇതുവരെ പറഞ്ഞുവന്നത് സാഹിത്യത്തിലേക്കും സിനിമയിലേക്കും മാധ്യമങ്ങളുടെ സ്വഭാവം അഥവാ സ്വാധീനം കടന്നു കയറിയതിനെപ്പറ്റിയാണ്. അടുത്ത ഘട്ടത്തിലാണ് മാധ്യമങ്ങൾ ത്തന്നെ മുന്നോട്ടു വെയ്ക്കുന്ന സാഹിത്യരൂപങ്ങളും കലാവിഷ്കാരങ്ങളും പ്രസക്തമായി തീരുന്നത്. മുമ്പ് യാത്രാവിവരണങ്ങൾ ലിഖിതഭാഷയിൽ എഴുതിയിരുന്നെങ്കിൽ ഇന്ന് യാത്രാവിവരണങ്ങൾ ദൃശ്യാത്മകമായി കാണിക്കുകയാണ്. ജീവചരിത്ര കൃതികളുടെ സ്ഥാനത്ത് ജീവചരിത്ര ഡോക്യുമെന്ററികൾ സ്ഥാനം ഉറപ്പിച്ചു കഴിഞ്ഞു. നൃത്തം, സംഗീതം പോലുള്ള കലാവതരണങ്ങളെ രേഖപ്പെടുത്തിയെടുക്കുവാൻ തുടങ്ങിയതും അതിനെയെല്ലാം പുനരവതരിപ്പിക്കാൻ തുടങ്ങിയതും മാധ്യമസ്വാധീനത്തിന്റെ ഫലമായാണ്. ഉത്സവങ്ങൾ, പൊതുചടങ്ങുകൾ, അപകടങ്ങൾ, ആഘോഷനിമിഷങ്ങൾ, കളികൾ തുടങ്ങിയവയും രേഖ പ്പെടുത്തി പ്രദർശിപ്പിക്കുന്നത് മാധ്യമ സ്വാധീനത്തോടെയാണല്ലോ. യഥാർത്ഥത്തിലിവിടെ ഭൂതകാലം ദൃശ്യാത്മകമായി ത്തന്നെ വർത്തമാനത്തിനൊപ്പം നിൽക്കുന്നു.

മാധ്യമങ്ങളെ മാറ്റിനിറുത്തിക്കൊണ്ട് വർത്തമാനകാല ജീവിതത്തെയും സാഹിത്യത്തെയും പറ്റി ചിന്തിക്കുവാനാകില്ല. ഈ പശ്ചാത്തലത്തിലാണ് മലയാളഗവേഷണ മേഖലയും ഗവേഷണത്തിന്റെ രീതിശാസ്ത്രവും അടിമുടി മാറേണ്ടത് അനിവാര്യമായി തീരുന്നത്. മലയാളം പ്രാദേശികമായി കേരളത്തിൽ മാത്രം ചുരുങ്ങിയിരുന്ന കാലവും ചരിത്രത്തിന്റെ

താണ്. മലയാളം വെബ്സൈറ്റുകളും ബ്ലോഗെഴുത്തുകളും യൂടൂബും ഫേസ് ബുക്കുമെല്ലാം ആഗോളവ്യാപകമായി സാധ്യമാകുകയാണ്. സ്കൈപ്പ് ആശ യവിനിയത്തിന്റെ പുത്തൻ സാധ്യത തന്നെയാണ്. ഫേസ്ബുക്ക്, ടിറ്റർ, വാട്ട്സ് ആപ്പ് തുടങ്ങിയ സോഷ്യൽ നെറ്റുവർക്കുകളെല്ലാം ദേശപരിമിതി കളെ അതിക്രമിച്ച് ആഗോളസാധ്യതകൾ ആരായുന്നവയാണ്. മലയാള ത്തിലെ ടെലിവിഷൻ ചാനലുകൾ ദർശിക്കുന്നതും ആഗോളസമൂഹമാണ്. മലയാളത്തിലെ പ്രധാനപ്പെട്ട ദിനപത്രങ്ങൾ, മാസികകൾ തുടങ്ങിയ പ്രസി ദ്ധീകരണങ്ങളെല്ലാം ഇന്റർനെറ്റിലൂടെ ആർക്കും വായിക്കാവുന്നതാണ്.

സൈബർവൽക്കരണത്തിനും മാധ്യമ സ്വഭാവത്തിനുമനുസരിച്ച് മല യാളത്തിന് ക്രമത്തിൽ മാറ്റം സംഭവിക്കുന്നു. അതുപോലെ പ്രാദേശികമായി കേരള ത്തിൽ മാത്രം സാധ്യമായിരുന്ന മലയാളം പ്രാദേശികതയെ നിഷേ ധിച്ച് ആഗോളാന്തരീക്ഷത്തിൽ വ്യാപിച്ചെത്തിച്ചത് അതിന്റെ വ്യാപ്തിയാണ് വ്യക്തമാക്കന്നത്. ലോകത്തിലെ പലരാജ്യങ്ങളിലും പല സമൂഹങ്ങളായി കഴിയുന്ന മലയാളികൾ കാലാകാലങ്ങളിലൂടെ ആ പ്രദേശവും ഭാഷയും സംസ്കാരവുമെല്ലാമായി ആർജ്ജിച്ചെടുത്ത അറിവുകളും ശീലങ്ങളുമുണ്ട്. ഇവയെക്കൂടി ഉൾക്കൊണ്ടുകൊണ്ടാണ് അവരുടെ മലയാള വ്യവഹാരങ്ങൾ സാധ്യമാകുന്നത്. വളർന്നുകൊണ്ടിരിക്കുന്ന ഏതൊരുഭാഷയും കാലാനു സൃതമായ പരിവർത്തനത്തിന് വിധേയമാകുന്നു. ഈ പരിവർത്തനം മല യാളത്തിനും സംഭവിക്കുന്നുണ്ട്. ഭാഷയ്ക്ക് പരിവർത്തനം സംഭവിക്കുമ്പോൾ സാഹിത്യം, കല തുടങ്ങിയവയ്ക്കും മാറ്റമോ പരിവർത്തനമോ സംഭവിക്കു ന്നത് സ്വാഭാവികമാണ്.

മാധ്യമങ്ങൾ സാധ്യമാക്കുന്ന ജ്ഞാനപ്രപഞ്ചത്തിന്റെ സാധ്യത യ്ക്കുമുന്നിലാണ് മാധ്യമസാക്ഷരതയുള്ള ഓരോ വ്യക്തിയും നിൽക്കുന്നത്. അതുകൊണ്ടുതന്നെ അത്തരം സാക്ഷരത നേടിയവരുടെ മനോഭാവങ്ങൾ ആഗോളാടിസ്ഥാനത്തിൽ രൂപപ്പെടുന്ന സാഹിത്യം, കല, സംസ്കാരം, വ്യവ ഹാരങ്ങൾ തുടങ്ങിയവയോട് ക്രിയാത്മകമായി സംവദിക്കുന്നതാണ്. ഇവി ടെയാണ് മലയാള ഗവേഷണവും അനിവാര്യതപോലെ പ്രതിസന്ധി നേരി ടുന്നത്. മുമ്പ് ലൈബ്രറികളിൽ മാത്രം ശേഖരിച്ച് വച്ചിരുന്ന ഗവേഷണ പ്രബന്ധങ്ങൾ ഇന്ന് ഡിജിറ്റൽവൽക്കരിച്ച് ആഗോളവ്യാപകമായി എത്തിച്ചു കൊടുക്കുന്നു. മൂല്യവിശകലനം കേവലം ഗവേഷണമൂല്യനിർണയാക്കളിൽ നിന്നും അക്കാദമിക സമൂഹത്തിനു മുന്നിലേയ്ക്കും പൊതുസമൂഹത്തിന് മുന്നിലേയ്ക്കും എത്തുന്ന ആഗോളമൂല്യ വിശകലന ജനാധിപത്യം ഇവിടെ വിലമതിക്കേണ്ടതുണ്ട്.

ആഗോള സാഹിത്യത്തെയും കലകളെയും സമൂഹത്തെയും മുന്നിൽ കണ്ട് അതിനിടയിൽ മലയാളത്തിന്റേതായ പ്രസക്തിയും സാധ്യ തയും ആരാഞ്ഞ് നടത്തുന്ന ഗവേഷണപ്രബന്ധങ്ങളെ വർത്തമാനകാലത്ത് വിലമതിക്കപ്പെടുകയുള്ളൂ. കേവലം ഒരു ബിരുദത്തിനുവേണ്ടി മാത്രം

പ്രബന്ധം രചിക്കുന്നവർ പരിഹസിക്കപ്പെടുകയും 'മാധ്യമ വിചാരണ' ചെയ്യ പ്പെടുകയും ചെയ്യുന്ന അവസ്ഥ സ്വാഭാവികതയോടെ അക്കാദമിക മേഖല യിൽ സംഭവിക്കും. ഗവേഷണവുമായി ബന്ധപ്പെട്ട് ഇപ്പോൾ നടക്കുന്ന പല വിവാദങ്ങളും വിശേഷിച്ച് ഗുണനിലവാരത്തെയും വിഷയ പ്രാധാന്യ ത്തെയും സംബന്ധിച്ച ആശങ്കകൾ ഇതിനു മുന്നോടി കൂടിയാണ്. സൈബർ ആയിക്കഴിഞ്ഞ ഭാഷ, സാഹിത്യം, കലകൾ തുടങ്ങിയവ ഓരോ അവസ്ഥ യുടെയും പിൻബലത്തോടെ പ്രവർത്തിക്കുന്നതിനെപ്പറ്റിയും അവയുടെ ഭാവിയെപ്പറ്റിയുമെല്ലാമുള്ള ഗവേഷണങ്ങൾക്ക് ഇപ്പോൾ പ്രസക്തിയുണ്ട്. ആഗോള മലയാള സമൂഹത്തെയും അവർ ബന്ധപ്പെടുന്ന പൊതുസമൂഹ ത്തെയും ഭാഷാസാഹിത്യാവസ്ഥകളെയും ഉൾക്കൊണ്ടുകൊണ്ടുള്ള കാഴ്ച പ്പാടുകളും നിലപാടുകളും ഗവേഷണങ്ങളുടെ പ്രസക്തി വർദ്ധിപ്പിക്കുക തന്നെ ചെയ്യും.

സൈബർ പൊതുമണ്ഡലത്തിലെ മലയാളത്തിന്റെ അഥവാ മലയാ ളിയുടെ ഇടവും ഇടപെടലും കാലികപ്രസക്തമായ വിഷയമാണ്. മാധ്യമ ങ്ങളുടെ സ്വാധീനത്തോടെ രൂപപ്പെട്ടുവരുന്ന കേരളീയ സ്വഭാവമുള്ള ദൃശ്യാ ഖ്യാനങ്ങൾ, മലയാള ഭാഷയിലേക്ക് ക്രമത്തിൽ മാധ്യമകേന്ദ്രീകൃതമായി പ്രവഹിച്ചെത്തുന്ന പദങ്ങൾ, ആ പദങ്ങൾ മുന്നോട്ടുവെയ്ക്കുന്ന വ്യവഹാര മണ്ഡലത്തിന്റെ ആർത്ഥിക വിസ്തൃതി, സൈബർവൽക്കരിക്കപ്പെട്ട സാഹി ത്യത്തിന്റെയും കലയുടെയും പുനരവതരണവുമായി ബന്ധപ്പെട്ട സ്വഭാവവും അസ്തിത്വവുമെല്ലാം വർത്തമാനകാല ഗവേഷണത്തെ സ്വാധിക്കുന്ന മേഖ ലകളാണ്.

ഗവേഷണത്തിന്റെ രീതിശാസ്ത്രം തിരഞ്ഞെടുക്കുന്ന വിഷയ ത്തിന്റെ സ്വാഭാവത്തിനനുസരിച്ചും ആ വിഷയത്തെ മുൻനിറുത്തി രൂപീക രിച്ചെടുക്കുന്ന കണ്ടെത്തലുകളുടെ സ്വഭാവത്തിനനുസരിച്ചും ഗവേഷകന്റെ ഗവേഷണ മനോഭാവത്തിനനുസരിച്ചും സംഭവിക്കുന്നതാണ്. മാധ്യമങ്ങൾ ഗവേഷണത്തിന്റെ ഭാഗമാകുമ്പോൾ കേവലം ലിഖിതഭാഷയ്ക്കപ്പുറം ദൃശ്യ ങ്ങൾ, വീഡിയോകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ തുടങ്ങിയവും ഗവേഷണ ത്തിന്റെ ഭാഗമാകുന്നു. വെബ് സൈറ്റുകളും വെബ്മാഗസിനുകളും ഡിജി റ്റൽ ലൈബ്രറികളുമെല്ലാം വർത്തമാനകാല ഗവേഷണത്തിന്റെ വിവരശേ ഖരണത്തിനുള്ള ഇടങ്ങളാണ്. ഇവയെല്ലാം ആവശ്യാനുസരണം പ്രബന്ധ ശരീരത്തിൽ ക്രമീകരിക്കുമ്പോൾ അനിവാര്യമായി വരുന്ന രീതിശാസ്ത്രം ഗവേഷകനും മാർഗ്ഗനിർദേശിയും ചേർന്ന് രൂപീകരിക്കേണ്ടതാണ്. ഇവിടെ യുക്തിക്കും വസ്തുനിഷ്ഠതയ്ക്കും സത്യസന്ധതയ്ക്കും നിർണായകമായ സ്ഥാനമാണുള്ളത്. ഗവേഷണകൃതി ഭാവന, ഭാഷ, സർഗ്ഗാത്മകത, വിശക ലനമനോഭാവം തുടങ്ങിയവയുടെ പ്രത്യുൽപ്പന്നം കൂടിയാണെന്ന ബോധ്യം ഉണ്ടായിരിക്കുന്നത് നന്നായിരിക്കും.

# മലയാള ഭാഷയും സൈബർ ആഖ്യാനങ്ങളും

നവമാധ്യമങ്ങൾ മലയാളികളെയും മലയാളി സമൂഹങ്ങളെയും സ്വാധീനിച്ചുകൊണ്ടിരിക്കുന്ന രീതി കാലികപ്രസക്തമായ സാക്ഷരതയുടെയും ജീവിതനിർണ്ണയത്തിന്റെയും ഭാഗമാണ്. കേരളം ആഗോള ഭൂപടത്തിലെ വളരെ ചെറിയ പ്രദേശവും മലയാളം ശീലമാക്കിയവർ ചെറിയ സമൂഹവുമാണ്. മലയാളിയുടെ സ്വഭാവത്തിന് ബഹുസ്വരതകളെ ഉൾക്കൊള്ളുവാനും തനത് സംസ്കാരത്തെ കാലാനുസൃതമായി പുതുക്കി നിർത്തുവാനും കഴിയുന്നുണ്ട്. തൊഴിൽ തേടി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കുടിയേറിയ മലയാളികളും ഏറെയാണ്. ഇന്റർനെറ്റ്, മൊബൈൽ ഫോൺ എന്നീ മാധ്യമങ്ങളുടെ ആഗമനത്തോടെ ലോകത്ത് ആകമാനമുള്ള മലയാളികൾ ആശയവിനിമയത്തിലൂടെയും വ്യവഹാരങ്ങളിലൂടെയും പരസ്പരം ബന്ധപ്പെടുവാൻ തുടങ്ങിയ രീതികളും ശ്രദ്ധേയമാണ്. കേരളവും മലയാളികളുമെല്ലാം ആഗോള മാധ്യമ ശൃംഖലയുടെ ഭാഗമായതോടെ മലയാളിയുടെ മനോഭാവത്തിനും ഭാഷയ്ക്കുമെല്ലാം പരിവർത്തനം സംഭവിച്ചുകൊണ്ടിരിക്കുന്നു.

ഫേസ്ബുക്ക്, ഫേസ്ബുക്ക് മെസഞ്ചർ, സ്കൈപ്പ്, ട്വിറ്റർ, ലിങ്ക്ഡ് ഇൻ, വൈബർ, വിചാറ്റ്, വാട്ട്സ്ആപ് തുടങ്ങിയ സോഷ്യൽ നെറ്റ്വർക്കിങ്. സൈറ്റുകൾക്ക് മലയാളികൾക്കിടയിൽ പ്രചാരം ഏറെയാണ്. ഇതിൽ ഏതെങ്കിലും രണ്ടോ അതിലധികമോ സോഷ്യൽ നെറ്റ് വർക്കിങ് സൈറ്റുകൾ ഉപയോഗിക്കുന്നവരാണ് യുവതലമുറയേയും. ഇവർ ഇതിനായി വിനിയോഗിക്കുന്ന സമയവും ഏറെയാണ്. ഈ പത്രങ്ങളുടെ വായന, ബ്ലോഗ് രചനയും വായനയും, വിവിധതരം വെബ് സൈറ്റുകളുടെ ഉപയോഗം ഫേയ്സ്ബുക്ക്, വാർട്ട്സ് ആപ്പ് തുടങ്ങിയവയിലെല്ലാം മലയാളികൾ ഓരോ രീതിയിൽ സജീവമാണ്. ഇവയെല്ലാം മലയാളത്തിലും ഉപയോഗിക്കാമെന്നുള്ളത് ഭാഷയുടെ വിപുലനത്വത്തിന് കാരണമാണ്. പ്രാദേശികമായി ഒരു പ്രദേശത്ത് മാത്രം സജീവമായിരുന്ന മലയാളഭാഷയെ ആഗോളാടിസ്ഥാനത്തിൽ മലയാളി

കൾക്കിടയിൽ സജീവമാക്കുവാൻ നവമാധ്യമങ്ങൾക്ക് കഴിഞ്ഞു. മലയാളത്തിലെ ടെലിവിഷൻ ചാനലുകൾ വെബ് സൈറ്റിലൂടെ ലഭ്യമാക്കുന്നതും സിനിമ ഉൾപ്പെടെയുള്ള കലാരൂപങ്ങളും ഗാനങ്ങൾ, ചിത്രങ്ങൾ തുടങ്ങിയവയും മലയാള പുസ്തകങ്ങളും വെബ്സൈറ്റുകളിലൂടെ ലഭ്യമാകുന്നതും വർത്തമാനകാലത്തിന്റെ സജീവത തന്നെയാണ്. ഓൺലൈൻ ബാങ്കിങ്, ഓൺലൈൻ പർച്ചേസിങ് തുടങ്ങിയവയും സജീവമാണ്. മലയാളികളുടെ പൊതുമണ്ഡലം സൈബർ സ്പേസി ലേക്ക് മാറിയതും കാലത്തിന്റെ സവിശേഷതകളാണ്.

**കൂട്ടായ്മയുടെ മലയാളമുഖം**

ഇന്റർനെറ്റിൽ മലയാളികൾക്കു മാത്രമായുള്ള പല സൗഹൃദ കൂട്ടായ്മകളുമുണ്ട്. ആഗോള വിനിമയ സാധ്യതകളുടെ ചുവടുപിടിച്ച് മലയാളികളും സൈബർ മേഖലയിൽ സംഘം ചേരുന്നതിന്റെ പ്രത്യക്ഷ ഉദാഹരണങ്ങളായി ഇത്തരം കൂട്ടായ്മകളെ കാണാം.

സുഹൃത്ത്.കോം - www. suhruth. com
സസ്നേഹം - www. sasneham.net
ഇടയൻ - www. edayan.net
കൂട്ടം - www. koottam. com

എന്നിവയാണ് അത്തരത്തിൽപ്പെട്ട പ്രധാന സൈറ്റുകൾ. ഇടയൻ ക്രിസ്ത്യൻ സോഷ്യൽ നെറ്റ്‌വർക്കിംഗ് സൈറ്റാണ്. വർത്തമാനകാല കേരളീയ പൊതുമണ്ഡത്തിൽ സംഭവിക്കുന്ന വസ്തുതകളുടെ വിമർശനാത്മകമായ ചർച്ചകൾ ഇവിടെ സജീവമാണ്. ഇതിൽ കൂട്ട ത്തിലാണ് ഏറ്റവും കൂടുതൽ അംഗങ്ങൾ ഉള്ളത്. യുവാക്കളുടെ പ്രാതിനിധ്യം ആണ് ഈ സൈറ്റുകളെ സജീവമാക്കുന്നത്. മലയാളികൾ ഈ കൂട്ടായ്മകളിൽ മലയാളത്തിൽ തന്നെ ആശയ വിനിമയങ്ങൾ നടത്തുന്നു എന്നത് ശ്രദ്ധേയമാണ്. ഇവരെ ഇതിന് പ്രാപ്തമാക്കിയത് വരമൊഴി, മൊഴി കീമാൻ, ഗൂഗിൾ ഐ.എം.ഇ പോലുള്ള മലയാളം ടൈപ്പിംഗ് സോഫ്റ്റ് വെയറുകളാണ്. മംഗ്ലീഷ്ടൈപ്പ് ചെയ്യുന്നത് മലയാളത്തിലേക്ക് പരിവർത്തനപ്പെടുത്തുകയാണ് ചെയ്യുന്നത്. ഉദാഹരണത്തിന് "AMMA'' എന്ന് ടൈപ്പ് ചെയ്താൽ അമ്മഎന്ന് മലയാളത്തിൽ ആകുന്നു.

**സൈബർ പത്രങ്ങൾ**

ദിനപത്രങ്ങളുടെ വായന മലയാളികളുടെ ശീലമാണ്. ഇന്റർനെറ്റിലും ഇത് സജീവമാണ്. മലയാളത്തിലെ മുൻനിരപത്രങ്ങൾക്കെല്ലാം ഇന്റർനെറ്റ് പതിപ്പുകൾ (e-edition) ഉണ്ട്.

മനോരമ - epaper.manoramaonline.com
മാതൃഭൂമി - epaper.mathrubhumi.com
മാധ്യമം - www.madhyamam.com/epaper

| | |
|---|---|
| ദീപിക | - epaper.deepika.com |
| ദേശാഭിമാനി | - www.deshabhimani.com/epaper |
| ജന്മഭൂമി | - www.janmabhumidaily.com |
| മംഗളം | - www.mangalam.com |

ഓൺലൈനായി മാത്രം പ്രസിദ്ധികരിക്കുന്ന പത്രങ്ങളും ഏറെയാണ്. ഓരോ ഓൺലൈൻ പത്രത്തിനും സവിശേഷമായ ഓരോ വീക്ഷണ ദിശ കാണാം. കാസർകോട് വാർത്ത(www.kasargodvartha.com)യിൽ കാസർഗോഡിലെ പ്രദേശികമായ വാർത്തകളാണ് പ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കുന്നത്. സിംഗപ്പൂരിൽനിന്ന് ഒരു സംഘം മലയാളികൾ ചേർന്ന് മലയാളത്തിൽ പ്രസിദ്ധീകരിക്കുന്ന ഇ-പത്രമാണ് പ്രവാസി എക്സ്പ്രസ്സ് (www.pravasiexpress.com) അമേരിക്കയിൽനിന്ന് പ്രധാനമായും മൂന്ന് പത്രങ്ങളാണ് മലയാള വാർത്തകളുമായി സജീവമാകുന്നത്. അശ്വമേധം (www.aswamedham.com) ഇമേർജിംഗ് കേരള (www.emergingkerala.com), കേരള എക്സ്പ്രസ്സ് (www.keralaexpress.com) എന്നിവയാണ് അവ. പാലായിൽ=നിന്നും ഇറങ്ങുന്ന ഈ പത്രമാണ് സത്യം (www.sathyamonline.com) ഇന്റർനെറ്റിലൂടെ വായിക്കപ്പെടുന്ന മറ്റ് പ്രധാന പത്രങ്ങളാണ്.

| | |
|---|---|
| ജനറൽ | - www.generaldaily.com |
| ഉത്തരദേശം | - www.utharadesam.com |
| വർത്തമാനം | - www.varthamanam.com |
| സുദിനം | - www.sudhinam.com |
| എന്റെ വാർത്ത | - www.entevartha.com |
| ല വാർത്ത | - www.evartha.in |
| മറുനാടൻ മലയാളി | - www.marunadan malayali.com |

ഈ ഓൺലൈൻ പത്രങ്ങളുടെ രാഷ്ട്രീയം പലതാണ്. പ്രിന്റ് പത്രങ്ങളിലൂടെ കുത്തകകളായി നിന്നിരുന്ന വിഭാഗത്തിനെ പ്രതിരോധിക്കുക എന്ന നിലയ്ക്കാണ് പല ഇ-പത്രങ്ങളുടെയും പ്രധാന ലക്ഷ്യം. അതുകൊണ്ടുതന്നെ ജനപ്രിയ വാർത്തകൾക്കും സത്യസന്ധമായ വാർത്തകൾക്കും ഇവർ പ്രാധാന്യം നൽകുന്നു. അനുനിമിഷം പുതുക്കിക്കൊണ്ടിരിക്കുന്ന വാർത്തകൾ ഇത്തരം പത്രങ്ങളുടെ സജീവത വർദ്ധിപ്പിക്കുന്നു. മാധ്യമ സാക്ഷരത നേടിയ പുത്തൻ തലമുറകളുടെ അഭിരുചിക്കനുസരിച്ചാണ് ഇ-പത്രങ്ങളുടെ ആകെയുള്ള ക്രമീകരണം. മുൻനിര പത്രങ്ങൾ അവരുടെ അഭിപ്രായങ്ങൾ വായനക്കാരനെ കൊണ്ട് സമ്മതിപ്പിക്കുന്ന (manufacturing consent) കാലം ഇന്ന് അവസാനിച്ചുകൊണ്ടിരിക്കുന്നു. വായനക്കാരന് ആവശ്യാനുസരണം പല പത്രങ്ങൾ ഒരു മൗസ് ക്ലിക്കിലൂടെ തിരഞ്ഞെടുക്കുവാനുള്ള പരിപൂർണ്ണ സ്വാതന്ത്ര്യം ഇന്നുണ്ട്.

**ഇ-മാസികകൾ**

മലയാളത്തിലെ മുൻനിര അനുകാലികങ്ങളെല്ലാം ഇന്ന് ഇന്റർനെറ്റ് പതിപ്പുകൾ ഇറക്കുന്നു. മലയാളിയുടെ വായന രീതിയും ബോധവും ഡിജിറ്റൽ വേദിയിലേക്ക് മാറുന്നു എന്നതിന്റെ തെളിവായി ഇതിനെ കാണാം. മാധ്യമം, കലാകൗമുദി,നാന, സമകാലിക മലയാളം എന്നിവയെല്ലാം ഇന്ന് ഇന്റർനെറ്റ് എഡിഷൻ ഇറക്കുന്നുണ്ട്. ഇതിൽ മാധ്യമം അഡ്രോയ്ഡ് മൊബൈലുകളിലും ലഭ്യമാണ് അധികം താമസിക്കാതെ ഇതര അനുകാലികങ്ങളും മൊബൈലിൽ വായിക്കാവുന്ന അവസ്ഥയിലെത്തും. ആനുകാലികങ്ങളുടെ ഇന്റർനെറ്റ് പതിപ്പുകൾക്ക് ഉദാഹരണങ്ങളാണ്.

| | |
|---|---|
| മലയാളം വാരിക | - www.malayalamvarika.com |
| കലാകൗമുദി | - www.kalakaumudi.com |
| മലയാള മനോരമ | - www.manormaonline.com |
| ഇൻഫോ കൈരളി | - www.inforkairali.com |
| നാന | - www.nanafilmweekly.com |
| വെള്ളിനക്ഷത്രം | - www.vellinakshathram.com |

ഇ-മാസികകളായി മാത്രം ഇറക്കുന്ന അനുകാലികങ്ങൾ ഏറെയാണ്. ഇവയിൽ പലതിനും നല്ല വായനക്കാരും ഉണ്ട്. പ്രിന്റ് മാസികകളുടെ കുത്തക സ്വഭാവത്തിന് എതിരെയുള്ള പ്രതിരോധമെന്ന നിലയിൽ ഇ-മാസികകൾ വായിക്കുന്നവർ ഏറെയുണ്ട്.

| | |
|---|---|
| പുഴ | - www.puzha.com |
| സമകാലികം | - www.samakalikam.com |
| ഇ-പത്രം | - www.epathram.com |
| സായൂജ്യം | - www.sayujyam.com |
| അശ്വമേധം | - www.aswamedham.com |
| ഇന്ദുലേഖ | - -www.indhulekha.com |
| തുഷാരം | - www.thusharam.com |
| ചിന്ത | - www.chintha.com |

തുടങ്ങിയ ഇ-മാസികകൾ സവിശേഷമായ വിഷയങ്ങൾ തിരഞ്ഞെടുക്കുവാൻ കാണിക്കുന്ന ജാഗ്രത ഇതിനോടകം ശ്രദ്ധ നേടിക്കഴിഞ്ഞു. വായനക്കാരുടെ എഴുത്തുകൾക്കും അഭിപ്രായങ്ങൾക്കും ഇത്തരം മാസികകൾ മുന്തിയ പരിഗണനയാണ് നൽകുന്നത്.

**വിക്കിപീഡിയ**

ഇന്റനെറ്റിലെ സ്വതന്ത്ര വിജ്ഞാനകോശമാണ് വിക്കീപീഡിയ. ആർക്കും എപ്പോഴും വിഷയങ്ങൾ എഴുതാനും കൂട്ടിച്ചേർക്കാനും കഴിയുന്ന ഒരു തുറസ്സായ ഇടമാണ് വിക്കീപീഡിയ. പൊതുജനങ്ങൾക്കും എപ്പോൾ

വേണമെങ്കിലും ഇതിലേക്ക് പ്രവേശിച്ച് വിവരങ്ങൾ ശേഖരിക്കാനാകും. ഇന്ന് പല ഭാഷകൾക്കും അവരുടേതായ വിക്കീപീഡിയ ഉണ്ട്. 2002–ൽ ആണ് മലയാളത്തിൽ ഉള്ള വിക്കീപീഡിയ ആരംഭിക്കുന്നത്. മലയാളം ടൈപ്പിംഗ് സോഫ്റ്റ് വെയറുകൾ ലഭ്യമായതോടെ വിക്കീപീഡിയയിൽ മലയാളികൾ സജീവമായി. സമൂഹം, ചരിത്രം, സാഹിത്യം എന്നിവ സംബന്ധിച്ച പ്രാഥ മിക വിവരങ്ങൾക്കായി മലയാളം വിക്കീപീഡിയയെ ആശ്രയിക്കുന്നവരുടെ എണ്ണം ഇന്ന് നിരവധിയാണ്. മാത്രമല്ല പുസ്തകങ്ങൾക്കായി വിക്കി ഗ്രന്ഥശാല (-www.wikisource.org) ശബ്ദാർത്ഥങ്ങൾ കണ്ടെത്തുന്നതി നായി വിക്കിനിഘണ്ടു (www.wikionary.org) ചൊല്ലുകൾ ശേഖരിച്ചു വയ്ക്കുന്ന വിക്കികോട്ട്സ് അഥവ വിക്കിചൊല്ലുകൾ (www.wikiquote.org) പഠനസഹായികളും മറ്റും ചേർക്കുന്ന വിക്കി ബുക്സ് അഥവ വിക്കിപാഠശാല (www.wikibooks.org) എന്നീ അനുബന്ധ സൈറ്റുകളും വിക്കിപീഡിയയി ലുണ്ട്.

**ബ്ലോഗ്**

ആശയപ്രകാശന ഇടമെന്ന നിലയിൽ ഇൻർനെറ്റിലെ സജീവമായ മേഖലയാണ് ബ്ലോഗ്. മലയാളം ബ്ലോഗുകൾ എണ്ണംകൊണ്ടും വിഷയ വൈവിധ്യംകൊണ്ടും ഇന്ന് ശ്രദ്ധേയമാണ്. അച്ചടി പ്രസിദ്ധീകരണങ്ങളെ മാത്രം ആശ്രയിച്ചിരുന്ന എഴുത്തുകാരുടെ ഇടയിലേക്കാണ് പ്രസിദ്ധീകര ണത്തിന്റെ പുതുഭാവുകത്വവുമായി ബ്ലോഗ് കടന്നുവന്നത്. എഡിറ്റിംഗിന്റെ ഭീഷണിയും പ്രസിദ്ധീകരണത്തിന്റെയും വിതരണത്തിന്റെയും നൂലാമാല കളിൽപ്പെടാതെ ആശയങ്ങൾ ആഗോള വ്യാപകമായി വിനിമയംചെയ്യാൻ ബ്ലോഗിനാകുന്നു. കവിത, കഥ, നോവൽ, യാത്രാവിവരണം, നർമ്മം, രാഷ്ട്രീയം, പാചകം, കൃഷി, സിനിമാ നിരൂപണം, ഫോട്ടോ, ജ്യോതിഷം എന്നിങ്ങനെ മലയാളിയുടെ ആസ്വാദനമനോഭാവവും വിശ്വാസവും തൊട്ട് നിത്യജീവിത വ്യാവഹാരങ്ങൾ വരെ ബ്ലാഗിൽ സാന്നിധ്യമുറപ്പിക്കുന്നു. ഇതിൽ കവിതാബ്ലോഗുകളാണ് എണ്ണത്തിൽ കൂടുതലുള്ളത്.

**കവിത**

മലയാളത്തിലെ ബ്ലോഗ് കവിതകൾ എണ്ണം കൊണ്ടും മികവു കൊണ്ടും ശ്രദ്ധേയമാണ്. മലയാളകവിതയിലെ അച്ചടി വാർപ്പ് മാതൃകക ളോട് കലഹിക്കുകയും പാരമ്പര്യസങ്കല്പങ്ങളെ പിഴുതെറിയുകയും ചെയ്യുന്ന ആവിഷ്കാര രീതികൊണ്ട് ബ്ലോഗിലെ നിരവധി കവിതകൾ ശ്രദ്ധേ യമാകുന്നുണ്ട്.

> "ഞങ്ങളുടെ തലമുറ മലയാളകവിതയിൽ സ്ഥാനം ഉറപ്പിക്കാൻ ശ്രമിക്കുന്ന കാലത്ത് പ്രസിദ്ധീകരണം തികച്ചും ദുഷ്കരമായിരുന്നു. വിശേഷിച്ചും ഞങ്ങൾ എഴുതിയിരുന്നത് സാമ്പ്രദായിക വായനക്കാർ ആദ്യമാദ്യം അന്യമോ ആരോചകം പോലുമോ ആയി കരുതിയിരുന്ന രീതികളിലായിരുന്നതുകൊണ്ട് മുഖ്യധാരാ പ്രസിദ്ധീകരണങ്ങൾ

അവയുടെ കതകുകൾ ഞങ്ങൾക്കായി തുറന്നുതരുന്ന പ്രശ്നമേയി ല്ലായിരുന്നു. അയ്യപ്പപ്പണിക്കരുടെ 'കുരുക്ഷേത്ര'വും കടമ്മനിട്ട രാമ കൃഷ്ണന്റെ 'കാട്ടാള'നും മാതൃഭൂമി ആഴ്ചപ്പതിപ്പ് തിരസ്കരിച്ച കഥ ഇന്ന് ഏവർക്കും അറിയാമല്ലോ. പുതിയ ഭാവുകത്വത്തിനുള്ള ഏക ആശ്രയം ലിറ്റിൽ മാഗസിനുകളായിരുന്നു. അതുകൊണ്ട് പലപ്പോഴും എഴുത്തുകാർ തന്നെ ചെറുമാസികകൾക്കും 'യഥാർത്ഥ' സുഹൃത്ബ ന്ധങ്ങൾക്കും രൂപം നൽകി. 'കേരളകവിത' പോലുള്ള കവിതാ പ്രസി ദ്ധീകരണങ്ങൾ അങ്ങനെയുണ്ടായതാണ്. മറ്റനേകം ചെറുമാസിക കളിലും കവിതയ്ക്ക് വലിയ സ്ഥാനമുണ്ടായിരുന്നു. അവയിലൂടെ പ്രചാരവും പ്രതിഷ്ഠയും നേടിയ ശേഷമാണ് പുതുകവികൾ മുഖ്യ ധാരാ പ്രസിദ്ധീകരണങ്ങൾക്ക് സ്വീകാര്യമായി മാറിയത്. ഇന്ന് ലിറ്റിൽ മാഗസിൻ സംസ്കാരം മലയാളത്തിൽ പ്രക്ഷീണമാണെങ്കിൽ അതി നൊരു കാരണം പുതുതായുണ്ടായ ഈ 'ബദൽ സ്പെയ്സു'കളാണ്. ഇന്നത്തെ കവിയ്ക്ക് പത്രാധിപന്മാരുടെയോ പ്രസാധകരുടെയോ കാരുണ്യം കാക്കേണ്ടതില്ല. സ്വന്തമായി ഒന്നോ അതിലെറെയോ ബ്ലോഗുകൾ ആരംഭിക്കുക, അതിലൂടെ വായനക്കാരുടെ ഒരു ചെറു കൂട്ടായ്മ രൂപീകരിക്കുക. ഈ സ്ഥലം 'വായനക്കാരുടെ കമന്റു'കളി ലൂടെ ഒരു നിരൂപണസ്ഥലം കൂടിയായിരിക്കുന്നു. ഇത് ജനാധിപത്യ പക്ഷത്തു നിന്ന് നോക്കുമ്പോൾ നിശ്ചയമായും ഒരു നല്ല മാറ്റമാണ്."

എന്ന് കെ. സച്ചിദാനന്ദൻ എഡിറ്റു ചെയ്ത നാലാമിടം എന്ന ബ്ലോഗ് കവി താസമാഹാരത്തിൽ പറയുന്നത് ശ്രദ്ധേയമാണ്.

കാലാകാലങ്ങളിൽ കവിതയുടെ മേഖലകളിൽ സംഭവിക്കുന്ന മാറ്റ ങ്ങൾ വിലമതിക്കേണ്ടതുണ്ട്. ബ്ലോഗുകവിതകൾ പുത്തൻ ഭാവുകത്വത്തിന്റെ അടയാളപ്പെടുത്തലുകൾ തന്നെയാണ്. പ്രധാനപ്പെട്ട ചില കവിതബ്ലോഗുകൾ മാത്രമാണ് ചുവടെ ചേർത്തിരിക്കുന്നത്.

ലാപുട (ടി.പി വിനോദ്) - lapuda.blogspot.in
വരിയുടച്ച വാക്കുകൾ
(സജി കടവനാട്) - sajipni.blogspot.in
കവിതക്കൊരിടം
(കെ.പി.റഷീദ്) - kavayavasantham.blogspot.in
വയലിൽ
(നാസർ കൂടാളി) - nazarpv.blogspot.in
ഉഭയജീവിതം
(സുധീഷ് കോട്ടെമ്പ്രം) - sudheeshkottembram.blopspot.in
പ്രതിഭാഷ
(വിഷ്ണുപ്രസാദ്) - prathibhasha.blogspot.in

കവിതക്കൊടി
(പി.എൻ.ഗോപികൃഷ്ണൻ)- kavithakodi.blogspot.in
മേഘ പഠനങ്ങൾ
(ശ്രീകുമാർ കരിയാട്) - sreekumarkavitha.blogspot.in
കുരീപ്പുഴ
(കുരീപ്പുഴ ശ്രീകുമാർ) - kureepuzha.blogspot.in
ധന്യാദാസ്
(ജനൽചിത്രങ്ങൾ) - danuhere4you.blogspot.in
പച്ച
(സെറീന) - herberia.blogspot.in

**കഥ**

കഥയെഴുത്തും ബ്ലോഗിൽ സജീവമാണ്. പ്രവാസികളായ മലയാളികളുടെ സൃഷ്ടികളാണ് ഇതിലേറെയും പ്രധാനപ്പെട്ട കഥാബ്ലോഗുകൾക്ക് നല്ല പ്രതികരണമാണുള്ളത്. വിഷയസ്വീകരണത്തിന്റെ വൈവിധ്യവും ആഖ്യാനത്തിന്റെ ബഹുരീതികളും ഈ ബ്ലോഗുകളുടെ സജീവത വർദ്ധിപ്പിക്കുന്നു. അച്ചടി മാതൃകയിൽ പുറത്തുവരുന്ന കഥകളിൽനിന്നും ഭിന്നമായി ബോധപൂർവ്വമായ ആഖ്യാനവൈവിധ്യം ബ്ലോഗ് കഥകളുടെ സവിശേഷതയാണ്. കഥയുടെ ആശയത്തേക്കാൾ അവതരണത്തിനും ഭാഷയ്ക്കുമാണ് ബ്ലോഗിലെ കഥകൾ ശ്രദ്ധ ഊന്നുന്നത്.

മലയാളത്തിലെ വ്യത്യസ്തമായ ചില കഥാ ബ്ലോഗുകൾ

ശബ്ദമില്ലാത്ത വാക്കുകൾ - vazakkupakshi.blogspot.in
കക്കാടിന്റെ പുരാവൃത്തം - mooppan.blogspot.in
നീർവിളാകൻ - neervilakan.blogspot.in
ആമ്പൽപ്പൊയ്ക - aampalpoyka.bloyspot.in
കാലിച്ചാം പൊതി - neevilakan.blogspot.in
പെരിങ്ങോടൻ - perigodan.blogspot.in

**ഫോട്ടോഗ്രാഫി**

ഫോട്ടോഗ്രാഫിയുടെ സാധ്യതകളും സൗന്ദര്യവും ആരായുന്ന ബ്ലോഗുകളും സജീവമാണ്. കാഴ്ചയ്ക്കപ്പുറത്ത് ചില സന്ദേശങ്ങൾ, വിചാരങ്ങൾ തുടങ്ങിയവ ഉണർത്തുവാൻ കഴിയുന്ന രീതിയിലാണ് ഇത്തരം ബ്ലോഗുകൾ രൂപീകരിച്ചിരിക്കുന്നത്.

നിഴൽക്കുത്ത്, എന്റെ നിഴലാട്ടങ്ങൾ - nizhalkoothu.sarinsoman.com
ചിത്രവർണ്ണങ്ങൾ - rahuchittram .blogspot.in
ചിത്രണം - chithranam.blogspot.in

**നർമ്മം**

മലയാളിയുടെ നർമ്മബോധത്തിന് നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള ചരിത്രമാണുള്ളത്. അച്ചി ചരിതങ്ങൾ, ഓട്ടംതുള്ളൽ, ലഘുകവിതകൾ, ആദ്യ കാല കഥകൾ, കാർട്ടൂണുകൾ, നർമ്മ ആഖ്യാനങ്ങൾ തുടങ്ങിയവയുടെ പിൻബലത്തിലും തുടർച്ചയിലുമാണ് മലയാളത്തിലെ നർമ്മ ബ്ലോഗുകൾ സജീവമാകുന്നത്. കാലത്തിന്റെ സ്പന്ദനങ്ങൾ ആവാഹിച്ചെടുത്ത് നർമ്മ നിർമ്മിക്കാനുള്ള പ്രതിഭ ഈ ബ്ലോഗുകളിൽ ദർശിക്കാവുന്നതാണ്.

സുധീർദാസ് - sudheerdas.blogspot.in
കൊച്ചന്ന - kochanna.blogspot.in
വാഴക്കോടന്റെ
പോഴത്തരങ്ങൾ - vazhakkadan.com
മിനി നർമ്മം - mini-mininarmam.blogspot.in
കണ്ടൻ തടിക്കു
മുണ്ടൻ തടി - marathalayam.blogspot.in

വൈവിധ്യം തന്നെയാണ് ഈ ലേഖനങ്ങളെയും മികച്ചതാക്കുന്നത്. സാമൂഹ്യ വിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ പൊതുജനപക്ഷത്തുനി ന്നുള്ള കാഴ്ചപ്പാടുകൾ സൈബർ ലേഖനങ്ങളുടെ പ്രത്യേകതയാണ്.

ഒരു കപ്പ് ചായ - orukappuchaya.blogspot.in
കരിയില - thallasseri.blogspot.in
തൂണീരം - thooneram.blogspot.in
മൈത്രേയി - maithrayi.blogspot.in
അക്ഷരശബ്ദം - aksharasabdam.blogspot.in

**കാർട്ടൂൺ**

നർമ്മത്തിനും സാമൂഹ്യവിമർശനത്തിനും പ്രാധാന്യമുള്ള വരക ളാണ് ഇവിടെ പ്രത്യക്ഷമാകുന്ന കാർട്ടൂണുകളെ മിഴിവുറ്റതാക്കുന്നത്.

കാർട്ടൂൺ വർക്സ് - jairajty.blogspot.in
ഊണേശ്വരം പി.ഒ - ooneswarrampo.blogspot.in
ഐ.ഫ്രേയ്മ് - abhilashpottakulath.blogspot.in
യവനിക - innoeentlines.blogspot.in

**സിനിമ**

ഏറ്റവും പുതിയ സിനിമകളെ വരെ വസ്തുനിഷ്ഠമായി വിലയിരു ത്തുവാൻ സിനിമ ബ്ലോഗുകൾക്ക് കഴിയുന്നു. ഏറെ വായനക്കാരെ ആകർഷി ക്കുവാൻ സിനിമാ നിരൂപണബ്ലോഗുകൾക്ക് കഴിയുന്നുണ്ട്.

മോളിവുഡ് നിരൂപണം - mollywoodniroopanam.blogspot.in
സിനിമാ നിരൂപണം - cinemaniroopanam.blogspot.in

ചിത്രവിശേഷം - www.chithravishasham.blogspot.in
സിനിമാ ടാക്കീസ് - cinemaattalkies.blogspot.in

മലയാളത്തിലെ ബ്ലോഗ് എഴുത്തുകാർക്കിടയിൽ കേരളത്തിലെ മുഴുവൻ എഴുത്തുകാരുടെയും പ്രാതിനിധ്യം ഇല്ലെങ്കിലും സംസ്കാരം, ഭാഷ, സാഹിത്യം എന്നീ ഇടങ്ങളിൽ വളരെ ജാഗ്രതയോടെ ഇടപെടുകയും പ്രതികരിക്കുകയും ചെയ്യുന്ന കൂട്ടായ്മയായിമാറിയിട്ടുണ്ട്. ഭാഷ, സാഹിത്യം, ബൗദ്ധികമായ സ്വാതന്ത്ര്യം, രാഷ്ട്രീയം എന്നിവ അവരുടെ പ്രധാന വിഷയങ്ങളാണ്. നർമ്മവും നാട്ടുഭാഷയും കൊച്ചുവർത്തമാനങ്ങളും പല ബ്ലോഗുകളുടെയും മുഖമുദ്രയാണ്. പരമ്പരാഗതമാധ്യമങ്ങൾ കാണതെ പോകുന്നതും വിവരസാങ്കേതിക വിദ്യയുടെ ലോകത്ത് ഏറെ ശ്രദ്ധിക്കേണ്ടതുമായ വിഷയങ്ങളിൽ കൂടുതൽ താല്പര്യം കാണിക്കുന്നുണ്ട്. അത്തരത്തിൽ ജാഗ്രത്തായ ഒരു സമൂഹത്തെയാണ് മലയാള ബ്ലോഗിൽ അടയാളപ്പെടുത്തുന്നത്.

**ഇന്റർനെറ്റും ടെലിവിഷനും**

മലയാളത്തിലെ മുഖ്യധാര ചാനലുകൾ എല്ലാം തന്നെ ഇന്റർനെറ്റിൽ ലഭ്യമാണ്. സ്വദേശികൾക്കും പ്രവാസികൾക്കും ഒരു പോലെ പ്രയോജനം ചെയ്യുന്നവയാണ് അവ. വാർത്ത ചാനലുകളാണ് ഇത്തരത്തിൽ ഓൺലൈനിൽ കൂടുതൽ ശ്രദ്ധിക്കപ്പെടുന്നത്. ഓഫീസ് ജോലിക്കിടയിലെ വിശ്രമ സമയങ്ങളിൽ ഇത്തരം ചാനലുകൾ കാണുന്ന രീതി ഇന്ന് കേരളത്തിലെ യുവാക്കൾക്കിടയിൽ ശീലമാണ്. പ്രധാനപ്പെട്ട ചാനലുകളുടെ വെബ് വിലാസം

റിപ്പോർട്ടർ ചാനൽ - www. reporterlive.com
കൈരളി - www.kairalitv.com
ഏഷ്യാനെറ്റ് - asianetdigital.com
ഇൻഡ്യാവിഷൻ - .comwww.indiavisiontv.com
മാതൃഭൂമി - mathrubhuminews.com
അമൃതാ - www.Aruthatv.com
മനോരമ ന്യൂസ് - www.manoramanews.com

ബ്ലോഗ്, വിക്കിപീഡിയ, യുടൂബ്, എന്നിവയിലൂടെയെല്ലാം മലയാളി ഇന്റർനെറ്റിൽ സജീവമാകുന്ന കാഴ്ചയാണ് ഇന്നുള്ളത്. ഡിജിറ്റൽ ലോകത്ത് മലയാളി ഒരു സമൂഹം ആയി മാറിക്കൊണ്ടിരിക്കുന്നു. ഇ-മെയിൽ ഐഡികളും വിവിധ വെബ്സെറ്റുകളിലെ അംഗത്വവും വഴി മലയാളി ആഗോള ആശയവിനിമയത്തിന്റെയും പൊതുമണ്ഡലത്തിന്റെയും ഭാഗമാകുന്നു. ഇൻർനെറ്റിന്റെ ഉപയോഗം ഒരുവന്റെ അസ്തിത്വനിർണയത്തിന്റെ ഭാഗമായി മാറുന്നുണ്ട്. ഈ-ബാങ്കിംഗ്, ഇ-പരീക്ഷകൾ, വീഡിയോ കോൺഫെറൻസ്, വീഡിയോ കോൾ, തുടങ്ങിയവ മലയാളിയുടെ ജീവിതത്തിന്റെഭാഗമായിരിക്കുന്നു. നമ്മുടെ വിദ്യാഭ്യാസമേഖലയിലും ഐ.ടി ഇന്ന് ഒരു പ്രധാന

പ്പെട്ട വിഷയമാണ്. ക്ലാസുകളിൽ കമ്പ്യൂട്ടറുകൾ, ഇന്റർനെറ്റ് എന്നിവ ഉപ യോഗിക്കുകയും അവ പരിശീലിപ്പിക്കുകയും ചെയ്യുന്നു. സർക്കാർ സേവ നങ്ങൾക്കായി അക്ഷയ സെന്ററുകളെ ആശ്രയിക്കുന്നവർ ഇന്ന് ഏറെയാണ്.

**സാമൂഹ്യാവസ്ഥ**

എറണാകുളത്തുള്ള ഇൻഫോ പാർക്ക് തിരുവനന്തപുരത്തുള്ള ടെക്നോപാർക്ക് എന്നിവ കേരളത്തിന്റെ ഐ.ടി മേഖല വളരുന്നതിന് നാഴികക്കല്ലുകളായി തീർന്നു. ഇന്ന് ഒരുലക്ഷത്തിലധികം ഐ.ടി ജോലി ക്കാരാണ് ഈ സ്ഥാപനങ്ങളിലായിട്ടുള്ളത് എന്നത് കേരളത്തെ സംബന്ധിച്ച് ശ്രദ്ധേയമാണ്. കേരളത്തിലെ പ്രധാന നഗരങ്ങളിലെല്ലാം ഉയർന്നുകൊണ്ടി രിക്കുന്ന ഐ.ടി പാർക്കുകൾ തൊഴിൽമേഖലയുടെ മാറുന്ന മുഖമാണ് കാണിച്ചുതരുന്നത്. ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ മനോഭാ വവും പ്രവർത്തനങ്ങളും മാധ്യമകേന്ദ്രീകൃതമായ പുത്തൻസംസ്കാരത്തിന് കാരണമായി. ഈ നവസംസ്കാരം കേരളത്തിന്റെ പരമ്പരാഗത സംസ്കാ രവുമായി ചേരുമ്പോൾ രൂപപ്പെടുന്ന അന്തരീക്ഷം സവിശേഷമായ സൈബർ ആധുനീകരണത്തിന്റേതാണ്. ആധുനിക സൗകര്യങ്ങളോടുകൂടിയ വാഹ നങ്ങൾ, വൈവിധ്യമുള്ള ഭക്ഷണശാലകൾ, മൾട്ടിപ്ലക്സ് തിയേറ്ററുകൾ, ഷോപ്പിംഗ് മാളുകൾ, ആധുനിക സൗകര്യമുള്ള ആശുപത്രികൾ, വിദ്യാ ഭ്യാസസ്ഥാപനങ്ങൾ തുടങ്ങിയവയെല്ലാം സൈബർ സാധ്യതകളിലൂടെ പരി വർത്തന വിധേയമാകുന്ന കേരളത്തിന്റെ പുത്തൻ അവസ്ഥയാണ്. ഇപ്ര കാരം പല നിലകളിൽ മലയാളിയുടെ വിവരസാങ്കേതിക ബോധം, കാലിക പ്രസക്തിയോടെ വളർന്നുകൊണ്ടിരിക്കുന്നു. അനുദിനം പരിവർത്തനപ്പെ ടുന്ന ലോകത്തിൽ അതിനനുസരിച്ച് മാറുക എന്നത് അനിവാര്യമാണ്.

സൈബർ ആധുനികതയുടെ കാലത്ത് സങ്കരഭാഷകൾ മാധ്യമ കേന്ദ്രീകൃതമായി രൂപീകരിക്കുന്നതുപോലെ ഇനിയൊരനുപാതത്തിൽ സങ്ക രസമൂഹങ്ങളെയും സൃഷ്ടിക്കും. കേരളത്തിലേക്ക് തൊഴിൽ തേടിയെത്തുന്ന അന്യസംസ്ഥാനക്കാരും പഠനത്തിനായും മറ്റും എത്തുന്ന വിദേശികളും മാറുന്ന കാലത്തിന്റെ പുത്തൻ ചുവരെഴുത്തുകളാണ്. മലയാളികൾ പണവും സമൃദ്ധിയുമുള്ള ദേശങ്ങളിലേക്ക് തൊഴിൽ തേടിയും ജീവിതം കരുപ്പിടിപ്പിക്കാനും നടത്തിയ കുടിയേറ്റങ്ങളും വിലമതിക്കേണ്ടതുണ്ട്. കേര ളമെന്ന ഭൂപ്രദേശം ഇവരെ സ്ഥാനപ്പെടുത്തുന്ന ഇടമാണ്. എന്നാൽ ഇവ രുടെ ഭാഷാരീതി മറ്റു ഭാഷാരീതികളെയും സംസ്കാരാവസ്ഥകളെയും ഉൾക്കൊള്ളുന്നതാണ്. കൃത്യമായി പറഞ്ഞാൽ മലയാളം പലതരത്തിലുള്ള മാറ്റത്തിന് സ്വാഭാവികതയോടെ വിധേയമാകുന്നു. ഇന്റർനെറ്റിലൂടെ വ്യാപി ക്കുകയും ലഭ്യമാകുകയും ചെയ്യുന്ന പുത്തൻ സൈബർമലയാളം, ആഗോള തലത്തിൽ പ്രവ്യമാകുന്ന ഭാഷയാണ്. ഇതിന്റെ ഉപഭോക്താക്കൾ ബഹുസ്വര തയാർന്ന സംസ്കാരത്തിന്റെ വക്താക്കളും ഒപ്പം മലയാളത്തിന്റെ പ്രയോ ക്താക്കളുമാണ്.

ഒരു സമൂഹം ആധുനികമാകുന്നത് ലോകത്തിലുള്ള ഏറ്റവും പുതിയ ജീവിതാവസ്ഥയും വിവരവിനിമയവിജ്ഞാനവും സംസ്കാരിക വ്യവഹാരങ്ങളും ഉൾക്കൊള്ളുമ്പോഴാണ്. വർത്തമാനകാലം നവമാധ്യമകേന്ദ്രീകൃതമായി രൂപീകൃതമായ ഗ്ലോക്കലൈസേഷന്റേതാണ്. മലയാളികളും കേരളവും ഗ്ലോക്കലൈസേഷന്റെ ഭാഗമായിട്ടാണ് ആഗോളവിനിമയ ശൃംഖലയിൽ പ്രസക്തമാകുന്നത്. മലയാളിയുടെ ഇന്റർനെറ്റ് വ്യവഹാരം, സ്മാർട്ട് ഫോൺ ജീവിതം തുടങ്ങിയവ അവരെ നെറ്റിസൺ ഷിപ്പിന് അർഹരാക്കിയതിനൊപ്പം ആഗോള സൈബർ പൊതുമണ്ഡലത്തിലെ ശ്രദ്ധേയമായ സാന്നിദ്ധ്യവുമാക്കി. അനുദിനം അനിവാര്യതപോലെ പുതുക്കിക്കൊണ്ടിരിക്കേണ്ട സൈബർ സാക്ഷരത വ്യക്തികളേയും സമൂഹങ്ങളേയും സാധ്യതകളുടെ ആഗോളവ്യാപകമായ വിഹായസിലേയ്ക്കാണ് എത്തിക്കുന്നത്. ചിന്തയുടേയും ഭാവനയുടേയും വേഗതയ്ക്കും സാധ്യതയ്ക്കും അനുസരിച്ച് സാധ്യമാകുന്ന മലയാളിയുടെ ആഗോളവ്യാപകമായ സൈബർ ജീവിതമാണ് അവരെ സൈബർ ആധുനീകരിക്കുന്നത്.

# ഉപസംഹാരം

മലയാളിയുടെ നിത്യജീവിതവ്യവഹാരങ്ങളും ഭാഷയും പൂർണ്ണമായും സൈബർവൽക്കരണത്തിന്റെ പാതയിലാണ്. സൈബർവൽക്കരണത്തിന് ശക്തി പകർന്ന് പ്രവർത്തിച്ചത് ഇന്റർനെറ്റും മൊബൈൽഫോണുമാണ്. ഈ മാധ്യമങ്ങൾ മുന്നോട്ടു വെയ്ക്കുന്ന സാക്ഷരത അനുദിനം പുതുക്കേണ്ടതും ജീവിതത്തെ കൂടുതൽ ലളിതവൽക്കരിക്കുന്നതുമാണ്. സൈബർ മലയാളം ബഹുസാധ്യതകളുള്ള ഭാഷാമണ്ഡലമായപ്പോൾത്തന്നെ നെറ്റിസൺഷിപ്പ് ഓരോ മലയാളിയുടെയും സ്ഥാനം ആഗോളവസ്ഥയിൽ സ്ഥാനപ്പെടുത്തി.

ആധുനികതയും ഉത്തരാധുനികതയും എന്തെന്നറിയുവാനും പാശ്ചാത്യദേശങ്ങളിൽനിന്നും അതിന്റെ സാമൂഹികവും സാംസ്കാരികവും അലയടികൾ ഇവിടെ എത്തുവാൻ പതിറ്റാണ്ടുകൾ എടുത്തു. ആഗോളാടിസ്ഥാനത്തിലുള്ള ആശയവിനിമയ സംസ്കാരത്തിന്റെ പ്രത്യുൽപ്പന്നമായി രൂപപ്പെട്ട സൈബർ ആധുനികത ലോകത്തിന്റെ എല്ലാ ഭാഗത്തും ഏതാണ്ട് ഒരേസമയത്ത് ഓരോ രീതിയിലാണ് സംഭവിച്ചത്.

നവമാധ്യമസാക്ഷരതയും സൈബർ പൊതുമണ്ഡലവും ഓൺലൈൻ വിപണിയും സൈബർവൽക്കരണത്തിന് വിധേയമായ ഭാഷ, സാഹിത്യം, കലകൾ, വിജ്ഞാനം, ഭരണം, നിയമം തുടങ്ങിയവയെല്ലാം സമ്മേളിച്ച പുത്തൻ അവസ്ഥയാണ് സൈബർ ആധുനികതയ്ക്ക് കാരണമായത്. ഏറ്റവും നവമായ അവസ്ഥയെ വ്യക്തമാക്കുന്ന പദമാണ് ആധുനികത. വ്യക്തികളുടെയും സമൂഹങ്ങളുടെയും സൈബർവൽക്കരണത്തിന്റേയും തൽഫലമായി രൂപമെടുത്ത സംവാദാത്മകമായ വർത്തമാനകാലാവസ്ഥയെയുമാണ് സൈബർ ആധുനികത പ്രതിനിധീകരിക്കുന്നത്.

ആഗോളവൽക്കരണം പ്രാദേശിക വിപണികളെ ഇല്ലാതാക്കുകയും പ്രദേശിക ഭാഷകളെയും സംസ്കാരങ്ങളെയും തിരസ്ക്കരിക്കുകയും ചെയ്തു. ആഗോളാവസ്ഥയെ ഉൾക്കൊള്ളുന്ന പ്രാദേശികാവസ്ഥയുടെ

ഉണർത്തെഴുന്നേൽപ്പ് സാധ്യമായത് സൈബർ വൽക്കരണത്തിന്റെ സാധ്യതകളിലൂടെയാണ്. ഗ്ലോബൽ ലോക്കലൈസേഷൻ അഥവ ഗ്ലോക്കലൈസേഷൻ പ്രാദേശിക ഭാഷകളുടെ നവമായ ഉണർവിനിമം സംസ്കാരങ്ങളുടെ വ്യാപനത്തിനും പ്രാദേശിക ഉൽപ്പന്നങ്ങളുടെയും വിപണികളുടെയും നിലനിൽപ്പിനും കാരണമായി.

ഗ്ലോക്കലൈസേഷൻ സൈബർ ആധുനികതയുടെ കാലത്തെ സാഹിത്യം, കല, ഭാഷ, സംസ്കാരം, വിപണി തുടങ്ങിയവയുടെ അസ്തിത്വത്തെ നിർണയവിധേയമാക്കുന്ന അവസ്ഥാവിശേഷമാണ്. പ്രാദേശികമായ എല്ലാ വൈവിധ്യങ്ങളെയും ആഗോളാടിസ്ഥാനത്തിൽ നിർണയവിധേയമാക്കുന്ന സൈബർവൽക്കരണകാലത്തെ സവിശേഷമായ ആഗോളീകരണത്തിന് കാരണമായ അവസ്ഥാവിശേഷത്തെയാണ് ഗ്ലോക്കലൈസേഷനെന്ന് വ്യവഹരിക്കുന്നത്.

ഇന്റർനെറ്റ് കണക്ഷനോടു കൂടിയ സ്ക്രീൻ വായനയും, സ്മാർട്ട് ഫോണുകളിലൂടെ അനുദിനം സജീവമാകുന്ന വിനിമയ വ്യവഹാരങ്ങളും കാലത്തിന്റെ നിർമ്മിതിയാണ്. ഇന്റർനെറ്റ് ഭാഷയും സ്മാർട്ട്ഫോൺ ഭാഷയും ഭാഷാശാസ്ത്രത്തിൽ നവമായ വ്യാകരണങ്ങൾ നിർമ്മിക്കുന്നു. ഡേവിഡ് ക്രിസ്റ്റലിനെപ്പോലെയും മറ്റുമുള്ള ഭാഷാശാസ്ത്രജ്ഞർ ഈ കാലഘട്ടത്തിന്റെ പ്രതിനിധികളാണ്.

ഇന്റർനെറ്റും സ്മാർട്ട് ഫോണും ശീലമാക്കിയ മലയാളി സൈബർ മലയാളത്തിന്റെ സാധ്യതകളിൽ കൂടിയാണ് ഭാഷാവിനിമയം നടത്തുന്നത്. മലയാളത്തിലെ ദിനപത്രങ്ങൾ, മാഗസിനുകൾ തുടങ്ങിയവ സൈബർവൽക്കരണത്തിന് വിധേയമായി. കവിത, കഥ, നർമ്മം, നിരൂപണം യാത്രവിവരണം തുടങ്ങിയവയ്ക്കായി മാത്രം മലയാളത്തിൽ സജീവമായ ബ്ലോഗുകൾ ഏറെയാണ്. ഇംഗ്ലീഷ് അക്ഷരംകൊണ്ട് മലയാളമെഴുതുന്ന മംഗ്ലീഷും മൊബൈൽ ഫോണിന്റെ ചുരുക്കെഴുത്തുകളും മലയാളികൾ ശീലമാക്കിക്കഴിഞ്ഞു. വിദ്യാഭ്യാസം, വിജ്ഞാനവിനിമയം തുടങ്ങിയവയും സൈബർവൽക്കരണത്തിന് വിധേയമായി.

കേരളത്തിലെ പ്രധാനപ്പെട്ട നഗരങ്ങളിൽ ഉയർന്നുകൊണ്ടിരിക്കുന്ന ഐ.ടി. പാർക്കുകൾ മാറുന്ന തൊഴിൽ മേഖലയുടെ പ്രതിനിധാനങ്ങളാണ്. മാധ്യമകേന്ദ്രീകൃതമായി മാറുന്ന കാലത്തിനഭിമുഖമായി നിൽക്കുന്ന ഓരോ മലയാളിയും സൈബർ ആധുനികതയുടെ കാലത്തെ നെറ്റിസൺ കൂടിയാണ്.

# ഗ്രന്ഥസൂചി


1. ആദർശ്, വി.കെ. *വിവരസാങ്കേതികവിദ്യ നിത്യജീവിതത്തിൽ,* കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്: തിരുവനന്തപുരം, 2011.
2. ––––. *ഇ-ലോകം ഇത്ര വിപുലം.* നാഷണൽ ബുക്സ് സ്റ്റാൾ: കോട്ടയം, 2015.
3. അബേഷ് രഘുവരൻ. *എസ്.എം.എസ്.* ഷാരോൺ ബുക്സ്: ചേർത്തല, 2010.
4. ഇക്ബാൽ, ബി. *വായന എഴുത്ത് പ്രസാധനം ഡിജിറ്റൽ യുഗത്തിൽ.* ജൂൺ 2013, ഗ്രന്ഥാലോകം. 25–31.
5. ജോസ് കെ.മാനുവൽ (എഡി.). *നവമാധ്യമങ്ങൾ ഭാഷ സാഹിത്യം സംസ്കാരം.* നാഷണൽ ബുക്സ്റ്റാൾ: കോട്ടയം, 2014.
6. ഫ്രാൻസിസ് കാരയ്ക്കാട്ട്. *മാധ്യമ തലമുറയുടെ മാർഗദർശി.* കെ.സി.എസ്.എൽ.പബ്ലിക്കേഷൻസ്, 2009.
7. രാജശേഖരൻ, പി.കെ. *ഏകാന്തനഗരങ്ങൾ,* ഡി.സി. ബുക്സ്: കോട്ടയം, 2011.
8. രാജഗോപാൽ ഇ.പി. *എസ്.എംഎസ്. അഥവാ സ്വന്തം മേഘസന്ദേശങ്ങൾ.* ഭാഷാപോഷിണി: കോട്ടയം, സെപ്റ്റംബർ 2006.
9. രാമചന്ദ്രൻ നായർ, പന്മന (എഡി.). *മാധ്യമപഠനങ്ങൾ.* ഡി സി ബുക്സ്: കോട്ടയം, 2013.
10. ഷാജി ജേക്കബ്. *വിപരീതങ്ങൾ,* പരിധി പബ്ലിക്കേഷൻസ്: തിരുവനന്തപുരം, 2012.
11 —. *മാധ്യമങ്ങളുടെ രാഷ്ട്രീയം.* ഒലിവ് പബ്ലിക്കേഷൻസ്: കോഴിക്കോട്, 2006.
12. സച്ചിദാനന്ദൻ, കെ. *നാലാമിടം.* ഡി സി ബുക്സ് : കോട്ടയം, 2010.
13. സജീഷ്, എൻ.പി. എസ്.എം.എസ്. *പ്രതിഭാഷയുടെ പാഠഭേദങ്ങൾ.* മാതൃഭൂമി ആഴ്ചപ്പതിപ്പ്: കോഴിക്കോട്, ഒക്ടോബർ 8, 2006.
14. സിബു മോടയിൽ ഈപ്പൻ. (എഡി.) *ഭാഷാനവീന പഠനവഴികൾ*, വിദ്വാൻ പി.ജി.നായർ *സ്മാരക ഗവേഷണകേന്ദ്രം*, യു.സി. കോളെജ്: ആലുവ, 2010.
15. സുനീത, ടി.വി. *ഇ.മലയാളം.* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്: തിരുവനന്തപുരം, 2012.
16. Baker, Edwin. *Digital Economics: Principles, Methods and Application*. Eric Brousseas and Nicolas Curien. Cambridge University Press: New York, 2007.
17. Barwise, Patrick and Andrew Ehrenberge. *Television and Society*. Morgan Kaufman Publication: London and New Delhi, 1998.
18. Ben-Ze'Ev, Aaron. *Love Online: Emotions on the Internet*. Cambridge University Press: New york, 2004.
19. Bob, Clifford. *The Marketing of Rebellion: Insurgents, Media and International Activism*. Cambridge University Press: New York, 2005.
20. Chakravarthy, Jagadish. *Net, Media and the Mass Communication*. Authors Press: Delhi, 2005.

21. Ching-Yi Tien and Paul C. Talley. *'Think Globally, Act Locally': 'Glocalization' in Taiwanese Higher Education.* International Journal of Business and Social Science: Vol.2, No.15: August 2012.
22. Chomsky, Noam. *Media Control: The Spectacular Achievement of Propaganda*. Seven Stories Press: new York,1997.
23. Christopher Norries. *The Truth about Postmodernism*. Oxford Blackwell : 1993.
24. Craig, Geoffery. *The Media Politics and Public Life*. Allen & Unwin.: Australia, 2007.
25. Crystal, David. *Language and the Internet.* Cambridge University Press: Cambridge, 2001.
26. Crystal, David. *Txting: The Gr8 Dh8.* Oxford University Press: New York, 2009.
27. David, Croteau. *Media Society*. Pineforge Press: London, 2003.
28. Fairclough, Norman. *Language and Power*, London: Longman, 1993.
29. Fauconnier, Gilles *Mental Spaces*, Cambridge: Cambridge University Press. 1895
30. Fiske, John and John Hartley. *Reading Television*. Routledge: London, 1978.
31. Lakoff, George Mark Johnson *Metaphors We Live By*, Chicago: University of Chicago Press. 1980.
32. Gauntlett, David and Annettehill. *T.V. Living*. Routledge: London, 1999.
33. Geoffrey, Craig. *The Media, Politics and Public Life*. Allen & Unwin: Australia, 2007.
34. Giles, David. *Media Psychology*. Lawrence Erlbaum Associates, Publication:London, 2003.
35. Goldsmith, Jack. and Tim Wu. Who *Control the Internet?; Illusions of a Borderless World.* Oxford University Press: New York, 2005.
36. Jamieson, Partrick E. and Daniel Romes. *The Changing Portrayal of Adolescents in the Media Since 1950*. Robert Wood Johnson Foundation:Oxford University Press, 2008.
37. Jean, Francois Lyotardi, *The Postmodern Condition: A Report on knowledge*. Trans. geoff Bennigton and Brainmassumi. Manchester, Manchester UP,1985:
38. Johnson, Kirk. *Televison and Social Change in Rural India*. Sage Publications:Delhi, 2000.
39. Khondker, Habibual Haque. *Glocalization as Globalzation: Evolution of a sociological Concept.* Bangladesh e-Journal of sociology, Vol. No. 2 2004.
40. Ling, Rich. *The Mobile Connection: The Cell Phone's Impact on Society.* Morgan Kaufman Publishers: London, 2004.
41. Marshall, Jill. *Language of Televison.* Routledge: London, 2002.
42. McQuail, D. *Audience Analysis.* Thousand Oaks, CA,1997.

43. Myerson, George. *Heidegger, Habermas and the Mobile Phone.* Icon Books: UK, 2001.
44. Nick Stevenson. *Understanding Media Culture: Social Theory and Mass Communication*. Sage: London,1995
45. O'Sullivan, T.et al. *Key Concepts in Communication and Cultural Studies*. Routledge: London, 1994.
46. Ray, Siemens and Susan, Schreibman (ed.). *Digital Literary Studies*. Blackwell Publishing : Australia, 2007
47. Schmidt, Eric and Jared Cohen. *The New Digital Age*. John Murrary Publishers: Great Britain, 2013.
48. Shrum, L.J ed. *Psychology of Entertainment Media*. Lawrence Earlbarum Associates, Publication: London, 2010.
49. Siemens, Ray and Susan Schreibman. *A companion to Digital Literary Studies.* Wiley - Blackwell: Oxford 2013.
50. Silverstone, R. *Television and Everyday Life*. Routledge: London, 1994.
51. Tomi, Ahonen.T. *Mobile as 7$^{th}$ Mass Media*. Oxford University Press:New York. 2006.
52. Umberto Eco.*The Role of the Reader*. Bloomington, Indiana UP, 1984.
53 Urbanski, Heather. *Writing and the Digital Generation*. McFarland: London, 2010.

# സൈബർ ആധുനികത @മലയാളം



ജോസ് കെ. മാനുവൽ

ആധുനികതയ്ക്കും ഉത്തരാധുനികതയ്ക്കും ശേഷം സംജാതമായ സാമൂഹികവും സാംസ്കാരികവുമായ അന്തരീക്ഷമാണ് സൈബർ ആധുനികത. നവമാധ്യമ കേന്ദ്രീ കൃതമായ ആഗോളസമൂഹത്തിനൊപ്പം കേരളവും സഞ്ചരിക്കുന്നു. ഇതിന്റെ പ്രതിഫലനം കല, സാഹിത്യം, വിപണി, വിജ്ഞാനം തുടങ്ങിയ മേഖലകളെ സ്വാധീനിക്കുന്നതിന്റെ പുത്തൻരീതികളാണ് ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നത്.

TURN BOOKS
Since MMXI

ISBN 978-93-87709-15-7

E-book available
www.josekmanuel.in

Media Studies
turnbooks4u@gmail.com
MRP ₹ 140.00 / $ 4.00